# PROCEEDINGS

## of the

# NINTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

Eighth Session

Thursday, the 3rd March, 1994

## OFFICIAL REPORT

Vol. XC—No. 23

Price: 50 P.

©
Government of Kerala

PRINTED BY THE S. G. P. AT THE GOVERNMENT PRESS, SHORANUR—1999.

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം

പേജ്


I. ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

(ii) അടിയന്തിര ചോദ്യങ്ങൾ 22

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 26

(iv) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും 29

II. ചരമോപചാരം 88

III. ശ്രദ്ധക്ഷണിക്കൽ

(1) മുകുന്ദപുരം താലൂക്കിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി—ശ്രീ. ലോനപ്പൻ നമ്പാടൻ 95

(2) പാറത്തൊഴിലാളികളുടെ പ്രശ്നങ്ങൾ—ശ്രീ. ജോർജ് മസ്ക്രീൻ 97

IV. സബ്മിഷൻ

(1) നാളികേരത്തിന് താണുവില—ശ്രീ. വി. വി. രാഘവൻ 100

(2) കശുവണ്ടി കുത്തക സംഭരണം—ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ 101

(3) അനധികൃത മദ്യഷാപ്പുകൾ—ശ്രീ. കെ. പി. എ. മജീദ് 105

(4) വ്യാജ വിസ കാരണം ഗൾഫ് നാടുകളിൽ കുടുങ്ങിപ്പോയ മലയാളികൾ—ശ്രീ. എം. യൂനസ് കുഞ്ഞ് 107

(5) പോലീസ് നായ്ക്കളുടെ റേഷൻ മണി വർദ്ധിപ്പിക്കണമെന്ന ആവശ്യം—ശ്രീ. ജോർജ് ഈഡൻ 108

(6) ചാലക്കുടിക്കടുത്തുണ്ടായ റെയിൽവേ അപകടം—ശ്രീ. സത്യൻ മൊകേരി 109

(7) പറവൂരിൽ ജോയിന്റ് ആർ. ടി. ഒ. ഓഫീസ്—ശ്രീ. പി. രാജു 112

(8) കോഴിക്കോട് കോതി അഴിമുഖത്തിന്റെ ശോച്യാവസ്ഥ—ശ്രീ. എം. കെ. മുനീർ 112

(9) പാലക്കാട്ടെ വി. വി. പി. സ്കൂൾ പൂട്ടാനുള്ള നീക്കം—ശ്രീ. ടി. ശിവദാസമേനോൻ 114

| | | പേജ് |
|---|---|---|
| (10) | ദിനേശ് ബീഡി തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കൽ—ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) | 115 |
| (11) | കലാപ്രതിഭ, കലാതിലകം പട്ടം ലഭിച്ചവർക്ക് മെഡിക്കൽ കോളേജുകളിൽ സീററ് സംവരണം—ശ്രീ. ടി. വി. ചന്ദ്രമോഹൻ | 116 |
| (12) | ഞാറയ്ക്കൽ മണ്ഡലത്തിലെ ശുദ്ധജല ക്ഷാമം—ശ്രീ. വി. കെ. ബാബു | 116 |
| (13) | ഇട്ടിഅച്ച്യുതൻ വൈദ്യർ രചിച്ച സസ്യശാസ്ത്ര ഗ്രന്ഥത്തിന്റെ പുനഃപ്രകാശനവും അദ്ദേഹത്തിന്റെ ജീവചരിത്ര രചനയും—ശ്രീ. സി. കെ. ചന്ദ്രപ്പൻ | 117 |
| (14) | മണ്ണാർക്കാട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം—ശ്രീ. കല്ലടി മുഹമ്മദ് | 118 |
| (15) | കേരള വാട്ടർ അതോറിററിയിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം—ശ്രീ. ബി. രാഘവൻ | 118 |
| (16) | താനൂരിലെ ശുദ്ധജലക്ഷാമം—ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | 119 |
| (17) | കൈനകരി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം—ശ്രീ. സി. കെ. സദാശിവൻ | 120 |
| (18) | ചാലക്കുടി പുഴയിൽ കണ്ണാംകുഴി ഭാഗത്ത് തടയണ കെട്ടേണ്ടതിന്റെ ആവശ്യകത—ശ്രീ. പി. ജെ. ജോയി | 121 |
| (19) | കല്ലൂർക്കാട് പഞ്ചായത്തിലെ ഗ്രാഫൈററ് ഫാക്ടറി—ശ്രീ. ജോണി നെല്ലൂർ | 122 |
| (20) | നെയ്യാർ ഡാമിലെ ചീങ്കണ്ണി ശല്യം—ശ്രീ. തമ്പാനൂർ രവി | 122 |
| (21) | കോതമംഗലം നിയോജകമണ്ഡലത്തിലെ മാവിൻ ചുവട് പാലം—ശ്രീ. വി. ജെ. പൗലോസ് | 123 |
| (22) | വീട്ടു വളപ്പിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം—ശ്രീ. കെ. കെ. തോമസ് | 124 |
| (23) | പാലക്കാട് ജില്ലയിലെ വരൾച്ച—ശ്രീ. കെ. കൃഷ്ണൻകുട്ടി | 125 |
| (24) | മലയോര കൃഷിക്കാർക്ക് പട്ടയ വിതരണം—ശ്രീ. മാത്യു സ്റ്റീഫൻ, ശ്രീ. ഇ. എം. അഗസ്തി | 126 |
| (25) | കാസർകോട് ജില്ലയിലെ വൈദ്യുതി പ്രശ്നം—ശ്രീ. ചെർക്കളം അബ്ദുള്ള | 128 |


LIBRARY ARCHIVES Kerala Legislative Assembly

പേജ്

(26) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ—ശ്രീ. ഇ. പി. ജയരാജൻ 128

(27) നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ—ശ്രീ. ജോസഫ്. എം. പുതുശ്ശേരി 130

(28) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ നോൺ വൊക്കേഷണൽ ലക്ചറർമാർക്ക് സ്കെയിൽ നിശ്ചയിക്കുന്നതിനും മററ് ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള നടപടി—പ്രൊഫ. മീനാക്ഷി തമ്പാൻ 130

(29) സ്കൂൾ ശുചീകരണ-പാചക ജീവനക്കാർക്ക് കൂലി വർദ്ധന—ശ്രീ. കെ. പി. നൂറുദ്ദീൻ 131

(30) പാലക്കാട് നൂർണി ഹിന്ദു എച്ച്. എസ്. അടച്ചുപൂട്ടൽ—ശ്രീ. കെ. ഇ. ഇസ്മയിൽ 132

(31) റബ്ബറിൻെറ ബഞ്ച്മാർക്ക് വിലയുടെ അപര്യാപ്തതമൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നം—ശ്രീ. ജോയി എബ്രഹാം, ശ്രീ. പി. ടി. തോമസ് 133

(32) തൃശ്ശൂർ കോൾ നിലങ്ങളിലെ കൃഷിക്കാർക്ക് പംപിംഗ് സബ്സിഡി—ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ 134

V. മേശപ്പുറത്തുവച്ച കടലാസുകൾ 134

VI. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം
പറമ്പിക്കുളം, മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകളിൽ അന്തർലീനമായിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്—ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) 135

റൂളിംഗ്—റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് 137

VII. റിപ്പോർട്ട് സമർപ്പണം

(1) പറമ്പിക്കുളം, മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകളിൽ അന്തർലീനമായിരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷിച്ച സമിതിയുടെ റിപ്പോർട്ട് 137

(2) പരിസ്ഥിതി സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 137

VIII. കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നതിലുള്ള കാലതാമസം—ശ്രീ. എ. സി. ഷൺമുഖദാസ് 137

(1) റൂളിംഗ്—വാർഷിക റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച് 139




LIBRARY ARCHIVES Kerala Legislative Assembly

പേജ്

(2) വന നശീകരണം തടയാൻ നിയമ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുള്ള കമ്മിററി രൂപീകരിക്കുന്നതു സംബന്ധിച്ച്—ശ്രീ. സി. കെ. ചന്ദ്രപ്പൻ 139

IX. നിയമനിർമ്മാണ കാര്യം
സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള അവശ്യ സർവ്വീസുകൾ സംരക്ഷണ ബിൽ 142

X. (1) അവകാശ ലംഘന പ്രശ്നങ്ങൾ 176

(2) റൂളിംഗ്-കൺകറൻറ് ലിസ്ററിൽപ്പെട്ട വിഷയത്തെ സംബന്ധിച്ച നിയമ നിർമ്മാണത്തിന് പ്രസിഡൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം വേണമെന്ന വാദം. 178

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഒൻപതാം കേരള നിയമസഭ

എട്ടാം സമ്മേളനം

1994 മാർച്ച് 3, വ്യാഴം

വാല്യം XC] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 1994 മാർച്ച് 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. പി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ................ചോദ്യോത്തരങ്ങൾ; ചോദ്യം 323.

ബോണസ് നയം പരിഷ്കരിക്കാൻ നടപടി

*1 [323] ശ്രീ. എം. സി. ചെറിയാൻ:
,, മാത്യു സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണസ് നയം പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ബോണസ് നയത്തിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മിററിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കമ്മിററിയെ വയ്ക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ബോണസ് നയത്തിൽ മാററം വരുത്തണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി സംഘടനകളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ): സർ,

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഗണനയിലില്ല.

(ഇ) ലഭിച്ചിട്ടുണ്ട്. തീരുമാനം എടുത്തിട്ടില്ല. എന്തെന്നാൽ ബോണസ് നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

ശ്രീ. മാത്യു സ്റ്റീഫൻ: സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും അർഹിക്കുന്ന ബോണസ് ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായിട്ടുണ്ട്. അതുകൊണ്ട് ലാഭത്തിലോടുന്ന ഇത്തരം വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അർഹമായ ബോണസ് ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പരിധിക്കുള്ളിൽ നിന്നുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കുമാണെങ്കിൽ ബോണസ് ആക്ടിന്റെ ഭാഗമായിത്തന്നെ ഓരോ വർഷത്തിലും ഒരു ഗൈഡ് ലൈൻ ഗവൺമെന്റ് നൽകാറുണ്ട്. ആ ഗൈഡ് ലൈൻ അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും ബോണസ് നിർണ്ണയിക്കുകയും നൽകുകയും ചെയ്യേണ്ടത്. സ്വകാര്യ മേഖലയിലുള്ള ബോണസിന്റെ പ്രശ്നം അതാത് വർഷം യൂണിയനുകളുമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കുന്നത്.

ശ്രീ. മാത്യു സ്റ്റീഫൻ: സർ, സ്വകാര്യ മേഖലയിലും പൊതുമേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾ വളരെക്കാലമായിട്ട് ബോണസ് ലഭിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ ഉയർത്തുന്നുണ്ട്. ബോണസ് നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണെന്ന് പറയുന്നു. ഈ കാര്യങ്ങൾ ശരിയാംവണ്ണം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വിഭാഗത്തിലുംപെട്ട യൂണിയൻ പ്രതിനിധികളേയും ഗവൺമെന്റ് പ്രതിനിധികളേയും, ഉദ്യോഗസ്ഥൻമാരെയും ഉൾക്കൊള്ളിച്ച് വളരെ വിപുലമായ ഒരു കമ്മിററി രൂപീകരിച്ച്, തൊഴിലാളികളിൽ നിന്നും തെളിവെടുത്ത് ഇതിനുവേണ്ടിയുള്ള റെക്കമെൻഡേഷൻ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, വളരെ വിപുലമായ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ബോണസിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മാത്രം ഒരു ശ്രമം നടത്തിയാൽ അത് പ്രയോജനപ്പെടുമെന്ന് കരുതുന്നില്ല. കേന്ദ്രത്തിൽ തന്നെ ആവശ്യമായിട്ടുള്ള ഭേദഗതി ഉണ്ടാക്കാതെ നമുക്ക് പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: തൃശ്ശൂർ സീതാറാം മില്ലുപോലെ സ്ഥിരമായി നഷ്ടത്തിലോടുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവിടെ ഇപ്പോൾ ലാഭകരമാണ് എന്നാണ് മാനേജ്മെന്റിന്റെ പ്രസ്താവനകൾ കാണാനിടയായത്. ആ നിലയ്ക്ക് മാറിവയ്ക്കപ്പെട്ട വേതനം എന്ന രീതിയിൽ ലാഭകരമാണെങ്കിൽ വർഷംതോറും അതനുസരിച്ചുള്ള ബോണസ് കൊടുക്കാൻ സാധിക്കും. ഇപ്പോൾ മുന്നിൽ ഒരു ഭാഗമാണ് കൊടുക്കുന്നത്. അതനുസരിച്ചുള്ള ബോണസ് കൊടുക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ഞാൻ അത് നേരത്തെ സൂചിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ബോണസ് നൽകേണ്ടതിനെ സംബന്ധിച്ചിടത്തോളം ഒരു ഗൈഡ് ലൈൻ ഉണ്ട്. ആ ഗൈഡ് ലൈൻ അനുസരിച്ച് അവർക്ക് ബോണസ് നൽകേണ്ടതാണ്. ആ ഗൈഡ് ലൈനിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ഗവൺമെൻറ് അത് പരിശോധിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ഗവൺമെൻറിന്റെ ബോണസ് നയത്തിൽ മാററം വരുത്തിയിട്ടുണ്ടോ എന്നറിയാനാണ് ഞാൻ ചോദിക്കുന്നത്. ബോണസ് എന്നു പറഞ്ഞാൽ അടിസ്ഥാനപരമായി മാററിവയ്ക്കപ്പെട്ട ശമ്പളം എന്നാണ്. അതല്ല, ലാഭനഷ്ടം നോക്കി ലാഭത്തിന്റെ വീതാംശം കൊടുക്കുന്നതാണ് ബോണസ് എന്ന ഒരു ധാരണയുമുണ്ട്. നയപരിഷ്കരണം എന്ന നിലയ്ക്കാണോ അതല്ല ലാഭത്തിന്റെ വീതാംശം എന്ന നിലയ്ക്കാണോ? ഏതു നയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗവൺമെൻറ് ബോണസ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ഞാൻ ഇത് ആദ്യം തന്നെ സൂചിപ്പിച്ചു. മാററിവയ്ക്കപ്പെട്ട വേതനം എന്നുള്ളത് ശരിതന്നെയാണ്. പക്ഷെ ഇത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കൊടുക്കുന്ന ഗൈഡ് ലൈൻ മാററിവയ്ക്കപ്പെട്ട വേതനം എന്നുള്ള രീതിയിലാണ്. നഷ്ടത്തിലോടുന്ന കമ്പനികൾപോലും അത് കൊടുക്കണമെന്ന് പറയുന്നതിനു പകരം ഓരോ കമ്പനിയുടെയും ലാഭത്തിന്റെ സ്ഥിതി മനസ്സിലാക്കിക്കൊണ്ടാണ് ഗവൺമെൻറ് ബോണസ് കൊടുക്കുന്നത്. ഇത് മൊത്തം സെൻട്രൽ ഗവൺമെൻറിന്റെ ഭാഗമായിട്ടുള്ള ഒരു സമീപനമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഗവൺമെൻറിന്റെ ഗൈഡ് ലൈൻ അനുസരിച്ച്, അല്ലെങ്കിൽ നിയമങ്ങളനുസരിച്ച് ഇപ്പോൾ നൽകേണ്ട പരമാവധി ബോണസ് എത്രയാണ്? അതിൽ കവിഞ്ഞ തുക എക്സ്-ഗ്രേഷ്യാ പേമെൻറിന്റെ പേരിൽ നൽകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ 20% വരെ ബോണസ് നൽകും. അതിൽ കൂടുതൽ ലാഭമുള്ള കമ്പനികളാണെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ എക്സ്-ഗ്രേഷ്യാ എന്നുള്ള നിലയിലോ അല്ലെങ്കിൽ പ്രൊഡക്ഷനെ ബെയ്സ് ചെയ്തുകൊണ്ടുള്ള രീതിയിലോ ഉള്ള വർദ്ധനവ് അവർക്ക് നൽകാവുന്നതാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഓരോ സമയത്തും കൊടുക്കുന്ന ബോണസിന്റെ നിർദ്ദേശങ്ങൾ സംസ്ഥാന ആക്ടിന് വിധേയമായിട്ടാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ലാഭമുണ്ടായാലും നഷ്ടമുണ്ടായാലും ഒരു നിശ്ചിത തുക കൊടുക്കണമെന്ന വ്യവസ്ഥയുണ്ട്. ലാഭം എത്ര കിട്ടുന്നു, എത്ര കൊടുക്കണം എന്ന് വ്യവസ്ഥയില്ല. അതു കൊണ്ട് ഓരോ വർഷത്തിലുമുള്ള ലാഭത്തിന്റെ ശതമാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ—വർദ്ധനവിന്റെ തോതനുസരിച്ച്—ബോണസ് കൊടുത്തുകൊള്ളണമെന്നതിനെപ്പററി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ 20%-ൽ കൂടുതൽ ലാഭമുള്ള കമ്പനിയാണെങ്കിൽ 20%-ൽ കൂടുതൽ ബോണസ് അവർക്ക് നൽകും. 20%-ൽ കൂടുതൽ ബോണസ് നൽകാവുന്ന രീതിയിൽ ലാഭമുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങി കൂടുതൽ ബോണസ് അവർക്ക് നൽകാവുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ബോണസ് കണക്കാക്കുന്നതിന്റെ പരിധി ഉയർത്തണമെന്നുള്ള ആവശ്യം സംസ്ഥാനത്തെ എല്ലാ തൊഴിലാളി സംഘടനകളും ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ? പരിശോധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊന്നു വ്യക്തമാക്കുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ബോണസിന്റെ പരിധി 3500 രൂപ വരെയായി ഉയർത്തണമെന്നുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രധാനമന്ത്രിക്ക് അയച്ച നിവേദനത്തിന്റെ കോപ്പി കേരള ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. അതിൽ ബോണസ്സിന്റെ പരിധി 2500 രൂപ എന്നത് 3500 രൂപയാക്കി ഉയർത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ: സർ, ഇപ്പോഴം നിലവിലുള്ള ബോണസ് ആക്ട് വളരെ കാലഹരണപ്പെട്ട ഒരു ആക്ടാണ്. അതിൽ ഭേദഗതി വരുത്തണമെങ്കിൽ കേന്ദ്ര ഗവൺമെന്റിനേ കഴിയൂ എന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാലാനുസൃതമായ മാററങ്ങൾ ഈ നിയമത്തിൽ കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ നമ്മുടെ ഗവൺമെന്റ് തയ്യാറുണ്ടോ; അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, തൊഴിലാളികളുടെ ബോണസ് പരിധി 2500 രൂപയിൽ നിന്നും 3500 രൂപയാക്കി ഉയർത്തുക, പെൻഷൻ സ്കീം നടപ്പിലാക്കുക, പി. എഫ്. വിഹിതം 10% ആയി ഉയർത്തുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പരിശോധിക്കുകയാണ്. പരിശോധിച്ചതിനുശേഷം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്യുമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. മണി: സർ, മിനിമം ബോണസ് നിയമം (33% ബോണസ്) അന്തരിച്ച ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ കാലഘട്ടത്തിലാണ് ഡിക്ലയർ ചെയ്തത്. തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ബോണസ് സംബന്ധിച്ചിടത്തോളം കൂടുതൽ ലാഭമുണ്ടാക്കുന്ന മേഖലകളിൽ 20% വരെ ബോണസ് കൊടുക്കാമെന്നാണ് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇവിടെ അറിയിച്ചത്. എന്നാൽ പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം വളരെ കൂടുതൽ ലാഭം ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ മിനിമം ബോണസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം മുതലാളിമാർ നല്ല ലാഭമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ നിയമങ്ങൾ മാററുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഞാൻ ആദ്യം പറഞ്ഞത് മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. സ്വകാര്യ മേഖലയിൽ തോട്ടങ്ങളിൽ ആയിരുന്നാലും വ്യവസായങ്ങളിൽ ആയിരുന്നാലും വ്യവസായ സ്ഥാപനങ്ങളിൽ ആയിരുന്നാലും കൂടുതൽ ലാഭം ഉണ്ടായിട്ടുണ്ടെങ്കിൽ ആ തോത് അനുസരിച്ച് അവർക്ക് ബോണസ് നൽകാവുന്നതാണ്. അതിന് ഒരിക്കലും തടസ്സമില്ല. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങൾ ആണെങ്കിൽ മാത്രമേ ഞാൻ ഈ പറഞ്ഞിരിക്കുന്ന നിയന്ത്രണം ഉള്ളൂ.

ശ്രീ. പി. രാജു: സർ, കേന്ദ്ര തൊഴിൽ നിയമങ്ങളിൽ കാതലായ ചില മാറ്റങ്ങൾ വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ബോണസ് നിയമത്തിലും ബോണസ് മാറ്റിവയ്ക്കപ്പെട്ട വേതനം എന്ന തത്വത്തിൽ ഇതേവരെ നടപ്പാക്കിയ സംവിധാനത്തിന് മാറ്റം വരുത്താൻ പോകുന്നതായറിയുന്നു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എൻ. രാമകൃഷ്ണൻ: അതാണ് ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചത്. തൊഴിലാളികളുടെ ബോണസ് പരിധി 2500 രൂപയിൽനിന്ന് 3500 രൂപയായി വർദ്ധിപ്പിക്കുക, പെൻഷൻ സ്കീം നടപ്പാക്കുക, പി.എഫ്. വിഹിതം 10% ആയി ഉയർത്തുക ഈ കാര്യങ്ങളെപ്പററി കേന്ദ്രഗവൺമെന്റിൽ ശുപാർശ ചെയ്യുന്നതിനെപ്പററി ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: സ്വകാര്യ മേഖലയിൽ തൊഴിലാളികളുടെ ബോണസ് സംബന്ധിച്ച പ്രശ്നം ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞാലും പല സ്വകാര്യസ്ഥാപനങ്ങളിലും ബോണസ് നിഷേധിക്കപ്പെടുന്ന രീതിയിൽ ,ഉള്ള സമീപനം സ്വീകരിച്ച് വളരെക്കാലം നീട്ടിക്കൊണ്ടു പോകുന്ന സ്വഭാവം നിലനിൽക്കുകയാണ്. ബോണസ് സംബന്ധിച്ച പ്രശ്നം തീർത്തുകഴിഞ്ഞാൽ അടിയന്തിരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ? അല്ലെങ്കിൽ കർശനമായി അവരുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: അങ്ങനെ ചർച്ച ചെയ്തു തീരുമാനിച്ചശേഷം നടപ്പിൽ ആകാത്ത ഒരു കേസ് മാത്രമേ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളൂ. അതുപോലും പൂർണ്ണമായും ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കാൻ ഗവൺമെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി: കേന്ദ്രഗവൺമെന്റ് ആണ് ബോണസ് നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. ഇവിടെ പറഞ്ഞപോലെ ബോണസ് ആക്ററിലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിലും ഭേദഗതി വരുത്തുന്നകാര്യം സജീവമായി കേന്ദ്രഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിന് ബോണസ് ആക്ററിലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിലും വരുത്തേണ്ട ഭേദഗതികൾ എന്തൊക്കെയാണെന്ന് നിർദ്ദേശം നൽകാൻ കേരളത്തിലെ സെൻട്രൽ ട്രേഡ് യൂണിയൻ നേതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: ഈ നിർദ്ദേശം നല്ലതാണെന്നു തോന്നുന്നു. യോഗം വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്യാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

## പെട്രോൾ, ഡീസൽ വില വർദ്ധനവുമൂലം സംസ്ഥാന ഗവൺമെൻറിനുണ്ടാകുന്ന അധികച്ചെലവ്

*2 [324] ശ്രീ. സി. കെ. ചന്ദ്രപ്പൻ:
പ്രൊഫസർ മീനാക്ഷി തമ്പാൻ:
ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, പി. രാജു:
,, കൃഷ്ണൻ കണിയാം പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ വില വർദ്ധനവുമൂലം സംസ്ഥാന ഗവൺമെൻറിനുണ്ടാകുന്ന അധിക ചെലവിനെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിമാസം എത്ര ശതമാനം അധിക ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടിക്കടിയുണ്ടാകുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനമൂലം ഉല്പാദന കേന്ദ്രങ്ങളിൽനിന്നും അകലെ കിടക്കുന്ന സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വമ്പിച്ച ബാദ്ധ്യത പരിഗണിച്ച് അത്തരം സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായത്തിനായി കേന്ദ്രഗവൺമെൻറിനോടും ധനകാര്യ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) കൃത്യമായി വിലയിരുത്തിയിട്ടില്ല.

(ബി) 'എ' യുടെ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ആവശ്യപ്പെട്ടിട്ടില്ല.

(ഡി) സ്വീകരിക്കും.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഇതിൻെറ കൂടെ ഒരു നോട്ട് തന്നിട്ടുണ്ട്, ചോദ്യത്തിന് മറുപടിയായി. ആ നോട്ടിനെപ്പററി മറുപടിയിൽ മെൻഷൻ ചെയ്തിട്ടില്ല. എന്നാൽ ഈ നോട്ടിൽ പറഞ്ഞിരിക്കുന്നത് ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ കേരളം വലിയ സാമ്പത്തിക ബാദ്ധ്യതയെ നേരിടും എന്നാണ്. അങ്ങിനെ വരുമ്പോൾ ആ പ്രശ്നം ഫിനാൻസ് കമ്മീഷൻെറ മുന്നിൽ ഉന്നയിച്ച് കേരളത്തിന് പ്രത്യേക പരിഗണന ആവശ്യപ്പെടാൻ കഴിയും എന്ന് നോട്ടിലെ അവസാനത്തെ പാരഗ്രാഫിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ എന്തുകൊണ്ട് ഇത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ട് ഫിനാൻസ് കമ്മീഷൻ കേരള ഗവൺമെൻറിനെ സഹായിക്കേണ്ടതാണ്, ഇക്കാര്യത്തിൽ എന്ന വിവരം ഇതുവരെ അറിയിച്ചില്ല? ഇത് അറിയാൻ താൽപ്പര്യം ഉണ്ട്.

ശ്രീ. സി. വി. പത്മരാജൻ: പത്താം ധനകാര്യ കമ്മീഷൻ മുൻപാകെ രേഖകൾമൂലം കൊടുത്ത മെമ്മോറാണ്ടത്തിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടില്ല. പക്ഷെ ഇത് ഉന്നയിക്കുന്നതിനോട് വാദതടസ്സമൊന്നുമുണ്ടാകുന്നില്ല. ചർച്ചകളിൽ ഇത് ഉന്നയിക്കാം എന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: നമ്മൾ മെമ്മോറണ്ടം കൊടുത്തത് വളരെ നേരത്തെയാണ്. അതിനുശേഷം ഉണ്ടായ ഡെവലപ്മെന്റ് ആണ്. ഇതിനെക്കുറിച്ച് ഗവൺമെന്റ് സെൻസ് ഓഫ് അർജൻസിയോടുകൂടി അവരെ അപ്രോച് ചെയ്തില്ല എന്നാണ് ഞാൻ സൂചിപ്പിച്ചത്. ഈ കാര്യം ഈ നോട്ടിന്റെ ആദ്യഭാഗത്ത് പറഞ്ഞിട്ടുണ്ട്. പല ഇക്കണോമി മെഷേഴ്സും ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഇതിന്റെ ഫലങ്ങൾ ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഡീസലിന്റെ ഒക്കെ ഉപയോഗം സംബന്ധിച്ച്, പറഞ്ഞാൽ വളരെ 'വേഗ്' ആണ്. ഗവൺമെന്റ് ഈ കാര്യത്തിൽ സ്റ്റേറ്റ് കാറുകളുടെ എണ്ണം കുറയ്ക്കാൻ ഡിപ്പാർട്ടുമെന്റുകൾക്കോ ബോർഡുകൾക്കോ സ്പെസിഫിക് ആയിട്ട് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; അതോ ഒരു പൊതു നിർദ്ദേശം ആണോ കൊടുത്തിട്ടുള്ളത്?

ശ്രീ. സി. വി. പത്മരാജൻ: പൊതു നിർദ്ദേശം മാത്രമല്ല വളരെ വ്യക്തമായ, സ്പെസിഫിക് ആയിട്ടുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ വാഹനങ്ങളുടെ എണ്ണം കുറയ്ക്കാൻ, പഴയ വാഹനങ്ങൾ വിൽക്കാൻ, ആ വാഹനങ്ങളുടെ ഉപയോഗത്തിൽ പരമാവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ വ്യക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതെല്ലാം ഇവിടെ വിശദീകരിക്കാൻ ഒക്കുകയില്ല. "Important Orders relating to Economy Measures" എന്ന Publication-നകത്ത് വെഹിക്കിൾസിനെ സംബന്ധിച്ചുള്ള വിഷയങ്ങൾ രണ്ട്മൂന്നു പാരഗ്രാഫിൽ കൊടുത്തിട്ടുണ്ട്.

പ്രൊഫസർ മീനാക്ഷി തമ്പാൻ: വളരെ സുപ്രധാനമായ ചോദ്യമാണ് ഫ്ളോറിൽ വന്നിട്ടുള്ളത്. ഈ ചോദ്യം വരുന്നതിന് മുൻപ് ഇതിനെക്കുറിച്ച് ആലോചിച്ചിട്ടുപോലുമില്ല എന്നാണ് മറുപടിയിൽനിന്നും മനസ്സിലാകുന്നത്. ഇതിനോടൊപ്പമുള്ള നോട്ടിൽ കേരളത്തിലെ സമസ്ത മേഖലകളെയും ഈ വിലവർദ്ധനവ് ബാധിക്കും എന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വ്യാവസായിക–കാർഷിക–ഭക്ഷ്യ ആവശ്യങ്ങൾക്ക് മററു സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് നമ്മുടെ ബഡ്ജററിനെ ബാധിക്കുകയില്ലേ; അതു മുൻകൂട്ടി കണ്ടുകൊണ്ടാണോ ബഡ്ജററ് തയ്യാറാക്കിയിട്ടുള്ളത്?

ശ്രീ. സി. വി. പത്മരാജൻ: ഈ പറഞ്ഞത് ശരിയാണ്. പെട്രോളിന് വില വർദ്ധിക്കുമ്പോൾ കൺസ്യൂമർ സ്റ്റേററ് എന്നുള്ള നിലയ്ക്ക് സ്വാഭാവികമായിട്ട് എല്ലാ മേഖലകളിലും വിലവർദ്ധനവ് ഉണ്ടാകും. സഭയിൽ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജററ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. ആ ബഡ്ജററിൽ ഈ സാഹചര്യങ്ങളും വസ്തുതകളും തീർച്ചയായും കണക്കിലെടുക്കാതിരിക്കാൻ നിർവ്വാഹമില്ല.

പ്രൊഫ. മീനാക്ഷി തമ്പാൻ: വരുന്ന അധികച്ചെലവുകൾ തരണം ചെയ്യാൻ ജനറലായിട്ട് ഒന്നുരണ്ട് കാര്യങ്ങൾ ചെയ്യും എന്നു പറയുന്നതല്ലാതെ സ്പെസിഫിക് ആയിട്ട് ഒന്നും പറയുന്നില്ല. നമ്മുടെ വികസന പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രതിസന്ധി തരണം ചെയ്യാൻ സ്പെസിഫിക് ആയിട്ട് എന്തു നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. വി. പത്മരാജൻ: പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവുമൂലം ഉണ്ടാകാറുള്ള സ്വാഭാവികമായ പ്രയാസങ്ങൾ ഉണ്ട്. ഇത് സർക്കാർ തലത്തിൽ പരിഹരിക്കാൻ വേണ്ടിയാണ് ഇക്കണോമിക്

മെഷേഴ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് പൊതുവെ കുറച്ച് റെസ്ട്രിക്ഷൻസ് ഏർപ്പെടുത്തിക്കൊണ്ട് ഇതിന്റെ പ്രയോജനം നഷ്ടപ്പെടാത്ത രീതിയിൽതന്നെ ചെലവു കുറയ്ക്കാൻ പരമാവധി ശ്രമിക്കാവുന്നതാണ്, അതേ പറയാനുള്ളു.

ശ്രീ. പി. രാജു: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ചോദ്യത്തിന് ഉത്തരം നൽകിയതിന്റെ കൂട്ടത്തിൽ തന്നിരിക്കുന്ന നോട്ടിൽ പറഞ്ഞു സർക്കാർ വാഹനങ്ങളുടെ എണ്ണം, ഇന്ധനച്ചെലവ് എന്നിവ വെട്ടിച്ചുരുക്കുന്നതു സംബന്ധിച്ച് നിരവധി ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന്. എന്നാണ് ആ ഉത്തരവ് പുറപ്പെടുവിച്ചത്; ആ ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഈ ഇനത്തിൽ സർക്കാരിന് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; ഡീസലിന്റെയും പെട്രോളിന്റെയും ഉപയോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. സി. വി. പത്മരാജൻ: ഇത് പല ദിവസങ്ങളിൽ ആയിട്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 22-10-1990-ൽ. അതിനുശേഷം, 8-2-1991-ലും 8-3-1991-ലും എല്ലാം വളരെ വ്യക്തമായ ഗൈഡ്ലൈൻസ് സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രയോജനം ഉണ്ടായിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. എത്രത്തോളം പ്രയോജനമുണ്ടായിട്ടുണ്ട് എന്ന് കൃത്യമായി കണക്കുകൾ കിട്ടിയിട്ടില്ല.

ശ്രീ. പി. രാജു: നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരു സംസ്ഥാനം ആണ് കേരളം. ഏലം, തേയില, ചുക്ക് തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങൾ കേരളത്തിൽനിന്നാണ് കയററി അയയ്ക്കുന്നത്. അതുപോലെതന്നെ മത്സ്യ സമ്പത്തും, പ്രത്യേകിച്ച് ഗൾഫ് നാടുകളിലെ മലയാളികളയയ്ക്കുന്ന വിദേശനാണ്യം രാജ്യത്ത് പ്രയോജനപ്പെടുന്ന ആ സാഹചര്യത്തിൽ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് ഉണ്ടാകുമ്പോൾ കേരളം ഏററവും അററത്തുള്ള സംസ്ഥാനം എന്ന നിലയിൽ നമുക്ക് പ്രത്യേകിച്ച് പരിഗണന നൽകാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുന്നത് നല്ല വാദമുഖങ്ങളാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ട് ഫിനാൻസ് കമ്മീഷൻ മുമ്പാകെ കൂടുതൽ അവകാശങ്ങൾ ഉന്നയിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: നമ്മുടെ ഈ സംസ്ഥാനത്തോട് ധനകാര്യ കമ്മീഷൻ ഇതുവരെ നീതി പുലർത്തിയിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരങ്ങളിൽനിന്ന് വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്തിന് ആണെങ്കിൽ സാമൂഹ്യ-വികസന ചെലവുകൾ അധികമായിട്ട് വരികയാണ്. അത് ധനകാര്യ കമ്മീഷൻ നമുക്ക് വകവച്ച് തരേണ്ടതാണ്. അത് വകവച്ച് തരുന്നില്ല, ചോദിച്ചുവാങ്ങാനായിട്ട് പലപ്പോഴും കഴിയാറുമില്ല. എന്നാൽ ഇപ്പോൾ പ്രധാനപ്പെട്ട ഒരു വലിയ ബാദ്ധ്യത ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിച്ചതുമൂലം നമ്മുടെ സംസ്ഥാനത്തിന് വന്നുപെട്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് മുമ്പാകെ, ധനകാര്യ കമ്മീഷൻ മുമ്പാകെ നമ്മുടെ വാദമുഖങ്ങൾ ഉയർത്തി നമുക്ക് അത് കണക്കുപറഞ്ഞ് കിട്ടാനായിട്ട് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുക?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ: ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ സംബന്ധിച്ച് പലപ്പോഴും പൂർണ്ണമായ തൃപ്തി ഉണ്ടായിട്ടില്ല എന്നുള്ളത് ശരിയാണ്, പക്ഷേ എല്ലാ ധനകാര്യ കമ്മീഷനുകളും കേരള സംസ്ഥാനത്തെ പൂർണ്ണമായി അവഗണിച്ചു എന്നു പറയുന്നത് ശരിയല്ല. ഇതേ അവകാശങ്ങൾ, വാദങ്ങൾ ചിലത് അംഗീകരിച്ചിട്ടുണ്ട്. ചിലത് നിരാകരിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ കോൺസ്റ്റിറ്റ്യൂഷണൽ അതോറിററിയാണ്; കമ്മീഷനെ നിയമിച്ചു കഴിഞ്ഞാൽ കാലാകാലങ്ങളിൽ ഗവൺമെൻറിന് മെമ്മോറാണ്ടം കൊടുക്കുകയും നമ്മുടെ വാദമുഖങ്ങളും കേസുകളും അവരുടെ മുമ്പിൽ ശക്തമായി അവതരിപ്പിക്കുകയുമാണ് പതിവ്. ഇപ്രാവശ്യം പത്താം ധനകാര്യ കമ്മീഷൻെറ മുമ്പിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുൾപ്പെടെയുള്ള സംസ്ഥാനത്തിൻെറ പൊതു വാദമുഖങ്ങൾ നിരത്തിക്കൊണ്ട് അവകാശവാദങ്ങൾ ഉന്നയിക്കുന്നതാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി 10-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ മെമ്മോറാണ്ടം കൊടുത്തത് മുമ്പാണ്. എന്നാൽ ഈ ഇടക്കാലത്താണ്, ബഡ്ജററിന് മുമ്പായിട്ടാണ് ഡീസലിൻെറയും പെട്രോളിൻെറയും ഒക്കെ വില വർദ്ധിപ്പിച്ചത്. ആ വർദ്ധനവ് നമ്മുടെ സംസ്ഥാനത്തെ പ്രതികൂലമായിട്ട് ബാധിക്കുകയാണ്. അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നാണ് ഞാൻ ചോദിച്ചത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല.

ശ്രീ. സി. വി. പത്മരാജൻ: സർ, ഫെബ്രുവരിയിലാണ് വില വർദ്ധനവ് ഉണ്ടായിരിക്കുന്നത്. അതിനെ സംബന്ധിച്ചുള്ള നടപടികൾ ഫൈനാൻസ് കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കാനുള്ള സമയം ആയി വരുന്നതേയുള്ളു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സമയം ആയില്ല. നമ്മുടെ ബാദ്ധ്യതകളെ സംബന്ധിച്ച്, നമ്മുടെ ചെലവുകൾ വർദ്ധിക്കുന്നതിനെ സംബന്ധിച്ച് അത് ചുരുക്കാൻ വേണ്ടി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒരു പുസ്തകം ഉയർത്തി കാണിക്കുകയുണ്ടായി. ആ പുസ്തകത്തിനകത്ത് എന്താണ്? അതിനകത്തുള്ള നിർദ്ദേശങ്ങളിൽ ഏതേതു കാര്യങ്ങൾ നടപ്പാക്കി? അതിൽ ഞങ്ങളുടെ പ്രധാനപ്പെട്ട ഒന്നു രണ്ട് നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്ന് പ്രാവർത്തികമായിരിക്കുന്നു എന്ന് പറയാൻ കഴിയുമോ? നമ്മുടെ സംസ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെൻറുകൾക്ക് ആയിരക്കണക്കിന് വാഹനങ്ങളുണ്ട്. പക്ഷേ സർക്കാരിന് കണക്കില്ല. ഉദ്യോഗസ്ഥൻമാരുടെ ആവശ്യത്തിനുവേണ്ടി മാത്രമല്ല, അവരുടെ വീട്ടാവശ്യത്തിനു വേണ്ടി, അവരുടെ ബന്ധുക്കളുടെ ആവശ്യത്തിനു വേണ്ടി, സിനിമ കാണാൻ പോകാനും, ബാറിൽ പോകാനും, മററ് ആവശ്യങ്ങൾക്കുപോലും സർക്കാർ വാഹനം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ?

ശ്രീ. സി. വി. പത്മരാജൻ: സർ, ഇത് വളരെ വളരെ വ്യാപകമായ ചോദ്യമാണ്. ഈ ചോദ്യത്തിന് പൂർണ്ണമായിട്ട് ഉത്തരം പറയണമെങ്കിൽ ഈ നിർദ്ദേശങ്ങൾ മുഴുവൻ ഞാൻ വായിക്കണം. ആ ഒരു സാഹസത്തിന് ഞാൻ മുതിരുന്നില്ല. അതിലെ ചുരുക്കം ഞാൻ പറയാം. ഞാൻ വായിച്ച പുസ്തകം "Hand book of important orders relating to economy measures" ആണ്. അതിൽ തേർഡ് ചാപ്ററർ വെഹിക്കിൾസിനെ സംബന്ധിച്ചുള്ളതാണ്. അതിൽ സർക്കാർ ഉദ്യോഗസ്ഥൻമാർ

സിനിമയ്ക്ക് പോകുന്നത്, അവർ വേറെ വല്ലയിടവും പോകുന്നത്, സ്വന്തം കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത്, നിസ്സാരമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഇതെല്ലാം നിയന്ത്രിച്ചുകൊണ്ടുള്ള ധാരാളം വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന് ഓരോന്നോരോന്നായിട്ട് ഉത്തരം പറയണം എന്നു പറഞ്ഞാൽ അതിന് സമയം വളരെയാകും. Officers should not use departmental vehicles എന്ന് പറയുന്നുണ്ട്. അവർ ദൂരയാത്രയ്ക്ക് ട്രെയിനിലേ പോകാവൂ, കാറിൽ പോകരുത്, തപാൽ കൊണ്ടുവരാൻ കഴിയുന്നതും സൈക്കിൾ ഉപയോഗിക്കണം, വീട്ടിൽനിന്നും വരാനായിട്ട് കാർ ഉപയോഗിക്കരുത്, പഴയ വാഹനങ്ങൾ ഡിസ്പ്പോസ് ചെയ്ത് പുതിയ വാഹനങ്ങൾ വാങ്ങിക്കുന്നതിനുള്ള സംവിധാനം തുടങ്ങി വളരെ വ്യാപകമായി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ചൂണ്ടിക്കാണിച്ച തകരാറുകളോ, പ്രതിഫലിപ്പിച്ച ആശങ്കയോ പരിഹരിക്കത്തക്ക രീതിയിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: സർ, ഇപ്പോൾ പെട്രോളിനും ഡീസലിനും 7% വില വർദ്ധിച്ചിട്ടുണ്ട്. ഒരു പ്രഖ്യാപനത്തിൽ വന്നത് 7% ആണ്. അതുപ്പോൾ അതിൽ എ-യും, ബി-യും ചോദ്യത്തിനുള്ള മറുപടി കിട്ടിയിട്ടില്ല. ഈ സ്റ്റേററിൽ ഒരു മാസം എത്ര രൂപയാണ് ചെലവ് വരിക, അത് നിയന്ത്രിക്കാൻ വല്ല പരിപാടിയുമുണ്ടോ; അതുപോലെ ഗവൺമെന്റിന്റെ ചെലവ് നിയന്ത്രിക്കുമ്പോൾ ഇതിന്റെ ചെലവും നിയന്ത്രിക്കുമോ? പെട്രോളിനും ഡീസലിനും ഇപ്പോൾ വില കയറിയതിന്റെ ഫലമായിട്ട് 7% വില വർദ്ധനവുണ്ടാകുന്നു. അതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. അതുപോലെ തന്നെ ഫിനാൻസ് കമ്മീഷനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കഴിഞ്ഞ തവണ ഫിനാൻസ് കമ്മീഷന്റെ നിലപാട് നമുക്ക് മോശമായിട്ടായിരുന്നു. ഇപ്പോൾ പത്ത് ഫിനാൻസ് കമ്മീഷൻ ആണ്. കമ്മീഷനുമായിട്ട് സംസാരിച്ചിട്ട് കേരളത്തിന്റെ അവകാശം വല്ലതും നേടുന്നുണ്ടോ. നിങ്ങളുടെ എക്സ്പെൻഡിച്ചർ എങ്ങനെയാണ് കുറയ്ക്കുന്നത്. 7% ഇപ്പോൾ തന്നെ വർദ്ധിച്ചിരിക്കുകയാണ്. ഒരു മാസം എന്തുവരും ചെലവ്, എത്ര കുറയ്ക്കണം എന്ന് ഫിനാൻസ് കമ്മീഷനോട് ഡിമാന്റ് ചെയ്യുന്നുണ്ടോ, എന്നുള്ളത് ഒന്ന് അറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. സി. വി. പത്മരാജൻ: സർ, ഏതാണ് സ്പെസിഫിക് പോയിന്റ് എന്നുള്ളത് ദീർഘമായ പ്രസംഗത്തിനിടയിൽ വിട്ടുപോയിരുന്നിരിക്കും. എന്താണെന്ന് മനസ്സിലായില്ല. ചോദ്യം വില വർദ്ധനവ് മൂലം സംസ്ഥാനത്തുണ്ടാകുന്ന അധിക ചെലവാണ്. അധികച്ചെലവുണ്ടാകുന്നു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ അങ്ങനെ ഉണ്ടായിട്ടുള്ള അധികച്ചെലവ് കൃത്യമായിട്ട് വിലയിരുത്തിയിട്ടില്ല എന്നാണ് ഉത്തരം. ഇങ്ങനെ കാലാകാലങ്ങളിൽ പെട്രോളിനും ഡീസലിനും വില വർദ്ധനവ് ഉണ്ടാകുമ്പോൾ സർക്കാരിന്റെ ചെലവ്, അധികച്ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗം സർക്കാർ ഇതിന്റെ ഉപയോഗം കുറയ്ക്കുക എന്നത് മാത്രമേയുള്ളൂ. അതിനുവേണ്ടി അങ്ങയുടെ സർക്കാരിന്റെ കാലത്ത് ഉൾപ്പെടെ തുടങ്ങി. പിന്നീട് കൂടുതൽ റിജിഡ് ആയി. വ്യാപകമായി നടപ്പിലാക്കി കഴിഞ്ഞിട്ടുള്ള നിർദ്ദേശങ്ങളാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. ഇതല്ലാതെ ഇപ്പോൾ സർക്കാരിന്റെ മുമ്പിൽ വേറെ മാർഗ്ഗങ്ങളില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിന്റെ ഫലമായി സർക്കാരിന് സെയിൽസ് ടാക്സ് ഇനത്തിൽ അധികം കിട്ടുന്ന വരുമാനം ഉപേക്ഷിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. വി. പത്മരാജൻ: അതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. ഇക്കഴിഞ്ഞ വിലവർദ്ധനവുമൂലം സംസ്ഥാനത്തിന് 4 കോടി 40 ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. അത് വിലവർദ്ധനവുമൂലം മാത്രമാകണമെന്നില്ല. വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചതുമൂലമാകാം. പക്ഷെ സർക്കാരിന്റെ നഷ്ടം കുറയ്ക്കാനുള്ള കാര്യം ആലോചിക്കുമ്പോൾ സർക്കാരിന് ഇതുകൊണ്ടുണ്ടാകുന്ന ചെറിയ ലാഭം ഉപേക്ഷിക്കണം എന്ന് പറയുന്നതിൽ യുക്തിയില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, സർക്കാർ വാഹനങ്ങൾ ഓടിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഇത്ര കിലോമീററർ വരെ എന്ന് ലിമിററ് ഏർപ്പെടുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് കർശനമായിട്ട് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഏർപ്പാടുണ്ടോ? ഈയിടെ ആൻഡമാനിൽ ശ്രീ. വക്കം പുരുഷോത്തമൻ (മുൻ സ്പീക്കർ) ഗവർണ്ണറായി പോയപ്പോൾ ചില സ്ക്വാഡ് ഏർപ്പെടുത്തി. അങ്ങനെയുള്ള ചില കാര്യങ്ങൾ, ഏർപ്പാടുകൾ ഉണ്ടാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: സർ, ഓരോ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കും എത്ര വാഹനങ്ങൾ ഉപയോഗിക്കാം എന്നുള്ളതിനെക്കുറിച്ച് കർശനമായ ചട്ടങ്ങളും നിയന്ത്രണങ്ങളും ഉണ്ട്. ഇതിൽ തന്നെ All Departments and Finance Inspection Wing Department in particular will conduct surprise checks with a view to prevent mis-use of vehicles എന്നൊരു വ്യവസ്ഥ തന്നെയുണ്ട്. ശ്രീ. വക്കം പുരുഷോത്തമൻ അവിടെ പോയതിനുശേഷം ഏർപ്പെടുത്തിയതായിരിക്കാം. ഇവിടെ അത് വളരെ നേരത്തേത്തന്നെ നിലവിലുള്ളതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, പെട്രോൾ വാഹനമാകട്ടെ, ഡീസൽ വാഹനമാകട്ടെ അതിന് ചില നിയന്ത്രണങ്ങൾ വച്ചിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിൽ അതൊന്നും നടപ്പിലാക്കുന്നില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് പല ഉദ്യോഗസ്ഥൻമാർക്കും കൊടുത്തിട്ടുള്ള വാഹനങ്ങൾ വേണ്ടെന്ന് വയ്ക്കുകയും അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന ഒഫീഷ്യൽ ട്രിപ്പ്സിനുമാത്രം കിലോമീററിന് ടി. എ. കൊടുക്കുകയും ചെയ്താൽ അതായിരിക്കും ലാഭം എന്നുള്ളതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ഒരു പഠനം നടത്തുന്നതിനും തയ്യാറാകുമോ?

ശ്രീ. സി. വി. പത്മരാജൻ: സർ, ആർക്കും വാഹനങ്ങൾ കൊടുക്കുകയില്ലെന്നുള്ള നിലപാട് സ്വീകരിക്കാൻ ഒക്കുകയില്ല. വാഹനങ്ങൾ അനുപേക്ഷണീയമായിട്ടും, നിർബന്ധമായിട്ടും ഉപയോഗിച്ചേ മതിയാകൂ. For the sake of efficiency. അതിനും കൃത്യമായി ജോലി നിർവ്വഹിക്കുന്നതിനും ആവശ്യമാണ്. ഈ പറഞ്ഞ നിർദ്ദേശത്തെക്കുറിച്ച് ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് പഠിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. വ്യക്തിപരമായിട്ട് പറഞ്ഞാൽ പ്രത്യക്ഷത്തിൽ പ്രയോജനകരമാകുമോ എന്ന് എനിക്ക് സംശയമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: ഈ വാഹനങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിനെപ്പററി അങ്ങ് ചില നിർദ്ദേശങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. വകുപ്പ് തലവൻമാർ അവരുടെ വകുപ്പിൻെറ കീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനങ്ങൾ എടുത്ത് സാധാരണഗതിയിൽ ഉപയോഗിക്കാൻ പാടില്ലെങ്കിലും ചിലർ സ്വതന്ത്രമായി ഉപയോഗിക്കുന്ന സ്ഥിതിയുണ്ട്, ഉദാഹരണമായി കോ-ഓപ്പറേഷൻെറ സെക്രട്ടറി ഈ തരത്തിൽ സ്റേററ് കോ-ഓപ്പറേററീവ് ബാങ്കിൻെറ വാഹനം സ്ഥിരമായിട്ട് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്, അദ്ദേഹം ഉപയോഗിച്ചതായിട്ട് കണക്കിൽ എവിടേയും വരില്ല. സ്റേററ് കോ-ഓപ്പറേററീവ് ബാങ്കിൻെറ വാഹനം ആ രൂപത്തിൽ ദുരുപയോഗപ്പെടുത്തുന്നത് ശരിയാണോ?

ശ്രീ. സി. വി. പത്മരാജൻ: ഇത് പെട്ടെന്ന് ചോദിച്ചാൽ ബുദ്ധിമുട്ടാണ്, പ്രത്യേകമായിട്ട് നോട്ടീസ് ഉണ്ടെങ്കിലേ എനിക്ക് പറയാൻ സാധിക്കൂ. ഒരു കാര്യം എനിക്ക് പറയാനുള്ളത് സർക്കാരിൻെറ ചെലവ് കുറയ്ക്കുന്നതിനെപ്പററിയാണ് ഈ പറയുന്നത്. ഉദ്യോഗസ്ഥൻമാർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും വാഹനം ഉപയോഗിക്കുകയാണെങ്കിൽ സർക്കാരിൻെറ ചെലവ് സാങ്കേതികമായിട്ട് സ്വല്പം കുറഞ്ഞുകിട്ടും. ഞാൻ അത് നീതീകരിക്കുകയല്ല.

## തിരുവനന്തപുരത്തെ ജലവിതരണ പദ്ധതിയുടെ സ്ഥാപിതശേഷി

* 3 [325] ശ്രീ. എം. വിജയകുമാർ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിലവിലുള്ള ജലവിതരണ പദ്ധതിയുടെ സ്ഥാപിതശേഷി എത്ര;

(ബി) ഇപ്പോൾ ഉള്ള ആവശ്യം നിറവേററുന്നതിന് പദ്ധതിയുടെ കപ്പാസിററി എത്രയായിരിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്തെ ജലവിതരണ പദ്ധതികൾ എത്ര ഘട്ടമായി നടപ്പിലാക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ ഏതെങ്കിലും ഘട്ടത്തിൻെറ പണി പൂർത്തിയായിട്ടുണ്ടോ;

(ഡി) തലസ്ഥാന നഗരമെന്ന പ്രത്യേക പരിഗണന നൽകി ഇതിനാവശ്യമായ മുഴുവൻ തുകയും വരുന്ന ബഡ്ജററിൽ വകകൊള്ളിച്ച് അടുത്ത വർഷംതന്നെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) ഇപ്പോഴത്തെ സ്ഥാപിതശേഷി പ്രതിദിനം 117 ദശലക്ഷം ലിററർ.

(ബി) പ്രതിദിനം 198 ദശലക്ഷം ലിററർ.

(സി) 3 ഘട്ടങ്ങളായി. ഒരു ഘട്ടത്തിൻേറയും പണി പൂർത്തിയായിട്ടില്ല.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിന് ഉദ്ദേശം 3 കൊല്ലം സമയം വേണ്ടി വരും എന്നുള്ളതിനാൽ മുഴുവൻ തുകയും അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ: സർ, തിരുവനന്തപുരത്തെ ജനങ്ങൾക്ക് ആവശ്യമുള്ള വെള്ളത്തിൽ വലിയ കുറവാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. 117 ദശലക്ഷം ലിററർ മാത്രമാണ് നമുക്കിന്ന് നൽകാൻ കഴിയുന്നത്. പക്ഷെ ആവശ്യം 198 ദശലക്ഷം ലിററാണ്. 81 ദശലക്ഷം ലിററർ വെള്ളത്തിന്റെ കുറവാണ് ഓരോ ദിവസവും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അത്രയും വലിയ ദൗർലഭ്യം അനുഭവിക്കുകയാണ്. ഇതിനു വേണ്ടി കൊണ്ടുവന്ന പദ്ധതി 3 ഘട്ടങ്ങളിലായിട്ട് 3 വർഷം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്. ഇപ്പോൾ ഒരു വർഷം കഴിഞ്ഞു അത് തുടങ്ങിയിട്ട്. ശിലാസ്ഥാപനം നടത്തിയിട്ട് ഒന്നേകാൽ വർഷമായി. ഇതുവരെയുള്ള സ്ഥിതി പരിശോധിച്ചാൽ അവിടെ ഒരു പ്രവർത്തനവും നടക്കുന്നില്ല. പ്രവർത്തനത്തിൽ സ്തംഭനം നിലനിൽക്കുകയാണ്. എന്താണ് ആ പ്രവർത്തന സ്തംഭനത്തിനു കാരണം? ഇങ്ങനെയാണെങ്കിൽ 3 വർഷം എന്നുള്ളത് 10 വർഷമായിട്ട് നീണ്ടുപോകില്ലേ എന്ന് സംശിക്കുകയാണ്. പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വർക്ക് ഇപ്പോൾ സ്തംഭനാവസ്ഥയിലൊന്നും നിൽക്കുന്നില്ല. ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ്. ഹഡ്കോയുടെ സഹായത്തോടുകൂടി ഇവിടെ ഒരു ഓഗ്മെൻറഷൻ സ്കീം ആണ് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത് ഇരുപത്താറരക്കോടി രൂപയാണ്. അത് 3 വർഷംകൊണ്ട് പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇതിന്റെ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഇതിനകത്ത് സ്തംഭനാവസ്ഥ ഒന്നും ഇല്ല. തുടക്കത്തിൽ അരുവിക്കരയിൽ അല്പം തൊഴിൽത്തർക്കം ഉണ്ടായിരുന്നത് ബന്ധപ്പെട്ട യൂണിയന്റെ ആൾക്കാരുമായി സംസാരിച്ച് അപ്പോൾത്തന്നെ പരിഹരിക്കുകയും ഇപ്പോൾ പണികൾ വളരെ വേഗത്തിൽ നടന്നു വരികയുമാണ്.

ശ്രീ. എം. വിജയകുമാർ: സർ, ഇപ്പോൾ എല്ലാ വർഷവും വേനൽക്കാലത്ത് ഇവിടെ വെള്ളത്തിന്റെ ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കുടിവെള്ളക്ഷാമം ആരംഭിച്ചു കഴിഞ്ഞു. ഇന്ന് രാവിലെ ഞാനിങ്ങോട്ട് പോരുന്നതിനു മുമ്പുതന്നെ എട്ടുപത്ത് വീട്ടുകാർ എന്നെ ടെലിഫോണിൽ വിളിച്ച് പരാതി പറഞ്ഞു. ദിവസവും ഇതുതന്നെയാണ് സ്ഥിതി. ഇത് പരിഹരിക്കാൻ, തിരുവനന്തപുരത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു നോക്കിയിട്ട് നമ്മൾ ശ്രദ്ധിച്ചാൽ മതി. സാങ്കേതികമായിട്ടുള്ള കാരണങ്ങൾകൊണ്ടാണ് ഈ സ്കെയ്സിററി രൂക്ഷമാകുന്നത്. ചില സ്ഥലങ്ങളിൽ അല്പംപോലും വെള്ളം കിട്ടുന്നേയില്ല. ഉദാഹരണത്തിന് തിരുമല ശ്രീ. വി. ജെ. തങ്കപ്പനൊക്കെ താമസിക്കുന്ന തിരുമല ടൗൺ, പൂജപ്പുരയോടു ചേർന്നുള്ള ഭാഗം എന്നിവിടങ്ങളിൽ എത്രയോ കാലമായി വെള്ളം കിട്ടുന്നില്ല. നിരവധി തവണ മന്ത്രിയോട് പരാതി പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെയുള്ള ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു കൺട്രോൾ റൂം തുറന്ന് പ്രവർത്തിച്ചാൽ അന്നന്നുതന്നെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കാൻ ഒരു സംവിധാനമുണ്ടാക്കുമോ; ഒരു കൺട്രോൾ റൂം തുറന്നു പ്രവർത്തിപ്പിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇപ്പോൾ തിരുവനന്തപുരത്തിന്റെ എല്ലാ ഭാഗത്തും വെള്ളം ലഭിക്കുന്നതിന് താഴെ തലത്തിൽത്തന്നെ ഇതിനു വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തും



LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എൻജിനീയറെ ആ കാര്യത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും മാസംതോറും അതിന്റെ റിവ്യൂ മീററിംഗ് നടത്തുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനുവേണ്ടി മാത്രമായി ഒരു കൺട്രോൾ റൂം തുറക്കേണ്ട ആവശ്യമില്ല. തിരുവനന്തപുരത്തെ സംബന്ധിച്ച് പറയുമ്പോൾ തിരുവനന്തപുരം നഗരത്തിനുവേണ്ടി ആരംഭിച്ച ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് സമീപപ്രദേശത്തെ പഞ്ചായത്തുകളിലേക്ക് വെള്ളം കൊടുക്കാൻ തുടങ്ങിയത്. ആ നടപടിക്രമം ആരംഭിച്ചതിനുശേഷം ആണ് തലസ്ഥാന നഗരിയിൽ ശുദ്ധജലത്തിന് ക്ഷാമം അനുഭവപ്പെട്ടത്. ഞാൻ ഇവിടെ പറഞ്ഞ കണക്ക് അനുസരിച്ചുതന്നെ ഒരു ദിവസം 81 ദശലക്ഷം ലിററർ വെള്ളത്തിന്റെ കുറവ് ഇവിടെ അനുഭവപ്പെടുന്നുണ്ട്. ഈ കുറവ് നികത്തണമെങ്കിൽ ഈ ഓഗ്മെന്റേഷൻ സ്കീം നടപ്പിലാക്കിയാലേ പററൂ. അതുകൊണ്ട് സ്വാഭാവികമായും ചില സ്ഥലങ്ങളിൽ അല്പം ബുദ്ധിമുട്ടുകൾ വരും എന്നുള്ളതു ശരിയാണ്. അത് കഴിയുന്നിടത്തോളം പരിഹരിക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, കുടിവെള്ള പ്രശ്നം തിരുവനന്തപുരം സിററിയിൽ മാത്രമല്ല, കേരളം ഒട്ടാകെയുള്ളതാണ്. എങ്കിലും ചോദ്യമിതായതുകൊണ്ട് പറയുകയാണ്. തിരുവനന്തപുരം പട്ടണത്തിൽ 81 ദശലക്ഷം ലിററിന്റെ കുറവുണ്ടെന്ന് മന്ത്രി പറഞ്ഞു. 117 ദശലക്ഷം ലിററാണ് ഇപ്പോൾ നമ്മുടെ കപ്പാസിററി എന്നു പറഞ്ഞാൽ ഏകദേശം പകുതിയിലധികം കൂടി ഇനി ആവശ്യമുണ്ട്. ഇത് വളർന്നുവരുന്ന ഒരു പട്ടണമാണ്. ഇത് ഇപ്പോൾ നിൽക്കാനും പോകുന്നില്ല. അതുകൊണ്ട് അശാസ്ത്രീയമായ ഒരു പദ്ധതിയാണ് ഈ 198 ദശലക്ഷം ലിററർ ഉണ്ടാക്കിയെടുത്ത് വിതരണം ചെയ്യുക എന്നുള്ളത്. ഇനിയും ഇത് കൂടി കൂടി വരുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ മറുപടി പറഞ്ഞതുപോലെ പട്ടണത്തിന്റെ പുറംപ്രദേശങ്ങളിൽ, (അതായത് ഇപ്പോൾ പള്ളിപ്പുറത്ത് സി. ആർ. പി. ക്യാമ്പിൽ ഇവിടെ നിന്നാണ് വെള്ളം കൊടുക്കുന്നത്) കുണ്ടമൺകടവ്, അരുവിക്കര തുടങ്ങിയിട്ടുള്ള പ്രാന്തപ്രദേശങ്ങളിൽ പ്രത്യേകം പ്രത്യേകം സ്കീം ഉണ്ടാക്കി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും അതിലൂടെ തിരുവനന്തപുരം സിററിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള നടപടിയെപ്പററി ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ; അതിനെപ്പററി മന്ത്രിയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എം. ജേക്കബ്: സർ, തിരുവനന്തപുരം നഗരത്തിന്റെ പരിസരപ്രദേശത്തുള്ള സ്ഥലങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നമ്മൾ നടപ്പിലാക്കുന്നുണ്ട്. ഇപ്പോൾ ശ്രീ. വി. ജെ. തങ്കപ്പന്റെ നിയോജകമണ്ഡലത്തിൽ തന്നെ ചില സ്കീമുകൾ നടപ്പിലാക്കി. അതുപോലെ തന്നെ കഴിഞ്ഞ വർഷം കമ്മീഷൻ ചെയ്തതാണ് കുണ്ടമൺകടവ് സ്കീം. ഇതടക്കം അതിന്റെ പരിസര പ്രദേശങ്ങളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഗവൺമെൻറ് ചെയ്യുന്നുണ്ട്. അതോടൊപ്പംതന്നെ ഈ ഓഗ്മെൻറഷൻ സ്കീമും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ കീഴിൽ വരുന്ന തിരുവനന്തപുരം നഗര പ്രദേശവും ചുററുമുള്ള ആററിപ്ര, കടകമ്പള്ളി, ശ്രീകാര്യം, ഉള്ളൂർ, ചെട്ടിവിളാകം, വട്ടിയൂർക്കാവ് ഇത്രയും പഞ്ചായത്തുകളെയാണ് ഈ ഓഗ്മെൻറഷൻ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം പ്രതിദിനം 82 ദശലക്ഷം ലിററർ ശുദ്ധജലം അധികമായി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. 82 ദശലക്ഷം ലിററർ ജലം അധികമായിട്ട് വിതരണം ചെയ്യാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ ഇന്നുള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. അതിനുപുറമെ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി അർബൻ ഡവലപ്മെന്റ് പ്രോഗ്രാംകൂടി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമ്പോൾ തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഇവിടെ മൂന്നു ഘട്ടമായിട്ടാണ് ഇത് തീർക്കുന്നതെന്നു പറഞ്ഞു. പക്ഷേ, ഒന്നരക്കൊല്ലമായി അരുവിക്കര ഇതിന്റെ ഉദ്ഘാടനം നടത്തിയിട്ട്. മുഖ്യമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും സ്ഥലം എം.എൽ.എ. യുമൊക്കെ ഇട്ട കല്ല് ഇപ്പോൾ അവിടെ ഇല്ല. എന്തുചെയ്തു എന്നറിയില്ല. ആ കല്ല് അവിടെ ഇല്ലാത്തതും ഈ പദ്ധതി ഒന്നരക്കൊല്ലമായിട്ടും വൈകുന്നതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ; ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: കല്ലും പദ്ധതിയുമായിട്ട് എന്താണ് ബന്ധം? ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർക്ക് അതിനെക്കുറിച്ച് അറിയില്ലെങ്കിൽ പിന്നെ ഞാനെന്താണ് മറുപടി പറയുക? അവിടെ ഈ പദ്ധതി ഉദ്ഘാടനം നടത്തിയത് ശരിയാണ്. ഞാൻ ശ്രീ. എം. വിജയകുമാറിന്റെ ചോദ്യത്തിനു മറുപടി ആയിട്ട് പറഞ്ഞു. ആ കല്ല് അവിടത്തെ ആളുകൾ അടിച്ചുപൊട്ടിച്ചു കാണും. ആളുകൾ അടിച്ചുപൊട്ടിച്ചതിനു നമുക്ക് വല്ലതും ചെയ്യാൻ പററുമോ? അവിടെ ഈ പദ്ധതി തുടങ്ങിയതിനുശേഷം തൊഴിൽ തർക്കമുണ്ടായി. അവിടത്തെ ട്രേഡ് യൂണിയനുമായിട്ട് ഉണ്ടായ തർക്കത്തെ തുടർന്ന് കുറച്ച് സ്തംഭനാവസ്ഥ വന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി ഞാൻ അവരുമായിട്ടുപോലും വ്യക്തിപരമായി ബന്ധപ്പെട്ടു. അത് ഇവിടത്തെ എം.എൽ.എ. മാർക്ക് അറിയാവുന്നതാണ്. മന്ത്രി എന്നുള്ള നിലയിൽ എനിക്ക് അതിന്റെ ആവശ്യമുള്ളതല്ല. എന്നിരുന്നാലും ഞാൻ അവരുമായിട്ട് ബന്ധപ്പെട്ട് മററു ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ആ തർക്കം പരിഹരിച്ചു. അതിനുശേഷം വർക്ക് നല്ല രീതിയിൽ നടക്കുന്നുണ്ട്. മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കുകയാണ് ലക്ഷ്യം. നടക്കുമെന്നാണ് എന്റെ പ്രതീക്ഷ, അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. ബി. രാഘവൻ: സർ, തിരുവനന്തപുരം സിററിയിൽ ജലവിതരണ പദ്ധതികൾക്കുവേണ്ടിയുള്ള ആകെ എസ്ററിമേററ് തുക എത്രയാണ്? ആ എസ്ററിമേററ് തുകയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയുമോ എന്നും ഈ പദ്ധതികൾ ഏതു സ്റേറജിൽ ഇരിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ പദ്ധതിയുടെ അടങ്കൽ തുക ഇരുപത്താറരക്കോടി രൂപയാണ്. ആ തുകയ്ക്കുതന്നെ ഇതിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിക്കൊണ്ടിരിക്കുന്ന പണികൾ, അരുവിക്കരയിൽ ഒരു റാ വാട്ടർ പമ്പു ഹൗസ്, 84 ദശലക്ഷം ലിററർ ശുദ്ധീകരണശേഷിയുള്ള ശുദ്ധീകരണശാല, ശുദ്ധജലം നഗരത്തിൽ എത്തിക്കുന്നതിനായി 1200 മില്ലിമീററർ മുതൽ 900 മില്ലിമീററർ വരെ വ്യാസവും 9 കിലോ മീററർ ദൈർഘ്യവുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, പേരൂർക്കട വാട്ടർവർക്സ് പരിസരം, മൺവിള എന്നിവിടങ്ങളിൽ യഥാക്രമം 5, 5.6, 6.9 ദശലക്ഷം ലിററർ വീതം സംഭരണശേഷിയുള്ള ജലസംഭരണികൾ സ്ഥാപിക്കൽ ശുദ്ധജലം പേരൂർക്കടയിൽനിന്ന് മൺവിള സംഭരണിയിലെത്തിക്കുന്നതി



LIBRARY ARCHIVES Kerala Legislative Assembly

നായി 13 കി.മീ. നീളത്തിൽ 900 മില്ലിമീററർ മുതൽ 500 മില്ലിമീററർ വരെ വ്യാസമുള്ള പൈപ്പ്ലൈനും സ്ഥാപിക്കൽ എന്നിവയാണ്. കൂടാതെ നഗരത്തിൽ സ്ഥാപിതമായിട്ടുള്ള പഴയതും വ്യാസം കുറഞ്ഞതുമായ പൈപ്പ് ലൈൻ മാററി സ്ഥാപിക്കുന്നതിന് ഈ സ്കീമിൽ പരിപാടിയുണ്ട്.

ശ്രീ. ബി. രാഘവൻ: തിരുവനന്തപുരം സിററിയിൽ ജനസാന്ദ്രത വർദ്ധിച്ചുവരുകയാണ്. അതുപോലെതന്നെ കുടുംബങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുകയാണ്. ഇപ്പോഴത്തന്നെ 81 ദശലക്ഷം ലിററർ വെള്ളം കുറവുണ്ട്. ഇപ്പോഴ നിലനിൽക്കുന്ന പദ്ധതികഠക്കു പുറമേ പുതിയ പദ്ധികഠകൂടി തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ നേരത്തെ പറഞ്ഞ ഈ സ്കീമിനു പുറമെ ഇതിൻെറ പരിസര പ്രദേശങ്ങളിൽ ഇപ്പോഠ പദ്ധതികഠ ആരംഭിക്കുന്നതിനുള്ള നടപടികഠ സ്വീകരിച്ചിട്ടുണ്ട്. 1935-ലാണ് തിരുവനന്തപുരത്ത് ശുദ്ധജല വിതരണ പദ്ധതി തുടങ്ങിയത്. അതിനു ശേഷം 1962, 1972, 1988 ഈ വർഷങ്ങളിൽ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. എന്തൊക്കെ വന്നെങ്കിലും ജനസംഖ്യാ വർദ്ധനവ് പിന്നേയും വന്നിരിക്കുകയാണ്. 1991-ലെ സെൻസസനുസരിച്ച് ഇപ്പോഠ വെള്ളം കൊടുക്കുന്ന സ്ഥലത്തുതന്നെ ജനസംഖ്യ 7 ലക്ഷമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. 81 ദശലക്ഷത്തിൻെറ കുറവ് ഇപ്പോഠ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ഓഗ്മെൻേറഷൻ സ്കീം ഉണ്ട്. ഇതിനുപുറമെ സമീപപ്രദേശങ്ങളിൽ മററു സൗകര്യങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ശ്രീ. പാലോട് രവി: സർ, എൻെറ നിയമസഭാ മണ്ഡലമായ അരുവിക്കരയിലാണ് ഇരുപത്താററക്കോടി രൂപയുടെ ആഗ്മെൻേറഷൻ സ്കീം നടപ്പിലാക്കുന്നത്. അതിനുമുൻപും അരുവിക്കര വാട്ടർ സപ്ലൈ സ്കീം നിലവിലുണ്ട്. മുമ്പുണ്ടായിരുന്ന പദ്ധതിയിൽനിന്നും ഒരു തുള്ളി വെള്ളംപോലും അരുവിക്കരക്ക് കൊടുത്തിട്ടില്ല. ഇരുപത്താററക്കോടി രൂപ അടങ്കൽ വരുന്ന ആഗ്മെൻേറഷൻ പദ്ധതയിൽനിന്നും അരുവിക്കരയിലെ 4 വാർഡിന് വെള്ളം കൊടുക്കണമെന്ന് ഞങ്ങഠ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? അതുപോലെതന്നെ ഈ 4 വാർഡിൽ വെള്ളം കൊണ്ടുപോകുന്നതിന് കോവിൽകടവുവഴി ഒരു നടപ്പാത നിർമ്മിക്കുന്നത് നല്ലതായിരിക്കും. ഇവിടത്തെ നാട്ടുകാർ ഉദ്ദേശിക്കുന്ന ഏററവും വലിയ സ്കീം നിലനിൽക്കുന്ന പ്രദേശം എന്നുള്ള നിലയ്ക്ക് കോവിൽകടവിൽ ഒരു നടപ്പാത എങ്കിലും ഉണ്ടാക്കി ആളുകഠക്ക് ഈ വെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, അരുവിക്കരയാണ് ഇതിൻെറ ശുദ്ധീകരണ ശാലയും മററ് കാര്യങ്ങളുമൊക്കെ സ്ഥിതി ചെയ്യുന്നത് എന്നുള്ളതുകൊണ്ട് ഇത് അരുവിക്കരയ്ക്കുള്ള സ്കീം അല്ല; തിരുവനന്തപുരം നഗരത്തിനും അതിൻെറ പരിസര പ്രദേശങ്ങളിലേക്കുമുള്ള ഒരു സ്കീമാണ്. ഇതിൻെറ ഉദ്ഘാടനവേളയിൽ ബഹുമാനപ്പെട്ട രവിയും അവിടത്തെ പഞ്ചായത്ത് പ്രസിഡൻറും അരുവിക്കരയിലെ 4 വാർഡിനു വെള്ളം കൊടുക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. അതിന് എന്ത് ചെയ്യാൻ കഴിയുമെന്ന് പ്രത്യേകമായിട്ടു നോക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു, നടപ്പാലത്തിന്റെ എസ്റ്റിമേറ്റ് എടുത്തപ്പോൾ ഒന്നരക്കോടി രൂപ വേണം. ഇരുപത്താറരക്കോടി രൂപയുടെ സ്കീമിൽ നിന്ന് ഒന്നരക്കോടി രൂപ മുടക്കി പാലം ഉണ്ടാക്കുക എന്നു പറഞ്ഞാൽ അത് അപ്രായോഗികമാണെന്ന് മെമ്പർക്കു തന്നെ അറിയാം. എന്നാലും പൈപ്പ് മറുകരയ്ക്കു കൊണ്ടുപോകാൻ വേണ്ടി നദി ക്രോസ് ചെയ്യേണ്ട ആവശ്യമുള്ളതുകൊണ്ട് എന്ത് ചെയ്യാൻ കഴിയുമെന്ന് പ്രത്യേകമായി നോക്കാം.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു പോലെ തിരുവനന്തപുരം നഗരത്തിനു വേണ്ടി ഉദ്ദേശിച്ച് ആരംഭിക്കാൻ പോകുന്ന ഒരു പദ്ധതിയാണ്. തിരുവനന്തപുരത്താണെങ്കിൽ ജനസംഖ്യ വർദ്ധിച്ചു വർദ്ധിച്ചു വരികയാണ്. അതുകൊണ്ട് ഇത് തിരുവനന്തപുരം നഗരത്തിനു മാത്രമായി മാററുന്നതിനും മററു പ്രദേശങ്ങൾക്കു വേണ്ടി, പ്രത്യേക പദ്ധതികൾ കൊണ്ടുവരാനും ഗവൺമെൻറ് ശ്രദ്ധ ചെലുത്താമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ ഇരുപത്താറരക്കോടി രൂപയുടെ സ്കീമിൽ ഏതെല്ലാം പ്രദേശങ്ങളിലെ ശുദ്ധജല വിതരണത്തിനുള്ള വിപുലീകരണമാണ് ഉദ്ദേശിക്കുന്നതെന്ന് ഞാൻ പറയുകയുണ്ടായി. അതിനകത്ത് വരുന്ന പ്രായോഗിക പ്രശ്നം എന്നുപറയുന്നത് പലപ്പോഴും ജനപ്രതിനിധികളുടെ നിർബന്ധത്തിനു വഴങ്ങിയാണ് സമീപ പ്രദേശങ്ങളുടെ പഞ്ചായത്തുകൾക്ക് പൈപ്പ് ലൈൻ നീട്ടിക്കൊടുക്കുന്നത്. അങ്ങനെയുണ്ടായ അനുഭവമാണ് തിരുവനന്തപുരം നഗരത്തിന് ഇപ്പോൾ ഈ ശുദ്ധജല ക്ഷാമം ഉണ്ടാക്കിയിരിക്കുന്നത്. ഇത് ഒഴിവാക്കണമെങ്കിൽ ജനപ്രതിനിധികൾ ആ കാര്യം ശ്രദ്ധിക്കണം. അവരിൽ സമ്മർദ്ദം വരുമ്പോൾ മന്ത്രിയോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോടും സമ്മർദ്ദം ചെലുത്താതിരുന്നാൽ നമുക്ക് ഫലപ്രദമായി ആ കാര്യം നിർവ്വഹിക്കാൻ കഴിയും.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഈ തിരുവനന്തപുരം പട്ടണത്തിന് വേണ്ടി ഉണ്ടാക്കുന്ന ഈ പദ്ധതികൾ ഈ പട്ടണത്തിനുവേണ്ടി മാത്രമായിരിക്കണം വിനിയോഗിക്കേണ്ടത്. പട്ടണത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ, പ്രധാനമായും തിരുമല പോലുള്ള പ്രദേശങ്ങളിൽ, വെള്ളം കിട്ടാറില്ല. അവിടത്തെ എം. എൽ. എ. ബന്ധപ്പെട്ട എഞ്ചിനീയറുമായി ബന്ധപ്പെട്ടതുകൊണ്ട് ആഴ്ചയിൽ രണ്ടു ദിവസം വെള്ളം കിട്ടും. അവിടന്ന് വിളപ്പാടകലെ ഒരു പമ്പ് ഹൗസ് ഉൽഘാടനം ചെയ്തത് തിരുമലയ്ക്കുവേണ്ടി മാത്രം വെള്ളം കൊടുക്കുന്നുവെന്ന് അവകാശപ്പെടുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും എഞ്ചിനീയർമാരേയും വിളിച്ചു ചേർത്ത് ഫലപ്രദമായി ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കി എടുക്കുന്നതിനുവേണ്ടി അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, തിരുമലയിലാണ് ശ്രീ. വി. ജെ. തങ്കപ്പൻ താമസിക്കുന്നത്. അവിടെ വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു എന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ കഴിഞ്ഞ വർഷം ശ്രീ. തങ്കപ്പനേയും അവിടത്തെ എം. എൽ. എ. ഉൾപ്പെടെയുള്ള ആളുകളെയും ഉദ്യോഗസ്ഥൻമാരേയും ഒരുമിച്ചിരുത്തി കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. കുണ്ടമൺകടവ് സ്കീമിൽ നിന്നാണ് അവിടത്തേക്ക് വെള്ളം കൊടുക്കാൻ നിശ്ചയിക്കപ്പെട്ടത്. ഇപ്പോൾ അവിടെ വന്നിരിക്കുന്ന പ്രായോഗികമായ ഒരു വൈഷമ്യമെന്നു പറയുന്നത് 6 മണി

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 10 മണിവരെ പമ്പിങ്ങ് നടക്കുന്നില്ല; വോൾട്ടേജിന്റെ ക്ഷാമമാണ് അതിന് പ്രധാനമായി ചൂണ്ടിക്കാണിച്ചത്. അത് പരിഹരിക്കുന്നതിന് ഞങ്ങൾ ഒരു ഫീഡർ സംവിധാനത്തിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്റെ പ്രതീക്ഷ അധികം താമസിയാതെ തന്നെ ഈ ഫീഡർ സംവിധാനം നടപ്പിൽ വരുത്താൻ കഴിയുമെന്നാണ്. അതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് ഡെപ്പോസിറ്റ് ചെയ്യേണ്ട പണം കെട്ടിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗം ഇത് പരിഹരിക്കാം. വിദ്യുച്ഛക്തി വകുപ്പുമന്ത്രി അത് ശ്രദ്ധിച്ചിട്ടുണ്ട്, അത് വരുമ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

ശ്രീ. ബി. വിജയകുമാർ: സർ, 1976-ൽ തിരുവനന്തപുരം നഗരത്തിൽ അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ഒരു അക്യൂട്ട് ഷോർട്ടേജ് ഉണ്ടായപ്പോഴാണ് പേപ്പാറ ഡാം ഉണ്ടാക്കുകയും അരുവിക്കര നിന്ന് രണ്ടാമതൊരു ലൈൻ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത്. അതുകഴിഞ്ഞ് 1991-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് തിരുവനന്തപുരം നഗരത്തിൽ രണ്ടുമണിക്കൂർ പോലും വെള്ളം കിട്ടാത്ത ബുദ്ധിമുട്ട് മനസ്സിലാക്കി മൂന്നാമത് ഒരു ലൈൻ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. 1976-നു ശേഷം 1991 വരെ 15 വർഷം എടുത്തു ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നതിന്. അതുകൊണ്ട് അടുത്ത പത്തോ പതിനഞ്ചോ വർഷത്തിനു ശേഷമുള്ള നഗരത്തിലെ വെള്ളത്തിന്റെ ആവശ്യവും അതിന്റെ ഉപയോഗവും കണക്കിലെടുത്ത് കാലേകൂട്ടി പദ്ധതി തയ്യാറാക്കി ഇവിടെ ജലക്ഷാമം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ മുൻകൂട്ടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ പദ്ധതി ആവിഷ്കരിക്കാഞ്ഞിട്ടല്ല നമ്മുടെ തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. അത് തയ്യാറാക്കാൻ വേണ്ടി ടാറ്റാ എഞ്ചിനീയറിംഗ് കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. ആ സ്ഥാപനം 2021-ാംമാണ്ട് വരെയുള്ള ആവശ്യങ്ങൾ കണക്കിലെടുത്ത് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഏകദേശം 10 ലക്ഷം ആളുകൾക്ക് പ്രയോജനം കിട്ടുന്ന 200 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ടാണ് അവർ സമർപ്പിച്ചത്. 200 കോടി രൂപയുടെ ഒരു പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടാണ് അത് മാറ്റി പിന്നീട് ഹഡ്കോയുടെ സഹായത്തോടുകൂടി ആഗ്മെന്റേഷൻ സ്കീം, താൽക്കാലിക പരിഹാരത്തിനുവേണ്ടി സ്വീകരിച്ചത്. മറ്റൊരു ചോദ്യത്തിനു മറുപടിയായി ഞാൻ പറയുകയുണ്ടായി, കേരളാ അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിൽ തന്നെ ഇത് ഉൾപ്പെടുത്തി ഇതിന്റെ വിപുലീകരണം നടത്തണമെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് സജീവമായിട്ട് ആലോചിക്കുന്നുണ്ട് എന്ന്.

## കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

*4 [326] ശ്രീ. ഇ. പി. ജയരാജൻ:
,, എം. വിജയകുമാർ:
,, ടി. കെ. ഹംസ:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഇപ്പോൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) വ്യവസായ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(സി) അപേക്ഷ നൽകിയാൽ പരമാവധി ഒരു നിശ്ചിത സമയത്തിനകം വായ്പ ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വായ്പകൾക്ക് പലിശ കണക്കാക്കുന്ന ഇന്നത്തെ രീതിയെപ്പററിയുള്ള വ്യാപകമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചെറുകിട വ്യവസായികൾക്കും സാധാരണക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഇന്നത്തെ പലിശകൂട്ടൽ രീതി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) പുതിയതും നിലവിലുള്ളതുമായ ചെറുകിട വ്യവസായ യൂണിററുകൾക്ക് 60 ലക്ഷം രൂപവരെയുള്ള ദീർഘകാല വായ്പകൾ നൽകുകയാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. വ്യക്തിഗത സംരംഭങ്ങൾക്കും 30 ലക്ഷം രൂപവരെ വായ്പ നൽകുന്നു. എന്നാൽ കമ്പനികൾക്ക് 60 ലക്ഷം രൂപവരെയുള്ള വായ്പകൾ നൽകുന്നതാണ്. പദ്ധതി ചെലവ് 3 കോടി രൂപയിൽ കവിയാതെയുള്ള സംരംഭങ്ങൾക്ക് മാത്രമേ കോർപ്പറേഷനിൽനിന്ന് വായ്പ ലഭിക്കുകയുള്ളൂ.

ഉല്പാദന-സംസ്കരണ മേഖലകളിൽ വായ്പ നൽകുന്നതിനു പുറമേ, ഹോട്ടലുകൾ, ആശുപത്രികൾ വാണിജ്യാടിസ്ഥാനത്തിൽ ഓടിക്കുന്ന വാഹനങ്ങൾ, മൽസ്യബന്ധനബോട്ടുകൾ, കൺസൾട്ടൻസി സർവ്വീസുകൾ എന്നിവയ്ക്കും വായ്പ നൽകുന്നതാണ്. വായ്പാ വിതരണം വികേന്ദ്രീകരിച്ചിരിക്കുന്ന ഒരു സംവിധാനത്തിൽ 15 ലക്ഷം രൂപവരെയുള്ള വായ്പാ അപേക്ഷകൾ ജില്ലാ ആഫീസുകളും അതിനുമേലുള്ള വായ്പാ അപേക്ഷകൾ ഹെഡ്ഡാഫീസും കൈകാര്യം ചെയ്യുന്നു.

(ബി) ഉണ്ട്. വായ്പാ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട അനുബന്ധ കടലാസുകളുടെ ഒരു ലിസ്ററ് അപേക്ഷകനു കൊടുക്കുന്നുണ്ട്. അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ചാലുടൻ അപേക്ഷ രജിസ്ററർ ചെയ്യുകയും ഒരാഴ്ചക്കുള്ളിൽ ജില്ലാ ഓഫീസിൽ/ഹെഡ്ഡാഫീസിൽ ഒരു കൂടിക്കാഴ്ചയ്ക്കു ക്ഷണിക്കുകയും ചെയ്യുന്നു. ഇതിനുശേഷം കോർപ്പറേഷന്റെ ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് കൊടുത്തശേഷം വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(സി) വായ്പാ വിതരണം പരമാവധി വേഗം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പലിശ കണക്കാക്കുന്ന ഇന്നത്തെ രീതിയെപ്പററിയുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വികസന ബാങ്ക്, ചെറുകിട വ്യവസായ വികസന ബാങ്ക് തുടങ്ങിയവയിൽനിന്നും ലഭിക്കുന്ന വായ്പയുടെ പലിശനിരക്കിനെ അടിസ്ഥാനമാക്കിയാണ് കെ. എഫ്. സി. വായ്പകളുടെ പലിശനിരക്ക് നിശ്ചയിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഒരു അപേക്ഷ കിട്ടിയാൽ ഒരാഴ്ചയ്ക്കകം ആ അപേക്ഷ രജിസ്ററർ ചെയ്ത് അതിന്റെ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിലേക്കയച്ച് അപേക്ഷകരെ കണ്ട് അവരുമായി സംസാരിച്ച് വളരെ വേഗതയിൽ വായ്പ നൽകുന്നതിനുവേണ്ടി നടപടി എടുക്കുമെന്ന്. എന്നാൽ അനുഭവം അതല്ല. കെ. എഫ്. സി. യിൽ ഒരപേക്ഷ കൊടുത്താൽ വേണ്ടാത്ത നൂലാമാലകളുടെ കുടുക്കിൽപ്പെട്ട് കഴിയുന്നത്ര വായ്പ കൊടുക്കാതിരിക്കുക എന്ന സമീപനത്തോടുകൂടിയുള്ള ഒരു നിലപാടാണ് സ്വീകരിക്കുന്നത്. താങ്കൾ ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊന്നുമല്ല ആ ഓഫീസിൽ നടക്കുന്നത്. മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞാൽപോലും വായ്പ ലഭിക്കാതെയുള്ള അവസ്ഥയാണ് കെ. എഫ്. സി.യിലുള്ളത്. അങ്ങ് ഇതുസംബന്ധിച്ച് ഇവിടെ നടത്തിയ പ്രസ്താവനകളൊന്നും വസ്തുതകൾക്ക് നിരക്കാത്തതാണ്. അതുകൊണ്ട് എനിക്ക് അപേക്ഷിക്കാനുള്ളത് കെ. എഫ്. സി. യുടെ വായ്പ ലഭിക്കുന്നതിനുവേണ്ടിയിട്ടുള്ള ഇന്നത്തെ ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കണം. വളരെ പെട്ടെന്നുതന്നെ വായ്പ ലഭിക്കുന്നതിനായിട്ടുള്ള സംവിധാനം ഉണ്ടാക്കണം. കെ. എഫ്. സി. യുടെ വായ്പ ലഭിക്കണമെങ്കിൽ അതിന് ഇലക്ട്രിസിറ്റിയുടെ കണക്ഷൻ വേണം. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടണമെങ്കിൽ അങ്ങയുടെ വകുപ്പിന്റെ പ്രത്യേക അനുമതി വേണം. അതാണെങ്കിൽ ആകെ അബദ്ധത്തിലുമാണ്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ പേരിൽ വായ്പ ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ഫലപ്രദമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണം.

**ശ്രീ. സി. വി. പത്മരാജൻ:** സർ, കെ. എഫ്. സി. യിൽനിന്ന് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസത്തെപ്പററിയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തന്നെ കെ. എഫ്. സി. യുമായി ആലോചിച്ച് ഈ പരാതികൾ പരമാവധി ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കാലതാമസത്തെപ്പററി പറയുകയാണെങ്കിൽ ഇപ്പോഴത്തെ ഇതിന്റെ നടപടിക്രമങ്ങൾ ലളിതവൽക്കരിച്ചതിന്റെ ഫലമായിട്ടും ഇപ്പോൾ ഒരു അപേക്ഷ കിട്ടിയാൽ ആ ലോൺ സാങ്ഷൻ ചെയ്യുന്നതിന് 30 ദിവസങ്ങൾക്കും 45 ദിവസങ്ങൾക്കും മദ്ധ്യേ സാങ്ഷൻ ചെയ്യാനുള്ള സംവിധാനം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ സാങ്ഷൻ ചെയ്ത ലോൺ disburse ചെയ്യുന്നതിനും കാലതാമസമില്ലാതെ ചെയ്യുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി തന്നെ പോയി ഈ പഴയ വായ്പാ അപേക്ഷകരും കുടിശ്ശികക്കാരുമായിട്ട് സംസാരിച്ച് ഒരു One time settlement ഉണ്ടാക്കാനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. അതുപോലെതന്നെ ഒരു വ്യവസായം തുടങ്ങുന്നു എന്നുപറയുന്നു. വ്യവസായം തുടങ്ങുന്നതിന് വായ്പ കൊടുക്കണം എന്നുണ്ടെങ്കിൽ അതിന് ഇലക്ട്രിസിറ്റി കിട്ടും എന്ന് ഉറപ്പു വരുത്തിയേ പററൂ. അതിന് ഇലക്ട്രിസിറ്റി ബോർഡിന്റെ സർട്ടിഫിക്കററില്ലാതെ സാധിക്കില്ലല്ലോ. പക്ഷേ ഇതെല്ലാം അപേക്ഷ ഹാജരാക്കുമ്പോൾ അതോടനുബന്ധിച്ച് ഹാജരാക്കേണ്ട ഡോക്കുമെന്റ്സിന്റെ ലിസ്ററ് ഇന്നതൊക്കെയാണ് എന്ന് ആദ്യമേതന്നെ അപേക്ഷകന് കൊടുക്കുകയാണ്. ചുരുക്കം പറഞ്ഞാൽ ഈ കാലതാമസം പരമാവധി ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇനിയും നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് പരിഗണിക്കാവുന്നതാണ്.

**ശ്രീ. ഇ. പി. ജയരാജൻ:** വ്യക്തികൾക്കല്ല സഹകരണ സ്ഥാപനങ്ങൾക്കാകുമ്പോൾ കുറച്ചുകൂടി ചെയ്യാം. ഇപ്പോൾ കെ. എഫ്. സി. യുടെ വായ്പയ്ക്കുള്ള പലിശനിരക്ക് കണക്കാക്കുന്നത് യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആവാണ്. ഇത്രമാത്രം പിഴിഞ്ഞെടുക്കുന്ന ഒരു നിലപാട് മൊത്തം പലിശ കണക്കാക്കി അത് flat rate കണക്കാക്കി അനുവദിച്ച വായ്പാ സംഖ്യ മുഴുവൻ പിൻവലിക്കുന്നതിനു മുമ്പുതന്നെ പലിശ കൊടുക്കേണ്ടി വരിക ആ പലിശതന്നെ വലിയതോതിലുള്ള റേററിൽ നിശ്ചയിക്കുക, വാങ്ങാത്ത കാശിനുകൂടി പലിശ കണക്കാക്കി വാങ്ങുക തുടങ്ങിയ സമ്പ്രദായം അവസാനിപ്പിച്ച് നമ്മുടെ സംസ്ഥാനത്ത് കുറേക്കൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ഇന്നത്തെ കടുത്ത പലിശനിരക്കും കടുത്ത നടപടികളും ലളിതവൽകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ? അങ്ങ് പറഞ്ഞ മുഖാമുഖം പരിപാടി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത പരിപാടി, ആ പരിപാടി നമ്മുടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടന്നിട്ടില്ല. തിരുവനന്തപുരത്ത് നടന്നപ്പോൾ തന്നെ അതിന്റെ ജീവനക്കാർ ബഹിഷ്കരിച്ചു. പിന്നെ ആ പരിപാടി നടന്നിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. സി. വി. പത്മരാജൻ: ബഹുമാനപ്പെട്ട മെമ്പർ ആദ്യം ചോദിച്ചത് പലിശയെപ്പററിയാണ്. ഈ സ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് കേരള സ്റേററ് ഉൾപ്പെടെ പ്രവർത്തിക്കുന്നത് സ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ട് 1951, കേന്ദ്ര ആക്ടിലെ വ്യവസ്ഥ അനുസരിച്ചാണ്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൊടുക്കുന്ന ലോൺ മുഴുവൻ ഐ. ഡി. ബി. ഐ. re-finance ചെയ്യുന്നുണ്ട്. ഇതിന്റെ പലിശ നിരക്ക് നിശ്ചയിക്കുന്നത് കേരളാ സ്റേററോ സ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷനോ അല്ല. കേന്ദ്രഗവൺമെൻറിന്റെ ഐ. ഡി. ബി. ഐ. ആണ്. ഇതിന് ഐ. ഡി. ബി. ഐ. മാത്രമല്ല ലെൻഡിംഗിന്റെ pattern തന്നെയുണ്ട്. കൊടുക്കുന്ന വായ്പ 55%, ഐ. ഡി. ബി. ഐ. 5% മാത്രം ഷെയർ, 25% ബാങ്ക് വഴി, സ്റേററ് ഗവൺമെൻറ് 5%, ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഓറൺഡ് ഫണ്ട്സ് 10% എന്നിവയാണ്. 1991 ആഗസ്ററിൽ $12\frac{1}{2}\%$, $13\frac{1}{2}\%$ ആയിരുന്നത് ആ ആഗസ്ററ് മാസത്തിൽ തന്നെ 19.75% ആക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ 18.5% ആക്കി കുറച്ചിട്ടുണ്ട്. ഇതൊക്കെ ചെയ്യുന്നത് സംസ്ഥാന ഗവൺമെൻറും ഫിനാൻഷ്യൽ കോർപ്പറേഷനും അല്ല. കേന്ദ്രഗവൺമെൻറും ഐ. ഡി. ബി. ഐ. യും ആണ്. രണ്ടാമത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നമ്മുടെ ധനകാര്യ വകുപ്പ് മന്ത്രിയുടെ മുഖാമുഖം പരിപാടി തിരുവനന്തപുരത്ത് മാത്രമേ നടത്തിയിട്ടുള്ളു എന്നാണ്. എവിടെയൊക്കെ നടന്നിട്ടുണ്ട് എന്നതിന് എന്റെ കയ്യിൽ വ്യക്തമായ രേഖകളില്ലെങ്കിലും കൊല്ലത്ത് ഈ പരിപാടി വിജയപൂർവ്വം നടന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വിജയകുമാർ: ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് പ്രയോജനമാകാത്തതിന് പ്രധാനപ്പെട്ട കാരണം അതിൽ വരുന്ന കാലതാമസമാണ് എന്നത് ഇവിടെ ഉന്നയിക്കപ്പെട്ടതാണ്. കാലതാമസം ഉണ്ടാകുന്നതിന്റെ ഫലമായിട്ടാണ് അഴിമതി നടക്കുന്നത്. കാലതാമസം ഒഴിവാക്കുന്നതിൽ ഇന്നുള്ള നിബന്ധനകൾ മാററിയേ പററൂ. അതിന് ഒരു പുതിയ ഗൈഡ്ലൈൻ അംഗീകരിച്ചാൽ മാത്രമേ ഈ കാലതാമസം ഒഴിവാക്കാൻ സാധിക്കൂ. അതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. സി. വി. പത്മരാജൻ: ചോദ്യം (ബി) പിരിവിൽ തന്നെ വ്യവസായ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ള ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ഉത്തരം പറഞ്ഞിട്ടുണ്ട്. ഇതിന്റെ കാലതാമസം ഒഴിവാക്കാനുള്ള ഏകമാർഗ്ഗം അതിന്റെ നടപടികൾ simplify ചെയ്യുക എന്നുള്ളതാണ്. അത് പരമാവധി ലളിതവൽകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിജയകുമാർ: സർ, ഞാൻ ചോദിച്ചത് ഇപ്പോഴുള്ള സ്ഥിതിയല്ല. അത് simplify ചെയ്തിട്ടുണ്ടാകും. എന്നാലും കാലതാമസം ഉണ്ടാകുന്നു. അതിന് ഒരു പുതിയ ഗൈഡ്ലൈൻ തയ്യാറാക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. സി. വി. പത്മരാജൻ: ഇപ്പോൾ ഒഴിവാക്കാവുന്ന കാലതാമസം ഇനിയും ഉണ്ടാകുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ അത് ഒഴിവാക്കാൻ കഴിയുമെങ്കിൽ ആവശ്യമായ ഗൈഡ്ലൈൻസിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. വിജയകുമാർ: ഫിനാൻഷ്യൽ കോർപ്പറേഷനെ അതിന്റെ ഉപഭോക്താക്കൾ കാണുന്നത് ഒരു ബ്ലയിഡ് കമ്പനി പോലെയാണ്. അതിൽ ചെന്ന് തല വയ്ക്കുന്നത് ഒരു ഊരാക്കുടുക്കിൽ തല വയ്ക്കുന്നതുപോലെയാണ്. അവന്റെ കുത്തുപാളയെടുക്കുകയാണ് അനുഭവം. അതാണ് ഇവിടെ പറഞ്ഞ പലിശനിരക്കിന്റെ കാര്യം. ചോദ്യം 'ബി' ക്ക് വാസ്തവത്തിൽ മന്ത്രി മറുപടി പറഞ്ഞിട്ടില്ല. ഇവിടെ പലിശ തീരുമാനിക്കുന്നത് കേന്ദ്രഗവൺമെന്റും ഐ. ഡി. ബി. ഐ. യും ആണ്. പക്ഷേ പലിശനിരക്കിൽ ഒരു പരിഷ്കാരം വരുത്തി അത് പരിഷ്കരിക്കാൻ സർക്കാരിന് കഴിയുമല്ലോ. അങ്ങനെ പരിഷ്കരിച്ചുകൊണ്ട് ആളുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

ശ്രീ. സി. വി. പത്മരാജൻ: പലിശനിരക്ക് നിശ്ചയിക്കുന്നത് ഐ. ഡി. ബി. ഐ. ആണെന്ന് ഞാൻ പറഞ്ഞു. ആ പലിശനിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എനിക്കു മനസ്സിലായില്ല. അവർ നിശ്ചയിക്കുന്ന നിരക്ക് പരിഷ്കരിക്കാൻ സംസ്ഥാനഗവൺമെന്റിനോ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനോ അധികാരമില്ല. പക്ഷേ അദ്ദേഹം ഉദ്ദേശിക്കുന്നത് ഈ പലിശ ഈടാക്കുന്ന നടപടിക്രമങ്ങളിൽ ഇന്നുള്ളത് ഒരു കർശനമായ നിലപാടാണെങ്കിൽ അതിന് ഇപ്പോൾ കുറേയേറെ മാർദ്ദവം ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

## (ii) അടിയന്തിര ചോദ്യങ്ങൾ

### വ്യാജസെയിൽസ് സർട്ടിഫിക്കറ്റ്

*5 [1] ശ്രീ. കെ. ബാബു: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനിയിൽ നിന്നും പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ മാത്രം നൽകപ്പെടുന്ന "സെയിൽസ് സർട്ടിഫിക്കറ്റി"ന്റെ വ്യാജകോപ്പികൾ മാർക്കറ്റിൽ സുലഭമായി ലഭിക്കുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ പഴയ വണ്ടികൾ പുതിയവയായി സർട്ടിഫിക്കറ്റുണ്ടാക്കുകയും തബാർ വ്യാജ രജിസ്ട്രേഷൻ നടത്തുന്നു എന്നതും കുററകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന വണ്ടികളുടെ തെളിവുകൾ നശിക്കുന്നു എന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരേ വണ്ടിതന്നെ പല സ്ഥലങ്ങളിൽ വ്യാജ രജിസ്ട്രേഷൻ നടത്തുന്നതുമൂലം പണം വായ്പ നൽകുന്ന സ്ഥാപനങ്ങളെ കബളിപ്പിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനായി ഇടനിലക്കാർ ഭീമമായ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് നിയന്ത്രിക്കുന്നതിനായി വണ്ടികൾ വിൽപ്പന നടത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും മററ് ശക്തമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ഒരേ വണ്ടിതന്നെ പല സ്ഥലങ്ങളിൽ വ്യജ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതായ മൂന്നു കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിൻമേൽ വിശദമായ അന്വേഷണം ഡിപ്പാർട്ടുമെൻറുതലത്തിൽ നടത്തിവരികയാണ്.

(ഡി) ഇല്ല.

(ഇ) ഇത്തരം കേസുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വാഹന രജിസ്ട്രേഷൻ സംവിധാനങ്ങൾക്ക് കാര്യമായ മാററം വരുത്തേണ്ടതുണ്ട്. അത്തരം ചില നിർദ്ദേശങ്ങൾ സർക്കാരിൻെറ പരിഗണനയിലാണ്.

ശ്രീ. കെ. ബാബു: വ്യാജ രജിസ്ട്രേഷൻ തടയുന്നതിനുവേണ്ടി പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ് എന്നു പറഞ്ഞു. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറാ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറാ എന്തെല്ലാം നടപടികൾ സ്വീകരിച്ചു? അതുപോലെതന്നെ തട്ടിപ്പ് ഇന്ന് സംസ്ഥാനവ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. പല പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയിലും വാർത്ത വന്നുകാണും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് ഫലപ്രദമായി തടയാൻ എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വണ്ടികൾക്ക് രജിസ്ട്രേഷൻ നൽകുന്നത് ഇന്ത്യയിലെ മോട്ടോർ വെഹിക്കിൾസ് നിയമമനുസരിച്ചാണ്. ആ നിയമത്തിൻെറ വ്യവസ്ഥയനുസരിച്ച് പുതിയ വാഹനങ്ങൾ മാനുഫാക്ചറേഴ്സിൽ നിന്നോ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നോ ബില്ലുകളുടെ അടിസ്ഥാനത്തിൽ ആ ഉടമസ്ഥൻെറ പേരിൽ രജിസ്ററർ ചെയ്യണമെന്നാണ്. മറിച്ച് വിൽക്കുന്ന വാഹനങ്ങളാണെങ്കിൽ ഉടമസ്ഥൻ ഒപ്പിട്ടുകൊടുക്കുന്ന ഒരു ഫോറം ഉണ്ട്. ആ ഫോറത്തിൽ ഈ രജിസ്ട്രേഷൻ മാററാനുള്ള അഭ്യർത്ഥനയും ഇതിൻെറ വിലച്ചീട്ടും കൂട്ടിച്ചേർത്തു കൊടുക്കണം എന്നാണ് നിയമം. രണ്ടു നിയമവും പൂർണ്ണമായും കുററമററതല്ല. കാരണം തെററായ ഒരു രേഖ ഹാജരാക്കിയാൽ പരിശോധിക്കാനുള്ള സംവിധാനം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിലോ പോലീസിലോ ഇപ്പോൾ ഇല്ല. തെററു കണ്ടുപിടിച്ചാൽ കുററക്കാരെ ശിക്ഷിക്കാൻ മാത്രമേ അവകാശമുള്ളു. അതുകൊണ്ട് എങ്ങനെ ഇത് പരിഹരിക്കാൻ കഴിയും എന്ന് പരിശോധിക്കുകയാണ്. പുതിയ വാഹനങ്ങളെ സംബന്ധിച്ചിടത്തോളം ലഭിക്കുന്ന ബില്ലുകൾ വീണ്ടും ഇതേ ഡിസ്ട്രിബ്യൂട്ടേഴ്സിന് റെഫർ ചെയ്ത് പരിശോധന നടന്നിയതിനുശേഷം രജിസ്ററർ ചെയ്യാമോ എന്ന് ആലോചിച്ചു. പക്ഷേ ഇതുമൂലം രജിസ്ട്രേഷന് വളരെയധികം താമസം ഉണ്ടാകും

എന്നുള്ളതുകൊണ്ട് ഒരു എതിർപ്പ് സ്വാഭാവികമായി ഉണ്ടായി. അതുകൊണ്ട് എങ്ങനെ ഇത് പരിഹരിക്കാൻ കഴിയും എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

റെയിൽവേ ബഡ്ജററിൽ യാത്രാകൂലിയും ചരക്കുകൂലിയും വർദ്ധിപ്പിച്ച നടപടി

*6 [2] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-2-1994-ൽ പാർലമെൻറിൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജററിൽ യാത്രാകൂലിയും ചരക്കുകടത്തുകൂലിയും വർദ്ധിപ്പിച്ച നടപടി വൻതോതിലുള്ള വിലക്കയററത്തിന് ഇടയാക്കുമെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷണസാധനങ്ങളും ഉപഭോഗസാധനങ്ങളും മററ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരേണ്ടതുകൊണ്ടും രാജ്യത്തിൻെറ തെക്കേ അററത്ത് സ്ഥിതിചെയ്യുന്നതുമായ നമ്മുടെ സംസ്ഥാനത്തെ, ഇപ്പോഴത്തെ യാത്ര കൂലിയും ചരക്കുകൂലിയും വർദ്ധന ഏററവും കൂടുതൽ ദോഷകരമായി ബാധിക്കും എന്നതിനാൽ റെയിൽവേ ബഡ്ജററിലെ പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇന്ത്യയുടെ തെക്കേയററത്തു കിടക്കുന്ന സംസ്ഥാനമായതുകൊണ്ട് ഒരളവുവരെ വിലവർദ്ധനവുണ്ടാകാൻ സാദ്ധ്യതയുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റെയിൽവേയ്ക്ക് ഏററവും കൂടുതൽ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന സംസ്ഥാനം കേരളമാണ്. യാത്ര കൂലി വർദ്ധനവിൻെറ ഫലമായി കൂടുതൽ വരുമാനം ഉണ്ട്. അതുകൊണ്ട് അതിനനുസരിച്ചുള്ള വികസന പ്രവർത്തനം ചോദിച്ചു വാങ്ങിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വികസനപ്രവർത്തനവും ഇതുമായിട്ട് ബന്ധമൊന്നുമില്ല. ഒരു ചെറിയ അളവിൽ അല്ലാതെ ഇപ്പോഴത്തെ റയിൽവേ ബഡ്ജററിൽ ഇക്കൊല്ലം കാര്യമായ വർദ്ധനവൊന്നുമില്ല. ഉള്ളത് പ്രത്യേകിച്ചും റേഷൻ സാധനങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും പച്ചക്കറികൾക്കുമാണ്. ഇതിനൊന്നും വളരെയധികം freight വർദ്ധിക്കുന്നില്ല. നേരിയ ഒരു വർദ്ധനവ് ചില വസ്തുക്കളെ സംബന്ധിച്ച് ഉണ്ടാകും. അത് സാധാരണഗതിയിൽ ഇന്നുള്ള വിലയിൽ ഒരു വലിയ വർദ്ധനവ് ഉണ്ടാക്കും എന്ന് ഗവൺമെൻറ് കരുതുന്നില്ല. പ്രതീക്ഷിച്ച രീതിയിലുള്ള യാതൊരു വർദ്ധനവും റയിൽവേയെ സംബന്ധിച്ചിടത്തോളം ഉണ്ടായതായി ഗവൺമെൻറ് കരുതുന്നില്ല. ഏതായാലും ഒരു ഉപഭോക്തൃ സംസ്ഥാനം എന്നുള്ള നിലയിൽ ഈ സംസ്ഥാനത്ത് ചെറിയ ചില മാററങ്ങൾ ഉണ്ടാകും. അത് എന്താണെന്ന് പഠിച്ചതിനുശേഷം ആലോചിക്കാം.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: റെയിൽവേ ലൈൻ വർദ്ധിപ്പിക്കാൻ വേണ്ടി പുതിയ മെമ്മോറാണ്ടം കൊടുത്തു എന്നു പറഞ്ഞു. അത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇത് റെയിൽവേയുടെ വികസനവുമായി ബന്ധപ്പെട്ടതല്ല. റെയിൽവേ ബഡ്ജററിൽ യാത്രാക്കൂലിയും ചരക്കുകൂലിയും വർദ്ധിപ്പിച്ചാൽ സാധനങ്ങളുടെ വില കൂടുമോ എന്നാണ് ചോദിച്ചത്. ഏതായാലും അദ്ദേഹത്തിന്റെ കൗശലം നല്ലതാണ്. അത് ആവശ്യമുള്ള ഒന്നാണ്. മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്.

## ചേർത്തലയിൽ പ്രവർത്തിച്ചു പോരുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണന്റ് ഫാക്ടറി

*7 [3] ശ്രീ. സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ, ചേന്നം പള്ളിപ്പുറത്ത് പ്രവർത്തിച്ചു വരുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണന്റ് ഫാക്ടറിയുടെ വികസനത്തിനു വേണ്ടി എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ നിർദ്ദേശമനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നു;

(ഡി) അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഇ) ഈ വികസന പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) ഈ വികസനംമൂലം ഫാക്ടറിയുടെ ഉൽപ്പാദനത്തിലും തൊഴിൽ സാദ്ധ്യതയിലും എത്രത്തോളം വർദ്ധനവ് പ്രതീക്ഷിക്കുന്നു?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) പ്രതിവർഷം 150 ലക്ഷം ഫ്ളൈ ആഷ് ബ്രിക്സ് ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള ഒരു പുതിയ പ്ലാന്റ് കൂടി 200 ലക്ഷം രൂപ (ഇരുനൂറ് ലക്ഷം രൂപ) ചെലവിൽ നിലവിലുള്ള പ്ലാന്റിന് പുറമെ സ്ഥാപിക്കാൻ കമ്പനി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി, ഡി, ഇ) കമ്പനി നൽകിയ പ്രോജക്ട് റിപ്പോർട്ട് 19-2-1994-ന് ആണ് സർക്കാരിന് ലഭിച്ചത്. ആയത് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പരിശോധനയ്ക്കു ശേഷം ഈ കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(എഫ്) ഇതുമൂലം ഫാക്ടറിയുടെ ഉല്പാദനം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിക്കാനും നിലവിലുള്ള തൊഴിലാളികളെ കൂടാതെ ഏകദേശം 55 പേർക്ക് നേരിട്ടും 100 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനും സാധിക്കുമെന്നാണ് പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിൽ വിഭാവന ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## (iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### സംസ്ഥാനത്ത് നാടൻ കലാരൂപങ്ങളുടെ പ്രചാരത്തിന് നടപടി

*8 [327] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാരൂപങ്ങളുടെ പ്രചാരത്തിനും കലാകാരൻമാരെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി ഈ ഗവൺമെൻറ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇനി എന്തൊക്കെ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ, ബി) ആർക്കിയോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോക് ലോർ ആൻറ് ഫോക് ആർട്സിന്റെ മേൽനോട്ടത്തിൽ നാടൻകലാമേളകൾ, നാടൻ കലാ ഘോഷയാത്രകൾ, ഫോക്ക് ആർജ്ജ് എക്സിബിഷൻ എന്നിവ നടത്തി വരുന്നു. നാടൻ കലാകാരൻമാരെക്കൊണ്ട് പരിപാടികൾ നടത്തിച്ച് ഓരോ നാടൻ കലയെക്കുറിച്ചും പ്രാമാണീകരണം നടത്തി വരുന്നു. സംസ്ഥാനത്തെ നാടൻ കലകളെക്കുറിച്ചും ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ചുമുള്ള ഡേററ തയ്യാറാക്കുന്നതിനുള്ള വില്ലേജ് ഫോക്ക് ലോർ സർവേയും നടത്തി വരുന്നു. കണ്ണൂരിൽ ഒരു ഫോക്ക് ലോർ അക്കാദമി സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

### ഇറിഗേഷൻ പ്രോജക്ടുകളിലെ മെക്കാനിക്കൽ വർക്ക്ഷോപ്പുകൾ

*9 [328] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായി കമ്മീഷൻ ചെയ്തതോ ഭാഗികമായി കമ്മീഷൻ ചെയ്തതോ ആയ ഇറിഗേഷൻ പ്രോജക്ടുകളിലെ മെക്കാനിക്കൽ വർക്ക് ഷോപ്പുകൾ ഓരോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മാററിയാൽ നിരവധിപേർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ചെയ്യുന്നപക്ഷം ഭൂമി, കെട്ടിടം, മെഷീനറി എന്നീ ഇനങ്ങളിൽ സർക്കാർ ചെലവഴിക്കേണ്ടിവരുന്ന ഭീമമായ സംഖ്യയും സമയവും ലാഭിക്കാമെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മേൽപ്പറഞ്ഞ വർക്ക്ഷോപ്പുകൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മാററുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ—സി) പൂർണ്ണമായി കമ്മീഷൻ ചെയ്ത പ്രോജക്ടുകളിലെ യന്ത്രസാമഗ്രികളും മററും ഉപയോഗിച്ചാണ് നിർമ്മാണത്തിലിരിക്കുന്നതോ, ഭാഗികമായി കമ്മിഷൻ ചെയ്തതോ ആയ പ്രോജക്ടുകളിൽ വർക്ക് ഷോപ്പ് ഉണ്ടാക്കിയിരിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മാററാനുള്ള യാതൊരു സൗകര്യവും പ്രോജക്ട് വർക്ക്ഷോപ്പുകളിൽ ഇല്ല. പ്രോജക്ടുകളിലെ യന്ത്രസാമഗ്രികൾ നന്നാക്കാനുള്ള സൗകര്യങ്ങൾ മാത്രമേ പ്രോജക്ട് വർക്ക്ഷോപ്പുകളിൽ ഉള്ളൂ. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടമോ യന്ത്രസാമഗ്രികളോ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള ഓപ്ഷൻ

*10 [329] ശ്രീമതി അൽഫോൺസാ ജോൺ:

ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച കേന്ദ്രപാരിററി അനുസരിച്ച് ഓപ്ഷൻ നൽകിയതിൽ വന്നുപോയ പിഴവ് പരിഹരിക്കുന്നതിനായി ജീവനക്കാർ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നോട്ടപ്പിശകുമൂലം ഓപ്ഷൻ നൽകിയതിൽ സംഭവിച്ചുപോയ പിഴവ് സാമ്പത്തിക നഷ്ടം വരാതെ പരിഹരിക്കുന്നതിന് അവർക്ക് വീണ്ടും ഓപ്ഷൻ നൽകാൻ ഒരവസരംകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ പ്രസിദ്ധീകരിച്ച പേ ഇക്വലൈസേഷൻ കമ്മിററിയുടെ റിപ്പോർട്ടിൽ 1-3-1992-നു ശേഷമുള്ള പ്രൊമോഷൻ പോസ്ററുകളിൽ ആദ്യത്തെ പ്രൊമോഷൻ പോസ്ററിൽ മാത്രമേ ഓപ്ഷൻ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വ്യവസ്ഥ മാററി 1-3-1992-നുശേഷമുള്ള പ്രൊമോഷൻ പോസ്ററുകളിൽ ജീവനക്കാരൻെറ താൽപ്പര്യമനുസരിച്ച് ഓപ്ഷൻ നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ–സി) ഇത്തരം കേസുകളിൽ ഒരു റീ–ഓപ്ഷനുള്ള അവസരമാണ് ജീവനക്കാർക്ക് വേണ്ടിവരുന്നത്. ഓപ്ഷനുള്ള അവസാന തീയതി 25-3-1994 ആണ്. അത് കഴിയുന്ന മുറയ്ക്ക് ഓപ്ഷനോ റീ ഓപ്ഷനോ അവസരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി, ഇ) വിശദമായ പരിശോധനകൾക്കുശേഷമാണ് 1-3-1992-നു ശേഷമുള്ള ആദ്യത്തെ പ്രൊമോഷൻ പോസ്ററ് തന്നെ ഓപ്ററ് ചെയ്യണം എന്ന വ്യവസ്ഥ വച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന ആവശ്യമുണ്ടെന്നും കരുതുന്നില്ല.

## മലയോര മേഖലയിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ നടപടി

*11 [330] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ ഹിൽ ഹൈവേ രൂപീകരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മലയോര പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകൾ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ):

(എ—സി) ഹിൽ ഹൈവേ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. എന്നാൽ മലയോര പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിനായി ഒരു പദ്ധതി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടി എന്ന നിലയിൽ വയനാട്, ഇടുക്കി ജില്ലകളിലെ റോഡുകളുടെ വികസനത്തെപ്പററി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ "നാററ്പാക്ക്" എന്ന സ്ഥാപനത്തെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

"ലളിതകലാ ഉന്നത പഠനകേന്ദ്രം"

*12 [331] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലളിതകലാ ഉന്നത പഠനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഠനകേന്ദ്രം എവിടെയൊക്കെയാണ് ആരംഭിക്കുന്നത്;

(ഡി) ഇതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത ആവശ്യത്തിനായി കേന്ദ്ര ഗവണ്മെന്റിനോട് സഹായം ചോദിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ സഹായം ലഭിച്ചു കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

പ്രകൃതിക്ഷോഭം മൂലം തകർന്നുപോയ പാലങ്ങളും റോഡുകളും

*13 [332] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയ പാലങ്ങൾ ഇനിയും പുനർ നിർമ്മാണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടി എടുക്കുമോ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും റവന്യൂ ഡിപ്പാർട്ടുമെന്റ് എത്ര രൂപ ഈ ആവശ്യത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറി;

(സി) 1992 ഒക്ടോബർ, നവംബർ മാസങ്ങളിൽ ഉണ്ടായ പേമാരിയും ഉരുൾപൊട്ടലും മൂലം തകർന്നുപോയ റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നന്നാക്കാൻ എന്തു തുക ചെലവാക്കി; ഈയിനത്തിൽ ഇനി എന്തു തുക കരാറുകാർക്ക് കൊടുക്കുവാനുണ്ട്;

(ഡി) ഇത് എന്ന് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ):

LIBRARY ARCHIVES Kerala Legislative Assembly

(എ) ചില പാലങ്ങൾ ഇനിയും പുതുക്കിപ്പണിയാനുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1992–93–ൽ 6 കോടി രൂപയും, 1993–94–ൽ 4 കോടി രൂപയും.

(സി, ഡി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും ഈ ഇനത്തിൽ 13.20 കോടി രൂപയും കെട്ടിടങ്ങളും തദ്ദേശപണികളും വിഭാഗത്തിൽ 2,61,80,928 രൂപയും ദേശീയപാത വിഭാഗത്തിൽ നിന്നും 155.25 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ 14.43 കോടിയും ദേശീയപാത വിഭാഗത്തിൽ 85.25 ലക്ഷം രൂപയും, കെട്ടിടങ്ങളും തദ്ദേശപണികളും വിഭാഗത്തിൽ 66,56,670 രൂപയും കരാറുകാർക്ക് കൊടുത്തുതീർക്കാനുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക തീർക്കാൻ ശ്രമിച്ചുവരുന്നു.

## (iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

### സാമൂഹ്യ ജലസേചന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

I [4353] ശ്രീമതി എൻ. കെ. രാധ:
ശ്രീ. കെ. പി. മമ്മു മാസ്റ്റർ:
,, ഇ. ശങ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ജലസേചന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; മററു ജില്ലകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നടപ്പുവർഷത്തെ ബഡ്ജററിൽ ഈ ആവശ്യത്തിന് എന്തു തുക വകയിരുത്തിയിരുന്നു; എന്തു ചെലവാക്കി?

ഉത്തരം

(എ) ഭൂഗർഭ ജലം വിദഗ്ദ്ധമായി ഉപയോഗിച്ച് പൊതുവിൽ ചെറുകിട നാമമാത്ര കർഷകരുടേയും പ്രത്യേകിച്ച് സ്ത്രീ കർഷകരുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. ആരംഭത്തിൽ 210 കുഴൽക്കിണറുകൾ കുഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമല്ല.

(സി) തുടക്കത്തിൽ പദ്ധതി തൃശ്ശൂർ ജില്ലയിലാണ് നടപ്പിലാക്കുന്നത്. തടർന്ന് മററു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നടപ്പുവർഷത്തെ ബഡ്ജററിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ തുകയൊന്നും ചെലവാക്കാൻ സാധിച്ചിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

ജലമ്യൂസിയം

2 [4354] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജലമ്യൂസിയം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ജലമ്യൂസിയം എവിടെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ജലസേചന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി വകകൊള്ളിച്ചിട്ടുള്ള തുക

3 [4355] ശ്രീ. പിണറായി വിജയൻ:

,, വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ നൂറു ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1992-93, 1993-94 എന്നീ വർഷങ്ങളിലെ ബഡ്ജററുകളിൽ എന്തു തുകയാണ് നീക്കി വച്ചിരുന്നത്;

(ബി) ഇതിൽ എന്തു തുക വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 75% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി എന്തു തുകയാണ് കഴിഞ്ഞ ബഡ്ജററിൽ നീക്കി വച്ചിരുന്നത്; ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ഡി) ജലദുർവ്യയം ഒഴിവാക്കുന്നതിനായി 1993-94-ലെ ബഡ്ജററിൽ എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(ഇ) ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ 100% കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും തന്നെയില്ല.

(ബി) ബാധകമല്ല.

(സി) 75% കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും ജലസേചന വകുപ്പിനു കീഴിൽ ഇല്ല.

(ഡി) ജലദുർവ്യയം ഒഴിവാക്കുന്നതിനായി 1993-94-ലെ ബഡ്ജററിൽ തുകയൊന്നും വക കൊള്ളിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## ശുദ്ധജല വിതരണ പദ്ധതികൾ

4 [4358] ശ്രീ. പി. രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ നടപ്പാക്കി വരുന്നുണ്ട്; ഇതിൽ വിദേശ സഹായമുള്ളത് ഏതൊക്കെ; ഹഡ്കോ, എൽ. ഐ. സി. എന്നിവയുടെ സഹായം ഉള്ളത് ഏതൊക്കെ പദ്ധതികളാണ്;

(ബി) ഇപ്പോൾ നടന്നുവരുന്ന ഓരോ പദ്ധതിയും എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്;

(സി) ഓരോ ജില്ലയിലും നടന്നുവരുന്ന പദ്ധതികളെക്കുറിച്ചു മാത്രം ചർച്ച നടത്തുന്നതിനും കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനും ഉതകുമാറ് പ്രത്യേക യോഗങ്ങൾ വിളിക്കുവാൻ നടപടിയെടുക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ചെറുതും വലുതുമായ 460 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. ഇതിൽ പ്രധാന പദ്ധതികളായ വിദേശ സഹായ പദ്ധതികളുടെയും എൽ. ഐ. സി., ഹഡ്കോ സഹായ നഗര ശുദ്ധജല വിതരണ പദ്ധതികളുടെയും പേരു വിവരം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. †

(ബി) ഇപ്പോൾ പണി നടന്നുവരുന്ന പദ്ധതികളിൽ ഭൂരിപക്ഷവും 2 വർഷംകൊണ്ട് പൂർത്തിയാകും. അവശേഷിക്കുന്ന ചില വൻകിട പദ്ധതികൾ 3,4 വർഷത്തിനുള്ളിൽ പൂർത്തിയാകും. ഉത്തരം 'എ' യിൽ പറഞ്ഞിരിക്കുന്ന പ്രധാന പദ്ധതികളുടെ എസ്റ്റിമേറ്റ് തുക അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു. †

(സി) ഓരോ ജില്ലയിലും നടന്നുവരുന്ന പദ്ധതികളുടെ നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോഴും തന്നെ നിലവിലുണ്ട്.

## പരമ്പരാഗത ജലസ്രോതസ്സുകൾ

5 [4359] ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകൾ നശിക്കാതെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നുണ്ട്.

---

† അനുബന്ധം I



LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണം മെച്ചപ്പെടുത്താൻ നടപടി

6 [4360] ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1994-95-ൽ ജലവിതരണം മെച്ചപ്പെടുത്താൻ കൂടുതൽ സഹായം ലഭ്യമാകുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

കേരള വാട്ടർ അതോറിററിയുടെയും ഗവൺമെന്റിന്റെയും പരിഗണനയിലുള്ള വിഷയമാണിത്. ആവശ്യമെന്നു തോന്നിയാൽ ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്..

നഗര ശുദ്ധജല വിതരണ പദ്ധതി

7 [4363] ശ്രീ. ബി. രാഘവൻ:
,, എം. പത്മകുമാർ:
,, എം. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പണിയാണ് ഇപ്പോൾ നടക്കുന്നത്;

(ബി) ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറെറടുത്ത നഗര ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ എത്രശതമാനത്തിന്റെ പണി പൂർത്തീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 27 നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ നടക്കുന്നു. അവയുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്നു:

| പദ്ധതിയുടെ പേര് | ജില്ല |
|---|---|
| 1. നെടുമങ്ങാട് | തിരുവനന്തപുരം |
| 2. തിരുവനന്തപുരം ഇടക്കാല വിപുലീകരണം | ,, |
| 3. വർക്കല | ,, |
| 4. പുനലൂർ | കൊല്ലം |
| 5. ചെങ്ങന്നൂർ | ആലപ്പുഴ |
| 6. പത്തനംതിട്ട | പത്തനംതിട്ട |
| 7. തിരുവല്ല-ചങ്ങനാശ്ശേരി | പത്തനംതിട്ട-കോട്ടയം |
| 8. കോട്ടയം | കോട്ടയം |
| 9. പെരുമ്പാവൂർ | എറണാകുളം |
| 10. കോതമംഗലം | ,, |
| 11. അങ്കമാലി | ,, |
| 12. പറവൂർ | ,, |
| 13. പിറവം | ,, |
| 14. മുവാററുപുഴ | ,, |

| (1) | (2) |
|---|---|
| 15. കൂത്താട്ടുകുളം | എറണാകുളം |
| 16. തൊടുപുഴ | ഇടുക്കി |
| 17. ചാവക്കാട്, കുന്നംകുളം, ഗുരുവായൂർ | തൃശ്ശൂർ |
| 18. ഇരിങ്ങാലക്കുട | ,, |
| 19. ഷൊർണ്ണൂർ | പാലക്കാട് |
| 20. പൊന്നാനി | മലപ്പുറം |
| 21. മഞ്ചേരി | മലപ്പുറം |
| 22. മലപ്പുറം | ,, |
| 23. തിരൂർ | ,, |
| 24. കോഴിക്കോട്, ഇടക്കാല വിപുലീകരണം | കോഴിക്കോട് |
| 25. വടകര | ,, |
| 26. കണ്ണൂർ, തലശ്ശേരി, മാഹി | കണ്ണൂർ |
| 27. കാസർകോഡ് | കാസർകോഡ് |

ഇവയിൽ തൊടുപുഴയും അങ്കമാലിയും ഭാഗികമായി പൂർത്തിയായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിറവം, മൂവാററുപുഴ, കാസർകോഡ്, വർക്കല, കൂത്താട്ടുകുളം എന്നീ നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ ഏറെറടുത്തു. ഇവയിൽ ഒന്നിന്റെയും പണി പൂർത്തിയായിട്ടില്ല.

"ഗുരുവായൂരിലെ അഴുക്കുചാൽ പദ്ധതി"

8 [4368] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിലെ നിയുക്ത അഴുക്കുചാൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഗവൺമെൻറും മററു ബന്ധപ്പെട്ട ഏജൻസികളും ചേർന്ന് എത്ര ലക്ഷം രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ തടസ്സമായി നിൽക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീവേജ് ട്രീററ്മെൻറ് പ്ലാൻറിന്റെ പണി ഒഴിച്ച് ബാക്കിയെല്ലാം 1981-ൽ പൂർത്തീകരിച്ചു കഴിഞ്ഞതാണ്.

(ബി) ഇതുവരെ 55.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കാനുള്ള പ്രധാന തടസ്സം ട്രീററ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലത്ത്, അത് സ്ഥാപിക്കുന്നതിനോടുള്ള പരിസരവാസികളുടെ എതിർപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തദ്ദേശവാസികളും ജനപ്രതിനിധികളുമായി ചർച്ചകൾ പല തലങ്ങളിലും നടത്തിയെങ്കിലും ഉചിതമായ പ്രശ്നപരിഹാരം ഉണ്ടാക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര ഗവൺമെന്റ് ഡൽഹിയിലെ കേന്ദ്ര പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിലെ ഡയറക്ടറായ ശ്രീ. ആർ. പി. ശർമ്മയെ ശുദ്ധീകരണ ശാലയ്ക്കു വേണ്ടി അനുയോജ്യമായ സ്ഥലം പരിശോധിക്കുവാൻ നിയോഗിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്ക് മുൻപ് സർക്കാരിന് ലഭിച്ചു. റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരികയാണ്.

(ഇ) ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനം എടുത്താൽ മാത്രമേ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയുകയുള്ളു.

## പമ്പ, പെരിയാർ മുതലായ പദ്ധതികളുടെ ഒന്നാംഘട്ടം പണികൾ

9 [4369] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, പെരിയാർവാലി, ചിററൂർപുഴ, കുററ്യാടി, പഴശ്ശി, കല്ലട എന്നീ പദ്ധതികളുടെ ഒന്നാംഘട്ടപണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവയിൽ ഏതെങ്കിലും പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്ങനെ കമ്മീഷൻ ചെയ്യാവുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഇ) അവ കൊണ്ട് എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാകും;

(എഫ്) പ്രസ്തുത പദ്ധതികളുടെ പണി സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പമ്പ, പെരിയാർവാലി, ചിററൂർപുഴ, കുററ്യാടി, പഴശ്ശി എന്നീ പദ്ധതികളുടെ പണികൾ അവസാനഘട്ടത്തിലാണ്. കല്ലട പദ്ധതിയുടെ ഒന്നാംഘട്ട പണികൾ അവസാനഘട്ടത്തിലാണ്.

(ബി, സി, ഡി) പമ്പ, പെരിയാർവാലി, ചിററൂർപുഴ, കുററ്യാടി, പഴശ്ശി എന്നീ പദ്ധതികളുടെ പണികൾ പൂർത്തിയാക്കി 1994-ൽ തന്നെ കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കല്ലട പദ്ധതിയുടെ ഒന്നാംഘട്ടം പണികളും 1994-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ)

| പദ്ധതിയുടെ പേര് | ജലസേചനം ലഭ്യമാകുന്ന സ്ഥലത്തിന്റെ വിവരം |
|---|---|
| 1. പമ്പ | 49456 ഹെ. ഗ്രോസ് |
| 2. പെരിയാർവാലി | 85600 ,, |
| 3. ചിററൂർപുഴ | 29202 ,, |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 4. | കുററ്യാടി | 35850 | ഹെ. ഗ്രോസ് |
| 5. | പഴശ്ശി | 16250 | ,, |
| 6. | കല്ലട | 61630 | ,, |

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

### "ഡ്രെയിനേജ് പദ്ധതികൾക്ക് ചെലവഴിച്ച തുക"

10 [4371] ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രെയിനേജ് പദ്ധതികൾക്കായി 1993–94 സാമ്പത്തിക വർഷം എന്ത് തുകയാണ് ചെലവാക്കിയത്;

(ബി) ഹഡ്കോയുടെ സഹായത്തോടെ 1994–95–ൽ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 71.02 ലക്ഷം രൂപ.

(ബി) ഡ്രെയിനേജ് പദ്ധതികളൊന്നും നടപ്പാക്കാൻ തൽക്കാലം ഉദ്ദേശമില്ല.

### കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പുരോഗതി

11 [4373] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ 1993-94 വർഷത്തെ ആക്ഷൻ പ്ലാനിൽ കാഞ്ഞിരം–തെങ്കര, തെങ്കര–മേലാമുറി എന്നീ കനാൽ ബണ്ടുകളുടെ ഇംപ്രൂവ്മെൻറ് വർക്സ് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വർക്ക് പൂർത്തിയായോ;

(ഡി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ഡി) ഫണ്ടിൻെറ ലഭ്യത അനുസരിച്ചു മാത്രമേ പണികൾ ഏറെറടുക്കാൻ സാധിക്കുകയുള്ളു.

### ശുദ്ധജല പദ്ധതികൾക്ക് നെതർലാൻറ് സഹായം

12 [4378] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെതർലാൻഡ്സ് റോയൽ ഗവൺമെൻറിൻെറ സഹായത്തോടെ ഏതെല്ലാം ശുദ്ധജല പദ്ധതികൾ 1995–ൽ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

[illegible], കുന്നം, കോയിപ്പുറം, ചെറിയനാട്, തൃക്കുന്നപ്പുഴ, മാള, നാട്ടിക ഫർക്കാ എന്നീ ഏഴു പദ്ധതികൾ 1995 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പാളി പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കാൻ നടപടി

13 [4380] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പാളി പഞ്ചായത്തിൽ 4—ാം വാർഡിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പരിസര പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കിലോമീറ്റർ ദൂരം പൈപ്പു ലൈൻ ഇടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശമില്ല.

## കണ്ണൂർ ജില്ലയിലെ കുടിവെള്ളക്ഷാമം

14 [4381] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന എത്ര ഗ്രാമങ്ങളുണ്ട്;

(ബി) ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ എത്ര ഗ്രാമങ്ങൾക്ക് ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടുണ്ട്?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആകെയുള്ള 129 ഗ്രാമങ്ങൾ ഉള്ളതിൽ മിക്ക ഗ്രാമങ്ങളിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

(ബി) ഒരു അർബൻ വാട്ടർ സപ്ലൈ സ്കീം അടക്കം 105 ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. കൂടാതെ 600 കുഴൽക്കിണർ കുഴിച്ച് കൈപമ്പ് ഘടിപ്പിച്ച് വെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2 ഗ്രാമങ്ങൾക്ക്.

## ആർ. എച്ച്. ഡി. പി. കോളനിയിലേക്ക് ശുദ്ധജലമെത്തിക്കാൻ നടപടി

15 [4382] ശ്രീ. എ. വി. ഗോപിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കിഴക്കഞ്ചേരി പഞ്ചായത്തിലെ അയ്യപ്പൻ പാറുന്ന ഐ. എച്ച്. ഡി. പി. കോളനിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏററവും കൂടുതൽ ശുദ്ധജലക്ഷാമം അനുഭവിക്കുന്ന ഈ കോളനിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരികയാണ്.

## Ousted Tribal Families from the area of Kanjirapuzha and Siruvani Dams

16 [4383] **Shri C. M. Sundaram:** Will the Minister for Irrigation be pleased to state:

(a) The number of Tribal families ousted from the submergible area of Kanhirapuzha and Siruvani Dams;

(b) The number of families that have been rehabilitated so far in each case and with what all facilities;

(c) The number of tribals yet to be rehabilitated from each project area;

(d) Whether any schemes have been proposed by the Irrigation Dept. to rehabilitate them;

(e) Whether the Government aware that the Chief Engineer, projects-I, Calicut has ordered to include the cost of rehabilitation in the project costs;

(f) Will the Government take urgent action to rehabilitate these tribals?

*Answer*

| | | |
|---|---|---|
| (a) | Kanhirapuzha | 44 families |
| | Siruvani Dam | 24 ,, |
| | Total | 68 ,, |

(b) 24 families of Siruvani dam had already been rehabilitated with houses and land.

(c) 44 families of Kanhirapuzha Dam.

(d) Proposals are made to rehabilitate them with house and land and other amenities.

(e) Yes.

(f) Yes.

LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ, തച്ചംപാറ, കാരാകുർശി എന്നീ പഞ്ചായത്തുകളിലെ കുടിനീർ വിതരണം

17 [4384] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ, തച്ചംപാറ കാരാകുർശി എന്നീ മൂന്നു പഞ്ചായത്തുകളിലും കുടിനീർ വിതരണം ചെയ്യാൻ തയ്യാറാക്കിയ പദ്ധതിക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് എത്ര;

(സി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചത് എന്നാണ്; പണിക്ക് എന്തുകൊണ്ട് കാലതാമസം ഉണ്ടാകുന്നു;

(ഡി) കാലതാമസം ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷമേ എസ്റ്റിമേറ്റ് തുക എത്രയെന്ന് പറയുവാൻ കഴിയുകയുള്ളൂ.

(സി, ഡി) 1987–88–ൽ ആണ് പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചത്. ഈ പദ്ധതിക്ക് ആവശ്യമായ ജലം കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഡാമിൽ നിന്നാണ്. ഇതിനായി ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതാണ്. അതിനുശേഷം കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.

മൂവാററുപുഴ വാലി പദ്ധതിയുടെ നിർമ്മാണം

18 [4385] ശ്രീ. എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴ വാലി പദ്ധതിയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാകും;

(ബി) ഇതിന്റെ നിർമ്മാണജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന് ആകെ അടങ്കൽതുക എത്ര;

(ഡി) ഇപ്പോഴത്തെ കണക്കനുസരിച്ച് എത്ര രൂപ അധികമാകും;

(ഇ) 1994–ൽ കമ്മീഷൻ ചെയ്യാമെന്ന് ഉറപ്പുണ്ടോ?

ഉത്തരം

(എ) 1995–96 സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഡാമിന്റെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. മൊത്തം 37 1/2 കി. മീ. ദൈർഘ്യമുള്ള ഇടതുകര കനാലിന്റെ 18 കി. മീ. ദൂരം പൂർത്തിയാക്കിയിട്ടുണ്ട്. 11 കി. മീററർ ദൂരത്തിൽ പണികൾ

പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ 28.7 കി. മീ. നീളമുള്ള വലതുകര കനാലിൽ 9 കി. മീററർ നീളം പൂർത്തീകരിക്കുകയും 9 കി. മീ. നീളത്തിൽ പണി പുരോഗമിച്ചുവരുന്നു.

മാററാഡി ബ്രാഞ്ച് കനാലിന്റെ 3.45 കി. മീ. നീളം പണികൾ പൂർത്തിയാക്കുകയും 1.8 കി. മീ. നീളം പണി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മററാഡി മേജർ ഡിസ്ട്രിബ്യൂട്ടറിയുടെ 2.75 കി. മീ. നീളം പണി പുരോഗമിച്ചുവരുന്നു. രാമമംഗലം ബ്രാഞ്ച് കനാലിന്റെ 6 കി. മീ. നീളത്തിലും കുരുക്കുന്നപ്പുഴ മേജർ ഡിസ്ട്രിബ്യൂട്ടറിയുടെ 3 കി. മീ. നീളത്തിലും പണി പുരോഗമിച്ചുവരുന്നു.

(സി) 1980-ലെ നിരക്കനുസരിച്ച് ഈ പദ്ധതിയുടെ അടങ്കൽതുക 48.08 കോടിയായിരുന്നു. എന്നാൽ 1990-ലെ പുതുക്കിയ നിരക്കനുസരിച്ച് അടങ്കൽതുക 104.26 കോടി രൂപയാണ്.

(ഡി) 56.18 കോടി രൂപ അധിക മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്യും.

## കിണർ നവീകരണ പദ്ധതി

19 [4386] ശ്രീ. തോമസ് ചാഴിക്കാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണർ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കിണറുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി ഏതെന്ന് വിശദീകരിക്കാമോ;

(ബി) അവ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഡച്ച്-സ്പാനിഷ് സാമ്പത്തിക സഹായമുള്ള സോഷ്യോ-ഇക്കണോമിക് യൂണിററുകൾ വഴി തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വേനൽക്കാലത്ത് വരണ്ടുപോകുകയും ഏറെ പഴക്കമുള്ളവയും പൊളിഞ്ഞുപോയ ചുററുകെട്ടുള്ളവയുമായ കിണറുകൾ പുനരുദ്ധരിക്കുകയും വേണ്ടിവന്നാൽ ആഴം കൂട്ടുകയും ചെയ്യുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. പരിപൂർണ്ണ ജനപങ്കാളിത്തത്തോടുകൂടി ആരോഗ്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

(ബി) ആര്യനാട്, ഇരവിപുരം, അമ്പലപ്പുഴ, അടൂർ, പീരുമേട്, വയനാട് എന്നിവിടങ്ങളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

## എടയ്ക്കാട് നിയോജക മണ്ഡലത്തിലെ കുഴൽ കിണറുകൾ

20 [4387] കെ. സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കാട് നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം ഉപയോഗയോഗ്യമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എടയ്ക്കാട് നിയോജകമണ്ഡലത്തിൽ ഇതുവരെ 111 (നൂററിപ്പതിനൊന്ന്) കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്.

(ബി) ഭൂഗർഭ ജലവകുപ്പ് കുഴിച്ച 23 കുഴൽ കിണറുകളിൽ 21 എണ്ണം ഉപയോഗയോഗ്യമാണ്. കേരള വാട്ടർ അതോറിററി കുഴിപ്പിച്ച 88 കുഴൽ കിണറുകളും ഉപയോഗയോഗ്യമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്.

## ശബരിമലയിലെ ശുദ്ധജല വിതരണത്തിൽ വാട്ടർ അതോറിററിക്ക് ലഭിക്കാനുള്ള തുക

21 [4390] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ശുദ്ധജലവിതരണം ചെയ്ത വകയിൽ എന്തു തുകയാണ് വാട്ടർ അതോറിററിക്ക് കിട്ടുവാനുള്ളത്;

(ബി) വരും വർഷം മുതൽ ശുദ്ധജലവിതരണ പദ്ധതി വാട്ടർ അതോറിററിയിൽ നിന്ന് ദേവസ്വത്തിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശം 50 ലക്ഷം രൂപ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## കേരള വാട്ടർ അതോറിററിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

22 [4392] ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിററിയിൽ ഇപ്പോൾ തുടർച്ചയായി സർവ്വീസിൽ തുടരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) 19-9-1990-ലെ സുപ്രീം കോടതിയുടെ വിധിയിലെ നിർദ്ദേശം അനുസരിച്ച്, കേരളാ വാട്ടർ അതോറിററിയിൽ ജോലിയിൽ തുടർന്നു വന്നിരുന്ന 1342 ഓളം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## യു. ഡി. ക്ലാർക്കുമാരുടെ സീനിയോറിററി ലിസ്ററ്

23 [4393] ശ്രീ. സി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇറിഗേഷൻ വകുപ്പിലെ യു. ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവർക്ക് യു. ഡി. ക്ലാർക്കായി പ്രമോഷൻ ലഭിച്ച തീയതിയെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ എത്രയും വേഗം തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിലെ യു. ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അവിഭക്ത പൊതുമരാമത്തു വകുപ്പിലെ യു. ഡി. ക്ലാർക്കുമാരുടെ 1.3.1990 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പിലെ യു. ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടി തുടർന്നുകൊണ്ടിരിക്കുന്നു.

## കൊല്ലം ടി. എസ്. കനാൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി

24 [4395] ശ്രീ. കടവൂർ ശിവദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് ടി. എസ്. കനാലിൽ ചപ്പുചവറുകളും മണ്ണും വീണ് വെള്ളത്തിന്റെ ഒഴുക്ക് നിലച്ച് മലിനപ്പെടുകയും തൻമൂലം കൊതുകും മററ് ജീവികളുമുണ്ടായി ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുകയും പ്രസ്തുത കനാലിലൂടെയുള്ള ജലഗതാഗതം സുഗമമല്ലാതാകുകയും ചെയ്യുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് കനാലിലെ ചപ്പുചവറുകളും മണ്ണും നീക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരം സംവിധാനം പ്രായോഗികമല്ല.

## പാലക്കയം—പായിപ്പുല്ല് റോഡിന്റെ നിർമ്മാണ പ്രവർത്തനം

25 [4396] ശ്രീ. സി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കീഴിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലക്കയം—പായിപ്പുല്ല് റോഡിന്റെ നിർമ്മാണ ജോലികൾ ഇനിയും ആരംഭിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തുകൊണ്ട് കാലതാമസം ഉണ്ടാകുന്നു എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പണിയുടെ എഗ്രിമെന്റ് സംഖ്യ, എഗ്രിമെന്റ് തീയതി എന്നിവ വെളിപ്പെടുത്തുമോ;

(സി) ഈ റോഡ് വർമ്മംകോട്—ഇരുമ്പച്ചോല റോഡുമായി ബന്ധിപ്പിച്ചാൽ കാഞ്ഞിരപ്പുഴ ഡാമിനു ചുററും ഒരു ഇൻസ്പെക്ഷൻ റോഡ് രൂപപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എഗ്രിമെൻറ് സംഖ്യ—24,35,000 ഉറുപ്പിക. എഗ്രിമെൻറ് തീയതി 28-1-1994.

(സി, ഡി) ഇതിന് ആവശ്യമായ കുറെ സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. അത് അക്വയർ ചെയ്യുവാൻ വലിയ തുക ആവശ്യമാണ്. ആയതിനാൽ ഇതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## വിളയൻചാത്തന്നൂർ ട്യൂബ്‌വെൽ സ്കീമിന് ടാങ്ക് പണിയാൻ നടപടി

26 [4397] ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ വിളയൻചാത്തന്നൂർ ട്യൂബ് വെൽ സ്കീമിന് ടാങ്ക് പണിയണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഹർജിയിൻമേൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വാട്ടർ സപ്ലൈ സ്കീമിന് എത്രയുംവേഗം ടാങ്ക് പണിയുമോ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്കീമിന് ടെക്നോളജി മിഷൻെറ ഫണ്ട് ഉപയോഗിച്ച് ടാങ്ക് പണിയുവാൻ ടെൻഡർ വിളിച്ചെങ്കിലും ക്വാട്ട് ചെയ്ത നിരക്ക് വളരെ കൂടുതലായതിനാൽ അനുമതി നൽകിയില്ല. കൂടാതെ ടെക്നോളജി മിഷനിൽ നിന്നും ഫണ്ടും ലഭിച്ചില്ല.

(സി) പ്രസ്തുത ടാങ്കിൻെറ പണി വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ കഴിയുമോയെന്ന കാര്യം പരിഗണിച്ചുവരികയാണ്.

## കുണ്ടമൺകടവ് പമ്പ് ഹൗസിൻെറ വൈദ്യുതിതകരാറ് പരിഹരിക്കാൻ നടപടി

27 [4398] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുണ്ടമൺകടവിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസ് വൈദ്യുതി തകരാറുമൂലം മിക്ക ദിവസവും പ്രവർത്തനരഹിതമാകുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വേനൽക്കാലം അടുത്തു വരുന്നതിനാൽ ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇത് പരിഹരിക്കുന്നതിനുലക്കായി ഒരു പ്രത്യേക ഫീഡർ സംവിധാനത്തിന് ഇലക്ട്രിസിറ്റി ബോർഡുമായി ലയിക്കൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടു കൂടി പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

ചരിത്രസ്മാരകങ്ങളേയും ചരിത്ര വസ്തുക്കളേയും സംരക്ഷിക്കാൻ നടപടി

28 [4401] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചരിത്ര സ്മാരകങ്ങളേയും ചരിത്ര വസ്തുക്കളേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ സംരക്ഷണത്തിന് പുതിയ നിയമ നിർമ്മാണം ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പുതിയ നിയമ നിർമ്മാണത്തിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. 1968-ലെ പ്രാചീനസ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരമാണ് പ്രധാനപ്പെട്ട ചരിത്ര സ്മാരകങ്ങളും ചരിത്രപ്രാധാന്യമുള്ള വസ്തുക്കളും ഇപ്പോൾ സംരക്ഷിച്ചു പോരുന്നത്.

ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി

29 [4410] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിലിം സൊസൈറ്റികളുടെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രാമപ്രദേശങ്ങളിൽകൂടി ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

തിയേററുകൾക്ക് പ്രദർശന സബ്സിഡി നൽകുവാൻ നടപടി

30 [4411] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നല്ല സിനിമകൾ പ്രദർശിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നല്ല സിനിമകൾ പ്രദർശിപ്പിക്കുന്നതിന് തിയേററുകൾക്ക് പ്രദർശന സബ്സിഡി നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ നല്ല സിനിമകൾ പ്രദർശിപ്പിക്കുന്നതിന് തിയേററുകൾക്ക് പ്രദർശന സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ഡോക്ടർ എം. എസ്. സുബ്ബലക്ഷ്മിയെപ്പററി ഡോക്യുമെന്ററി നിർമ്മിക്കാൻ നടപടി

31 [4412] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകപ്രശസ്ത കർണ്ണാടക സംഗീതജ്ഞയായ ഡോക്ടർ എം. എസ്. സുബ്ബലക്ഷ്മിയെപ്പററി ഒരു ഡോക്യുമെന്ററി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിർദ്ദേശം സമർപ്പിച്ചാൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കസ് കലാകാരൻമാർക്ക് അവാർഡ് നൽകാൻ നടപടി

32 [4414] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കസ് കലാകാരൻമാർക്ക് അവാർഡും അംഗീകാരവും നൽകുന്നതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സിനിമ-നാടക കലാകാരൻമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സർക്കസ് കലാകാരൻമാർക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സർക്കസ് രംഗത്തെ അവശ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ട്. അവർക്ക് അവാർഡോ, അംഗീകാരമോ സിനിമാ-നാടക കലാകാരൻമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനോ ഉള്ള പദ്ധതി ഒന്നും നിലവിലില്ല.

## KERALA KALAMANDALAM

33 [4416] **Shri C. M. Sundaram**: Will the Minister for Irrigation be pleased to state:

(a) Whether the Government has requested the Union Government to declare the Kerala Kalamandalam as an institution of national importance;

(b) If so, will the Government give its details;

(c) If not, will the Government give the reasons?

*Answer*

(a, b, c) Steps are being taken to upgrade Kerala Kalamandalam as a deemed University. The Special Secretary, Cultural Affairs Department has been appointed as Special Officer to submit report in this regard. Further action will be pursued on receipt of the said report.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ വിററഴിക്കാൻ നടപടി

34 [4417] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര രൂപയുടെ പുസ്തകങ്ങൾ കെട്ടിക്കിടപ്പുണ്ട്. ഇവ വിററഴിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 193 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി; സി) ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപയുടെ പുസ്തകങ്ങൾ വിററഴിക്കാനുണ്ട്. ഇത് മൊത്തം പുസ്തകങ്ങളുടെ സ്റേറാക്ക് വിവരമാണ്. പ്രസ്തുത പുസ്തകങ്ങൾ വിററഴിക്കുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിലും പുസ്തക പ്രദർശന വിൽപ്പന സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ ഇൻസ്ററിററ്യൂട്ട് ഉൾപ്പെടെയുള്ള സർക്കാർ സാംസ്കാരിക പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ പുസ്തകങ്ങൾ വിററഴിക്കുന്നതിന് ഒരു ബുക്ക് മാർക്കററിംഗ് സൊസൈററി സ്ഥാപിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

## പുരാതന ചുവർ ചിത്രങ്ങൾ സംരക്ഷിക്കുവാൻ നടപടി

35 [4418] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പുരാതന ചുവർ ചിത്രങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി എന്തെങ്കിലും പ്രത്യേക പരിപാടികൾ നടപ്പിലാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്. ലക്നൗവിലെ എൻ. ആർ. എൽ. സി., ഇന്ത്യൻ കൺസർവേഷൻ ഇൻസ്ററിററ്യൂട്ട് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശാസ്ത്ര സാങ്കേതിക വിദഗ്ധർ, ദേവസ്വം, ക്രൈസ്തവ ദേവാലയങ്ങൾ എന്നിവിടങ്ങളിലെ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ചുവർ ചിത്ര സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകി വരികയാണ്. കൂടാതെ പിറവത്തുള്ള പാഴൂർ പെരുംതൃക്കോവിൽ, കാസർകോട്ടുള്ള അനന്തപുരിക്ഷേത്രം, കോട്ടയ്ക്കൽ വിഷ്ണുക്ഷേത്രം, പിറവം യാക്കോബൈററ് സിറിയൻ ചർച്ച് തുടങ്ങിയ ആരാധനാലയങ്ങളിലെ ചുവർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പിൻെറ പരിഗണനയിലുണ്ട്. മലപ്പുറം ജില്ലയിലെ പകരാവൂർ ശിവക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും ഏറെറടുത്തു സംരക്ഷിക്കുന്ന കാര്യവും ടി വകുപ്പിൻെറ ആലോചനയിലുണ്ട്. പുണ്ഡരീകപുരം വിഷ്ണുക്ഷേത്രത്തിലെ ചുവർ ചിത്രങ്ങൾ സംരക്ഷിച്ചു കഴിഞ്ഞിട്ടുണ്ട്.

## സംസ്ഥാനത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ നിലവിലുള്ള നികുതി ഘടനയുടെ പുനഃസംവിധാനം

36 [4419] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം, വാണിജ്യം, കയററുമതി എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുവാനും, സംസ്ഥാനത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാനും വേണ്ടി നിലവിലുള്ള നികുതി ഘടന പുനഃസംവിധാനം ചെയ്യുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജസ്റ്റിസ് രാധാകൃഷ്ണമേനോൻ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടിട്ടുള്ള നികുതി നിയമ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളെ ആടിസ്ഥാനമാക്കി നികുതി നിയമങ്ങൾ പരിഷ്കരിച്ചു വരുന്നു.

അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള റവന്യൂ വരവ്

37 [4420] ശ്രീ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്തർ സംസ്ഥാന കരാർ പ്രകാരം കേരളത്തിന് ഏതെങ്കിലും സംസ്ഥാനങ്ങളിൽ നിന്ന് റവന്യൂ വരുമാനം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽനിന്നും എന്തു തുക വീതം ഓരോ വർഷവും ലഭിക്കേണ്ടതുണ്ട്;

(ബി) റവന്യൂ വരുമാനം ഉൾപ്പെടുന്ന പ്രധാന ആന്തർ സംസ്ഥാന കരാറുകളുടെ വിശദവിവരം വ്യക്തമാക്കുമോ; ഓരോ കരാർപ്രകാരം ലഭിക്കേണ്ട തുക എത്രവീതം;

(സി) പ്രസ്തുത കരാറുകൾ പ്രകാരം ലഭിക്കേണ്ട തുക അതാതു വർഷം ലഭിക്കാറുണ്ടോ; ഇല്ലെങ്കിൽ തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) അന്തർ സംസ്ഥാന കരാർപ്രകാരം ലഭിക്കേണ്ട തുക സംസ്ഥാന ബഡ്ജററിൽ ഉൾപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വർഷത്തെ ബഡ്ജററിലാണ് ഉൾപ്പെടുത്താതിരുന്നത്; കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

കോർപ്പറേററ് ടാക്സിന്റെ വിഹിതം സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നതിന് നടപടി

38 [4421] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേററ് ടാക്സിന്റെ വിഹിതം സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അത് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ലഭിക്കുന്നില്ല.

(ബി) പത്താംധനകാര്യകമ്മീഷനു സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ കോർപ്പറേററ് ടാക്സ് 'ഡിവിസിബിൾ പൂളിൽ' ഉൾപ്പെടുത്താത്തതിന്റെ അനൗചിത്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സ്റ്റാമ്പുകൾക്കുള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

39 [4422] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ സർവ്വീസ് സ്റ്റാമ്പുകൾക്ക് ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസ് സ്റ്റാമ്പുകൾ ഇല്ലാത്തതുമൂലം വിവിധ ഓഫീസുകളിൽനിന്നും ലഭിക്കേണ്ടുന്ന തപാലുകൾ യഥാസമയം ലഭിക്കുന്നില്ലെന്നുള്ളവിവരം അറിയുമോ;

(സി) ഇക്കാരണത്താൽ പൊതുജനങ്ങൾക്കും മററുമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

40 [4423] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായ നികുതിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് ഗ്രാൻറായി ലഭിക്കുന്നത്;

(ബി) ആദായനികുതി കുടിശ്ശികയായി ഭീമമായ തുക പിരിഞ്ഞു കിട്ടാനുണ്ടെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കുടിശ്ശിക പിരിച്ചെടുത്താൽ അതനുസരിച്ച് സംസ്ഥാനത്തിന് കിട്ടുന്ന വിഹിതം വർദ്ധിക്കുമെന്നകാര്യം കണക്കിലെടുത്ത് ആദായ നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ആദായ നികുതിയുടെ 3.729 ശതമാനമാണ് സംസ്ഥാനത്തിന് ഗ്രാൻറായി ലഭിക്കുന്നത്.

(ബി) ഉണ്ട്.

(സി) ആദായ നികുതി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൻെറ ബന്ധപ്പെട്ട വകുപ്പിന് വേണ്ട സഹായ സഹകരണങ്ങൾ നൽകാൻ എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

വിൽപ്പന നികുതി ലഘൂകരിക്കുന്നതിനു വേണ്ടി നിർമ്മിച്ച കമ്മീഷൻെറ പ്രവർത്തനം

41 [4424] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി നിയമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി നിയമിച്ച കമ്മീഷൻെറ കാലാവധി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കമ്മീഷനിൽ ചെയർമാൻ അടക്കം എത്രപേരുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർ ഓരോരുത്തർക്കും, ശമ്പളം, യാത്രാപടി സിററിംഗ് ഫീസ്, മെഡിക്കൽ ആനുകൂല്യങ്ങൾ, ടെലിഫോൺ ചാർജ് എന്നി ഇനങ്ങളിൽ ഇതുവരെ സർക്കാരിന് എത്ര രൂപ ചെലവായി; പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) ഇതുവരെ ഈ കമ്മീഷന്റെ എത്ര സിററിങ്ങുകൾ നടന്നിട്ടുണ്ട്?

ഉത്തരം

(എ) 16-5-1992 മുതൽ പ്രവർത്തനമാരംഭിച്ച കമ്മീഷന്റെ കാലാവധി 16-5-1993 മുതൽ ഒരു വർഷത്തേക്കുകൂടി നീട്ടിയിട്ടുണ്ട്.

(ബി) ഈ കമ്മീഷനിൽ ചെയർമാനടക്കം 4 പേർ ഉണ്ട്. ചെയർമാനുൾപ്പെടെ താഴെ പറയുന്നവർ കമ്മീഷനിൽ അംഗങ്ങളാണ്.

1. ശ്രീ. കെ. പി. രാധാകൃഷ്ണമേനോൻ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി—ചെയർമാൻ)
2. ശ്രീ. ററി. കരുണാകരൻ നമ്പ്യാർ (സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ—മെമ്പർ)
3. ശ്രീ. കെ. ഐ. ജോൺ(ചാർട്ടേഡ് അക്കൗണ്ടൻറ്— മെമ്പർ)
4. ശ്രീ. സി. കെ. താണുപിള്ള (റിട്ടയർഡ് സെക്രട്ടറി—II, റവന്യൂ ബോർഡ്, നികുതി—(മെമ്പർ സെക്രട്ടറി)

(സി) 1. ചെയർമാൻ
ശമ്പളം 3,07,120 രൂപ
യാത്രാപടി 34,621 രൂപ
മെഡിക്കൽ ആനുകൂല്യം 9,767 രൂപ
ടെലിഫോൺ 28,480 രൂപ

2. ശ്രീ. ററി. കരുണാകരൻ നമ്പ്യാർ (മെമ്പർ)
സിററിംഗ് ഫീസ് 26,000 രൂപ

3. ശ്രീ. കെ. ഐ. ജോൺ (മെമ്പർ)
സിററിംഗ് ഫീസ് 25,000 രൂപ
ടെലിഫോൺ 32,133 രൂപ

4. മെമ്പർ സെക്രട്ടറി ഓണറേറിയം 16,000 രൂപ
യാത്രപ്പടി 22,292 രൂപ
ടെലിഫോൺ 13,117 രൂപ.

(ഡി) ഇതുവരെ 42 സിററിംഗുകൾ നടന്നിട്ടുണ്ട്.

## കാർഷിക ഉൽപന്നങ്ങൾ കടത്തിക്കൊണ്ടു പോകുന്നതു തടയാൻ നടപടി

42 [4425] ശ്രീ. മാത്യു സ്ററീഫൻ:
,, എം. സി. ചെറിയാൻ
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നും മററു സംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കാർഷിക ഉൽപ്പന്നങ്ങൾ കടത്തി കൊണ്ടു പോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുതടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) അനധികൃതമായ സാധനങ്ങൾ കടത്തുന്നതുമൂലമുണ്ടാകുന്ന നികുതി ചോർച്ചയുടെ ഫലമായി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ നികുതി വെട്ടിപ്പു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നികുതി വകുപ്പിലെ ഇൻറലിജൻസ് വിഭാഗം ഉദ്യോഗസ്ഥൻമാർ വാഹനങ്ങൾ പരിശോധിച്ചും ചെക്ക് പോസ്ററുകളിൽ വാഹനങ്ങൾ പരിശോധിച്ചും അനധികൃതമായ കടത്തൽ തടയുന്നുണ്ട്. ചെക്ക് പോസ്ററുകളിൽ കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബി വിഭാഗത്തിന്റെ മറുപടി ഇതിന് ബാധകമാണ്.

നികുതി പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

43 [4426] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നികുതി പഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ കേന്ദ്രത്തിൽ ഫാക്കൽട്ടി മെമ്പർമാരുടെ നിയമനത്തിൽ സംവരണ മാനദണ്ഡം പാലിച്ചിട്ടുണ്ടോ;

(സി) ഈ നിയമനത്തിന് എത്ര പേർ അപേക്ഷ സമർപ്പിച്ചിരുന്നു; ഏതെല്ലാം പാർട്ടിയിൽപ്പെട്ടവരായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റിസർച്ച് അസിസ്ററൻറ് ആയി നിയമിച്ചവരെ റിസർച്ച് അസോസിയേററ് ആക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഇ) അങ്ങനെ നിയമനം ലഭിച്ചിട്ടുള്ള ആരെങ്കിലും ഈ കേന്ദ്രത്തിൽ ഉണ്ടെങ്കിൽ അവർ സമർപ്പിച്ച ഗവേഷണ പ്രബന്ധം എന്തിനെ സംബന്ധിച്ച് ആയിരുന്നു?

ഉത്തരം

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നികുതി പഠനകേന്ദ്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും പ്രവർത്തനവും താഴെ ചേർക്കുന്നു.

1. പബ്ലിക് ഫിനാൻസ്, നയരൂപീകരണം, നികുതിനിയമം എന്നിവയെക്കുറിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. സെയിൽടാക്സ് ഓഫീസർ, സെയിൽടാക്സ് പ്രാക്ടീഷണർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് നികുതി നിയമത്തിലും പബ്ലിക് ഫിനാൻസിലും വന്നിട്ടുള്ള മാററങ്ങളെക്കുറിച്ച് പഠന പരിശീലന ക്ലാസുകൾ നൽകുക.

3. നികുതി ഘടനയിലും, നിയമത്തിലും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാററങ്ങളെക്കുറിച്ച് യഥാക്രമം ഉപഭോക്താക്കൾ, വ്യാപാരികൾ, വ്യവസായികൾ വ്യവസായ സംരംഭകർ എന്നിവർക്ക് ചർച്ചാ ക്ലാസുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ മുഖേന ബോധവൽക്കരണം നൽകുക.

(ബി) ഇല്ല.

(സി) 154 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. അവർ ഏതെല്ലാം പാർട്ടിയിൽപ്പെട്ടവരായിരുന്നുവെന്ന വിവരം ശേഖരിച്ചിട്ടില്ല.

(ഡി) ഈ തസ്തികയുടെ അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത് ധനതത്വശാസ്ത്രത്തിൽ (പബ്ലിക് ഫിനാൻസ്) ഒന്നാം ക്ലാസ് മാസ്റ്റേഴ്സ് ബിരുദമാണ്.

(ഇ) ഉണ്ട്. എം. ഫിൽ ഡിഗ്രിക്ക് അർബൻ ഫൈനാൻസ് ഇൻ കേരള എ സ്ററഡി ഓഫ് മുനിസിപ്പൽ കോർപ്പറേഷൻസ് എന്ന വിഷയത്തെ സംബന്ധിച്ച്.

## കാർഷികാദായ നികുതി വകുപ്പിലെ ഇൻറലിജൻസ് സ്ക്വാഡ്

44 [4427] ശ്രീ. പി. വി. മുഹമ്മദ്:
,, കല്ലടി മുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, യു. എ. ബീരാൻ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി വകുപ്പിൽ ഇൻറലിജൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ക്വാഡ് നടപ്പു വർഷത്തിൽ നാളിതുവരെ എത്ര കേസുകൾ പിടിച്ചു;

(സി) എത്ര സ്ക്വാഡുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ഡി) ഇതിന് എന്തു ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ക്വാഡുകൾ 31-1-1994 വരെ 42748 കേസുകൾ പിടിച്ചു.

(സി) സംസ്ഥാനത്ത് 37 സ്ക്വാഡുകൾ പ്രവർത്തിക്കുന്നു.

(ഡി) കാർഷികാദായ നികുതി വില്പന നികുതി വകുപ്പിലെ ഇൻറലിജൻസ് വിഭാഗത്തിൻെറ പ്രവർത്തനം ഡെപ്യൂട്ടി കമ്മീഷണർ (ഇൻറലിജൻസ്), ഇൻസ്പെക്ടിംഗ് അസിസ്ററൻറ് കമ്മീഷണർ (ഇൻറലിജൻസ്), ഇൻറലിജൻസ് ആഫീസുകൾ, ഇൻവെസ്ററിഗേഷൻ ബ്രാഞ്ച് എന്നീ വിഭാഗങ്ങൾ വഴി നടത്തപ്പെടുന്നു. ഇതിനായി ശമ്പളം, യാത്രാ

LIBRARY ARCHIVES Kerala Legislative Assembly

ചെലവ്, ആഫീസ് ചെലവ്, ആഫീസ് വാടക, മോട്ടോർ വാഹനങ്ങൾ മററു ചെലവുകൾ എന്നിവയ്ക്കായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് താഴെ പറയുന്ന പ്രകാരമാണ്.

| ഇൻറലിജൻസ് വിഭാഗം | തുക |
|---|---|
| 1. ഡെപ്യൂട്ടി കമ്മീഷണർ (ഇൻറലിജൻസ്) | 4500900 |
| 2. ഇൻസ്പെക്ടിംഗ് അസിസ്ററൻറ് കമ്മീഷണർ (ഇൻറലിജൻസ്) | 16782000 |
| 3. ഇൻറലിജൻസ് ആഫീസുകൾ | 6665000 |
| 4. ഇൻവെസ്ററിഗേഷൻ ബ്രാഞ്ച് | 7707000 |

## ഇൻകംടാക്സ്, സെയിൽസ് ടാക്സ് അപ്പലേററ് അതോറിററികളിൽ തീർപ്പാകാതെ കിടപ്പുള്ള കേസുകൾ

45 [4428] ശ്രീ. ഇ. എം. അഗസ്തി:

,, കെ. കെ. തോമസ്:

,, പി. ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകം ടാക്സ്-സെയിൽസ് ടാക്സ് അപ്പലേററ് അതോറിററികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടപ്പുണ്ട്;

(ബി) ഇതുമൂലം സർക്കാർ വരുമാനത്തിൽ എന്ത് കുറവ് അനുഭവപ്പെട്ടിട്ടുണ്ട്;

(സി) കെട്ടിക്കിടക്കുന്ന കേസുകളിൽ എത്ര വർഷം വരെ പഴക്കം ചെന്ന ഫയലുകൾ ഉണ്ട്;

(ഡി) ഈ കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സുപ്രീം കോടതി, ഹൈക്കോടതി, ഇൻകംടാക്സ് സെയിൽ ടാക്സ് അപ്പലേററ് അതോറിററികൾ എന്നിവിടങ്ങളിലായി 35113 കേസുകൾ തീർപ്പാകാതെ കിടപ്പുണ്ട്.

(ബി) അപ്പീൽ കേസുകളുടെ വിധി പറയാൻ താമസം നേരിടുന്നതുമൂലം സർക്കാരിനു ലഭിക്കേണ്ട റവന്യൂ വരുമാനം ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്.

(സി) കെട്ടിക്കിടക്കുന്ന കേസുകളിൽ 28 വർഷം വരെ പഴക്കം ചെന്ന കേസുകൾ ഉണ്ട്.

(ഡി) അസസ്മെൻറ് നടത്തുന്ന എല്ലാ ആഫീസർമാർക്കും പ്രസ്തുത കേസുകൾ ഉടനെ തീർപ്പു കല്പിക്കാൻ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതിയിലെ കേസുകൾ ത്വരിതപ്പെടുത്താൻ പ്രത്യേക ടാക്സ് സെൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ലോക്കൽ ഫണ്ട് ആഡിററ് വകുപ്പിന്റെ ആഡിററ് റിപ്പോർട്ട്

46 [4429] ശ്രീ. കെ. പി. മമ്മു മാസ്ററർ:
,, പി. രാഘവൻ:
,, ടി. ശിവദാസമേനോൻ:
,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിററ് വിഭാഗത്തിന്റെ ആഡിററ് റിപ്പോർട്ട് സർക്കാരിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും നൽകിയാൽ പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പററിയുള്ള തുടർ നടപടികൾ ഈ വകുപ്പ് എടുക്കാറുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉള്ള നടപടി ഫലപ്രദമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) ആഡിററ് ഫീസിനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്ര വീതം തുക സർക്കാരിന് നൽകുവാനുണ്ട്; ഇവ ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ ആഡിററ് റിപ്പോർട്ടുകളിൻമേൽ മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ നിലവിലുള്ള നിയമപ്രകാരം ലോക്കൽഫണ്ട് വകുപ്പിന് കഴിയുകയുള്ളു. ഈ സ്ഥാപനങ്ങളുടെ ആഡിററ് റിപ്പോർട്ടുകളിൻമേൽ ഫലപ്രദമായ തുടർ നടപടികൾ കൈക്കൊള്ളുകവഴി, ആഡിററിൽ അനുവദനീയമല്ലാത്ത തുകകൾ തിരിച്ചടയ്ക്കുകയോ ഈടാക്കുകയോ ചെയ്യാറുണ്ട്.

(ബി) വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടയ്ക്കാൻ ബാക്കിയുള്ള ആഡിററ് ഫീസ് |
|---|---|---|
| 1 | ആലുവാ നഗരസഭ | 85,762 രൂപ |
| 2 | ചാലക്കുടി നഗരസഭ | 35,976 ,, |
| 3 | ചങ്ങനാശ്ശേരി നഗരസഭ | 2,26,148 ,, |
| 4 | ചെങ്ങന്നൂർ നഗരസഭ | 15,339 ,, |
| 5 | ചിററൂർ തത്തമംഗലം നഗരസഭ | 16,852 ,, |
| 6 | കണ്ണൂർ നഗരസഭ | 1,03,751 ,, |
| 7 | കായംകുളം നഗരസഭ | 84,230 ,, |
| 8 | കോതമംഗലം നഗരസഭ | 9,979 ,, |
| 9 | കോട്ടയം നഗരസഭ | 2,64,895 ,, |
| 10 | കുന്നംകുളം നഗരസഭ | 38,845 ,, |
| 11 | മലപ്പുറം നഗരസഭ | 49,075 ,, |
| 12 | മഞ്ചേരി നഗരസഭ | 12,899 ,, |
| 13 | പാലക്കാട് നഗരസഭ | 80,841 ,, |
| 14 | പറവൂർ നഗരസഭ | 77,272 ,, |
| 15 | പുനലൂർ നഗരസഭ | 64,107 ,, |
| 16 | കൊല്ലം നഗരസഭ | 1,60,418 ,, |
| 17 | ചേർത്തല നഗരസഭ | 40,390 ,, |

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടയ്ക്കാൻ ബാക്കിയുള്ള ആഡിററ് ഫീസ് |
|---|---|---|
| 18 | തിരുവല്ല നഗരസഭ | 50,273 രൂപ |
| 19 | തൊടുപുഴ നഗരസഭ | 59,954 ,, |
| 20 | തൃപ്പൂണിത്തുറ നഗരസഭ | 18,725 ,, |
| 21 | വൈക്കം നഗരസഭ | 2,375 ,, |
| 22 | വർക്കല നഗരസഭ | 15,392 ,, |
| 23 | വടകര നഗരസഭ | 13,775 ,, |
| 24 | ഹിന്ദുമത ധർമ്മസ്ഥാപന വകുപ്പ് | 84,23,351 ,, |
| 25 | ഗുരുവായൂർ ദേവസ്വം | 7,37,104 ,, |
| 26 | കേരള സർവകലാശാല | 34,85,354 ,, |
| 27 | കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല | 5,71,231 ,, |
| 28 | കോഴിക്കോട് സർവകലാശാല | 19,47,070 ,, |
| 29 | കേരള കാർഷിക സർവകലാശാല | 20,56,616 ,, |
| 30 | മഹാത്മാഗാന്ധി സർവകലാശാല | 6,23,384 ,, |
| 31 | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 33,68,429 ,, |
| 32 | സംസ്ഥാന ഗ്രാമ വികസന ബോർഡ് | 15,01,378 ,, |
| 33 | വിശാല കൊച്ചി വികസന അതോറിററി | 15,73,501 ,, |
| 34 | കോഴിക്കോട് വികസന അതോറിട്ടി | 9,15,638 ,, |
| 35 | കൂടൽമാണിക്യം ദേവസ്വം | 17,000 ,, |
| | ആകെ | 2,67,47,329 ,, |

സർക്കാരിലേക്കുള്ള കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

### സ്വകാര്യ ആഡിററിംഗിന് അംഗീകാരം നൽകണമെന്ന നിർദ്ദേശം

47 [4430] ശ്രീ. എം. എം. ഹസ്സൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മററു പല സംസ്ഥാനങ്ങളിലും നിലവിലുള്ളതുപോലെ കേരളത്തിലും സ്വകാര്യ ആഡിററിംഗിന് അംഗീകാരം നൽകണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിററിംഗ് കൃത്യമായും കാര്യക്ഷമമായും നടത്തുന്നതിന്റെ ഭാഗമായി ഇത്തരം സ്ഥാപനങ്ങളിൽ സ്വകാര്യ ആഡിററിംഗിന്റെ സേവനം കൂടി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) ഇല്ല.

(ബി) ആഡിററിംഗ് കൃത്യമായും, കാര്യക്ഷമമായും നടത്താൻ കഴിയാത്തത് കമ്പനിയുടെ വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണെങ്കിൽ കണക്കുകൾ പൂർത്തീകരിക്കാനായി ആവശ്യമായ സന്ദർഭങ്ങളിൽ ചാർട്ടേർഡ് അക്കൗണ്ടന്റ്സിനെ നിയമിക്കുവാൻ കമ്പനികൾക്ക് ഇപ്പോൾത്തന്നെ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ലോകബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പദ്ധതികൾ നടപ്പാക്കുന്നതിനായി പുതിയ തസ്തികകൾ

48 [4431] ശ്രീ. എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്കിന്റെയും കേന്ദ്രഗവൺമെന്റിന്റെയും പദ്ധതികൾ നടപ്പാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതുതായി എത്ര തസ്തികകൾ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലോകബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പദ്ധതികൾ നടപ്പാക്കുന്നതിന് അധിക തസ്തികകൾ അത്യാവശ്യമെന്ന് സർക്കാരിനു ബോദ്ധ്യം വരുന്ന സന്ദർഭങ്ങളിൽ റീ ഡിപ്ലോയ്മെന്റ് വഴി ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതും അതിനു തീരെ സാദ്ധ്യതയില്ലാതെ വരികയാണെങ്കിൽ പദ്ധതി നടത്തിപ്പിന് ഒഴിച്ചുകൂടാൻ വയ്യാത്ത തസ്തികകൾ സൃഷ്ടിക്കാൻ ഉത്തരവ് നൽകുന്നതുമാണ്.

(ബി) മുൻകൂട്ടി തിട്ടപ്പെടുത്താൻ നിർവാഹമില്ല.

## വായ്പ ഗ്രാൻറായി മാററണമെന്ന ആവശ്യം

49 [4432] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന വായ്പ ഗ്രാൻറായി മാററണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കേന്ദ്രത്തോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യപ്പെടാൻ നിവൃത്തിയില്ല. കാരണം നിക്ഷേപകർക്ക് കാലാവധി കഴിഞ്ഞ് തിരിച്ചു നൽകേണ്ട തുകയിൽ നിന്നുമാണ് സംസ്ഥാനത്തിന് വായ്പ ലഭിക്കുന്നത്.

## ദേശീയ സമ്പാദ്യ പദ്ധതി വകുപ്പു പരസ്യം നൽകിയ ഇനത്തിൽ നൽകേണ്ട കുടിശ്ശിക

50 [4433] ശ്രീ. സി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പരസ്യം നൽകിയ ഇനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരസ്യത്തുക കൊടുക്കാനുള്ള പ്രസിദ്ധീകരണങ്ങളുടെ പേരു വിവരവും കുടിശ്ശികത്തുകയും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പരസ്യം നൽകിയ ഇനത്തിൽ 18,600 രൂപ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി

51 [4434] ശ്രീ. പിണറായി വിജയൻ:

,, ബി. രാഘവൻ:

,, എം. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററ് ഇൻഷ്വറൻസ് വകുപ്പുവഴി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി എന്നു മുതലാണ് നടപ്പിലാക്കിയത്;

(ബി) ഈ സ്കീം അനുസരിച്ച് ഏതെല്ലാം തരത്തിലുള്ള അപകടങ്ങൾക്കാണ് കുട്ടികൾക്ക് ധനസഹായം നൽകുന്നത്;

(സി) 1992-93, 1993-94 എന്നീ വർഷങ്ങളിൽ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 14-8-1989 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) സ്വാഭാവിക മരണം, ലഹരിമരുന്നുകളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന മരണമോ അംഗവൈകല്യമോ യുദ്ധ സംബന്ധമായിട്ടുണ്ടാകുന്ന മരണമോ അംഗവൈകല്യമോ ന്യൂക്ലിയർ ഇന്ധനത്തിന്റെ റേഡിയേഷൻ കൊണ്ടുണ്ടാകുന്ന മരണമോ ശാരീരിക മുറിവോ, അസുഖമോ, ഗർഭം മൂലമോ പ്രസവം മൂലമോ ഉണ്ടാകുന്ന മരണങ്ങൾ, ആത്മഹത്യ എന്നിവ ഒഴികെ എല്ലാവിധ അപകടങ്ങൾ മൂലം സംഭവിക്കുന്ന മരണത്തിനും അംഗവൈകല്യത്തിനും ഒരു കുട്ടിക്ക് 10,000 രൂപ വരെ നഷ്ടപരിഹാരം നൽകാൻ ഈ പദ്ധതി അനുസരിച്ച് വ്യവസ്ഥയുണ്ട്.

(സി) ഈ സ്കീം 14-8-1990 മുതൽ പ്രാബല്യത്തിൽ വന്നതു കൊണ്ട് 14-8-1989 മുതൽ 13-8-1990 വരെ എന്ന ക്രമത്തിലും തുടർന്ന് അതേ ക്രമത്തിലുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. 1992-93—58,58,752 രൂപ ആകെ ചെലവായതിൽ വകുപ്പിന് 17,57,626 രൂപ നൽകേണ്ടിവന്നു (30%). 1993-94-ൽ 45,57,153 രൂപ ചെലവഴിച്ചിട്ടുള്ളതിന്റെ 30%മാണ് വകുപ്പിന് ബാദ്ധ്യത വരുന്നത്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഓഡിററ് സംവിധായം

52 [4435] ശ്രീ: പാച്ചേനി കുഞ്ഞിരാമൻ:
,, പിണറായി വിജയൻ:
,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒരു കൊമേഴ്സ്യൽവകുപ്പായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് അതിനുള്ള കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പിന്റെ കണക്കുകൾ ഓഡിററ് ചെയ്യുന്നതാരാണ്;

(സി) ഏതു വർഷം വരെയുള്ള കണക്കുകൾ ഇതുവരെയായി ഓഡിററ് ചെയ്തിട്ടുണ്ട്; ഈ ഓഡിററിന്റെ റിപ്പോർട്ടിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. കൊമേഴ്സ്യൽ സ്വഭാവമുള്ള ഇടപാടുകൾ നടത്തുന്നതുകൊണ്ടാണ് ഈ വകുപ്പിനെ കൊമേഴ്സ്യൽ വകുപ്പായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) അക്കൗണ്ടന്റ് ജനറൽ (കേരള) ആണ് കണക്കുകൾ ഓഡിററ് ചെയ്യുന്നത്.

(സി) 1992-93 വർഷം വരെയുള്ള കണക്കുകൾ ഓഡിററ് ചെയ്തിട്ടുണ്ട്. ഓഡിററ് റിപ്പോർട്ടിൻമേൽ വേണ്ടുന്ന അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

53 [4436] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, ടി. ശിവദാസമേനോൻ:
,, എം. കണാരൻ:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്;

(ബി) സർക്കാർ വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് സംബന്ധിച്ച ജോലി ഈ വകുപ്പിൽ നിന്നും മാററി പകരം വേറെ കമ്പനിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) വിള ഇൻഷ്വറൻസ് സംബന്ധിച്ച ജോലികൾ നിർവഹിക്കുന്നതിന ഈ വകുപ്പിലുള്ള സംവിധാനം എന്തൊക്കെയാണ്; ജില്ലാതലത്തിൽ ഇതിനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, വക്കീൽ ഗുമസ്തൻമാർക്കുള്ള ക്ഷേമനിധി, സ്കൂൾ കുട്ടികൾക്കുള്ള ആക്സിഡൻറ് ഇൻഷ്വറൻസ്, ക്രോപ്പ് ഇൻഷ്വറൻസ്, ഫയർ, മോട്ടോർ, മറൈൻ, മിസലേനിയസ് ഇൻഷ്വറൻസ് എന്നിവയൊക്കെയാണ് പ്രധാന ഇൻഷ്വറൻസ് പ്രവർത്തനങ്ങൾ.

(ബി) സർക്കാർ വാഹനങ്ങളെ 27-3-1991-ന് മുൻപ് തേർഡ് പാർട്ടി ഇൻഷ്വറൻസിൽ നിന്നും ഒഴിവാക്കിയിരുന്നു. അപകടങ്ങളിൽ പെടുന്നവർക്ക് കോടതി ഉത്തരവുകൾ പ്രകാരം നൽകേണ്ടിവരുന്ന നഷ്ടപരിഹാര സംഖ്യയുടെ ക്രമാതീതമായ വർദ്ധനവു കാരണം സർക്കാർ വാഹനങ്ങൾക്ക് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുത്തിരിക്കണമെന്ന് ജി. ഒ. (പി) 298/91/ധന തീയതി 27-3-1991 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടത്തിവരുന്ന പദ്ധതിപ്രകാരം നെൽക്കൃഷിക്ക് മാത്രമാണ് വിള ഇൻഷ്വറൻസ് ഉള്ളത്. ഈ വകുപ്പിലൂടെ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടത്തിവരുന്നു. സംസ്ഥാനം പ്രത്യേകിച്ച് രൂപീകരിച്ചിട്ടുള്ള റബ്ബർ, കുരുമുളക്, വാഴ തെങ്ങ് ഇവയ്ക്കുള്ള വിള ഇൻഷ്വറൻസ് ഫണ്ടിന്റെ നടത്തിപ്പ് കൃഷിവകുപ്പ് മുഖേനയാണ്. ഇൻഷ്വറൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന നെൽക്കൃഷിക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് തിരുവനന്തപുരത്ത് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന്റെ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ജില്ലാതല ഓഫീസിന് പ്രസക്തിയില്ല.

## പാലക്കാട് ജില്ല ഇൻഷ്വറൻസ് ഓഫീസ്

54 [4437] ശ്രീ. ടി. ശിവദാസമേനോൻ:

,, എം. നാരായണൻ (കുഴൽമന്ദം):

,, ഇ. ശങ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസിന്റെ പുതിയ കെട്ടിടം പണിക്കായി കഴിഞ്ഞവർഷത്തെ ബഡ്ജററിൽ എന്തു തുക വകയിരുത്തിയിരുന്നു;

(ബി) ഇതിൽ എന്തു തുക ചെലവായി;

(സി) കെട്ടിടം പണി ഇപ്പോൾ ഏതു ഘട്ടത്തിലിയിരിക്കുന്നു; എന്നത്തേക്ക് പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ ബഡ്ജററിൽ ഇതിലേക്ക് തുക വകയിരുത്തിയിരുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

55 [4438] ശ്രീ. പി. ജെ. ജോയി:
,, ഇ. എം. അഗസ്തി:
,, കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന് വായ്പ നൽകിയ വകയിൽ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട്;

(ബി) സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ വിശദവിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) കുടിശ്ശിക പിരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1993 മാർച്ച് മാസം 31-ാം തീയതി വരെ 36469.74 ലക്ഷം രൂപ പിരിഞ്ഞു കിട്ടാനുണ്ട്. അതിൽ 13704.67 ലക്ഷം രൂപ കുടിശ്ശികയും ബാക്കി 22765.07 ലക്ഷം രൂപ കുടിശ്ശിക ആകാത്ത ബാക്കിയുമാണ്.

(ബി) 1993 മാർച്ച് മാസം 31-ാം തീയതിവരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | | (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ആലപ്പുഴ | 1108.27 |
| 2. | കണ്ണൂർ | 710.31 |
| 3. | എറണാകുളം | 3262.98 |
| 4. | ഇടുക്കി | 75.04 |
| 5. | കോട്ടയം | 880.16 |
| 6. | കോഴിക്കോട് | 784.41 |
| 7. | മലപ്പുറം | 787.11 |
| 8. | പാലക്കാട് | 800.31 |
| 9. | പത്തനംതിട്ട | 550.48 |
| 10. | കൊല്ലം | 607.87 |
| 11. | തൃശ്ശൂർ | 1513.03 |
| 12. | തിരുവനന്തപുരം | 1743.54 |
| 13. | വയനാട് | 201.18 |
| 14. | കാസർകോട് | 233.54 |
| 15. | തൊടുപുഴ | 446.44 |
| | ആകെ | 13704.67 |

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കോർപ്പറേഷന് വിവിധ നടപടിക്രമങ്ങളുണ്ട്. നേരിട്ടോ കത്തു മുഖേനയോ കുടിശ്ശിക വരുത്തിയിട്ടുള്ളവരുമായി ബന്ധപ്പെടുക, സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് 29-ാം വകുപ്പുപ്രകാരം വ്യവസായ സ്ഥാപനം ഏറ്റെടുത്ത് വിൽക്കുക, 31-ാം വകുപ്പുപ്രകാരം സിവിൽ കോടതി നടപടി കൈക്കൊള്ളുക.

കേരള റവന്യൂ റിക്കവറി നിയമപ്രകാരം സർക്കാരിന്റെ റവന്യൂ വകുപ്പു മുഖാന്തിരം കുടിശ്ശിക പിരിച്ചെടുക്കുക തുടങ്ങിയ നടപടികളാണ് ഇപ്പോഴം കെ. എഫ്. സി. സ്വീകരിക്കുന്നത്.

## കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ നടന്നതായി പറയപ്പെടുന്ന അഴിമതി

56 [4439] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേററ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ഹെഡ് ആഫീസിൽ സ്റ്റേഷനറി, പ്രിൻറിംഗ് തുടങ്ങിയ കാര്യങ്ങളിൽ അഴിമതി നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുററക്കാരായി കണ്ടവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത അഴിമതിയെ സംബന്ധിച്ച് പുറമെ നിന്നുള്ള ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അന്വേഷണം നടത്തുന്ന അവസരത്തിൽ ഇന്റേണൽ ആഡിററ് വിഭാഗത്തിന്റെ തലവനെ മാററി നിർത്താൻ തയ്യാറാകുമോ?

### ഉത്തരം

(എ) ഇല്ല. എന്നാൽ സ്റ്റേഷനറി, പ്രിൻറിംഗ് എന്നിവയുടെ കണക്കുകൾ സൂക്ഷിക്കുന്നതിൽ പോരായ്മകൾ ഉള്ളതായി ഇന്റേണൽ ആഡിററിംഗ് ടീം കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇന്റേണൽ ആഡിററ് ടീമിന്റെ പ്രസ്തുത റിപ്പോർട്ട് ഇന്റേണൽ ആഡിററിന്റെ ചാർജ് വഹിക്കുന്ന സീനിയർ മാനേജരെ കൊണ്ട് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. സ്റ്റേഷനറി, പ്രിൻറിംഗിൽ കൃത്യമായ കണക്കും സ്റ്റോക്കും ഉള്ളതുകൊണ്ട് മേൽ നടപടി ആവശ്യമായി തോന്നിയില്ല.

(സി) മേൽ പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ആവശ്യത്തിന്റെ പ്രസക്തി ഉദിക്കുന്നില്ല.

(ഡി) ഉത്തരം (സി) കാണുക.

## സിൽവർ ജൂബിലി വർഷം പ്രമാണിച്ച് കെ. എസ്. എഫ്. ഇ. നടപ്പാക്കുന്ന പരിപാടി

57 [4440] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേററ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സിൽവർ ജൂബിലി വർഷം പ്രമാണിച്ച് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) 1993-94 സാമ്പത്തിക വർഷം കേരളാ സ്റ്റേററ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ലാഭം എത്ര രൂപയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. എഫ്. ഇ. യുടെ സിൽവർ ജൂബിലി പ്രമാണിച്ച് താഴെ പറയുന്ന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. ഇടപാടുകാരുടെ പ്രശ്നങ്ങളും, അഭിപ്രായങ്ങളും, പരാതികളും എന്നിവ നേരിട്ട് കേൾക്കുന്നതിനും അവർക്ക് പരിഹാരം കാണുന്നതിനും എല്ലാ ജില്ലകളിലും മുഖാമുഖം പരിപാടി നടത്തി വരുന്നു.

2. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിൽസാ സൗകര്യം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്.

3. കമ്പനിക്ക് ഇപ്പോൾ ശാഖകൾ ഇല്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും ശാഖകൾ തുറക്കുന്നതാണ്.

(ബി) 1993-94-ലെ കൃത്യമായ ലാഭം കണക്കാക്കിയിട്ടില്ല. 1993-94 ലെ ബഡ്ജററ് അനുസരിച്ച് പ്രതീക്ഷിക്കുന്ന ലാഭം 37.89 ലക്ഷം രൂപയാണ്.

## സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടി

58 [4441] ശ്രീ. പി. ജെ. ജോയി:
,, കെ. കെ. തോമസ്:
,, ഇ. യൂഎം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടിയുടെ സലയുടെ പരിധി എത്രയാണ്;

(ബി) ഇത് കുറവാണ് എങ്കിൽ ചിട്ടി സല വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഭേദഗതി ചിട്ടി നിയമത്തിൽ വരുത്തുമോ?

ഉത്തരം

(എ) 25000 രൂപ.

(ബി) 1982-ലെ കേന്ദ്ര ചിട്ടി ഫണ്ട് നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ മാത്രമേ സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികളുടെ സല വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## ലോട്ടറി ഏജൻസികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി

53 [4442] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി ഏജൻസികളുടെ ക്ഷേമ കാര്യങ്ങൾക്കായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര പേർ പ്രവർത്തിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ? എങ്കിൽ എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്ന ലോട്ടറി ഏജൻസികൾക്കും ഇതര ലോട്ടറി വിൽപ്പനക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ലോട്ടറി ഏജൻസികളുടെ ക്ഷേമകാര്യങ്ങൾക്കായി ഒരു ക്ഷേമനിധി 1991 ഫെബ്രുവരി 15-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. പി. 16/91/റ്റി. ഡി. മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(ബി) അംഗീകൃത ഏജൻറുമാർ 9,500 പേരുണ്ട്. വിൽപ്പനക്കാരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) രജിസ്റ്റർ ചെയ്ത ഏജൻറുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. വിൽപ്പനക്കാർക്ക് രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല.

## Assessment of Agricultural Income Tax from the Accounting years 1987-88 to 1992-93

60 [4443] **Shri George J. Mathew:** Will the Minister for Finance be pleased to State:

(a) The number of agricultural Income tax assesses those who have 0-3 hectares;

(b) The number of agricultural income tax assesses those who have 3-5 hectares;

(c) The number of agricultural income tax assesses those who have 5-10 hectares;

(d) The number of agricultural income tax assesses those who have 10-15 hectares;

(e) The number of agricultural income tax assesses those who have 15-20 hectares;

(f) The number of agricultural income tax assesses of corporate companies, Co-operative Societies, Charitable Trust etc. having above 20 hectares;

(g) The number of agricultural income tax assesses among Tenants in Common and Partnership;

(h) The number of agricultural income tax assesses among individuals;

(i) Total extent of holding in each of the above categories;

(j) Total extent of yielding area in each of the above categories;

(k) Total tax assessed in each of the above categories;

(l) Tax per hectares of yielding area in each of the above categories;

(m) Total tax assessed and collected from each of the above categories for the accounting years 1987-88 to 1992-93.

LIBRARY ARCHIVES Kerala Legislative Assembly

(n) The number of agricultural income tax assessments pending in each of the above categories for the accounting years 1987-88 to 1992-93.

(o) The amounts of A.I.T. pending to be collected in each of the above categories for the accounting years 1987-88 to 1992-93.

(p) What are the causes of pending Agricultural Income Tax assessments and pending collections for the accounting years from 1987-88 to 1992-93?

*Answer*

(a, b, c, d, e, f, g, h, i, j, k, l, m, n, o, p) Details being collected.

## സംസ്ഥാന ഭാഗ്യക്കുറി

61 [4444] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ഇ. കെ. ഇമ്പിച്ചിബാവ:
,, സി. പി. ബാലൻ വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറികളുടെ പരസ്യത്തിനായി വരുമാനത്തിന്റെ എത്ര ശതമാനമാണ് വിനിയോഗിക്കുന്നത്;

(ബി) ഭാഗ്യക്കുറി സംബന്ധിച്ച കണക്കുകൾ ഓഡിററ് ചെയ്യുന്നത് ആരാണ്;

(സി) ഏതുവരെയുള്ള കണക്കുകൾ ഓഡിററ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാഗ്യക്കുറികളുടെ പരസ്യത്തിനായി മൊത്തം വരുമാനത്തിന്റെ 1.6% ആണ് വിനിയോഗിക്കുന്നത്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ സ്റ്റാററ്യൂട്ടറി ആഡിററും ലോട്ടറികളുടെ കണക്കുകൾ ലോട്ടറി വകുപ്പിലെ ഇന്റേണൽ ആഡിററു വിഭാഗവുമാണ് നടത്തി വരുന്നത്.

(സി) എ. ജി. യുടെ ആഡിററ് മുടക്കമില്ലാതെ എല്ലാവർഷവും നടത്താറുണ്ട്. ഇന്റേണൽ ആഡിററ് വിഭാഗം 31-3-1990 വരെ എല്ലാ ആഫീസുകളിലേയും ആഡിററ് ചെയ്തിട്ടുണ്ട്.

## പഴയ തിരുവിതാംകൂർ-കൊച്ചി രാജകുടുംബങ്ങൾക്കും കൊട്ടാരം ജീവനക്കാർക്കും നൽകി വരുന്ന പെൻഷൻ

62 [4445] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ തിരുവിതാംകൂർ-കൊച്ചി രാജകുടുംബാംഗങ്ങൾക്കും കൊട്ടാരം ജീവനക്കാർക്കും നൽകി വന്നിരുന്ന പെൻഷൻ ഇപ്പോൾ നിർത്തലാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗക്കാർക്കുള്ള പെൻഷൻ നിർത്തലാക്കുന്നതു സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ കുടിശ്ശികയായി എന്തു തുക നൽകുവാനുണ്ട്.

(ഇ) കുടിശ്ശിക നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോഴം പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൊച്ചി രാജകുടുംബാംഗങ്ങൾക്ക് 1992 സെപ്തംബർ മുതലുള്ള പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട്.

(ഇ) കുടിശ്ശിക സംബന്ധിച്ച വിശദ വിവരങ്ങൾ തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽനിന്നും ലഭിക്കാത്തതാണ് കാരണം.

## സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഡി. എ. കുടിശ്ശിക

63 [4446] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ഗഡു ഡി. എ. കുടിശ്ശിക നൽകാനുണ്ട്;

(ബി) കുടിശ്ശികയായ ഡി. എ. എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) കുടിശ്ശികയായ ക്ഷാമബത്ത ഗഡുക്കൾ നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

## അധിക തുക തിരിച്ചു പിടിക്കാൻ നടപടി

64 [4447] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശമ്പള പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ജീവനക്കാർക്ക് ശമ്പളം തെറ്റായി ഫിക്സ് ചെയ്യുന്നതിലൂടെ വൻതുക ഗവൺമെന്റിന് നഷ്ടമാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പളം തെററായി ഫിക്സ് ചെയ്തിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനും അങ്ങനെ ചെയ്തിട്ടുള്ള കേസുകളിൽ അധികം നൽകിയ തുക തിരിച്ചു പിടിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) ചില കേസുകളിൽ ശമ്പളം തെററായി ഫിക്സ് ചെയ്തതായി അക്കൗണ്ടൻറ് ജനറൽ സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പ്രത്യേക പുനഃപരിശോധന നടത്തണമെന്ന് അക്കൗണ്ടൻറ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) അനുയോജ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## സർക്കാർ സ്വീകരിച്ച വായ്പകളിൻമേൽ വരുന്ന പലിശ

65 [4448] ശ്രീ. വി. കെ. ബാബു:

,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-94-ലെ ബഡ്ജററിൽ രേഖപ്പെടുത്തിയ 650.72 കോടി രൂപയുടെ പലിശച്ചെലവിൻെറ വിശദ വിവരം വ്യക്തമാക്കുമോ;

(ബി) സർക്കാർ കടം എടുത്ത തുകയ്ക്ക് നൽകേണ്ടി വരുന്ന പലിശ നിരക്കിലാണോ സർക്കാർ വിതരണം ചെയ്യുന്ന വായ്പയ്ക്ക് പലിശ ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഉപഭോക്താക്കളിൽനിന്നും ചെലവിൽ കൂടുതൽ പലിശ സർക്കാർ പിരിച്ചെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപഭോക്താക്കളിൽ നിന്നാണ് അധിക പലിശ ഈടാക്കുന്നത്;

(ഡി) സർക്കാർ നൽകേണ്ടി വരുന്ന കൂടിയ പലിശ നിരക്കും സർക്കാർ ഈടാക്കുന്ന കൂടിയ പലിശ നിരക്കും വ്യക്തമാക്കുമോ;

(ഇ) ഗവൺമെൻറ് സ്വീകരിച്ച വായ്പകളിൻമേൽ പ്രതിമാസം നൽകേണ്ടതായി വരുന്ന പലിശ എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ സർക്കാർ സ്വീകരിച്ച വായ്പാ തുകയും അതിനായി നൽകുന്ന പലിശയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ഈ വിധം സർക്കാർ കടം എടുത്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(എച്ച്) 1992-93-നു മുൻപ് ഉണ്ടായിരുന്ന പലിശ കുടിശ്ശിക എത്ര; ഈ തുക 1992-93-ലെ മൊത്തം പലിശയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഐ) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം വർഷത്തെ എത്ര രൂപ കൂട്ടിയതാണ് 1992-93-ലെ മൊത്തം പലിശയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1993-94-ലെ ബഡ്ജററിൽ രേഖപ്പെടുത്തിയ 650.72 കോടി രൂപയുടെ പലിശച്ചെലവിൻെറ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

| | | (രൂപ കോടിയിൽ) |
|---|---|---|
| (1) | ആഭ്യന്തര കടത്തിൻമേലുള്ള പലിശ | 185.88 |
| (2) | ലഘു സമ്പാദ്യങ്ങൾ, പ്രോവിഡൻറ് ഫണ്ട് മുതലായവയിൻമേലുള്ള പലിശ | 185.98 |
| (3) | കേന്ദ്ര ഗവൺമെൻറിൽനിന്നുള്ള വായ്പകളിലും മുൻകൂറുകളിലുമുള്ള പലിശ | 278.81 |
| (4) | കരുതൽ ഫണ്ടിൻമേലുള്ള പലിശ | 0.05 |
| | ആകെ | 650.72 |

(ബി) അല്ല.

(സി) ഇല്ല.

(ഡി) കാലാകാലങ്ങളിൽ സർക്കാർ നേരത്തെ എടുക്കുന്ന തീരുമാനങ്ങൾക്കനുസരണമായാണ് പലിശ നിരക്ക് നിശ്ചയിക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ സർക്കാരിന് വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിക്കാറുണ്ട്.

(ഇ) ഇല്ല.

(എഫ്) 1993-94-ലെ ബഡ്ജററ് എസ്ററിമേററ് പ്രകാരം സർക്കാർ സ്വീകരിച്ച വായ്പ്പത്തുകയും അതിനായി നൽകുന്ന പലിശയും യഥാക്രമം 1081.85 കോടി രൂപയും 464.69 കോടി രൂപയുമാണ്.

(ജി) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ, ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ, കാർഷിക ദേശീയ ഗ്രാമ വികസന ബാങ്ക്, ദേശീയ സഹകരണ വികസന കോർപ്പറേഷൻ എന്നീ ഏജൻസികളിൽനിന്നും സർക്കാർ കടം എടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽനിന്നും വായ്പകളും മുൻകൂറുകളും കാലാകാലങ്ങളിൽ എടുക്കാറുണ്ട്.

(എച്ച്) അതാതു വർഷം നൽകാനുള്ള പലിശ അതാതു വർഷത്തെ ബഡ്ജററിൽ ഉൾപ്പെടുത്തി നൽകുന്നതുകൊണ്ട് പലിശ കുടിശ്ശിക സാധാരണ ഗതിയിൽ വരാറില്ല.

(ഐ) കണക്കുകൾ ലഭ്യമല്ല.

## അഗ്രികൾച്ചർ ഇൻകംടാക്സ് സെയിൽസ്ടാക്സ് ആഫീസർ നിയമനം

66 [4449] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ ഇൻകംടാക്സ് ആൻറ് സെയിൽസ്ടാക്സ് വകുപ്പിൽ 1986 മുതൽ അഗ്രികൾച്ചർ ഇൻകംടാക്സ് ആൻറ് സെയിൽസ്ടാക്സ് ആഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഓരോ വർഷത്തെയും ഒഴിവുകൾ പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഈ കാലഘട്ടത്തിൽ റിട്ടയർമെൻറ്, പ്രൊമോഷൻ, തസ്തിക സൃഷ്ടിക്കൽ എന്നിവയിലൂടെ ഓരോ വർഷവും എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കാലഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്;

(ഡി) നേരിട്ടുള്ള നിയമനത്തിന് മാററിവച്ചിട്ടുള്ള തസ്തികകളിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

സെയിൽസ് ടാക്സ് ആഫീസർ നിയമനം

67 [4450] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ആഫീസർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടായിട്ടുണ്ട്;

(ബി) പ്രൊമോഷൻ, റിട്ടയർമെൻറ്, തസ്തിക സൃഷ്ടിക്കൽ എന്നീ രീതിയിൽ എത്ര ഒഴിവുകളുണ്ടായിട്ടുണ്ടെന്ന് പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവനം സർക്കാർ സർവ്വീസായി പരിഗണിക്കണമെന്ന ആവശ്യം

68 [4451] ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കിവരവേ പി. എസ്. സി. മുഖേന സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചവർക്ക് അവരുടെ മുൻകാല സർവ്വീസ് പെൻഷനും ഗ്രാറ്റുവിററിക്കും സർക്കാർ സർവ്വീസിനോടൊപ്പം പരിഗണിക്കുവാൻ ഇപ്പോൾ നിയമമുണ്ടോ?

ഉത്തരം

ഇല്ല.

പൊതുമരാമത്തു വകുപ്പ് നൽകിയ കരാറിൻമേൽ ഉള്ള കേസ്സുകൾ

69 [4454] ശ്രീ. എ. യൂനസ് കുഞ്ഞ്:
,, എം. ജെ. സക്കറിയ
,, കെ. എം. സൂപ്പി:
,, കെ. കെ. അബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പൊതുമരാമത്തു വകുപ്പ് നൽകിയ കരാറിൻമേൽ എത്ര ആർബിട്രേഷൻ കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) എന്തു തുകയ്ക്കുള്ള കരാറുകൾ ഇപ്രകാരം ആർബിട്രേഷൻ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്;

(സി) നടപ്പുവർഷം എത്ര കേസ്സുകളിൻമേൽ തീരുമാനമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ ഏററവും പഴക്കം ഉള്ള ആർബിട്രേഷൻ കേസ് ഏതാണ്; ആർബിട്രേഷനു വിട്ടിട്ട് എത്ര കാലമായി;

(ഇ) കഴിഞ്ഞ രണ്ടു കൊല്ലക്കാലത്തു വന്ന ആർബിട്രേഷൻ കേസ്സുകളുടെ വിധിയിൽ ഗവൺമെൻറിനനുകൂലമായത് എത്രയെന്നും പ്രതികൂലമായത് എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ച് 6 കേസ്സുകൾ ആർബിട്രേഷൻ കോടതിയിൽ നിലവിലുണ്ട്.

(ബി) രൂപ 99,495 മുതൽ രൂപ 20, 85,315 വരെ.

(സി) 13 കേസ്സുകളിൽ തീരുമാനമായി.

(ഡി) ഏററവും പഴക്കമുള്ള കേസ് നമ്പർ 154/83 5-11-83-ൽ സമർപ്പിച്ചത് 26-8-93-ൽ അവാർഡായി.

(ഇ) ഗവൺമെൻറിനനുകൂലമായ കേസ്സുകൾ 2 എണ്ണം, പ്രതികൂലമായ കേസ്സുകൾ 15 എണ്ണം.

ചീരങ്കാവ്-പുത്തൂർ-പവിത്രേശ്വരം റോഡിന്റെ ശോചനീയാവസ്ഥ

70 [4469] ശ്രീ. ഡൊമനിക് പ്രസൻേറഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ചീരങ്കാവ്—പുത്തൂർ—പവിത്രേശ്വരം റോഡിന്റെ ശോചനീയാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ മരാമത്തുപണികൾ എന്ന് നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പണികൾ 15-2-1994-ൽ ടെൻഡർ ചെയ്തിട്ടുണ്ട്. ഈ പണി 31-3-1994-ന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ട്രേഡ് യൂണിയനുകൾ

71 [4489] ശ്രീ. പി. ജെ. ജോയി:
,, കെ. കെ. തോമസ്:
,, ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ട്രേഡ് യൂണിയൻ രജിസ്ററർ ചെയ്യുന്നതിന് ഏററവും കുറഞ്ഞ അംഗസംഖ്യ എത്രയാണ്;

(ബി) ഇപ്രകാരം കുറഞ്ഞസംഖ്യ നിശ്ചയിച്ചിരിക്കുന്നതുമൂലം ഒരേ വ്യവസായത്തിൽ നിരവധി യൂണിയനുകൾ രജിസ്ററർ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രേഡ് യൂണിയൻ അതിപ്രസരം മൂലം ചെറുകിട വ്യവസായികൾക്കനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തു നിർദ്ദേശമാണ് ഗവൺമെൻറിന്റെ പരിഗണനയിലുള്ളത്?

ഉത്തരം

(എ) ഏഴ്.

(ബി) ഉണ്ട്.

(സി) ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ ബിൽ സർക്കാർ പരിശോധിച്ചു വരുന്നു.

തൊഴിലില്ലായ്മാ വേതനം

72 [4490] ശ്രീ. ഇ. എം. അഗസ്തി:
,, കെ. കെ. തോമസ്:
,, പി. ജെ. ജോയി:
,, ക്രബി. വിജയകുമാർ:
,, പി. രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരിക്കൽ തൊഴിലില്ലായ്മ വേതനം ലഭിക്കുകയും പിന്നീട് വേതനത്തിന് അർഹതയില്ലാതാവുകയും എന്നാൽ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഇരിക്കുകയും ചെയ്യുന്നതായ എത്ര കേസ്സുകൾ സംസ്ഥാനത്ത് ഉണ്ട്;

(ബി) ഒരിക്കൽ വേതനം നഷ്ടപ്പെട്ടാൽ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെയാണ് നടപടി ക്രമങ്ങൾ;

(സി) വേതനം നഷ്ടമാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) ഒരു വർഷം തൊഴിലില്ലായ്മാ വേതനമായി എന്തുതുകയാണ് ചെലവഴിക്കുന്നത്;

(ഇ) 1993-94 സാമ്പത്തിക വർഷത്തിൽ ഇതിനായി വകയിരുത്തിയിരുന്ന തുകയിൽ എന്തുതുക ഇതുവരെ ചെലവഴിച്ചു;

(എഫ്) പറവൂർ താലൂക്കിൽ എത്രപേർക്ക് ഇപ്പോൾ തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പറവൂർ താലൂക്കിൽ മാത്രം എത്രപേർക്ക് പുതുതായി തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്;

(എച്ച്) തൊഴിലില്ലായ്മ വേതനത്തിനുള്ള എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാനായി പറവൂർ താലൂക്കിൽ ഉണ്ട്; എന്നത്തേയ്ക്ക് ഇതിന് തീരുമാനമെടുക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) യഥാസമയം ഹാജരായി വേതനം കൈപ്പറ്റുന്നതിൽ വീഴ്ച വരുത്തിയതുമൂലം വേതനം നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ അവരുടെ അർഹത സംബന്ധിച്ച് ബന്ധപ്പെട്ട വില്ലേജാഫീസർ/തഹസിൽദാരുടെ റിപ്പോർട്ട് വാങ്ങി അർഹത പുനർനിർണ്ണയം ചെയ്തു വേതനം അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് വേതനം വീണ്ടും അനുവദിച്ചു

കൊണ്ട് എംപ്ലോയ്മെന്റ് ആഫീസർമാർ ഉത്തരവാകുന്ന മാസം മുതലുള്ള വേതനമേ ലഭിക്കുകയുള്ളൂ. കുടിശ്ശിക ലഭിക്കുന്നതല്ല. എന്നാൽ, 23-4-1992-ലെ ജി. ഒ. ആർ റ്റി നമ്പർ 1045/92/എൻ സി ആർ എന്ന ഉത്തരവ് പ്രകാരം, 1-7-91-ന് ശേഷം, ഗുണഭോക്താക്കൾക്ക് അവരുടെ രോഗം, അടുത്ത ബന്ധുക്കളുടെ മരണം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം ഹാജരായി വേതനം കൈപ്പററാൻ കഴിയാതിരുന്നാൽ അവർ വേതനം പററാതിരുന്ന കാരണത്തിന് ശരിയായ തെളിവ് ഹാജരാക്കിയാൽ കൈപ്പററാതിരുന്ന കാലത്തെ വേതനവും തുടർന്നുള്ള വേതനവും നൽകുന്നതാണ്.

(സി) യഥാസമയം ഹാജരായി വേതനം സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം വേതനം നഷ്ടപ്പെടുന്നതിനു പുറമേ വിദ്യാർത്ഥിയാവുക, വാർഷിക കുടുംബ വരുമാനം പരിധിയിൽ കൂടുക, ജോലി ലഭിക്കുക, വ്യക്തിഗത വരുമാനം 50 രൂപയിൽ കൂടുതലാവുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിവിട്ട് താമസിക്കുക, വയസ്സിന്റെ പരിധി കവിയുക, രജിസ്ട്രേഷൻ ലാപ്സാവുക എന്നീ കാരണങ്ങളാലും വേതനം നഷ്ടമാകുന്നതാണ്.

(ഡി) കൃത്യമായ ഒരു തുക അല്ല തൊഴിലില്ലായ്മാ വേതനമായി ഓരോ വർഷവും ചെലവഴിക്കുന്നത്. 1982 മുതൽ തൊഴിൽ രഹിത വേതനഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് താഴെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 1982–83 | 80,22,675 |
| 1983–84 | 6,49,79,546 |
| 1984–85 | 7,68,52,922 |
| 1985–86 | 10,12,06,100 |
| 1986–87 | 8,36,08,350 |
| 1987–88 | 10,95,65,370 |
| 1988–89 | 23,63,77,410 |
| 1989–90 | 19,96,36,530 |
| 1990–91 | 19,34,87,950 |
| 1991–92 | 16,19,63,930 |
| 1992–93 | 6,25,,67,080 |
| 1993–94 (31-1-94 വരെ) | 1,41,67,790 |

(ഇ) 1993–94 സാമ്പത്തിക വർഷത്തിൽ 26.60 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 31-1-94 വരെ ലഭ്യമായ കണക്കനുസരിച്ച് 17.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 31-1-94 വരെയുള്ള ലഭ്യമായ കണക്കനുസരിച്ച് 2,789 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്.

(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) വില്ലേജ് ആഫീസർമാരുടെ റിപ്പോർട്ട് ലഭിച്ച 4 അപേക്ഷകൾ തീരുമാനമെടുക്കാനായി അവശേഷിക്കുന്നു. 1518 അപേക്ഷകൾ വില്ലേജാഫീസുകളിൽ റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവയിൽ തീരുമാനമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## വ്യാവസായിക തൊഴിലാളികൾക്ക് പുതിയ തൊഴിലുകളിൽ പരിശീലനം

73 [4491] ശ്രീ. എ. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക തൊഴിലാളികൾക്ക് തൊഴിലുകളിൽ ആധുനിക പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത പരിശീലന കേന്ദ്രത്തിന് ഐ. എൽ. ഒ. യുടെ സഹായം ലഭിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനകം എത്രകോടി രൂപയുടെ യന്ത്രങ്ങളാണ് പരിശീലന കേന്ദ്രത്തിന് സഹായമായി ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1977-ൽ സ്ഥാപിതമായ കളമശ്ശേരി എ. വി. ടി. എസ്സിൽ താഴെപ്പറയുന്ന ട്രേഡുകളിൽ വ്യാവസായിക തൊഴിലാളികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഈ ട്രെയിനിംഗ് 2 ആഴ്ച മുതൽ 6 ആഴ്ച വരെ നീണ്ടുനിൽക്കുന്ന ഹ്രസ്വകാല കോഴ്സുകളാണ്.

1. ഇൻഡ്യൻ സ്റ്റാൻഡേർഡ് ആന്റ് റീഡിംഗ് ഓഫ് എൻജിനീയറിംഗ് ഡ്രോയിംഗ്.
2. അഡ്വാൻസ്ഡ് വെൽഡിംഗ്.
3. ഇലക്ട്രിക്കൽ മെയിന്റനൻസ്
4. മെക്കാനിക്കൽ മെയിന്റനൻസ്.
5. റ്റൂൾ ആന്റ് ഡൈ മേക്കിംഗ്.
6. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് മറൈൻ ഡീസൽ എൻജിൻസ്.
7. ഡൊമസ്റ്റിക് അപ്ലയൻസ് മെയിന്റനൻസ്.

മേൽപ്പറഞ്ഞ സ്ഥാപനത്തിന് അതു തുടങ്ങിയ സമയത്ത് ഐ. എൽ. ഒ. യുടെ സഹായം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഐ. എൽ. ഒ. യുടെ സഹായം ലഭിക്കുന്നില്ല. കൂടാതെ ലോകബാങ്ക് സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഐ. ടി. ഐ യോടനുബന്ധിച്ച് പുതിയ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 1993 ഡിസംബർ മുതൽ ഒരു എ. വി. ടി. എസ്. ആരംഭിച്ചിട്ടുണ്ട്. അവിടെ ഇലക്ട്രോണിക്സ് മെയിന്റനൻസ് ട്രേഡിൽ പരിശീലനം തുടങ്ങിക്കഴിഞ്ഞു. ഇനി ആട്ടോമെക്കാനിക് ട്രേഡ് കൂടി തുടങ്ങുന്നുണ്ട്. പ്രസ്തുത പരിശീലനത്തിന് ഐ. എൽ. ഒ. യുടെ സഹായം ലഭിക്കുന്നില്ല.

(സി) ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർക്ക് വേണ്ടി പ്രത്യേക പദ്ധതികൾ

74 [4492] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളുള്ള തൊഴിൽ രഹിതർക്ക് വേണ്ടി തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളുള്ള തൊഴിൽ രഹിതർക്ക് വേണ്ടി പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

ഒ. ഡി. ഇ. പി. സി. ഓഫീസുകൾ

75 [4493] ശ്രീ. എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. ഡി. ഇ. പി. സി. സംസ്ഥാനത്ത് കൂടുതൽ ഓഫീസുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ പുതിയ ഓഫീസുകൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) വിദേശരാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനായി ഒ. ഡി. ഇ. പി. സി. യുടെ ഉന്നത ഉദ്യോഗസ്ഥൻമാർ വിദേശരാജ്യങ്ങൾ സന്ദർശിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇതിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇല്ല.

കോമളപുരം കേരള സ്പിന്നേഴ്സ് ലോക്കൗട്ട്

76 [4494] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമളപുരം കേരള സ്പിന്നേഴ്സ് ലോക്കൗട്ട് ചെയ്തിട്ട് എത്ര നാളായി എന്ന് വെളിപ്പെടുത്തുമോ;

(ബി) അനുരഞ്ജന ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ നിയമ വിരുദ്ധമായിട്ടാണ് ഈ സ്ഥാപനം ലോക്കൗട്ട് ചെയ്തതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അനുരഞ്ജന കോൺഫറൻസുകൾ ആരംഭിച്ചിട്ട് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൊഴിൽ തർക്ക നിയമമനുസരിച്ച് ലേബർ കമ്മീഷൻ കൺസിലിയേഷൻ പരാജയപ്പെട്ടതായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ബോണസ് ആക്ട് അനുസരിച്ച് ബോണസ് ലഭിച്ചിട്ടില്ലെന്നും ലോക്കൗട്ട് നിയമ വിരുദ്ധമാണെന്നും കാണിച്ച് ഹൈക്കോടതിയിൽ നൽകിയ ഹർജിയിൻമേൽ (ഒ. പി. നമ്പർ. 14870/93) വിധി ഉണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആ വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) വ്യവസായ സമാധാനം നിലനിർത്തുവാൻ തൊഴിൽ തർക്ക നിയമം തക്ക സമയത്ത് ഉപയോഗപ്പെടുത്താതിരുന്നിട്ടുണ്ടോ;

(ഐ) കേരള സ്പിന്നേഴ്സിലെ തൊഴിൽ തർക്കം ഒത്തുതീർപ്പ് ഉണ്ടാക്കാൻ മാനേജ്മെൻറ് തയ്യാറാകാത്ത സാഹചര്യത്തിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് അഡ്ജുഡിക്കേഷന് റഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ചു മാസമായി. 24-9-1993 മുതൽ ലോക്കൗട്ടിലാണ്.

(ബി, സി) അനുരഞ്ജന ചർച്ചകൾ നടക്കുന്നതിനിടയിലാണ് ലോക്കൗട്ട് ചെയ്തത്. എന്നാൽ ലോക്കൗട്ട് നിയമ വിരുദ്ധമാണെന്ന് കാണുന്നില്ല.

(ഡി) ഏഴുമാസമായി.

(ഇ) ഇല്ല.

(എഫ്) അന്തിമ വിധിയുണ്ടായിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഇല്ല.

(ഐ) ഇപ്പോൾ നടന്നുവരുന്ന അനുരഞ്ജന ചർച്ചകൾ പരാജയപ്പെടുകയാണെങ്കിൽ അഡ്ജുഡിക്കേഷന് റഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## നിലത്തെഴുത്ത് അദ്ധ്യാപകർക്ക് ലോണും മററ് ആനുകൂല്യങ്ങളും നൽകാൻ നടപടി

77 [4495] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായുള്ള സംസ്ഥാനത്തെ നിലത്തെഴുത്ത് അദ്ധ്യാപകർക്ക് തങ്ങളുടെ വിദ്യാലയങ്ങളുടെ പ്രവർത്തനത്തിന് ലോണും മററ് ആനുകൂല്യങ്ങളും നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള നിയമമനുസരിച്ച് നിലത്തെഴുത്ത് അദ്ധ്യാപകർക്ക് കേരള തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ വരാൻ വ്യവസ്ഥയില്ല. ആയതിനാൽ നിലത്തെഴുത്ത് വിദ്യാലയങ്ങളുടെ പ്രവർത്തനത്തിന് ലോണും മററാനുകൂല്യങ്ങളും നല്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ളവർ

78 [4496] ശ്രീ. കെ. കെ. തോമസ്:
,, പി. ജെ. ജോയി:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ളവരുടെ ജില്ല തിരിച്ചും എക്സ്ചേഞ്ച് തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് ടെക്നിക്കൽ വിഭാഗങ്ങളിൽ എത്രപേർ വീതം പേര് രജിസ്ററർ ചെയ്തിട്ടുണ്ട്;

(സി) വിശദവിവരം ലഭ്യമാക്കുമോ;

(ഡി) എത്രവർഷം പഴക്കമുള്ള രജിസ്ട്രേഷനുകൾ നിലവിലുണ്ട്?

### ഉത്തരം

(എ) വ്യക്തമാക്കാം. 31-12-1993-വരെ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 747453 |
| 2. | കൊല്ലം | 418422 |
| 3. | പത്തനംതിട്ട | 181990 |
| 4. | ആലപ്പുഴ | 350960 |
| 5. | കോട്ടയം | 330589 |
| 6. | ഇടുക്കി | 127717 |
| 7. | എറണാകുളം | 465872 |
| 8. | തൃശ്ശൂർ | 333072 |
| 9. | പാലക്കാട് | 266023 |
| 10. | മലപ്പുറം | 206384 |
| 11. | കോഴിക്കോട് | 309003 |
| 12. | വയനാട് | 68831 |
| 13. | കണ്ണൂർ | 239490 |
| 14. | കാസർകോട് | 77180 |
| | പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് ഓഫീസ് (തിരുവനന്തപുരം) | 33906 |

31-12-1993-വരെ സംസ്ഥാന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തവരുടെ എക്സ്ചേഞ്ചുതിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| 1. | ഡിവിഷണൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്, തിരുവനന്തപുരം | 294923 |
| 2. | പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് ഓഫീസ്, തിരുവനന്തപുരം | 33906 |

| | |
|---|---|
| 3. സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (പി. എച്ച്) | 1919 |
| 4. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആററിങ്ങൽ | 90725 |
| 5. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാററിൻകര | 236781 |
| 6. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെടുമങ്ങാട് | 123105 |
| 7. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊല്ലം | 140675 |
| 8. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പുനലൂർ | 69968 |
| 9. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കരുനാഗപ്പള്ളി | 115120 |
| 10. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊട്ടാരക്കര | 92659 |
| 11. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലപ്പുഴ | 135733 |
| 12. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കായംകുളം | 71454 |
| 13. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചേർത്തല | 88973 |
| 14. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര | 54800 |
| 15. ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പത്തനംതിട്ട | 126226 |
| 16. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവല്ല | 55764 |
| 17. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കോട്ടയം | 119647 |
| 18. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലാ | 88671 |
| 19. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചങ്ങനാശ്ശേരി | 63750 |
| 20. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വൈക്കം | 58521 |
| 21. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇടുക്കി | 76670 |
| 22. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൊടുപുഴ | 51047 |
| 23. ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം | 129237 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 24. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലുവ | 114834 |
| 25. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മൂവാററുപുഴ | 73457 |
| 26. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നോർത്ത് പറവൂർ | 72306 |
| 27. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊച്ചി | 76035 |
| 28. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൃശ്ശൂർ | 134523 |
| 29. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇരിങ്ങാലക്കുട | 98179 |
| 30. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊടുങ്ങല്ലൂർ | 28914 |
| 31. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചാവക്കാട് | 23426 |
| 32. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലപ്പിള്ളി | 48130 |
| 33. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലക്കാട് | 166749 |
| 34. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഷൊർണ്ണൂർ | 61317 |
| 35. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചിററൂർ | 35957 |
| 36. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മലപ്പുറം | 117324 |
| 37. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരൂർ | 40028 |
| 38. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പൊന്നാനി | 22184 |
| 39. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പെരിന്തൽമണ്ണ | 26848 |
| 40. | ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 170855 |
| 41. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വടകര | 54353 |
| 42. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊയിലാണ്ടി | 83795 |
| 43. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വയനാട് | 68831 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 44. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ | 86883 |
| 45. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി | 75926 |
| 46. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ് | 76681 |
| 47. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാസർഗോഡ് | 22599 |
| 48. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹോസ്ദുർഗ് | 54581 |

(ബി) ഇതിൽ പ്രൊഫഷണൽ, എക്സിക്യൂട്ടീവ് വിഭാഗങ്ങളിൽ 33906 പേരും, ടെക്നിക്കൽ വിഭാഗത്തിൽ 122642 പേരും പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിശദവിവരം താഴെ ചേർക്കുന്നു:

പ്രൊഫഷണൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽപ്പെട്ടവർ:

| | |
|---|---|
| മെഡിക്കൽ ഗ്രാഡുവേററ്സ് | 3318 |
| എഞ്ചിനീയറിംഗ് ഗ്രാഡുവേററ്സ് | 9549 |
| അഗ്രിക്കൾച്ചറൽ ,, | 451 |
| വെററിനറി ,, | 110 |
| മററ് പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് ഡിഗ്രിക്കാർ | 20478 |
| ആകെ | 33906 |

ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ടവർ:

| | |
|---|---|
| എഞ്ചിനീയറിംഗ് ഡിപ്ലോമ | 34680 |
| ഐ. ററി.ഐ. സർട്ടിഫിക്കററ് ഹോൾഡേഴ്സ് | 87962 |
| ആകെ | 122642 |

(ഡി) വിവരം ശേഖരിച്ചു നൽകാം.

## പറവൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി തൊഴിൽ ലഭിച്ചവർ

79 [4497] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ഇപ്പോൾ എത്രയെന്ന് വെളിപ്പെടുത്തുമോ; എത്ര വർഷം സീനിയോറിററിയുള്ളവർക്കാണ് പറവൂർ എക്സ്ചേഞ്ചിൽ നിന്നും ഇൻറർവ്യൂ കാർഡ് അയക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പറവൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്ര പേർക്ക് നാളിതുവരെ തൊഴിൽ ലഭിച്ചിട്ടുണ്ട്?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പറവൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ 1994 ജനുവരി 31 വരെ 72,425 പേരാണ് രജിസ്ററർ ചെയ്തിട്ടുള്ളത്. ഇൻറർവ്യൂ കാർഡ് അയക്കുന്നതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 1-6-1991 മുതൽ 31-12-1993 വരെ പറവൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം 422 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

## ചേർത്തല ഇ. എസ്. ഐ. ആശുപത്രി ഡിസ്പെൻസറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു നടപടി

80 [4498] ശ്രീ. സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങളുള്ള എത്ര ഇ. എസ്. ഐ. ആശുപത്രികൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാം സ്ഥലങ്ങളിൽ; പ്രസ്തുത ആശുപത്രികളിലുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെ;

(ബി) ചേർത്തലയിൽ ഇന്നുള്ള ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളത്; അവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടോ;

(സി) പ്രസ്തുത ഡിസ്പെൻസറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13 ആശുപത്രികളുണ്ട്. അവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്:

പേരൂർക്കട (തിരുവനന്തപുരം)
ആശ്രാമം (കൊല്ലം)
പാരിപ്പള്ളി ( ,, )
എഴുകോൺ ( ,, )
വടവാതൂർ (കോട്ടയം)
ആലപ്പുഴ
എറണാകുളം
ഉദ്യോഗമണ്ഡൽ (എറണാകുളം)
ഒളരിക്കര (തൃശ്ശൂർ)
മുളംകുന്നത്ത് കാവ് (തൃശ്ശൂർ)
പാലക്കാട്
ഫെറോക്ക് (കോഴിക്കോട്)
തോട്ടട (കണ്ണൂർ)

ആശുപത്രികളിൽ സ്പെഷ്യലിസ്ററുകളുടെ സേവനം ലഭ്യമാണ്. കൂടാതെ മുളംകുന്നത്തുകാവ് ആശുപത്രിയിൽ നെഞ്ചുരോഗ ചികിത്സയ്ക്കു പുറമേ അലർജി/ഇമ്മ്യൂണോ തെറാപ്പി ക്ലിനിക്കും ഉദ്യോഗമണ്ഡൽ ആശുപത്രിയിൽ ഒരു ക്യാൻസർ ഡിറെക്ഷൻ യൂണിററും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ പ്രത്യേക സൗകര്യങ്ങളൊന്നും ഇല്ല. ഡിസ്പെൻസറി ആകയാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) പ്രസ്തുത നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനം

81 [4499] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്രമരഹിതമായി നിയമനം നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നിയമനം നൽകിയിട്ടുണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബോർഡിലെ നിയമനങ്ങൾ പി. എസ്. സി.-യ്ക്ക് വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; ഇല്ലെങ്കിൽ നിയമനം പി. എസ്. സി.-യ്ക്ക് വിടാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ഇത്തരത്തിൽ നിയമനം നടത്താതിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പി. എസ്. സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ, ഡെപ്യൂട്ടേഷനിലൂടെയോ അല്ലാതെ പ്രസ്തുത സ്ഥാപനത്തിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം നിയമനം ലഭിച്ചവരുടെ ആകെ എണ്ണം, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്. 1-7-1988 മുതൽ.

(ഡി) ബോർഡിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് 180 ദിവസത്തിലധികരിക്കാത്ത കാലയളവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നടത്തി വരുന്നു.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് കിട്ടാത്ത സാഹചര്യത്തിലും ഡെപ്യൂട്ടേഷനിൽ ആളെ ലഭിക്കാത്ത സാഹചര്യത്തിലും 30 ദിവസത്തിൽ താഴെയുള്ള ഒഴിവുകളിലേയ്ക്ക് എൽ. ഡി. ക്ലാർക്ക്, ടൈപ്പിസ്റ്റ്, ശിപായി എന്നീ തസ്തികകളിൽ ദിവസക്കൂലിക്ക് ആളെ നിയോഗിക്കാറുണ്ട്. ഓരോ തസ്തികകളിലേയ്ക്കുള്ള താൽക്കാലിക നിയോഗങ്ങൾ 10 പ്രവൃത്തി ദിവസങ്ങളിലധികരിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 23-2-1994-ലെ നില വച്ച് ദിവസക്കൂലിയ്ക്ക് നിയോഗിച്ചിട്ടുള്ളവരുടെ വിവരം പ്രത്യേകം കൊടുത്തിരിക്കുന്നു.‡

‡അനുബന്ധം III



LIBRARY ARCHIVES Kerala Legislative Assembly

## കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾ

82 [4500] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 1993 ഡിസംബർ 31 വരെ എത്ര പേർ അംഗങ്ങളായി ചേർന്നു; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സംസ്ഥാനത്തെ ഓരോ ജില്ലയിൽ നിന്നും 1993 ഡിസംബർ 31 വരെ പിരിഞ്ഞു കിട്ടിയ സംഖ്യ എത്രയാണ്;

(സി) സംസ്ഥാനത്ത് എത്ര കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസുകൾ ഉണ്ട്; എവിടെയെല്ലാമാണ്; എല്ലാ ഓഫീസുകളിലും കൂടി എത്ര ജീവനക്കാർ ഉണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; ഡെപ്യൂട്ടേഷനിൽ വന്നവർ എത്ര;

(ഡി) ക്ഷേമനിധി ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും മററാനുകൂല്യങ്ങളും കൂടി പ്രതിമാസം എന്ത് ചെലവ് വരും?

### ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 1993 ഡിസംബർ 31 വരെ 936431 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.‡

(ബി) പിരിഞ്ഞു കിട്ടിയ സംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.‡

(സി) സംസ്ഥാനത്ത് ഇപ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ 11 ഓഫീസുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു:

തിരുവനന്തപുരം
കൊല്ലം
ആലപ്പുഴ
കോട്ടയം
എറണാകുളം (ഓഫീസ് ആലുവയിൽ)
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
കണ്ണൂർ
കാസർഗോഡ്

കൂടാതെ പത്തനംതിട്ട, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ പുതുതായി ആഫീസ് അനുവദിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളിലുംകൂടി 72 ജീവനക്കാർ ഉണ്ട്. ഇതിൽ സ്ഥിരം ജീവനക്കാർ ഇല്ല. മററു വകുപ്പുകളിൽനിന്നും ഡെപ്യൂട്ടേഷനിൽ വന്നവർ 58 പേരും താല്ക്കാലിക ജീവനക്കാർ 24 പേരുമാകുന്നു.

(ഡി) ജീവനക്കാർക്ക് ശമ്പളവും മററാനുകൂല്യങ്ങളും കൂടി ഇപ്പോൾ പ്രതിമാസം 4.3 ലക്ഷം രൂപ ചെലവ് വരും.

‡അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി

83 [4501] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിത തൊഴിലാളികൾക്ക് പ്രത്യേകമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ബീഡി തൊഴിലാളികളുടെ മിനിമം കൂലിയും ഡി. എ.യും

84 [4502] ശ്രീ. കെ. പി. മമ്മു മാസ്റ്റർ:
,, ഇ. പി. ജയരാജൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. പിണറായി വിജയൻ:
,, പാച്ചേനി കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡി തൊഴിലാളികളുടെ മിനിമം കൂലി ഏററവും ഒടുവിൽ പുതുക്കി നിശ്ചയിച്ചതെപ്പോഴാണ്;

(ബി) പുതുക്കി നിശ്ചയിക്കപ്പെട്ട പ്രകാരം ആയിരം ബീഡി തെറുക്കുന്ന ഒരു തൊഴിലാളിക്ക് ഒരാഴ്ചത്തെ കൂലിയിൽ എന്തു വർദ്ധനവ് വന്നിട്ടുണ്ട്; വർദ്ധനവ് വന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ബീഡിത്തൊഴിലാളികളുടെ പഴയ വർക്ക് ലോഡ് എത്രയായിരുന്നു; ഇപ്പോൾ എത്ര;

(ഡി) തൊഴിലാളികൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളെന്തെങ്കിലും പുതുക്കിയ വ്യവസ്ഥ പ്രകാരം നഷ്ടമാകുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ഇ) ബീഡി തൊഴിലാളികളുടെ മിനിമം വേജസ് കമ്മിററിയും അഡ്വൈസറി ബോർഡും ഡി. എ. എത്ര പോയിൻറിന് കൂലിയിൽ ലയിപ്പിക്കണമെന്നായിരുന്നു ശുപാർശ ചെയ്തിരുന്നത്;

(എഫ്) കൂലിയിൽ ലയിപ്പിച്ചതെത്ര പോയിൻറിലാണ്;

(ജി) ഡി. എ. നിർണ്ണയിക്കാനുള്ള പോയിൻറുകൾ കമ്മിററി ശുപാർശ ചെയ്തതിനേക്കാളുയർത്തിയിട്ടുണ്ടെങ്കിൽ അങ്ങനെ അധികമായി ഉയർത്തിയ പോയിൻറുമായി ബന്ധപ്പെടുത്താവുന്ന വേതന ഘടകം അടിസ്ഥാന വേതനത്തിലേക്ക് മാററിയിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ആ വേതന ഘടകം പുതുക്കി ഡി. എ. കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുണ്ടോ; അല്ലെങ്കിൽ മരവിപ്പിച്ചിട്ടുണ്ടോ;

(ഐ) ബീഡിത്തൊഴിലാളികളുടെ ഡി. എ. ജീവിത വില സൂചികയുടെ എത്ര പോയിൻറിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിരുന്നത്; മിനിമം കൂലി പുതുക്കിയ ശേഷം ഇപ്പോൾ അത് എത്ര പോയിൻറ് അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്;

(ജെ) പുതിയ മിനിമം കൂലി ആക്ട് അനുസരിച്ച് 800 ബീഡി തെറുക്കുന്ന ഒരു തൊഴിലാളിക്ക് കൂലിയും ഡി. എ. യുമായി ഒരു ദിവസം എന്തു തുക ലഭിക്കും; പഴയ നിരക്കനുസരിച്ച് എന്തു തുക ലഭിക്കുമായിരുന്നു;

(കെ) മിനിമം കൂലി പുതുക്കി നിശ്ചയിക്കപ്പെട്ടതിനുശേഷം 800 ബീഡി തെറുക്കുന്ന ഒരു തൊഴിലാളിക്ക് ഞായറാഴ്ച കൂലി ഉൾപ്പെടെ ഒരാഴ്ചയിൽ എന്തു തുക കിട്ടുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 30-11-1993-ലെ വിജ്ഞാപന പ്രകാരം 1-12-1993 മുതൽ.

(ബി) ഒരാഴ്ചത്തെ കൂലിയിൽ 30 രൂപ 24 പൈസയുടെ വർദ്ധനവ് വന്നിട്ടുണ്ട്. അടിസ്ഥാന കൂലി 12 രൂപയും, ഡി.എ. 21 രൂപ 54 പൈസയും കൂടി 33 രൂപ 54 പൈസയാണ് പുതുക്കുന്നതിനുമുമ്പ് ഒരു ദിവസം ലഭിച്ചിരുന്നത്. എന്നാൽ പുതുക്കിയപ്പോൾ അടിസ്ഥാന കൂലി 30 രൂപയും ഡി. എ. 8 രൂപ 58 പൈസയും കൂടി 38 രൂപ 58 പൈസ ലഭിക്കുന്നു. ഒരു ദിവസം 5 രൂപ 4 പൈസ വർദ്ധനവ്. അതായത് ഒരാഴ്ചയിൽ 30 രൂപ 4 പൈസയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

(സി, ഡി) ബീഡി തെറുപ്പുകാർക്ക് ക്ഷാമബത്ത നൽകുന്നതിന് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കുറഞ്ഞ ഉദ്പ്പാദനം 800 ബീഡി ആയി നിശ്ചയിച്ചിരുന്നു. പുതുക്കിയപ്പോൾ ഈ പരിധി 900 ബീഡിയായി ഉയർത്തിയിട്ടുണ്ട്. ജോലിയുടെ തോത് 900 ബീഡിക്ക് മുകളിൽ നില നിർത്തിയാൽ തൊഴിലാളിക്ക് നഷ്ടമുണ്ടാവുകയില്ല. എന്നാൽ 900 ബീഡിക്കു താഴെ മാത്രം ഉൽപ്പാദനം ചെയ്യുന്ന തൊഴിലാളിക്ക് നേരത്തേ നിശ്ചയിച്ചിരുന്ന 800 ബീഡി എന്ന നിരക്കിനെ അപേക്ഷിച്ച് നഷ്ടം ഉണ്ടാവുന്നതാണ്.

(ഇ) മിനിമം വേജസ് കമ്മിററിയുടെ റിപ്പോർട്ടിൽ 450 പോയിൻറ് വരെയുള്ള ക്ഷാമബത്ത കൂലിയിൽ ലയിപ്പിച്ചതായി കാണുന്നു. അഡൈ്വസറി ബോർഡ് ഇതിനോട് യോജിക്കുകയാണുണ്ടായത്.

(എഫ്) 475 പോയിൻറിനു മുകളിൽ വരുന്ന പോയിൻറുകളാണ് ക്ഷാമബത്ത നിർണ്ണയത്തിന് നിശ്ചയിച്ചത്.

(ജി) ഇല്ല.

(എച്ച്) ഇല്ല.

(ഐ) 1983 മാർച്ച് മാസത്തെ ജീവിത നിലവാര സൂചികയുടെ— അതായത് അന്നത്തെ ശരാശരി സൂചിക 259 പോയിൻറ് അടിസ്ഥാനത്തിലാണ് കണക്കാക്കിയിരുന്നത്. മിനിമം കൂലി പുതുക്കിയ ശേഷം 475 പോയിൻറ് അടിസ്ഥാനമാക്കിയാണ് ഡി. എ. കണക്കാക്കുന്നത്.

(ജെ) പുതിയ നിരക്കനുസരിച്ച് 800 ബീഡി മാത്രം തെറുക്കുന്ന ഒരു തൊഴിലാളിക്ക് അടിസ്ഥാന വേതനമായി 24 രൂപ മാത്രം ലഭിക്കും; ക്ഷാമബത്തക്ക് അർഹതയില്ല. പഴയ നിരക്കുപ്രകാരം ക്ഷാമബത്ത ഉൾപ്പെടെ 31 രൂപ 14 പൈസ ലഭിക്കുമായിരുന്നു.

(കെ) 1993 ഡിസംബർ മാസത്തെ ശരാശരി സൂചിക പ്രകാരം 186 രൂപ 90 പൈസ ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

## ആപ്പിൾ ഫോട്ടോ ബീഡി കമ്പനി തുറക്കാൻ നടപടി

85 [4503] ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ആപ്പിൾ ഫോട്ടോ ബീഡി കമ്പനി അന്യായമായി മാനേജ്മെൻറ് പൂട്ടിയിട്ട വിവരം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കമ്പനി പൂട്ടിയത്;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കമ്പനിയിലെ തൊഴിലാളികൾ ഹർജി സർക്കാരിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ആ ഹർജിയിൻമേൽ സർക്കാർ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ ഇടപെട്ട് കമ്പനി തുറപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 3-2-1994-ൽ കമ്പനി പൂട്ടി.

(ബി) പാലക്കാട് ജില്ലാ ലേബർ ആഫീസർക്ക് നൽകിയിട്ടുണ്ട്.

(സി, ഡി) 21-2-1994-ൽ മാനേജ്മെൻറും യൂണിയൻ പ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയുടെ ഫലമായി ഒത്തുതീർന്നിരിക്കുന്നു.

## കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

86 [4504] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്;

(ബി) പ്രസ്തുത താലൂക്കിലെ കർഷകത്തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(സി) കുടിശ്ശിക പെൻഷൻ എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര പേർക്ക് പറവൂർ താലൂക്കിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ഇ) പറവൂർ താലൂക്കിൽ മാത്രം കർഷകത്തൊഴിലാളി പെൻഷനുള്ള എത്ര അപേക്ഷകളിൻമേൽ തീരുമാനമെടുക്കാനുണ്ട്; ഇതിൻെറ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1170 പേർക്ക്.

(ബി) 12 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(സി) സർക്കാരിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് മാത്രമേ കുടിശ്ശിക പെൻഷൻ പൂർണ്ണമായി നൽകാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പറവൂർ താലൂക്കിൽ 133 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) പറവൂർ താലൂക്കിൽ 25 കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷയിൻമേൽ തീരുമാനമെടുക്കാനുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| ആലങ്ങാട് വില്ലേജ് | .. | 1 | (ഒന്ന്) |
| ഏഴിക്കര വില്ലേജ് | .. | 4 | (നാല്) |
| കടുങ്ങല്ലൂർ വില്ലേജ് | .. | 6 | (ആറ്) |
| കരുമല്ലൂർ വില്ലേജ് | . | 1 | (ഒന്ന്) |
| പുത്തൻവേലിക്കര വില്ലേജ് | .. | 1 | (ഒന്ന്) |
| വരാപ്പുഴ വില്ലേജ് | .. | 12 | (പന്ത്രണ്ട്) |

ബാർബർ തൊഴിലാളികൾക്ക് പെൻഷൻ

87 [4505] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ:
,, എം. നാരായണൻ (കുഴൽമന്ദം):
,, സി. പി. ബാലൻ വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർബർ തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ബാർബർ തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ ബാർബർ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിനുള്ള കരടു ബിൽ നിയമമാകുമ്പോൾ ഈ വിഭാഗം തൊഴിലാളികൾക്ക് മററാനുകൂല്യങ്ങളോടൊപ്പം പെൻഷനും ലഭ്യമാക്കുന്നതിന് വ്യവസ്ഥയുണ്ട്.

ഐ.ടി.ഐ. വിപുലപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി

88 [4506] ശ്രീ. പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ പരിശീലനത്തിന് പുതിയ ട്രേഡുകൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സാങ്കേതിക പരിശീലന സ്ഥാപനങ്ങൾ ഉണ്ട്;

(ഡി) ഇതിൽ സ്വകാര്യ സ്ഥാപനങ്ങൾ എത്ര;

(ഇ) ഐ. ടി. ഐ. കൾക്കായി 1993-94-ലെ ബഡ്ജററിൽ നീക്കിവച്ച തുകയിൽ ഇതിനകം എന്തു ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കളെ നവീകരിക്കുന്നതിനും ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുവാൻ ഉതകുന്നതുമായ പദ്ധതികൾ ലോകബാങ്ക് സ്കീമിൽ 50% കേന്ദ്രസഹായത്തോടെ 1989-90 മുതൽ നടപ്പാക്കി വരുന്നു. താഴെ പറയുന്ന 11 പരിപാടികളാണ് നടപ്പാക്കി വരുന്നത്:

1. ഉപകരണങ്ങളുടെ നവീകരണം.
2. യന്ത്ര സാമഗ്രികളുടെ അററകുററപ്പണി.
3. ദൃശ്യ ശ്രവണ പഠനോപകരണങ്ങൾ സജ്ജീകരിക്കുക.
4. നിലവിലുള്ള ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ തുടങ്ങുക.
5. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള കോഴ്സുകൾ.
6. ബേസിക് ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുക.
7. ആർ. ഐ. സെൻററുകൾ സ്ഥാപിക്കുക.
8. എ. വി. ടി. എസ്. സ്ഥാപിക്കുക.
9. പുതിയ വനിത ഐ.ടി.ഐ. കൾ സ്ഥാപിക്കുക.
10. നിലവിലുള്ള വനിത ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ തുടങ്ങുക.
11. പദ്ധതി നിർവഹണ യൂണിററ്.

കൂടാതെ പ്ലാസ്ററിക് പ്രോസസിംഗ് ഓപ്പറേറർ ട്രേഡ് സംസ്ഥാനത്ത് 2 ഐ.ടി.ഐ.കളിൽ തുടങ്ങിയിട്ടുണ്ട്.

(സി) ആകെ 353 വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

(ഡി) 325 സ്വകാര്യ ഐ.ടി.സി. കൾ ഉണ്ട്.

(ഇ) 1993-94 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ നീക്കി വച്ച 54,40,000 രൂപയിൽ 16,68,105 രൂപയും പദ്ധതിയിതരയിനത്തിൽ നീക്കിവച്ച 9,41,21,700 രൂപയിൽ 5,96,21,334 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ മരാമത്തു പണികൾക്കുവേണ്ടി 150 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ട്. പൊതു മരാമത്തു വകുപ്പാണ് ഈയിനത്തിൽ ചെലവു നടത്തുന്നത്.

## ഐ. ടി. ഐ. പരീക്ഷകളിൽ യോഗ്യത നേടുന്നതിനുള്ള മാർക്ക് പരിധി

89 [4507] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. പരീക്ഷകൾ പാസ്സാകുന്നതിന് മാർക്ക് പരിധി ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാർക്കാണ് കൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് മുൻകാല പ്രാബല്യത്തോടെയാണോ നടപ്പിലാക്കിയത്;

(ഡി) സർട്ടിഫിക്കററ് നേടിയ തൊഴിൽ രഹിതരിൽനിന്ന് ഇതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സർട്ടിഫിക്കററ് നേടിയവരെ ഇതിൽനിന്നു ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) തോററ വിഷയങ്ങൾക്കുമാത്രം പരീക്ഷ എഴുതണമെന്ന നിയമം മാററി മുഴുവൻ വിഷയങ്ങളും എഴുതണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ മുമ്പ് അനുവദിച്ചിരുന്നതുപോലെ തോററ വിഷയങ്ങൾ മാത്രം എഴുതുന്നതിന് അനുവദിക്കുമോ?

ഉത്തരം

(എ) ഐ. ടി. ഐ. പരീക്ഷകളിൽ വിജയിക്കാനാവശ്യമായ മിനിമം മാർക്കിന്റെ പരിധി ഉയർത്തിയിട്ടില്ല. എന്നാൽ എല്ലാ വിഷയങ്ങൾക്കും ഹാജരാകുന്ന ഒരു വിദ്യാർത്ഥി ഏതെങ്കിലും വിഷയത്തിൽ വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് വീണ്ടും പരീക്ഷ എഴുതണമെന്ന നിയമം ഭേദഗതി ചെയ്തുകൊണ്ട് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ് (ന്യൂഡൽഹി) ഡി. ജി. ഇ. ടി. നമ്പർ 19/(15)/91 സി. ഡി. നമ്പരായി 14-10-1993-ലെ കത്തിലുൾപ്പെട്ട നിർദ്ദേശങ്ങൾ പ്രകാരം തോററ വിദ്യാർത്ഥികൾ വിജയിക്കാനാവശ്യമായ മിനിമം മാർക്കിനേക്കാൾ 10% അധികം മാർക്ക് നേടാത്ത വിഷയങ്ങൾ വീണ്ടും എഴുതണമെന്ന് കേന്ദ്ര സർക്കാർ (തൊഴിൽ വകുപ്പ്) അറിയിച്ചിട്ടുണ്ട്.

(ബി) പരീക്ഷ ജയിക്കാനുള്ള മിനിമം മാർക്കിന്റെ പരിധി ഉയർത്തിയിട്ടില്ല. എന്നാൽ തോററ വിദ്യാർത്ഥികൾ തുടർന്ന് പരീക്ഷ എഴുതുമ്പോൾ വിജയിക്കാനാവശ്യമായ മാർക്കിനേക്കാൾ 10% കൂടുതൽ മാർക്കു നേടിയ വിഷയങ്ങളൊഴികെ മററെല്ലാം എഴുതണമെന്നാണ് പുതിയ നിയമം.

(സി) 2-1-1992-ന് ശേഷമുള്ള പരീക്ഷകൾക്ക് ഈ നിയമം ബാധകമാണെന്നാണ് 14-10-1993-ലെ ഡി. ജി. ഇ. ടി. കത്ത് നമ്പർ 19/(15)/91 സി. ഡി. യിൽ കാണുന്നത്. തദനുസരണമായിട്ടാണ് 15-2-1994-ൽ ആരംഭിച്ച അഖിലേന്ത്യാ സപ്ലിമെൻററി പരീക്ഷ ബഹു: കേരള ഹൈക്കോടതി വിധിക്ക് വിധേയമായി നടത്തിയിട്ടുള്ളത്.

(ഡി) ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല. ഉത്തരം (എ)യിൽ വ്യക്തമാക്കിയതുപോലെ വിജയിക്കാനാവശ്യമായ മാർക്കിനേക്കാൾ 10% കൂടുതൽ മാർക്ക് നേടിയിട്ടില്ലാത്ത വിഷയങ്ങളിൽ മാത്രമാണ് വീണ്ടും എഴുതേണ്ടി വരുന്നത്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

അരീക്കോട് ഐ.ടി.ഐ.യിലെ ജീപ്പ്

90 [4503] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ഐ.ടി.ഐ.യിലെ ജീപ്പ് എത്ര കാലമായി വർക്ക് ഷോപ്പിൽ കിടക്കുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജീപ്പ് ഇല്ലാത്തതിനാൽ അരീക്കോട് ഐ. ടി. ഐ. യിലെ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ജീപ്പ് റിപ്പയർ ചെയ്തെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-5-1990-ൽ ജീപ്പ് അപകടത്തിലായതിനെത്തുടർന്ന് വർക്ക് ഷോപ്പിൽ കിടക്കുകയാണ്.

(ബി) ഇല്ല.

(സി) ജീപ്പ് റിപ്പയർ ചെയ്തെടുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ചാക്ക, ധനുവച്ചപുരം ഐ. ടി. ഐ. കളിൽ പരിശീലനത്തിനായി നൽകുന്ന ഇന്ധനങ്ങൾ

91 [4509] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചാക്കയിലും നെയ്യാറ്റിൻകര ധനുവച്ചപുരത്തുമുള്ള വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളിൽ പ്രതിവർഷം എത്ര ലിറ്റർ പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ പരിശീലനത്തിനായി നൽകുന്നുണ്ട്;

(ബി) ഇപ്രകാരം നൽകുന്ന ഇന്ധനം ദുരുപയോഗപ്പെടുത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഐ.ടി.ഐ. കളിലെ ട്രേഡുകളിൽ യഥാവിധം പരിശീലനം നൽകുന്നുണ്ടോ എന്നന്വേഷിക്കാമോ?

ഉത്തരം

(എ) 1992-93 വർഷത്തിൽ തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. യിൽ 30 ലിറ്റർ പെട്രോളും നെയ്യാറ്റിൻകര ധനുവച്ചപുരം ഐ. ടി. ഐ. യിൽ 720 ലിറ്റർ ഡീസലും 30 ലിറ്റർ പെട്രോളും പരിശീലനത്തിനായി വാങ്ങി.

(ബി) ഇല്ല.

(സി) പ്രസ്തുത ഐ. ടി. ഐ. കളിൽ യഥാവിധം പരിശീലനം നൽകുന്നുണ്ട്.

ഐ. ടി. ഐ. ഇൻസ്ട്രക്ടർമാർ പരിശീലന സമയത്ത് ഹാജരാകുന്നില്ലെന്ന പരാതി

92 [4510] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള ധനുവച്ചപുരം ഐ. ടി. ഐ.യിലെ മെഷീനിസ്റ്റ് ട്രേഡിലെ ജൂനിയർ, സീനിയർ ബാച്ചുകളിൽ പരിശീലന സമയത്ത് ഇൻസ്ട്രക്ടർമാർ ഹാജരാകാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രേയിഡിലെ ഇൻസ്ട്രക്ടർമാർ മെഷീനുകൾ യഥാസമയം നന്നാക്കി പരിശീലനം നൽകാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തുന്നതാണ്.

ഐ. ടി. ഐ കൾക്കും പരിശീലന ഡയറക്ടറേറ്റിനും സ്ഥലം വാങ്ങുന്നതിന് നടപടി

93 [4511] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി, കഴക്കൂട്ടം എന്നീ ഐ. ടി. ഐ. കൾക്കും പരിശീലന ഡയറക്ടറേറ്റിനും സ്ഥലം വാങ്ങുന്നതിനായി എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(ബി) ഇതിൻപ്രകാരം സ്ഥലം വാങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1993-94-ലെ ബഡ്ജറ്റിൽ 22 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി, സി) ഇല്ല. എന്നാൽ കൊയിലാണ്ടി ഐ. ടി. ഐ. യ്ക്കു വേണ്ടി കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ കുറവങ്ങാട് ദേശത്ത് 3.4 ഏക്കർ സ്ഥലവും കഴക്കൂട്ടം വനിതാ ഐ. ടി. ഐ.ക്ക് തിരുവനന്തപുരം താലൂക്കിൽ മേനംകുളം വില്ലേജിൽ സർവ്വേ നമ്പർ കെ. 435, കെ 490 എ 1 എന്നിവയിൽപ്പെട്ട 2.78 ഏക്കർ സ്ഥലവും അക്വയർ ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു. വ്യാവസായിക പരിശീലന ഡയറക്ടറേറ്റിനുവേണ്ടി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ 781-ാം നമ്പർ സർവ്വേയിൽ 50 സെന്റ് സ്ഥലം വാങ്ങാൻ അനുവദിക്കണമെന്ന വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചു വരികയാണ്.

## II. ചരമോപചാരം

ശ്രീ. സ്പീക്കർ: കേരള നിയമസഭാംഗങ്ങളായിരുന്ന സർവ്വശ്രീ എൻ. മനോഹരൻ മാസ്റ്റർ, സി. വാസുദേവമേനോൻ, പി. സി. തോമസ്, കെ. ചന്ദ്രശേഖരശാസ്ത്രി, പി. ശങ്കർ, ഡോ. ജോർജ്ജ് തോമസ്, ശ്രീ. ഓണശേഖരമംഗലം ജനാർദ്ദനൻ നായർ, തിരു-കൊച്ചി നിയമസഭാംഗങ്ങളായിരുന്ന ശ്രീ. എം. എം. അബ്ദുൾഖാദർ, ശ്രീ. കെ. പി. കൃഷ്ണമേനോൻ, ശ്രീമതി ആനി തയ്യിൽ, ശ്രീ. പരീത് റാവുത്തർ, ഡോ. എം. ശിവരാമൻ നായർ, ശ്രീമതി ലീലാ മന്നാടിയാർ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ വർണ്ണവിവേചനത്തിനെതിരെ കലാപക്കൊടുംകാറ്റുയർത്താൻ കഴിഞ്ഞയാളാണ് ശ്രീ. മനോഹരൻ മാസ്റ്റർ. സവർണ്ണമേധാവിത്വത്തിന്റെ പീഡനഫലമായി ഒമ്പതാം ക്ലാസ്സുവരെയുള്ള പഠനം പൂർത്തിയാക്കാൻ അദ്ദേഹത്തിന് പതിനെട്ട് വിദ്യാലയങ്ങൾ കയറിയിറങ്ങേണ്ടിവന്നു. പ്രശസ്ത ഹരിജനോദ്ധാരകനായിരുന്ന സ്വാമി ആനന്ദതീർത്ഥരുടെ സഹായത്തോടെ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം 30 വർഷക്കാലം അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു. 1935-ൽ പയ്യന്നൂരിനടുത്തുള്ള കണ്ടോത്തു തെരുവിൽവച്ച് സർവ്വശ്രീ എ. കെ. ഗോപാലനും കെ. എ. കേരളീയനും നയിച്ച അയിത്തോച്ചാടന ജാഥയിൽ പങ്കെടുത്തതിന് അദ്ദേഹം സവർണ്ണമേധാവികളുടെ നിഷ്ഠുരമർദ്ദനത്തിന് ഇരയായി. എങ്കിലും,

വർദ്ധിതവീര്യത്തോടെ അദ്ദേഹം അധഃസ്ഥിതവിഭാഗങ്ങൾക്ക് പ്രവേശനമാവശ്യപ്പെട്ടുകൊണ്ട് വടക്കൻ കേരളത്തിലെ ക്ഷേത്രസന്നിധികളിലേയ്ക്ക് സമരം നയിക്കുകയും പതിതജനവിഭാഗങ്ങളിൽ ആവേശം പകരുകയും ചെയ്തു.

കേളപ്പജിയുടെ നേതൃത്വത്തിൽ ചരിത്ര പ്രസിദ്ധമായ ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്ത ശ്രീ. മനോഹരൻമാസ്റ്റർ അനന്തരകാലത്ത് ഗുരുവായൂർ ദേവസ്വം ബോർഡ് അംഗമായി. എട്ടുവയസ്സുമാത്രം പ്രായമുള്ളപ്പോൾ പയ്യന്നൂർവച്ച് ഗാന്ധിജിയുടെ മടിത്തട്ടിലിരുന്നു ഭക്തിഗാനങ്ങൾ ആലപിക്കാൻ ഭാഗ്യം സിദ്ധിച്ച അദ്ദേഹം പിൽക്കാലത്ത് നല്ലൊരു ഗായകൻ എന്ന നിലയിലും മികവുകാട്ടി. അയിത്താചാരം കർക്കശമായിരുന്ന നാളുകളിൽ നീലമന ഇല്ലത്തെ ഒരന്തർജ്ജനത്തെ സംഗീതം അഭ്യസിപ്പിച്ചുകൊണ്ട് വിപ്ലവതരംഗം സൃഷ്ടിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

1987-ൽ ഹോസ്ദുർഗ് നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി ശ്രീ മനോഹരൻ മാസ്റ്റർ നിയമസഭയിലെത്തി.

ഭാരതീയ അധഃകൃതവർഗ്ഗലീഗ് വൈസ് പ്രസിഡന്റ്, കാസർകോട് ജില്ല കോൺഗ്രസ് കമ്മിററി വൈസ് പ്രസിഡന്റ്, ഡി.ആർ.ഡി.എ. ഭരണസമിതിയംഗം എന്നീ നിലകളിലും അദ്ദേഹം പ്രശംസനീയമായ സേവനം കാഴ്ചവച്ചു.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ സമുദ്ധാരണത്തിനുവേണ്ടിയാണ് തന്റെ പൊതുപ്രവർത്തനത്തിന്റെ മുന്തിയസമയവും അദ്ദേഹം നീക്കിവച്ചത്. സാമുദായിക ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന ഐതിഹാസിക സമരങ്ങളിൽ പങ്കെടുത്ത ശ്രീ. മനോഹരൻ മാസ്ററുടെ ത്യാഗോജ്ജ്വലമായ ജീവിതം വരുംതലമുറയ്ക്ക് പ്രചോദനമേകുന്ന ഒന്നായിരിക്കുമെന്ന് നിസ്സംശയം പറയാം.

വടക്കൻ കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ സർവ്വാദരണീയമായ ഒരു സ്ഥാനമലങ്കരിച്ചിരുന്ന ശ്രീ.സി. വാസുദേവമേനോൻ വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെയാണ് പൊതുപ്രവർത്തനവേദിയിലേയ്ക്ക് രംഗപ്രവേശം ചെയ്തത്. സ്വാതന്ത്ര്യസമര പരിപാടികളിൽ ആവേശപൂർവ്വം പങ്കെടുത്ത അദ്ദേഹം 1948-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്ന് രാജിവയ്ക്കുകയും അവിഭക്ത കമ്മ്യൂണിസ്ററ് പാർട്ടിയിൽ അംഗമാവുകയും ചെയ്തു. 1964-ൽ കമ്മ്യൂണിസ്ററ് പാർട്ടിയിലുണ്ടായ പിളർപ്പിനെ തുടർന്ന് അദ്ദേഹം കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയിൽ നിലയുറപ്പിച്ചു. പിൽക്കാലത്ത് സി.എം.പി. യുടെ രൂപീകരണത്തിൽ സുപ്രധാനപങ്ക് വഹിക്കുകയും ഒരു സംഘാടകനെന്ന നിലയിൽ തനിക്കുള്ള അനന്യസാധാരണമായ കഴിവ് പ്രകടമാക്കുകയും ചെയ്തു.

ഗ്രാമീണ ജനങ്ങളുടെയും കർഷകത്തൊഴിലാളികളുടെയും ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയെന്നത് തന്റെ ജീവിതവ്രതമായി കണ്ട വ്യക്തിയായിരുന്നു ശ്രീ. വാസുദേവമേനോൻ. 1953 മുതൽ 1984 വരെ കൊല്ലങ്കോട് പഞ്ചായത്ത് പ്രസിഡന്റായും 1965 മുതൽ 1987 വരെ കൊല്ലങ്കോട് നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായും അദ്ദേഹം അവിച്ഛിന്നവും ആത്മാർത്ഥവുമായ ജനസേവനം കാഴ്ചവച്ചു. ജയിൽവാസം അനുഷ്ഠിച്ചുകൊണ്ടാണ് അദ്ദേഹം 1965-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചതും അസൂയാവഹമായ വിജയം കൈവരിച്ചതും. മത്സരിച്ച തെരഞ്ഞെടുപ്പുകളിലൊന്നിലും പരാജയമെന്തെന്നറിഞ്ഞിട്ടില്ലാത്ത ശ്രീ. മേനോന് പാലക്കാട് ജില്ലയുടെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഉജ്ജ്വലമായ ഒരു സ്ഥാനമാണുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളി യൂണിയൻ പാലക്കാട് ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ശ്രീ. വാസുദേവമേനോൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിലും അംഗമായിരുന്നു. കേരള പഞ്ചായത്ത് അസോസിയേഷൻ സ്ഥാപക ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം പ്രസ്തുത സംഘടനയുടേയും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷൻ വർക്കേഴ്സ് യൂണിയന്റേയും പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ, പ്രോടെം സ്പീക്കർ എന്നീ പദവികളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. ശ്രീ. വാസുദേവമേനോന്റെ നിര്യാണം നിമിത്തം സാധാരണക്കാരുടെ ജീവിതോന്നമനത്തിനുവേണ്ടി അക്ഷീണം യത്നിച്ചുകൊണ്ടിരുന്ന ഊർജ്ജസ്വലനായ ഒരു ജനനേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

* * * *

ഇക്കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലം മദ്ധ്യ തിരുവിതാംകൂറിന്റെ സാമൂഹ്യ, രാഷ്ട്രീയ, സാമുദായിക രംഗങ്ങളിൽ സമഗ്രപ്രഭാവത്തോടെ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു ശ്രീ. പി. സി. തോമസിന്റേത്. തിരുവല്ലാ ഭൂപണയ ബാങ്കിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. തോമസ് 1963 മുതൽ 1977 വരെ അതിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. നീണ്ട പതിനെട്ടുവർഷക്കാലം കുറ്റിപ്പുഴ പഞ്ചായത്തിന്റെ പ്രസിഡന്റ് പദം വഹിച്ചുകൊണ്ട് പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞു. കർമ്മകുശലനായ ഒരു ഭരണസാരഥിയെന്ന നിലയിൽ ഗണ്യമായ സംഭാവനകൾ നൽകുകവഴി കുറ്റിപ്പുഴ പഞ്ചായത്തിന് സ്പെഷ്യൽ ഗ്രേഡ് പദവി നേടിക്കൊടുക്കുന്നതിൽ അദ്ദേഹം അനായാസ വിജയം കൈവരിക്കുകയും ചെയ്തു.

1979-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തിരുവല്ലയിൽനിന്ന് ഇടതുപക്ഷ പിന്തുണയുള്ള ജനതാ പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചു വിജയം വരിച്ചുകൊണ്ടാണ് ശ്രീ. പി. സി. തോമസ് ആദ്യമായി നിയമസഭയിലെത്തിയത്. തുടർന്ന് മൂന്നു തവണ അദ്ദേഹം തിരുവല്ലാ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്.

രാഷ്ട്രീയ രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ശ്രീ.പി.സി.തോമസിന് ഇതര സാമൂഹ്യസേവന മേഖലകളിലേക്കുകൂടി തന്റെ പ്രവർത്തനമണ്ഡലം വ്യാപിപ്പിക്കുവാൻ സാധിച്ചു. തിരുവല്ല ലയൺസ് ക്ലബ്ബിന്റെ പ്രസിഡന്റ് പദം അലങ്കരിച്ചിട്ടുള്ള അദ്ദേഹം രണ്ടു തവണ വൈ.എം.സി.എ. വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

വ്യത്യസ്ത സേവനത്തുറകളിൽ നിസ്തുല സംഭാവനകൾ നൽകിയ ശ്രീ. പി. സി. തോമസിന്റെ വിയോഗം നമ്മുടെ പൊതുരംഗത്തിന് ഒരു തീരാനഷ്ടമാണ്.

* * * *

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിലൂടെ പൊതുജീവിതരംഗത്തേക്കു കടന്നുവന്ന ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി യുവാവായിരിക്കുമ്പോൾത്തന്നെ ത്യാഗസന്നദ്ധതയും സേവന ഔൽസുക്യവുംകൊണ്ട് ജനഹൃദയങ്ങളിൽ മാനനീയമായ സ്ഥാനം നേടിക്കഴിഞ്ഞിരുന്നു. ഉത്തരവാദ പ്രക്ഷോഭണത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹത്തിന് നിരവധി തവണ ലോക്കപ്പുകളിൽ കഴിയേണ്ടി വന്നിട്ടുണ്ട്.

അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ച ശ്രീ. ചന്ദ്രശേഖര ശാസ്ത്രിക്ക് വലുതായൊരു ശിഷ്യസഞ്ചയത്തിന്റെ സ്നേഹാദരങ്ങൾക്ക് പാത്രമാകാൻ നിഷ്പ്രയാസം സാധിച്ചു. രാഷ്ട്രീയ പ്രവർത്തനത്തിൽ ആകൃഷ്ടനായി ഉദ്യോഗം രാജിവച്ച അദ്ദേഹം പിൽക്കാലത്ത് കേരള സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായി. അധഃസ്ഥിതരുടെയും തൊഴിലാളികളുടെയും മോചനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ശ്രീ. ശാസ്ത്രി 1950-ൽ റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1954-ൽ ഇരവിപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലെത്തിയത്. 1967-ൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കുന്നത്തൂർ മണ്ഡലത്തെയാണ് പ്രതിനിധീകരിച്ചത്. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവരുടെ ശബ്ദം നിയമനിർമ്മാണവേദിയിൽ പ്രതിധ്വനിപ്പിക്കാൻ ലഭ്യമായ അവസരങ്ങളൊന്നും അദ്ദേഹം പാഴാക്കിയില്ല.

നിരവധി തൊഴിലാളി സംഘടനകളുടെ ഭാരവാഹിത്വം വഹിച്ചിരുന്ന ശ്രീ. ശാസ്ത്രി കശുവണ്ടിത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അക്ഷീണം യത്നിച്ചു. കേരള പുലയർമഹാസഭയുടെ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിലും സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

പിന്നാക്ക ജനവിഭാഗങ്ങളുടെ സമുദ്ധാരണത്തിനും തൊഴിലാളി വർഗ്ഗത്തിന്റെ അവകാശസംരക്ഷണത്തിനുംവേണ്ടി സന്ധിയില്ലാ സമരത്തിലേർപ്പെട്ട ശ്രീ. ചന്ദ്രശേഖരശാസ്ത്രിയുടെ സേവനങ്ങൾ വരുംതലമുറയ്ക്ക് പ്രചോദനമേകിക്കൊണ്ട് എന്നെന്നും പ്രകീർത്തിക്കപ്പെടും.

* * * *

പുരോഗമനാശയങ്ങളിൽനിന്ന് ആവേശമുൾക്കൊണ്ട് ശ്രീ. പി. ശങ്കർ 1942-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി ചേർന്നു. സിലോൺ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്ന അദ്ദേഹം ഒരു വ്യാഴവട്ടക്കാലം അവിടെ പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം വയനാട്ടിലെ തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കാൻ നിയുക്തനായി. 1960-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാലക്കാട് ജില്ലാ സെക്രട്ടറിസ്ഥാനം ഏറ്റെടുത്ത ശ്രീ. ശങ്കർ പാർട്ടിയിലെ ഭിന്നിപ്പിനെത്തുടർന്ന് സി.പി.ഐ. ജില്ലാ സെക്രട്ടറിയായി അവരോധിക്കപ്പെട്ടു.

കർഷകത്തൊഴിലാളികളുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് അദ്ദേഹം കർഷകത്തൊഴിലാളി ഫെഡറേഷൻ, സംസ്ഥാന സെക്രട്ടറി എന്ന നിലയിലും അഖിലേന്ത്യാ ട്രഷറർ എന്ന നിലയിലും അഭിനന്ദനാർഹമായ പ്രവർത്തനം കാഴ്ചവച്ചു. ചൈനീസ് ആക്രമണകാലത്ത് കരുതൽ തടങ്കൽ നിയമപ്രകാരം ഒന്നരവർഷക്കാലം അദ്ദേഹം ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്.

1977-ലെ പൊതുതെരഞ്ഞെടുപ്പിൽ ചിറ്റൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം ഒരു മാതൃകാ സാമാജികനെന്ന നിലയിൽ സമസ്തജനവിഭാഗങ്ങളുടെയും അംഗീകാരം നേടിയെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ആകണ്ഠം മുഴുകിയിരുന്നുവെങ്കിലും കലാകായിക രംഗങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുവാൻ അദ്ദേഹം പ്രത്യേകം സമയം കണ്ടെത്തുകയും ഫുട്ബോളിൽ സജീവ താൽപ്പര്യം പുലർത്തുകയും ചെയ്തിരുന്നു.

സ്വദേശത്തും വിദേശത്തും പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ശ്രീ. ശങ്കറുടെ വേർപാട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഒരു തീരാനഷ്ടമാണ്.

* * * *

അദ്ധ്യാപകൻ, പത്രാധിപർ, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഡോ. ജോർജ്ജ് തോമസ് വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ പൊതുപ്രവർത്തനത്തിൽ സജീവതാൽപ്പര്യം പ്രദർശിപ്പിച്ചിരുന്നു. കേരള കോൺഗ്രസ്സിന്റെ സ്ഥാപകനേതാക്കളിൽ ഒരാളെന്ന നിലയിലാണ് അദ്ദേഹം സജീവ രാഷ്ട്രീയത്തിലേയ്ക്ക് കടന്നു വന്നത്. 1965-ൽ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽനിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1966-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. അതിനടുത്ത വർഷം നടന്ന പൊതുതെരഞ്ഞെടുപ്പിൽ വീണ്ടും വിജയം വരിക്കുകയും കോൺഗ്രസ് നിയമസഭാ കക്ഷിയുടെ ഉപനേതാവാകുകയും ചെയ്തു.

കോട്ടയം സി. എം. എസ്. കോളേജിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചശേഷം അമേരിക്കയിലേയ്ക്കു പോയ അദ്ദേഹം വാഷിംഗ്ടൺ സർവ്വകലാശാലയിൽനിന്ന് രാഷ്ട്രമീമാംസയിൽ ഗവേഷണബിരുദം കരസ്ഥമാക്കി. പൗരധ്വനി പത്രത്തിന്റെ സബ് എഡിറ്ററായിരുന്ന അദ്ദേഹം പിൽക്കാലത്ത് കേരളധ്വനി, കേരളഭൂഷണം, മനോരാജ്യം എന്നീ പ്രസിദ്ധീകരണങ്ങളുടെ മാനേജിംഗ് എഡിറ്റർ എന്ന നിലയിൽ മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന് പുതിയ മാനങ്ങൾ നൽകി.

ഡോ. ജോർജ്ജ് തോമസിന്റെ നിര്യാണം മൂലം വിവിധ മേഖലകളിൽ ഈടുറ്റ സംഭാവനകൾ നൽകിയ ഒരു മഹദ്വ്യക്തിയെയാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

* * * *

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ടാണ് ശ്രീ. ഗോശ്രീശേഖരമംഗലം ജനാർദ്ദനൻ നായർ തന്റെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചത്. കാർഷികമേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും അവയ്ക്ക് സത്വര പരിഹാരം കാണാനും വിശ്രമമില്ലാതെ പരിശ്രമിക്കുകവഴി ചെറുകിട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും താൽപ്പര്യസംരക്ഷകനെന്ന ഖ്യാതി നേടാൻ അദ്ദേഹത്തിനു അനായാസം കഴിഞ്ഞു.

1952-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നേടിയ ശ്രീ. ജനാർദ്ദനൻ നായർ 1957-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് പാർട്ടിയിലുണ്ടായ ഭിന്നിപ്പിനെ തുടർന്ന് അദ്ദേഹം സി.പി.ഐ യിൽ നിലയുറപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രാജശേഖരമംഗലം കർഷകസംഘം, കാർഷിക സഹകരണസംഘം എന്നിവയുടെ ഭാരവാഹിയെന്ന നിലയിൽ എല്ലാ ജനങ്ങളുടെയും മതിപ്പും വിശ്വാസവും നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. രാജശേഖര മംഗലം ഹൈസ്കൂളിന്റെ മാനേജരായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ട്രേഡ് യൂണിയൻ രംഗത്തും വിദ്യാഭ്യാസരംഗത്തും സമാദരണീയമായ സ്ഥാനം അലങ്കരിച്ചിരുന്ന ശ്രീ. ജനാർദ്ദനൻ നായരുടെ മരണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത് കർമ്മകുശലനായ ഒരു രാഷ്ട്രീയ നേതാവിനെയും പൊതുപ്രവർത്തകനെയുമാണ്.

* * * *

പ്രഗൽഭനായ ഒരഭിഭാഷകനും സർവ്വസമ്മതനായ ഒരു പൊതുപ്രവർത്തകനുമായിരുന്ന ശ്രീ. എം. എം. അബ്ദുൾഖാദർ 1952-54 കാലയളവിൽ തിരു-കൊച്ചി നിയമസഭയിൽ ആലുവ നിയോജകമണ്ഡലത്തെയാണദ്ദേഹം പ്രതിനിധീകരിച്ചത്. പ്രസ്തുത കാലഘട്ടത്തിലെ നിയമനിർമ്മാണ യത്നങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുകയും പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ശബ്ദമുയർത്തുകയും ചെയ്ത ശ്രീ. അബ്ദുൾഖാദറിന് എല്ലാ ജനാധിപത്യ വിശ്വാസികളുടെയും ആദരവും അംഗീകാരവും നേടിയെടുക്കുന്നതിന് നിഷ്പ്രയാസം സാധിച്ചു. 1969-ൽ അഡ്വക്കേറ്റ് ജനറൽ സ്ഥാനത്തേക്ക് നിയുക്തനായ അദ്ദേഹം 1975 വരെ ആ പദവിയിൽ തുടർന്നു. പരിണതപ്രജ്ഞനായ നിയമജ്ഞനായും ബഹുജനസമ്മതനായ നിയമസഭാസാമാജികനായും അദ്ദേഹം നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടവയാണ്.

* * * *

ഉത്തരവാദഭരണപ്രക്ഷോഭത്തിൽനിന്നാവേശം ഉൾക്കൊണ്ട് പൊതുപ്രവർത്തനരംഗത്തേക്ക് കടന്നുവന്ന ശ്രീ. കെ. പി. കൃഷ്ണമേനോൻ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകരിൽ ഒരാളായിരുന്നു. 1951-ൽ തിരു-കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വടക്കേക്കര എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന അയിരൂർ നിയോജകമണ്ഡലത്തിൽനിന്ന് അദ്ദേഹം വിജയം വരിച്ചു. 1951 മുതൽ 1953 വരെയുള്ള കാലയളവിൽ നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദം അലങ്കരിച്ച ശ്രീ. മേനോൻ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും നിഷ്പക്ഷതയോടെ സഭാനടപടികൾ നിയന്ത്രിക്കുകവഴി സമസ്ത വിഭാഗങ്ങൾക്കും സമാരാധ്യനായിത്തീരുകയും ചെയ്തു.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ്, കെ.പി.സി.സി. മെമ്പർ, ആലങ്ങാട് ഹാൻഡ്ലൂം സൊസൈറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ട് പ്രഗൽഭനായ ഒരു സംഘാടകനെന്ന പ്രശംസയ്ക്ക് പാത്രീഭവിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

രാഷ്ട്രീയ പ്രവർത്തനത്തിന് പുറമേ സാംസ്കാരിക കാര്യങ്ങളിലും അദ്ദേഹത്തിന് അനല്പമായ താൽപ്പര്യമുണ്ടായിരുന്നു. അദ്ദേഹം കാലടി ശ്രീ. ശങ്കരാ കോളേജും കോട്ടപ്പുറം ടി. കെ. സ്മാരക ഗ്രന്ഥശാലയും സ്ഥാപിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുകയും പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണസമിതി സെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

ശ്രീ. കെ. പി. കൃഷ്ണമേനോന്റെ നിര്യാണത്തോടെ നമ്മുടെ രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ അക്ഷയഭാസ്സോടെ പ്രകാശിച്ചിരുന്ന ഒരുജ്ജ്വല വ്യക്തിത്വമാണസ്തമിച്ചിരിക്കുന്നത്.

* * * *

വിദ്യാഭ്യാസകാലത്തുതന്നെ പ്രസംഗവേദികളിൽ അനിതര സാധാരണമായ പാടവം പ്രദർശിപ്പിച്ച ശ്രീമതി ആനി തയ്യിൽ നിയമ ബിരുദം നേടിയ ശേഷം അഭിഭാഷകവൃത്തി സ്വീകരിച്ചു. എങ്കിലും, സാഹിത്യ സാംസ്കാരിക വിഷയങ്ങളിലും രാഷ്ട്രമീമാംസയിലും അവർക്കുണ്ടായിരുന്ന നൈസർഗ്ഗിക മായ അഭിരുചിയും, അഗാധമായ അറിവും കൂടുതൽ വിശാലമായ മേഖല കളിലേക്ക് തന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ അവരെ പ്രേരിപ്പിച്ചു.

1945-ൽ ശ്രീമതി തയ്യിൽ തൃശ്ശൂർ വനിതാമണ്ഡലത്തിൽനിന്ന് കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, ചില സാങ്കേതിക കാരണങ്ങളാൽ സഭാംഗത്വം റദ്ദാക്കപ്പെട്ടു. എന്നാൽ 1948-ൽ പ്രജാമണ്ഡലം സ്ഥാനാർത്ഥിയായി മത്സരിച്ച് വീണ്ടും കൊച്ചി നിയമസഭാംഗമായി. തിരു-കൊച്ചി സംസ്ഥാനങ്ങളുടെ ഏകീകരണത്തെ തുടർന്ന് തിരു-കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിത്തീരുകയും, 1952 വരെ തൽ സ്ഥാനത്ത് തുടരുകയും ചെയ്തു.

മാതൃഭാഷയിലും, ഇംഗ്ലീഷിലും അവർക്കുണ്ടായിരുന്ന പ്രഭാഷണപാടവം ശ്രോതാക്കളെ ആവേശം കൊള്ളിക്കുന്ന തരത്തിലുള്ളതായിരുന്നു. 'പ്രജാമിത്രം' എന്ന പത്രത്തിന്റെ ആധിപത്യം വഹിച്ചിരുന്ന അവർ സർഗ്ഗ സമ്പന്നയായ സാഹിത്യകാരിയായും ശോഭിച്ചു. കേരള സാഹിത്യ അക്കാദമി, സമസ്ത കേരള സാഹിത്യ പരിഷത്ത് എന്നിവയ്ക്കു അവരുടെ വിലപ്പെട്ട സേവന ങ്ങൾ ലഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ കമ്മീഷനിൽ അംഗമായിരുന്ന അവർ ഇൻഡ്യൻ സഭകളുടെ അഡ്വൈസറി കൗൺസിൽ മെമ്പർ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ മികവ് തെളി യിച്ച കേരളീയ വനിതകൾക്കിടയിൽ അനുപമമായ വ്യക്തിത്വംകൊണ്ട് ശ്രീമതി ആനി തയ്യിൽ വേറിട്ടു നിൽക്കുന്നു.

*   *   *   *

1951-ൽ തിരു-കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പത്തനംതിട്ട-ഓമല്ലൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി വിജയിച്ച ശ്രീ. പരീത് റാവുത്തർ സേവനസന്നദ്ധനായ ഒരു ജനനേതാവായിരുന്നു. പതിനഞ്ചുവർഷക്കാലം പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ച ശ്രീ. റാവുത്തർ ആ പ്രദേശത്തിന്റെ സർവ്വതോൻമുഖ മായ പുരോഗതിക്കും വികസനത്തിനും വേണ്ടി അർപ്പണമനോഭാവത്തോടുകൂടി പ്രവർത്തിച്ചു. മാതൃകാപരമായ പൊതുപ്രവർത്തനത്തിലൂടെ ജനസമ്മതി യാർജ്ജിക്കാൻ കഴിഞ്ഞ ശ്രീ. പരീത് റാവുത്തരുടെ സേവനങ്ങൾ എന്നെന്നും വിലമതിക്കപ്പെടുന്നവയാണ്.

*   *   *   *

വിദഗ്ദ്ധനായ ഒരു ഭിഷഗ്വരനെന്ന നിലയിൽ ആതുര ശുശ്രൂഷാ രംഗത്ത് പ്രശംസനീയമായ സേവനം കാഴ്ചവച്ച ഡോ. എം. ശിവരാമൻ നായർ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യകാലനേതാ ക്കളിൽ ഒരാളായ അദ്ദേഹം, ശ്രീ. മന്നത്ത് പത്മനാഭനോടൊപ്പം സമുദാ യോദ്ധാരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. തിരു-കൊച്ചി നിയമസഭയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച ഡോ. ശിവരാമൻ നായർ ബഹുജനപ്രശ്നങ്ങൾ സഭയിലുന്നയിക്കുന്നതിനും അവയ്ക്ക് പരിഹാരം തേടുന്നതിനും ബദ്ധശ്രദ്ധനായിരുന്നു. ചുവടുറ

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച കർമ്മ രംഗങ്ങളിലെല്ലാം ആത്മാർത്ഥതയോടും അർപ്പണമനോഭാവത്തോടുംകൂടി പ്രവർത്തിച്ച് കൃതഹസ്തനായ ഡോ. ശിവരാമൻ നായർ ഒരു ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

* * * *

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ വനിതാവിഭാഗത്തിലൂടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ടാണ് ശ്രീമതി ലീലാ മന്നാടിയാർ പൊതുരംഗത്തേക്കു കടന്നുവന്നത്. 1948-52 കാലയളവിൽ തൃശ്ശൂർ മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട അവർ ഒരു ജനപ്രതിനിധിയെന്ന നിലയിൽ തന്റെ കഴിവ് പ്രകടമാക്കുകയുണ്ടായി. തിരു-കൊച്ചി നിയമസഭയിലേക്ക് 1955-ൽ നടന്ന തെരഞ്ഞെടുപ്പിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽനിന്ന് അവർ വിജയം വരിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ആർജ്ജവമുള്ള ഒരു നിയമസഭാ സാമാജികയെന്ന സൽപ്പേര് സമ്പാദിക്കാൻ ശ്രീമതി ലീലാ മന്നാടിയാർക്ക് കഴിയുകയും ചെയ്തു.

തൃശ്ശൂർ വിമൻസ് ക്ലബ്ബിന്റെ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തിരുന്ന ശ്രീമതി മന്നാടിയാർക്ക് സംഗീതം, ചിത്രരചന, നൂൽനൂൽപ്പ് എന്നിവയിലും അനൽപ്പമായ താൽപ്പര്യം ഉണ്ടായിരുന്നു. സാമൂഹ്യസേവനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി ലീലാ മന്നാടിയാരുടെ നിര്യാണംമൂലം പ്രഗൽഭയായ ഒരു പൊതുപ്രവർത്തകയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

* * * *

(അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

### (1) മുകുന്ദപുരം താലൂക്കിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, മുകുന്ദപുരം താലൂക്കിലെ ചാലക്കുടി ജലസേചനപദ്ധതിയുടെ ഇടതു-വലതുകര കനാലുകളിൽ നിന്നും നാളിതുവരെ വെള്ളം ലഭിക്കാത്തതുമൂലം പതിനായിരക്കണക്കിന് ഏക്കർ കൃഷിസ്ഥലങ്ങൾ ഉണങ്ങിവരണ്ടുകിടക്കുകയാണ്. നെല്ല്, വാഴ, കപ്പ, ജാതി, കൊക്കോ, കവുങ്ങ്, തെങ്ങ് തുടങ്ങിയ വിളകളെല്ലാം ഉണങ്ങി നശിച്ചുകൊണ്ടിരിക്കുന്നു. മുൻകാലത്തേതുപോലെ കൃഷിക്കാർ ഇറക്കിയ മൂന്നാം വിളയും നശിച്ചിരിക്കുന്നു. കിണറുകളും കുളങ്ങളും ചിറകളും വററിവരണ്ടതുമൂലം കുടിവെള്ളക്ഷാമം അതിരൂക്ഷമായിരിക്കുന്നു. മുൻവർഷങ്ങളിൽ ജനുവരി ആദ്യമാണ് ചിറകൾ കെട്ടി വെള്ളം സംഭരിച്ചിരുന്നത്. ഇക്കൊല്ലം ഫെബ്രുവരിയിൽ ചിറകൾ കെട്ടിയെങ്കിലും വെള്ളം നിറച്ചിട്ടില്ല. ഇരിങ്ങാലക്കുട, കൊടകര, മാള, ചാലക്കുടി, അങ്കമാലി, പെരുമ്പാവൂർ, നിയോജകമണ്ഡലങ്ങളിലെ പതിനായിരക്കണക്കിന് കൃഷിക്കാർ ഇന്ന് കണ്ണീരും കയ്യുമായി കഴിയുകയാണ്. അവർ ഇറക്കിയ പുഞ്ചക്കൃഷിയെല്ലാം നശിച്ചു. പാവപ്പെട്ട കൃഷിക്കാർക്ക് വീണ്ടും കൃഷിയിറക്കാൻ കഴിയുന്നില്ല. വൈദ്യുതി കിട്ടുന്നില്ല, വോൾട്ടേജില്ല. വളങ്ങൾക്ക് അക്രമവിലയാണ്. കൃഷിച്ചെലവും വർദ്ധിച്ചു. തുമ്പൂർമൂഴിയിൽ നിന്നാണ് ഈ പ്രദേശങ്ങളിലേക്ക് വെള്ളം ലഭിക്കേണ്ടത്



LIBRARY ARCHIVES Kerala Legislative Assembly

അത് കിട്ടുന്നില്ല. ഷോളയാർ, പെരിങ്ങൽക്കുത്ത് ജലവൈദ്യുതപദ്ധതികൾ മാസങ്ങളായി പ്രവർത്തിക്കുന്നില്ല. ഷോളയാറിലെ നാല് ജനറേററുകളും പ്രവർത്തിക്കുന്നില്ല. പെരിങ്ങൽക്കുത്തിലെ നാലു ജനറേററുകളിൽ ഒന്നു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ ജലവൈദ്യുത പദ്ധതികളിൽനിന്നാണ് തുമ്പൂർമൂഴിയിലേക്ക് വെള്ളം വരേണ്ടത്. വൈദ്യുതി ബോർഡും ജലസേചനവകുപ്പും കൃഷിവകുപ്പും തമ്മിലുള്ള മത്സരമാണ് ഈ വരൾച്ചക്ക് മുഖ്യകാരണം. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിമാരും മുഖ്യ മന്ത്രിയും അടിയന്തിരമായി ഇടപെട്ട് പതിനായിരക്കണക്കിന് കർഷകരെ സമ്പൂർണ്ണ നാശത്തിൽ നിന്നും രക്ഷിക്കണം. പൂർണ്ണമായും കൃഷി നശിച്ചുപോയ പാവപ്പെട്ട കൃഷിക്കാർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് വിത്തും വളവും മററ് സാമ്പത്തിക സഹായങ്ങളും നൽകണം. ഷോളയാർ, പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതികളിലെ ജനറേററുകളുടെ കേടുപാടുകൾ തീർത്ത് വീണ്ടും പ്രവർത്തിപ്പിക്കുവാൻ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ജലസംഭരണികളിൽ നിന്നും വെള്ളം വിട്ടുകൊടുത്ത് കൃഷിക്കാരെയും നാട്ടുകാരേയും രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, മുകുന്ദപുരം താലൂക്കിൽപ്പെടുന്ന മിക്കവാറും എല്ലാപ്രദേശങ്ങളിലേക്കും ജലസേചന സൗകര്യം ലഭ്യമാകുന്നത് ചാലക്കുടി ജലസേചന പദ്ധതിയിലെ വലതുകര കനാലിലും ഇടതുകര കനാലിലുംകൂടിയാണ്. അതിന് ഏകദേശം 18 ബ്രാഞ്ച് കനാലുകളുടേയും ഡിസ്ട്രിബ്യൂട്ടറുകളുടേയും ശൃംഗലയാണുള്ളത്. ചാലക്കുടി ജലസേചന പദ്ധതി ഒരു ഡൈവേർഷൻ സ്കീമായതുകൊണ്ട് ഇതിന് സ്റേറാറേജിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പെരിങ്ങൽക്കുത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചുകഴിഞ്ഞുവിടുന്ന ജലമാണ് തുമ്പൂർമൂഴി വിയറിൽ, അതായത് ചാലക്കുടി ഹെഡ്വർക്സിൽ എത്തുന്നത്. 1.8 മീററർ ജലമുണ്ടെങ്കിലേ ജലസേചനം സുഗമമായി നടത്താൻ കഴിയൂ. അവിടത്തെ ജലനിരപ്പ് കഴിഞ്ഞ ഒരാഴ്ചക്കാലമായി വളരെയധികം താണുപോയിട്ടുണ്ട്. 26-ാം തിയ്യതിവരെ 0.7 മീററർ മാത്രമായിരുന്നു അവിടത്തെ ജലനിരപ്പ്. 28-ാം തിയ്യതി ഇതിന്റെ സ്ഥിതി കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് സാധിക്കുകയും 1.2 മീററായി ഇത് ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. കെ. എസ്. ഇ. ബി യുടെ ജനറേററിന്റെ അററകുററപണി നടക്കുന്നതുകൊണ്ടാണ് ഇവിടെ ഈ ജലനിരപ്പ് താഴ്ന്നുപോകുന്നതിന് കാരണമായിട്ടുള്ളത്. അതുപോലെ തന്നെ മുരിയാട് കായൽ ഭാഗത്ത് ഏകദേശം ആയിരം ഏക്കർ സ്ഥലത്ത് ജലം വളരെയധികം കുറവുണ്ടായിട്ടുണ്ട് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് കെ. എൽ. ഡി. സി. ബണ്ട് നിർമ്മാണം നടത്തുന്നതുകൊണ്ട് നേരിടുന്ന തടസ്സമാണ്. ഈ കാരണംകൊണ്ട് കൃഷിക്ക് എന്തെങ്കിലും ദോഷമുണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. സാധാരണ പ്രതിമാസം 45 മില്യൺ ക്യുബിക് മീററർ ജലം കിട്ടേണ്ടതിനു പകരം ജനുവരിയിൽ 36 മില്യണും ഫെബ്രുവരിയിൽ 23 മില്യണും മാത്രമാണ് ജലം ലഭ്യമായത്. കൂടുതൽ ജലം ലഭ്യമാക്കാൻ ഇലക്ട്രിസിററി ബോർഡ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടു വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് പൂർത്തിയായെങ്കിൽ മാത്രമേ ഈ പ്രദേശത്തെ ജലസേചനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇന്നലെ അവിടെ നിന്നും വന്ന ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ കാര്യത്തിനായി കാണുകയും അദ്ദേഹം തന്നെ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകുകയും ചെയ്തു. ഇന്നലെത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ വിളിച്ച് ആവശ്യപ്പെട്ടതനുസരിച്ച് ഈ കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ഇന്നലെത്തന്നെ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുറച്ചുകൂടി ബുദ്ധിമുട്ടില്ലാത്തവിധത്തിൽ കാര്യങ്ങൾ കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഷോളയാർ, പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകൾ പ്രവർത്തിക്കാത്തതുകൊണ്ടാണ് തുമ്പൂർ മൂഴിയിൽ വെള്ളം വരാത്തത്. ഈ കേടുപാടുകൾ തീർക്കാൻ കാലതാമസം വരുമെന്നുള്ളതുകൊണ്ട് ഡാമുകളിൽ നിന്നും കൃഷിക്കാർക്ക് ആവശ്യമുള്ള വെള്ളം അടിയന്തിരമായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: എല്ലാ ജനറേറ്ററുകളും കേടല്ല. ഒരു ജനറേറ്ററിന്റെ അററകുററപ്പണിയാണ് നടക്കുന്നത്. ആ പണികൾ ഉടനെ തീരുമെന്നാണ് ഇലക്ട്രിസിററിബോർഡ് അറിയിച്ചിരിക്കുന്നത്. അത് തീരുന്ന മുറയ്ക്ക് നമുക്കത് ബുദ്ധിമുട്ടില്ലാതെ കൊടുക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം പറഞ്ഞപോലെ പതിനായിരം ഏക്കർ സ്ഥലത്തെ കൃഷിക്ക് നാശമുണ്ടായിട്ടില്ല. കൃഷിനാശം ഉണ്ടാകാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ജലസേചന സൗകര്യങ്ങൾ പരമാവധി ലഭ്യമാക്കാനുള്ള നടപടികൾ ഇതിനോടകം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (2) പാറത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ജോർജ് മസ്ക്രീൻ: സർ, കെട്ടിടനിർമ്മാണം, കടലോരങ്ങളിലെ പാർശ്വഭിത്തി നിർമ്മാണം, മററ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവക്കാവശ്യമായ പാറയുടേയും ചല്ലിയുടേയും ഉല്പാദനം നടത്തുന്ന സംസ്ഥാനത്തെ ഒരു ലക്ഷത്തിലധികം പാറത്തൊഴിലാളികളുടെ പ്രശ്നങ്ങളിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. അസംഘടിതരായ ഈ വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ അനവധിയാണ്. തിരുവനന്തപുരം ജില്ലയിൽ തന്നെ ഏതാണ്ട് 20000-ത്തിലധികം തൊഴിലാളികളുണ്ട്. സംസ്ഥാനത്തെ മൊത്തം പാറ ഉല്പാദനത്തിന്റെ കണക്ക് പരിശോധിച്ചാൽ 300 ലക്ഷം ടൺ പാറയും ചല്ലിയും ഒരു വർഷം ഉല്പ്പാദിപ്പിക്കപ്പെടുന്നുണ്ട്. സ്വകാര്യ പണികൾക്കാണ് ഇതിന്റെ പകുതിയോളം ഉപയോഗം വരുന്നത്. പാറ പൊട്ടിക്കൽ ചല്ലി നിർമ്മാണം അത് ഉപഭോക്താവിന് എത്തിച്ചുകൊടുക്കൽ എന്നീ പ്രക്രിയകളുമായി ബന്ധപ്പെടുന്ന മൂന്നു കാര്യങ്ങളാണുള്ളത്. സ്വകാര്യ ഭൂ ഉടമകളുടെ വസ്തുവിൽ നിന്നും പാറ പൊട്ടിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള ചുമതല മൈനിംഗ് ആൻറ് ജിയോളജി വകുപ്പിനാണ്. പാറ പൊട്ടിക്കേണ്ടുന്ന സ്ഥലത്തിന്റെ സൈററ് പ്ലാൻ, ഭൂ ഉടമയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കററ് വസ്തുവിൽ നിന്നും പാറ പൊട്ടിക്കുന്നതിനുള്ള സമ്മതപത്രം എന്നിവ വിശദമായി പഠിച്ച ശേഷമാണ് മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പ് ലൈസൻസ് നൽകുന്നത്. പാറ പൊട്ടിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളായ

വെടിയുപ്പ്, ഗന്ധകം, തിരി എന്നിവ വാങ്ങുന്നതിനും സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള അംഗീകാരം നൽകേണ്ടത്

10 A.M.] ഹോം ഡിപ്പാർട്ടുമെന്റാണ്. ഇത് ജില്ലാ കളക്ടർ മുഖേനയാണ് നൽകുന്നത്. പാറപൊട്ടിക്കൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ അവകാശ സംരക്ഷണങ്ങളുടെ ചുമതല ലേബർ ഡിപ്പാർട്ട്മെന്റിനാണ്. പാറ പൊട്ടിക്കൽ, ചല്ലി നിർമ്മാണം എന്നീ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ പ്രവർത്തനത്തെ മൂന്നായി വിഭജിക്കാം. സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് പാറ പൊട്ടിക്കുന്നവർ, പൊട്ടിച്ചെടുക്കുന്ന പാറ ലോറിയിൽ കയററി ചല്ലി നിർമ്മാണത്തിന് എത്തിച്ചുകൊടുക്കുന്നവർ, ചല്ലിനിർമ്മാണവുമായി ബന്ധപ്പെട്ടിരിക്കുന്നവർ എന്നിവരിൽ മിക്കവാറും സ്ത്രീകളാണ്. കേരളത്തിൽ രണ്ടായിരത്തിലധികം പാറമടകളിൽ പണിയെടുക്കുന്ന ഒരു ലക്ഷത്തിലധികം തൊഴിലാളികളിൽ 70 ശതമാനവും സ്ത്രീകളാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പാറ പൊട്ടിക്കുന്ന പ്രവർത്തനം വളരെ അപകടം നിറഞ്ഞതാണ്. പാറ ലോറിയിൽ കയററുന്നതും ചല്ലി നിർമ്മാണത്തിന് എത്തിച്ചുകൊടുക്കുന്നതുമായ പ്രവർത്തനം വളരെ ശ്രമകരമാണ്. ചല്ലി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സ്ഥിതിയും വളരെ ശോചനീയമാണ്. ചരിച്ചു കുത്തിയ ഓലക്കീറിന്റെ കീഴിൽ ചുട്ടുപൊള്ളുന്ന വെയിലത്ത് പ്രവർത്തിക്കുന്ന ഈ സ്ത്രീതൊഴിലാളികളുടെ ആരോഗ്യനില തന്നെ വളരെ ദുഃഖകരമാണ്. പാറപൊട്ടിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ള നല്ലൊരുശതമാനം സ്ത്രീതൊഴിലാളികൾക്കും ശ്വാസോച്ഛ്വാസസംബന്ധമായ അസുഖങ്ങൾ പിടിപെടുന്നുണ്ട്. കണ്ണിൽ ചെറിയ പാറ തുണ്ടുകൾ തെറിച്ച് കാഴ്ച ഭാഗികമായി നഷ്ടപ്പെട്ട ധാരാളം സ്ത്രീതൊഴിലാളികൾ ഈ മേഖലയിലുണ്ട്. ശ്രമകരമായ ഈ ജോലി 40 വയസ്സുമുതൽ 50 വയസുവരെയുള്ളവർക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു സ്ത്രീതൊഴിലാളി പകലന്തിയോളം ചല്ലി നിർമ്മാണം നടത്തിയാൽ പരമാവധി ലഭിക്കുന്ന കൂലി 21 രൂപയോ 24 രൂപയോ ആണ്. ഇത്രയും തുച്ഛമായ വരുമാനത്തിൽ ഈ കുടുംബങ്ങളിലെ കുട്ടികൾ തന്നെ സ്കൂൾ വിദ്യാഭ്യാസം നിർത്തി ചല്ലി നിർമ്മാണത്തിലേക്ക് തിരിയുന്നു. ചല്ലി നിർമ്മാണം ഏററവും കൂടുതൽ നടക്കുന്നത് തിരുവല്ല, ചെറിങ്ങമല പഞ്ചായത്തുകളിലാണ്. അവിടെയാണ് ഏററവും കൂടുതൽ ഡ്രോപ് ഔട്ട്സ് ഉള്ളത്. ഈ സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ വേണമെങ്കിൽ പാറപൊട്ടിക്കൽ തൊഴിലാളികൾക്ക് അംഗമാകാം. ഈ തൊഴിലാളികളുടെ പ്രത്യേകത കണക്കിലെടുക്കണം. ഇവർക്ക് പ്രത്യേകമായ പരിഗണനയൊന്നുമില്ല. ഉദാഹരണമായി പറഞ്ഞാൽ അപകടം സംഭവിച്ചാൽ പത്തു ദിവസം ആശുപത്രിയിൽ കിടന്നാൽ മാത്രമേ 20 രൂപ കണക്കിനുള്ള ആനുകൂല്യം ഈ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. ഏതെങ്കിലുമൊരാശുപത്രിയിൽ പത്തു ദിവസം കിടത്തുമോ? അഞ്ചു ദിവസം പോലും ഒരു ആശുപത്രിയിൽ കിടത്തുകയില്ല. നാൽപ്പതോ അൻപതോ വയസ്സു കഴിയുമ്പോൾ ആരോഗ്യപരമായ കാരണങ്ങളാൽ പാറ പൊട്ടിക്കൽ പണി ഉപേക്ഷിക്കേണ്ടി വരുന്നു. ആ തൊഴിലാളികൾക്ക് 60 വയസ് കഴിഞ്ഞാലേ 75 രൂപയുടെ പെൻഷന് അർഹതയുള്ളൂ. 50 വയസ്സായാൽ പണി അവസാനിപ്പിച്ച് പത്തു വർഷം പാറത്തൊഴിലാളി അല്ലാത്ത കാലയളവിൽ എങ്ങനെയാണ് പെൻഷൻ ആനുകൂല്യം കിട്ടുന്നത്? ഈ സംസ്ഥാനത്തെ പ്ലാനിംഗ് ബോർഡോ, തൊഴിൽ വകുപ്പോ ഈ തൊഴിലാളികളെ സംബന്ധിച്ച് ഇന്നുവരെ ഒരു സർവ്വേയോ പഠനമോ നടത്തിയിട്ടില്ല. ഒരു ടൺ പാറ പൊട്ടിക്കുമ്പോൾ സർക്കാരിന് 8 രൂപയുടെ റോയൽററി കിട്ടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുക്കണമെന്നാണ് നിയമം. അങ്ങനെയാണെങ്കിൽ 24 കോടി രൂപ ഈ സർക്കാരിന് പാറത്തൊഴിലാളികളിൽ നിന്നും റോയൽറ്റിയായി കിട്ടുന്നുണ്ട്. ഒരു ലോഡ് കരിങ്കല്ലിന് 550 രൂപ വിലയുള്ളപ്പോഠ ഒരു ലോഡ് ചല്ലിക്ക് 1.600 രൂപ വിലയുള്ളപ്പോഠ ഒരു ലോഡ് കരിങ്കല്ല് പൊട്ടിച്ച് ചല്ലിയാക്കുന്ന തൊഴിലാളിക്ക് 250 രൂപയാണ് കിട്ടുന്നത്. പാറ പൊട്ടിക്കൽ പണി നടക്കുന്ന പ്രദേശങ്ങളെ മൊത്തമായി ഒരു നോട്ടിഫിക്കേഷനിലൂടെ പാറ പൊട്ടിക്കൽ പ്രദേശമായി പ്രഖ്യാപിക്കുകയും ലൈസൻസ് നേടുന്നതിനുള്ള നടപടിക്രമങ്ങഠ ലഘൂകരിക്കുകയും ചെയ്യണം. സ്ഫോടക വസ്തുക്കഠ സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങളും ലഘൂകരിക്കണം. അതുപോലെ വളരെ തുച്ഛമായ കൂലി ലഭിക്കുന്ന ഈ വിഭാഗം തൊഴിലാളികഠക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ഒരു കമ്മീഷനെ നിയമിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ): സർ, പാറ പൊട്ടിക്കാൻ ഉപയോഗിക്കുന്ന വെടിമരുന്ന് കൈവശം വയ്ക്കുന്നതിന് ലൈസൻസ് ആവശ്യമാണ്. ഇന്ത്യൻ സ്ഫോടകവസ്തു നിയമവും ചട്ടങ്ങളും അനുസരിച്ച് 5 കിലോഗ്രാം വരെ വെടിമരുന്ന് കൈവശം വയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകഠക്കും നിബന്ധനകഠക്കും വിധേയമായി ലൈസൻസ് നൽകുന്നതിനും ജില്ലാ കളക്ടർക്കും അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിനും അധികാരമുണ്ട്. ഇത് ഇന്ത്യ മുഴുവൻ പ്രാബല്യത്തിലുള്ള കേന്ദ്ര നിയമമായതുകൊണ്ട് ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിന് മാത്രമേ അവകാശമുള്ളൂ. പാറപൊട്ടിക്കലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ ഉഠപ്പെടുത്തിയിട്ടുണ്ട്. 30-3-1983-ലെ സർക്കാർ വിജ്ഞാപനപ്രകാരം സ്റ്റോൺ ബ്രേക്കിംഗ്, സ്റ്റോൺ ക്രഷിംഗ്, ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ മേഖലകളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിട്ടുപോയ ചില തൊഴിലാളികളെ ഉഠക്കൊള്ളിച്ചുകൊണ്ട് 14-6-1988-ലെ വിജ്ഞാപനപ്രകാരം മറ്റൊരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ നോട്ടിഫിക്കേഷൻ പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി കരട് വിജ്ഞാപനം തയ്യാറാക്കി അയയ്ക്കാൻ ഗവൺമെന്റ് ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ വിഭാഗം തൊഴിലാളികഠ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങഠക്ക് അർഹരാണ്. ഈ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികഠ അപകടംമൂലം ആശുപത്രിയിൽ കിടക്കുകയോ, പ്ലാസ്റ്ററിട്ട് ചികിത്സ നടത്തുകയോ ചെയ്യുകയാണെങ്കിൽ അങ്ങനെ ചികിത്സിക്കുന്ന ആദ്യത്തെ ഏഴ് ദിവസത്തേക്ക് 200 രൂപയും തുടർന്നുള്ള ഓരോ ദിവസത്തേക്ക് 20 രൂപ ക്രമത്തിലും പരമാവധി 5,000 രൂപ വരെ അപകട ചികിത്സക്ക് നൽകുന്ന പദ്ധതിപ്രകാരം നൽകിവരുന്നുണ്ട്. 60 വയസ്സ് പൂർത്തിയാകുന്ന ഏറ്റവും കുറഞ്ഞത് ഒരു വർഷം അംഗത്വമുള്ള ഒരംഗത്തിന് സർവ്വീസിന്റെ ദൈർഘ്യമനുസരിച്ച് 300 രൂപ വരെ പെൻഷൻ ലഭിക്കും. മിനിമം പെൻഷൻ 75 രൂപയും മൂന്ന് വർഷം കഴിഞ്ഞിട്ട് പൂർത്തിയാകുന്ന ഓരോ വർഷത്തെ സർവ്വീ

സിനും 10 രൂപ വീതം അധികമായും പെൻഷൻ നൽകുന്നു. ക്ഷേമ പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ഇപ്പോൾ 11 പദ്ധതികൾ പ്രകാരം ധനസഹായം നൽകുന്നുണ്ട്. പാറപൊട്ടിക്കുന്നതിന് കാലതാമസം കൂടാതെ അനുമതി നൽകുന്നതിനായി മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് കാലാകാലങ്ങളിൽ ചട്ടങ്ങൾ ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടി കുറേക്കൂടി ലഘൂകരിക്കാൻ വില്ലേജ് ഓഫീസർ നൽകുന്ന സർവ്വേമാപ്പ്, പൊസഷൻ സർട്ടിഫിക്കററ് എന്നിവ യെല്ലാം ആധാരമായി സ്വീകരിച്ച് പെർമിററുകൾ നൽകാൻ ബന്ധപ്പെട്ട വർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1967-ൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ കാലാനുസൃതമായ മാററങ്ങൾ വരുത്താനും ഗവൺമെൻറ് തീരുമാനി ച്ചിട്ടുണ്ട്.

ശ്രീ. ജോർജ് മസ്ക്രീൻ: പാറത്തൊഴിലാളികൾക്ക് മിനിമം വേജസ് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു മിനിമം വേജസ് കമ്മിററി രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എൻ. രാമകൃഷ്ണൻ: അങ്ങനെ പ്രത്യേകമായ ഒരു മിനിമം വേജസ് കമ്മിററി ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാലാ നുസൃതമായ കൂലി വർദ്ധനവിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കാം.

## IV. സബ്മിഷൻ

### (1) നാളികേരത്തിന് താങ്ങുവില

ശ്രീ. വി. വി. രാഘവൻ: സർ, ഈ സെഷൻ ആരംഭിച്ച ദിവസം, അതായത് ജനുവരി 24-ാംതീയതി നാളികേരത്തിൻെറ വിലത്തകർച്ചയെ സംബന്ധിച്ച് ഞാൻ ഉന്നയിച്ച ഒരു ശ്രദ്ധക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിൽ കേന്ദ്രഗവൺമെൻറ് ഉടൻതന്നെ നാളികേരത്തിന് താങ്ങുവില പ്രഖ്യാപിക്കുമെന്ന് സഭയിൽ പ്രഖ്യാപി ക്കുകയുണ്ടായി. നമുക്കൊന്നിച്ചുപോയി ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്ന തിനുവേണ്ടി ഒരു നിവേദനം കൊടുക്കാം എന്നുള്ള ഒരു നിർദ്ദേശം വച്ചപ്പോൾ അതിൻെറയൊന്നും ആവശ്യമില്ല, അതിനെക്കാൾ വേഗത്തിൽ താങ്ങുവില പ്രഖ്യാപനമുണ്ടാകും എന്ന് കൃഷിവകുപ്പു മന്ത്രി അന്ന് ആവർത്തിച്ച് ജനുവരി 24-ാം തീയതി ഉറപ്പുനൽകിയിരുന്നു. പിന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് കോഴിക്കോട് വെച്ച് പത്രപ്രതിനിധികൾ ചോദിച്ചപ്പോൾ പറഞ്ഞത് പ്രധാനമന്ത്രി ജർമ്മനിയിലാണ്, മടങ്ങിവന്നാ ലുടനെതന്നെ താങ്ങുവില പ്രഖ്യാപനമുണ്ടാകുമെന്നാണ്. ഇന്ന് മാർച്ച് മാസം മൂന്നാം തീയതിയായി, ഇതുവരെ പ്രഖ്യാപനമുണ്ടായിട്ടില്ല. നാളി കേരത്തിൻെറ വിലത്തകർച്ചകൊണ്ട് 21 ലക്ഷത്തോളം വരുന്ന കൃഷിക്കാർ എരിപൊരി കൊള്ളുകയാണ്. അവരുടെ വിഷമത പറഞ്ഞറിയിക്കാൻ വാക്കുകൾ പോരാ. ഇതിന് അടിയന്തിരമായ സംവിധാനം എന്തുകൊണ്ടാണ് ഗവൺമെൻറ് ഉണ്ടാക്കാത്തതെന്നു മനസ്സിലാകുന്നില്ല. ഭക്ഷ്യവകുപ്പുമന്ത്രി ഇവിടെ ചോദ്യോത്തരസമയത്ത് മറുപടി പറഞ്ഞപ്പോൾ സാധനങ്ങളുടെ കുറഞ്ഞ വിലയുടെ പട്ടികയിൽ വെളിച്ചെണ്ണയുടേയും ചേമ്പിൻേറയും പേര് പറയുകയുണ്ടായി. ഇവിടെ നാം ഉല്പാദിപ്പിക്കുന്ന 450 കോടി യോളം വരുന്ന നാളികേരത്തിൽ നിന്നും 13 ശതമാനം കേരളീയർ ഭക്ഷ്യ വസ്തുക്കളായിട്ടും നാളികേരമായിട്ടും വെളിച്ചെണ്ണയായിട്ടും ഉപയോഗി ക്കുന്നുണ്ട്. ബാക്കിയുള്ള 87 ശതമാനം പുറത്തു വിററിട്ടാണ് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ സമ്പദ്ഘടന നിലനിർത്തുന്നത്. ആ സാഹചര്യത്തിൽ അഭ്ദേഹത്തിന്റെ മറുപടി കൂടിവന്നപ്പോൾ എന്തുകൊണ്ടും മുറിവിൽ കൊള്ളിവെച്ച വേദനയാണുണ്ടായിട്ടുള്ളത്. പ്രശ്നം തിരിഞ്ഞുപോവുകയാണ്. ഡിസംബറിൽ ഉണ്ടാകേണ്ട താങ്ങുവില പ്രഖ്യാപനമാണ്—എണ്ണക്കുരുവായി പ്രഖ്യാപിച്ച എല്ലാററിനും വിളവെടുപ്പിനുമുമ്പു തന്നെ താങ്ങുവില പ്രഖ്യാപിക്കണം എന്നുണ്ട്. നാളികേരത്തിന്റെ വിളവെടുപ്പ് ജനുവരി മാസത്തിലാണ് തുടങ്ങുന്നത്. ഡിസംബറിൽ ഉണ്ടാകേണ്ട താങ്ങുവില പ്രഖ്യാപനം മാർച്ച് 3-ാം തീയതിയായിട്ടും ഉണ്ടാകാത്തതുകൊണ്ട് നമ്മുടെ നാളികേരകൃഷിക്കാർ വളരെ വിഷമത്തിലാണ്. എന്തുകൊണ്ടാണ് താങ്ങുവിലപ്രഖ്യാപനം നീണ്ടുപോകുന്നത്, ഇതെന്നത്തേക്ക് ഉണ്ടാകും എന്ന് പറയാൻ സാധിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, അഗ്രിക്കൾച്ചർ പ്രൈസസ് കമ്മീഷൻ നാളികേരത്തിന്റെ താങ്ങുവിലയായി 2,225 രൂപ നിർദ്ദേശിച്ചു. 2,150 രൂപയുണ്ടായിരുന്നതിൽ നിന്നും 75 രൂപ മാത്രമാണ് വർദ്ധിച്ചത്. അതിനെക്കുറിച്ച് സ്റേറററ് ഗവൺമെന്റിനോട് അഭിപ്രായം ചോദിച്ചു. അതുപോരെന്ന് ശക്തിയായിട്ട് പറഞ്ഞു. താങ്ങുവില വർദ്ധിപ്പിക്കണം എന്നു നമ്മുടെ മുഖ്യമന്ത്രി കേന്ദ്ര കൃഷിവകുപ്പുമന്ത്രിയോട് പറഞ്ഞു. മററ് സ്റേററുകളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള റിപ്പോർട്ട് കിട്ടാൻ താമസിച്ചു. കുറെ കാലതാമസം ഉണ്ടായത് ആ അർത്ഥത്തിലാണ്. ഇക്കാര്യം ഇപ്പോൾ കേന്ദ്രമന്ത്രിസഭയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട വി. വി. രാഘവൻ അന്ന് നിവേദകസംഘത്തിന്റെ കാര്യം പറഞ്ഞു. അതിനോട് എനിക്ക് വിരോധമുണ്ടായിട്ടില്ല. പക്ഷേ ഡൽഹിയിൽ നമ്മുടെ എം. പി. മാരും കേന്ദ്രമന്ത്രിമാരായ ശ്രീ. എ. കെ. ആന്റണിയും ശ്രീ. എസ്. കൃഷ്ണകുമാറും ഇതിനുവേണ്ടി നിരന്തരമായി ശ്രമിക്കുന്നുണ്ട്. ട്ടെും താമസിയാതെ ഇക്കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമുണ്ടാകുമെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു.

## (2) കശുവണ്ടി കുത്തകസംഭരണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, കഴിഞ്ഞ 24-ാം തീയതി ഈ സഭയിലെ ബഹുമാനപ്പെട്ട പന്ത്രണ്ട് എം. എൽ. എ. മാർ സഭയുടെ വാതിൽക്കൽ നിരാഹാരസമരം നടത്തിയ പ്രശ്നത്തെ ആസ്പദമാക്കി ഗവൺമെന്റ് അവർക്ക് ചില ഉറപ്പുകൾ നൽകിയിരുന്നു. ഒരു ലക്ഷത്തെ ഒന്നേകാൽ ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളിൽ അര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ കോർപ്പറേഷൻ ഫാക്ടറികളിൽ പണിയെടുത്തുവരുന്നവരാണ്. അവർ കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഫാക്ടറി അടച്ചുപൂട്ടിയതുകാരണം പട്ടിണിയിലാണ്. കേരളത്തിലെ കശുവണ്ടി കൃഷിക്കാർക്ക് അവരുടെ ഉല്പന്നമായ കശുവണ്ടിക്ക്, തോട്ടണ്ടിക്ക് ന്യായമായ വില ലഭിക്കാൻ തക്കവിധത്തിൽ കുത്തകസംഭരണം ഏർപ്പെടുത്തുക, അടച്ചിട്ടിരിക്കുന്ന കാഷ്യൂ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുക എന്നീ പ്രശ്നങ്ങളെ ആസ്പദമാക്കി കൃഷിക്കാരുടേയും തൊഴിലാളികളുടേയും ഭാഗത്തുനിന്ന് സമരം നടന്നുവരികയായിരിക്കെയാണ് ഏകദേശം ഏഴുപതോളം ഫാക്ടറികളുടെ പടിക്കൽ ഒരാഴ്ച നീണ്ടുനിന്ന ട്രേഡ് യൂണിയൻ നേതാക്കളുടെ നിരാഹാര സമരവും അതുപോലെ ഉത്തരകേരളത്തിൽ മലനാട് ബന്ദും കൃഷിക്കാർ നടത്തിയത്. ഇതിനെയെല്ലാം ആസ്പദമാക്കിയാണ് നമ്മുടെ സഭയിലെ 12 എം. എൽ. എ.

മാർ സഭയുടെ വാതിൽക്കൽ ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടി നിരാഹാര സമരം ആരംഭിച്ചത്. ആ സമരത്തെത്തുടർന്ന് ഗവൺമെന്റ് ഇടപെടുകയും ഇതു സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങളെടുക്കാം, കുത്തക സംഭരണം ഏർപ്പെടുത്താം, കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാം എന്നുപറഞ്ഞുകൊണ്ട് അവർക്ക് ഉറപ്പു നൽകുകയും ചെയ്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് ഒട്ടും താമസിയാതെ തന്നെ ഒരാഴ്ചയ്ക്കകംതന്നെ കൃഷിക്കാരുമായി, കൃഷിക്കാരുടെ സംഘടനകളുമായി, പുറത്തുനിന്നിറക്കുന്ന കശുവണ്ടിയുടെ വിലയും നാട്ടിലുള്ള കൃഷിക്കാരുടെ കശുവണ്ടി വിലയും തമ്മിൽ പൊരുത്തപ്പെട്ടു പോകത്തക്ക നിലയിൽ ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരം കാണാം എന്നാണ് ഗവൺമെന്റ് ഉറപ്പു നൽകിയത്. കഴിഞ്ഞ കൊല്ലവും ഇത് സംബന്ധിച്ച് ഈ ഗവൺമെന്റിൽ നിന്നും ഉറപ്പുണ്ടായിരുന്നു. കുത്തകസംഭരണം ഏർപ്പെടുത്തുമെന്നു പറഞ്ഞുകൊണ്ട് പ്രഖ്യാപനവും അതനുസരിച്ചുള്ള ചർച്ചകളും നടന്നിരുന്നു. പിന്നീട് കുത്തക സംഭരണം ഉണ്ടായില്ല എന്നതാണ് വസ്തുത. അതുകഴിഞ്ഞ് കുറെക്കാലത്തിനുശേഷം മുഖ്യമന്ത്രിക്ക് തന്നെ പറയേണ്ടിവന്നു, കുത്തകസംഭരണം ഏർപ്പെടുത്താതിരുന്നത് മോശമായിപ്പോയി. അതുമൂലമാണ് അരലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയാതെ വന്നത് എന്ന്. ആ സാഹചര്യത്തിലാണ് ഇക്കൊല്ലത്തെ സ്ഥിതിഗതികളെ ഞങ്ങൾ ഉററുനോക്കുന്നത്. കഴിഞ്ഞ കൊല്ലത്തെ പ്രഖ്യാപനവും പിന്നീട് ഉണ്ടായിട്ടുള്ള അനുഭവവും ഇക്കൊല്ലവും ആവർത്തിക്കാതിരിക്കണം എന്ന കാര്യത്തിൽ ഇപ്പുറത്തും അപ്പുറത്തുമുള്ള ആളുകൾക്ക് നിർബന്ധമുണ്ടായിരിക്കുമെന്നു ഞാൻ ആശിക്കുന്നു. ആ നിലയിൽ 24-ാം തീയതി ഈ സഭയ്ക്കു

നിരാഹാര സത്യാഗ്രഹികളായ എം. എൽ. എ. മാർക്കും നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ചക്കകം തന്നെ കൃഷിക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. 24-ാം തീയതി കഴിഞ്ഞ് ഒരാഴ്ച എന്നത് മാർച്ച് 1-ാം തീയതിയോ 2-ാം തീയതിയോ സമ്മേളനം തീരുന്നതാണ്. ഇന്ന് തീയതി മൂന്നാണ്. യാതൊരു തരത്തിലുള്ള ചർച്ചയും കർഷക സംഘടനകളുടെ പ്രതിനിധികളുമായി നടന്നതായി ഞങ്ങൾക്ക് അറിവില്ല. അതുകൊണ്ട് മുൻകാലങ്ങളിലെ പോലുള്ള ദൗർഭാഗ്യകരമായ നിലയിൽ എത്താനാണോ പോകുന്നത്, അതോ ജനപ്രതിനിധികൾക്കും സഭയ്ക്കും നൽകിയ ഉറപ്പ് നടപ്പാക്കാനാണോ പോകുന്നത്? എന്താണ് സ്ഥിതി? അടുത്ത കാലത്ത് ഒരു പത്രവാർത്ത കണ്ടു, പുറത്തുനിന്നിറക്കാൻ ഓർഡർ കൊടുത്തിരുന്ന കശുവണ്ടി ഉടനെ തന്നെ അതു വിലകൂടുതൽ ആണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇറക്കുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചു എന്ന്. അങ്ങനെ പുറത്തുനിന്നുള്ള ഇറക്കുമതിയുടെ കാര്യം ഈ നിലയിൽ തടയപ്പെട്ടതിന്റെ ഫലമായി ഉൽക്കണ്ഠാജനകമായ സ്ഥിതിയാണ് ഉണ്ടായത് എന്നു മനസ്സിലാകുന്നു. യാതൊരു നിലയിലും നീതീകരിക്കാൻ പാടില്ലാത്ത വിധത്തിലുള്ള വിലയ്ക്ക് കശുവണ്ടി ഇറക്കുന്നതിന് ഞങ്ങൾ യാതൊരു തരത്തിലും അനുകൂലമല്ല. കുററമററ രീതിയിൽ കശുവണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഗവൺമെന്റിന്റെ നീക്കങ്ങൾക്ക് പൂർണ്ണമായ പിൻതുണതന്നെയാണ് ഞങ്ങൾക്ക് നൽകാനുള്ളത്. അതുകൊണ്ട് കശുവണ്ടി കുത്തകസംഭരണം നടത്തണം. പോരാതെവന്ന കശുവണ്ടി പുറത്തുനിന്നു മര്യാദവിലയ്ക്ക് എടുത്ത് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കണം. കൃഷിക്കാർക്ക് മര്യാദ വില നൽകുവാനുള്ള അവസരമുണ്ടാകണം. ഈ തരത്തിൽ ഗവൺമെന്റ് ഈ പ്രശ്നം എങ്ങനെയാണ് കൈകാര്യം ചെയ്യാൻ പോകുന്നത് എന്നതു സംബന്ധിച്ച് ഉൽകണ്ഠാജനകമായ സ്ഥിതി വന്നതുകൊണ്ടുമാത്രം ഈ പ്രശ്നം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനും എന്താണ് അതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായവും തീരുമാനവുമെന്ന് അറിയാനുമാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ: ശ്രീ. കെ. പി. നൂറുദ്ദീനും ഈ പ്രശ്നം സംബന്ധിച്ച് എഴുതിത്തന്നിട്ടുണ്ട്. ഒരു ചർച്ചയിലേക്ക് പോകണ്ട.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലം പ്രധാനമായും കശുവണ്ടിമേഖലയാണ്. കശുവണ്ടിക്ക് അന്തർദേശീയ മാർക്കറ്റുമായി ബന്ധപ്പെടുത്തി എത്രയുംവേഗം പ്രശ്നത്തിന് പരിഹാരം കാണണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ പ്രശ്നം സംബന്ധിച്ച് ഓറവാക്കിൽ പൂർണ്ണമായ വിവരം സഭയെ അറിയിക്കുവാൻ പറ്റുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം കൃഷിക്കാരുടെ പ്രശ്നമെന്നനിലയിൽ കഴിഞ്ഞ ഒരാഴ്ചയായി ശ്രീ. കെ. പി. നൂറുദ്ദീനും ശ്രീ. കെ. സി. ജോസഫും എന്നെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കശുവണ്ടി മേഖലയിലുള്ള ആളുകളും കശുവണ്ടി കൃഷിക്കാരും എല്ലാവരും ഇതു സംബന്ധിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. പി. നൂറുദ്ദീൻ, 'ഇനി വൈകിയാൽ ഞങ്ങൾ സമരം തുടങ്ങും' എന്നുവരെ എനിക്ക് എഴുതിത്തന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഗവൺമെന്റ് നാടൻ തോട്ടണ്ടി ഉറപ്പിനെക്കുറിച്ച് ഗവൺമെന്റിന് ബോധ്യമുണ്ട്. ഞാൻ ആ കാര്യം പറയാം: കഴിഞ്ഞ വർഷം ഉണ്ടായ പോലെ ഈ വർഷം ഉണ്ടാകാനുള്ള സാദ്ധ്യതയില്ല. ആ ഭയം വേണ്ട. കഴിഞ്ഞകൊല്ലം ഇത് ആരെങ്കിലും ആത്മാർത്ഥമായി ശ്രമിക്കാത്തതിന്റെ പ്രശ്നമല്ല. കഴിഞ്ഞ കൊല്ലം കാഷ്യു കോർപ്പറേഷന്റെ കട കാരണം നമുക്ക് ഒന്നും ചെയ്യാൻ പറ്റാതെ വന്നതാണ്. കുത്തക സംഭരണം ഗവൺമെന്റ് വേണ്ട എന്നു വച്ചത് താത്വികമായിട്ടല്ല, കുറച്ചുകാലമെങ്കിലും കുത്തക സംഭരണം നടത്തുന്നതാണ് നല്ലത് എന്നത് ഗവൺമെന്റിന്റെ അഭിപ്രായം തന്നെയായിരുന്നു. നിർഭാഗ്യവശാൽ അതിനുള്ള ഫൈനാൻസ് അറേഞ്ച് ചെയ്യുന്ന കാര്യത്തിൽ കഴിഞ്ഞ പ്രാവശ്യം നമ്മൾ പരാജയപ്പെട്ടു. ഇപ്രാവശ്യം ആ സ്ഥിതിയില്ല. ഇപ്പോൾ, മുഴുവൻ കടവും ക്യാബിനറ്റ് തീരുമാന പ്രകാരം തീർത്തു. അതിനുശേഷം കഴിഞ്ഞ ഒരാഴ്ച, കൃഷിക്കാരേയും ട്രേഡ് യൂണിയൻ നേതാക്കളേയും വിളിക്കാത്തത് ആദ്യം നടക്കേണ്ടത് ആദ്യം നടക്കണം എന്നുള്ള നിലയ്ക്കാണ്. ഈ ഒരാഴ്ച മുഴുവൻ ഞങ്ങൾ ബാങ്കുകളും കോ-ഓപ്പറേറ്റീവ് ബാങ്കുകളുമായി ചർച്ച നടത്തുകയായിരുന്നു. ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ അതുണ്ടായിരുന്നു. അതുസംബന്ധിച്ചുള്ള അവസാന പ്രൊപ്പോസൽ ഇന്നത്തെ ക്യാബിനറ്റിൽ വരുന്നു. അതുകൊണ്ട് കുത്തക സംഭരണത്തിനുവേണ്ടിയുള്ള ഫൈനാൻസ് ഒരുക്കാൻ 99 ശതമാനവും കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നുകിട്ടും എന്ന് ഉറപ്പായിരിക്കുകയാണ്. അതുകൊണ്ട് ഇത്തവണ കുത്തക സംഭരണം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതുസംബന്ധിച്ച് നടക്കാനുള്ള

കാര്യങ്ങൾ, ട്രേഡ് യൂണിയൻ പ്രതിനിധികളെയും കൃഷിക്കാരുടെ പ്രതിനിധികളെയും വിളിച്ച് ചർച്ച ചെയ്ത് വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമുണ്ടാകണം. അവിടെ അന്തർ ദേശീയ മാർക്കററുമായി താരതമ്യപ്പെടുത്തി വിലകൊടുക്കുമെന്നുള്ള ഞങ്ങളുടെ വാക്ക് കൃഷിക്കാർക്കുണ്ട്. അത് എത്ര എന്നുള്ള കാര്യത്തിൽ അവരോട് സംസാരിക്കണം. അവർക്ക് അഭിപ്രായ വ്യത്യാസമുണ്ട്. എന്നോട് ശ്രീ. കെ. പി. നൂറുദ്ദീൻ സംസാരിച്ചപ്പോൾ പറഞ്ഞു, 25 രൂപയിൽ കുറച്ച് ഞങ്ങൾ സമ്മതിക്കുന്ന പ്രശ്നമില്ല എന്ന്. അങ്ങനെ വന്നാൽ ബുദ്ധിമുട്ടുവരും. അതുകൊണ്ട് ചർച്ചചെയ്തു തീരുമാനിക്കണം. അന്തർദേശീയ മാർക്കററുമായി താരതമ്യപ്പെടുത്തി വില നിശ്ചയിക്കാം. കാഷ്യുകോർപ്പറേഷന് വയബിളായി പ്രവർത്തിക്കാൻവേണ്ടി വില സ്വീകാര്യമാക്കണം എന്നുള്ളതുകൊണ്ട് കൃഷിക്കാരും ഇക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യണം. അല്ലാതിരുന്നാൽ മുന്നോട്ട് പോകാൻ ഒക്കുകയില്ല.

പിന്നെയുള്ളത് കശുവണ്ടി ഇംപോർട്ടിനെ സംബന്ധിച്ചാണ്. അതു സംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ഇപ്പോൾ തൽക്കാലം സ്റേറാ ചെയ്ത നടപടിയിൽ കുറച്ച് ഡിലേയുണ്ടാകും. പക്ഷെ നിർവാഹമില്ല. ഇവിടെ സ്വകാര്യ ഏജൻസികൾ വാങ്ങിയ വില, ഈ സഭയിലുള്ള ശ്രീ. യൂനസ്കുഞ്ഞുതന്നെ വാങ്ങിയ വില ഇതേ വെറൈററിക്ക് 840 ഡോളറാണ്. നമ്മൾ ഇപ്പോൾ ഓർഡർ ചെയ്തിരിക്കുന്നത് 880-ഉം ചില്ലറയുമാണ്. നാല്പത് ഡോളറിന്റെ വ്യത്യാസമാണ് വരുന്നത്. നാല്പത് ഡോളറിന്റെ വ്യത്യാസത്തിലൊന്നും വലിയ അഴിമതിക്കുള്ള യാതൊരു സ്കോപ്പുമില്ല. അഞ്ചുശതമാനം പെർഫോമൻസ് ഗ്യാരണ്ടി കൊടുക്കണം. അതിന് ഇൻറസ്ററും കൊടുക്കണം. അതുപോലെ കാഷ്യു കോർപ്പറേഷനാണെങ്കിൽ നേരത്തെ 100-ഉം 150-ഉം ഡോളറിന്റെ വ്യത്യാസമുണ്ടായിരുന്നതാണ്. ഇപ്പോൾ നാല്പത് ഡോളറാണ് വ്യത്യാസം. എന്നാലും ശരി എല്ലാവർക്കും ഒരവസരംകൂടി കൊടുക്കാൻ ഞങ്ങൾ വന്നിരിക്കുകയാണ്. ആ ഒരു ഡിലേ ഇമ്പോർട്ടിൽ ഉണ്ടാകുന്നു. പിന്നെ എസ്. ടി. സി.യുടെ കശുവണ്ടി വാങ്ങിയില്ല എന്നതാണ് കംപ്ലയിൻറ്. എസ്. ടി. സി. യുടെ അണ്ടി വാങ്ങാമായിരുന്നു. അടുത്ത ക്രോപ്പാണെങ്കിൽ പ്രശ്നമില്ലായിരുന്നു. ഈ ക്രോപ്പിൽ അവരുടെ കൈവശമുള്ളത് കേട് കൂടുതലുള്ള കശുവണ്ടിയാണെന്നാണ് റിപ്പോർട്ട്. മാത്രമല്ല പതിനഞ്ച് ശതമാനം കേട് വാങ്ങണമെന്നും അതിൽ കിഴിവ് തരാമെന്നും പറയുന്നു. അറിഞ്ഞുകൊണ്ട് കേടായ അണ്ടി വാങ്ങിയാൽ വലിയ ഗുലുമാലാകും; അതു മാർക്കററിൽ പ്രശ്നമുണ്ടാകും. അതുകൊണ്ട് അടുത്ത പ്രാവശ്യം പുതിയ ക്രോപ്പിൽ അവർ കൂടുതൽ വിലയുമായിട്ട് വരികയാണെങ്കിൽ പരിഗണിക്കാം. അതുകൊണ്ട് എല്ലാവർക്കും ഒരവസരംകൂടി കൊടുക്കാം. എസ്. ടി സി. ക്ക് കേടായ അണ്ടിയുടെ കാര്യത്തിൽ ഗ്യാരൻറി പറയാൻ ഒക്കുമെങ്കിൽ അവസരം കൊടുക്കാം എന്നാണ് ഞങ്ങൾ ചിന്തിക്കുന്നത്. അവിടെ കാഷ്യു കോർപ്പറേഷന് സ്വതന്ത്രമായ ബോർഡുണ്ട്—നാൺ ഒഫീഷ്യൽ ബോർഡ്. അവരും അംഗീകരിക്കണം. അത് ഒരു പ്രശ്നമാണ്. ഗവൺമെൻറിന് ഇതിന്റെ റെസ്പോൺസിബിലിററി അതുതന്നെ എടുക്കാൻ പററുകയില്ല. അവരും അംഗീകരിച്ച പററുകയുള്ളൂ. അംഗീകരിക്കാതെ ഇമ്പോർട്ട് ചെയ്യാൻ പററുകയില്ല എത്ര അങ്കലാപ്പുള്ള സ്ഥിതിയാണെങ്കിലും ശരി കാഷ്യു മേഖലയിലുള്ള ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഉത്തരവാദിത്വം ഏറെറടുക്കാൻ എല്ലാവർക്കും മടിയാണല്ലോ. ഇത് എല്ലാവർക്കും അറിയാമല്ലോ. അവിടത്തെ ഏത

LIBRARY ARCHIVES Kerala Legislative Assembly

ചലനവും ഇന്ന് പത്ര വാർത്തയാണ്. അതുകൊണ്ട് സൂക്ഷിച്ച് ചെയ്യാതെ നിർവാഹമില്ല. ഇന്നും പത്ര വാർത്ത ഉണ്ട്, എല്ലാ ദിവസവും ഉണ്ട്. ഏതായാലും ശരി വലിയ ഡിലേ ഒന്നുമില്ലാതെ ഈ വരുന്ന ഒരാഴ്ച കൊണ്ട് ഇമ്പോർട്ട് സംബന്ധിച്ചും അതുപോലെതന്നെ മൊണൊപ്പോളി പ്രൊക്യുവർമെൻറ് സംബന്ധിച്ചുമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നേരത്തെ ഗവൺമെൻറ് പറഞ്ഞ സമയത്തിനുള്ളിൽതന്നെ ഫാക്ടറി തുറക്കാനുള്ള എല്ലാ ശ്രമവും ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകും.

## (3) അനധികൃത മദ്യഷാപ്പുകൾ

ശ്രീ. കെ. പി. എ. മജീദ്: സർ, നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അനധികൃത മദ്യഷാപ്പുകൾമൂലം സാധാരണ ജനങ്ങളുടെ ജീവിതംതന്നെ ദുസ്സഹമാകുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തിൽ മുപ്പതിനായിരത്തോളം വരുന്ന അനധികൃത മദ്യഷാപ്പുകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി ഇങ്ങനെ പ്രശ്നമുണ്ടാകുന്ന സന്ദർഭങ്ങളിൽ ഓരോ ഗ്രാമപ്രദേശങ്ങളിലും മററ് സ്ഥലങ്ങളിലുമെല്ലാം സമരപരിപാടികളും മററുമെല്ലാം ഉണ്ടായി താൽക്കാലികമായി അത് അവിടെനിന്ന് നീക്കം ചെയ്താൽതന്നെയും തൊട്ടടുത്ത സ്ഥലങ്ങളിൽ വീണ്ടും അത് പ്രത്യക്ഷപ്പെടുന്ന ഒരു സാഹചര്യം വന്നിരിക്കുകയാണ്. ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അനധികൃത മദ്യഷാപ്പുകളുടെ ബുദ്ധിമുട്ട് ഓർത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പോലീസ് ഉദ്യോഗസ്ഥൻമാർക്കുകൂടി ഇത് പരിശോധിക്കാൻ സമയം നൽകിയെങ്കിലും ഇന്ന് ആ രീതിയിലുള്ള ഒരു പരിശോധനയും ഇല്ലാതാകുന്ന സാഹചര്യം വന്നിരിക്കുകയാണ്. അതുമൂലം ധാരാളം ബുദ്ധിമുട്ടുകൾ ഇന്ന് വന്നുകൊണ്ടിരിക്കുകയാണ്. ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും അടുത്ത് ധാരാളം ഷാപ്പുകൾ വന്നുകൊണ്ടിരിക്കുന്നു. നിയമത്തിൻെറ പഴുതുകൾക്കുള്ളിൽ ഒരു കെട്ടിടത്തിൻെറ മുൻവശത്തു കൂടിയുള്ള പ്രവേശനം മാററി അതിൻെറ പിന്നിലൂടെ പ്രവേശനം കൊടുത്ത് കൂടുതൽ വെള്ളം ചേർത്ത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യംകൂടി ഇന്ന് വന്നെത്തിയിരിക്കുകയാണ്. എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത് ഫലപ്രദമായ രീതിയിൽ ഇത് തടയാനുള്ള ശ്രമങ്ങൾ ഗവൺമെൻറ് ഭാഗത്തുനിന്ന് ഉണ്ടാകണം. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും പോലീസ് ഉദ്യോഗസ്ഥൻമാരുടെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും കൂട്ടായ പരിശ്രമവും അവർക്ക് പ്രത്യേകമായ അധികാരങ്ങളും കൊടുത്തില്ലെങ്കിൽ അനധികൃത മദ്യഷാപ്പുകൾ നിയന്ത്രിക്കാൻ നമുക്ക് ഒക്കാതെ വരും. അതുപോലെതന്നെ മദ്യനിരോധന പ്രസ്ഥാനവുമായി ബന്ധപ്പെടുന്ന ആളുകൾകൂടി ഉൾക്കൊള്ളുന്ന, വിവിധ കക്ഷികളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന സമിതികൾ ജില്ലാ തലത്തിൽ ഫലപ്രദമായി പ്രവർത്തിക്കാനുള്ള ഒരു സംവിധാനംകൂടി ഇല്ലാത്തപക്ഷം ഈ കാര്യത്തിൽ വലിയ പുരോഗതി ഉണ്ടാകുകയില്ല. സംസ്ഥാനത്ത് പടിപടിയായി മദ്യനിരോധനം ഏർപ്പെടുത്തുമെന്നു പറയുന്ന ഈ ഗവൺമെൻറ് ആ ദിശയിലേക്ക് പോകുന്നില്ലെന്നു മാത്രമല്ല, ധാരാളം അനധികൃത മദ്യഷാപ്പുകൾ വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഗൗരവമായി ഈ പ്രശ്നം കണ്ടുകൊണ്ട് അത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മദ്യനിരോധനത്തെ സംബന്ധിച്ച ഈ ഗവൺമെന്റിന്റെ സമീപനം അന്തിമമായി മദ്യനിരോധനം നടപ്പിലാക്കണമെന്നുള്ളതാണ്. പക്ഷേ അതിന് പല പ്രശ്നങ്ങളുമുണ്ട്. പ്രധാനമായിട്ട് സ്റ്റേറ്റിന്റെ വരുമാനം പോലെതന്നെ മറ്റൊരു ഭാഗമാണ് ജീവനക്കാരുടെ തൊഴിലവസരം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് കാലാന്തരത്തിൽ മദ്യനിരോധനം നടപ്പിലാക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ഏതെല്ലാം വിധത്തിൽ ഇത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാൻ വേണ്ടി ഉദയഭാനു കമ്മീഷനെ നിയമിച്ചു. ആ കമ്മീഷന്റെ റെക്കമെൻഡേഷൻ ഗവൺമെന്റിന്റെ മുമ്പാകെ ഉണ്ട്. അത് പരിശോധിച്ച് പടിപടിയായി മദ്യനിരോധനം നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതുകൂടി മനസ്സിൽ വച്ചുകൊണ്ടാണ് ഇക്കൊല്ലം മദ്യനയം ഒരിക്കൽകൂടി ആവർത്തിച്ച് പ്രഖ്യാപിച്ചത്. 400 മീറ്റർ എന്നുള്ളത്, അതായത് ദേവാലയങ്ങൾക്കും വിദ്യാലയങ്ങൾക്കുമൊക്കെ ഇത്ര ദൂരത്തു മാത്രമേ ഉണ്ടാകൂ എന്നുള്ള നിർബന്ധമായ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ തൊഴിലാളികൾക്ക് പ്രയാസമുണ്ട്. തൊഴിലാളി, പ്രതിനിധികൾ കക്ഷിവ്യത്യാസമില്ലാതെ എല്ലാവരും വന്നുകണ്ട് ആ പ്രയാസങ്ങൾ എന്നെ ബോദ്ധ്യപ്പെടുത്തി. എന്നാൽ തൊഴിലാളികളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണേണ്ടത് ഷാപ്പുകൾ അനുവദിച്ചുകൊണ്ടല്ല. അല്ലെങ്കിലും നിരോധിക്കപ്പെട്ട മേഖലകളിൽ ഷാപ്പുകൾ അനുവദിക്കാൻ സാദ്ധ്യമല്ല. അത് ഞങ്ങൾ അവരോട് വ്യക്തമായിട്ട് പറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതിനകംതന്നെ സ്വീകരിച്ച ചില നടപടികളുടെ ഫലമായിട്ട് മൊത്തം 178 ചാരായ ഷാപ്പുകളും 47 കള്ളുഷാപ്പുകളും നിർത്തലാക്കുകയുണ്ടായി. അതിനെതിരായിട്ട് കോൺട്രാക്ടർമാർ ഹൈക്കോടതിയിൽ ചെന്നു. ഹൈക്കോടതി അത് തള്ളി. അവസാനം സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതിയും അത് തള്ളിയിട്ടുണ്ട്. ഏതായാലും അത് സ്ട്രിക്റ്റായിട്ട് ഫോളോ ചെയ്യണമെന്ന് ഞാൻ ഇൻസ്ട്രക്ഷൻ കൊടുത്തിരിക്കുകയാണ്. വ്യാജ കേന്ദ്രങ്ങളൊക്കെ അവസാനിപ്പിക്കാൻ വേണ്ടി കാര്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാണ്ട് 5967 ഉപഷാപ്പുകൾ, അതായത് നിയമവിരുദ്ധമായി നടത്തുന്ന ഷാപ്പുകൾ നിർത്തൽ ചെയ്യാൻ പോലീസും എക്സൈസ് ഉദ്യോഗസ്ഥന്മാരുംകൂടി ഇടപെട്ടുകൊണ്ട് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പരമാവധി അക്കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. ഞാൻ മററ് വശം മറച്ചുവയ്ക്കുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇവർക്ക് ജോലി ഇല്ലാതായാൽ എന്ത് ചെയ്യണമെന്നുള്ള പ്രശ്നമുണ്ട്. ഇതെല്ലാം പരിശോധിക്കേണ്ടതുണ്ട്. ഏതായാലും ഗവൺമെന്റ് പ്രഖ്യാപിച്ച മദ്യനിരോധനനയം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ച ചെയ്യാനും സാദ്ധ്യമല്ല. തൊഴിലാളികളുടെ കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിച്ചുകൊണ്ട് ഇത് കൃത്യമായിത്തന്നെ നടപ്പിലാക്കും.

മി. സ്പീക്കർ: ഇന്ന് ഈ സമ്മേളനത്തിന്റെ അവസാനത്തെ ദിവസമായതുകൊണ്ട് എല്ലാ അംഗങ്ങളും പറഞ്ഞതനുസരിച്ച് സപ്ലിമെന്ററീസ് കൂടുതൽ തന്നിട്ടുണ്ട്. പക്ഷേ ഓരോമിനിട്ടിൽ കൂടുതൽ എടുക്കുകയില്ലെന്ന് എന്നോട് പറഞ്ഞതനുസരിച്ചാണ് ഞാൻ ചെയ്തിരിക്കുന്നത്.

## (4) വ്യാജ വിസ കാരണം ഗൾഫ് നാടുകളിൽ കുടുങ്ങിപ്പോയ മലയാളികൾ

ശ്രീ. എ. യൂനസ് കുഞ്ഞ്: സർ, വ്യാജ ഏജൻറൻമാരാൽ കബളിപ്പിക്കപ്പെട്ട് ഗൾഫ് നാടുകളിൽ വലയുന്ന അനേകം മലയാളികളുടെ നീറുന്ന കഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനും അതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇവിടെ വ്യാജമായി അനേകം വിസകൾ നൽകാറുണ്ട്. അതിൽ പറയുന്ന ജോലി, ശമ്പളം ഇതൊന്നുംതന്നെ അറബിനാടുകളിൽ ചെന്നുകയറിയാൽ കൊടുക്കാറില്ല. അപ്പോൾ അവിടെനിന്നും ആളുകൾ വേറെ ഏതെങ്കിലും തരത്തിലുള്ള നല്ല ജോലി കിട്ടുമോ എന്ന് അന്വേഷിച്ച് ചിലപ്പോൾ ഈ കബീർമാരിൽനിന്നും ചാടിപ്പോകാറുണ്ട്. അങ്ങനെ പോകുന്ന ആളുകൾ അവസാനം അവിടത്തെ ജയിലുകളിലേക്കാണ് അടയ്ക്കപ്പെടുന്നത്. ജയിലുകളിൽ പോയാൽപ്പിന്നെ അവർ വരുന്നത് നാട്ടിലേക്കാണ്. അവർ തിരിച്ചു വരുമ്പോൾ അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുഴുവനും തകർന്ന് മണ്ണടിയുന്ന സ്ഥിതിയാണ്. എന്റെ നാട്ടിൽത്തന്നെ ഒരു അനുഭവമുണ്ടായി. ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറെ എഞ്ചിനീയറിംഗ് ജോലി വാഗ്ദാനം ചെയ്ത് ഇവിടെനിന്നും അറബിനാട്ടിലേക്ക് കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന് കിട്ടിയത് ഇലക്ട്രിക് പോസ്റ്റിന്റെ കുഴി എടുക്കുന്ന ജോലിയാണ്, ഒരു എഞ്ചിനീയറുടെ ഗതികേടിനെപ്പററി ആലോചിക്കണം. അദ്ദേഹം രണ്ടു മൂന്നു മാസക്കാലം അവിടെ പിടിച്ചുനിന്നു. പിന്നീട് അദ്ദേഹം നാട്ടിലേക്ക് തിരിച്ചുവന്നു. അവസാനം അയാൾ മാനസിക രോഗിയായി. പക്ഷേ അദ്ദേഹത്തിന്റെ ഭാഗ്യംകൊണ്ട് കൂടുതൽ നാൾ ജീവിക്കേണ്ടിവന്നില്ല. അദ്ദേഹം മരണപ്പെട്ടു. അങ്ങനെ ഒട്ടനേകം ചെറുപ്പക്കാർ അവരുടെ കുടുംബത്തിനും നാടിനും എന്നത്തേക്കും നഷ്ടപ്പെടുന്നു. ഇങ്ങനെയുള്ള ആളുകൾക്ക് വിസ കൊടുക്കുമ്പോൾ അതാത് നാടുകളിലുള്ള എംബസിയിൽനിന്നും ഇത് ഒറിജിനൽ വിസയാണെന്നും ഇതിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കുമെന്നുമുള്ള ഒരു ഉറപ്പ് നൽകാനുള്ള സംവിധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നത്തെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഏർപ്പെടുത്തുകയാണെങ്കിൽ ഈ നാടുകളിലേക്ക് പോകുന്ന ആളുകളെ രക്ഷിക്കാൻ കഴിയും. ദിനംപ്രതി എല്ലാ പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നവയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നിയമപരമായ വിസ വാങ്ങിച്ചുപോയി ജോലി ചെയ്യുന്ന ആളുകൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായതായി ഇതുവരെ ഗവൺമെൻറിലേക്ക് ഒരു പരാതിയും കിട്ടിയിട്ടില്ല. വ്യാജമായി തൊഴിൽ കൊടുക്കാമെന്നുപറഞ്ഞ് നടക്കുന്ന ചില ഏജൻസികളുണ്ട്. അവർ ശരിക്കും വിസ കിട്ടി എന്നൊക്കെ പറഞ്ഞ് ഒരു കടലാസൊക്കെ കാണിച്ച് കൊണ്ടുപോയി, കൃത്രിമമായിട്ടുള്ള ബോട്ട് കയറി പോയി അവസാനം അവർ വഴിയാധാരമായതായുള്ള പല പരാതികളും ഉണ്ട്. ഗവൺമെൻറിന് ഔദ്യോഗികമായി ഈ കാര്യത്തിൽ ആരുടെയും പരാതി കിട്ടിയിട്ടില്ല. പക്ഷേ നാട്ടിൽ ഇങ്ങനെയൊക്കെ നടക്കുന്നതായിട്ട് പരാതി ഉണ്ട്. ചില കാര്യങ്ങളിൽ പോലീസ്തന്നെ നേരിട്ട് ഇടപെട്ട് നടപടി നടത്തിയിട്ടുണ്ട്. അവിടെ വലിയ തുകയൊക്കെ കിട്ടുമെന്നുള്ള ധാരണയിൽ ഇവിടെയുള്ള നല്ല ഉദ്യോഗസ്ഥൻമാരെപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

ആകർഷിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഏതായാലും ആ കാര്യത്തിൽ ജനങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, കൃത്രിമമായി വിദേശങ്ങളിൽ ജോലി കൊടുക്കാമെന്നുപറഞ്ഞ് വരുന്ന ആളുകളെ വിശ്വസിക്കരുത്. അവർ പറയുന്ന പണവും കൊടുത്തിട്ട് പിന്നെ പോലീസിനെക്കൊണ്ട് ഇത് വാങ്ങിപ്പിച്ചുതരാൻ എന്റെ അടുക്കൽ വന്ന് പരാതി പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞു, പോലീസിനെ ഈ ഇടപാടിലൊക്കെ ഇടപെടുവിച്ച് കൂടുതൽ കുഴപ്പം സൃഷ്ടിക്കേണ്ട എന്ന്. അതുകൊണ്ട് അത് സാദ്ധ്യമല്ലെന്നുള്ള നിലപാട് എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ സഭയിലെ എല്ലാവരും പറയേണ്ടത് 'ഈ ഏർപ്പാടിന് പോകരുത്' എന്നാണ്. ഇവിടെ കിട്ടുന്നതുകൊണ്ടൊക്കെ മാനമായിട്ട് കഴിയാം, ന്യായമായിട്ട് വിസ കിട്ടിയിട്ട് പോകുകയാണെങ്കിൽ പോയിക്കോട്ടെ. അല്ലാത്തതിനെ പ്രോത്സാഹിപ്പിക്കരുത്. ഗവൺമെന്റിന് ഇതിൽ കൂടുതലൊന്നും ഈയവസരത്തിൽ ചെയ്യാൻ സാധിക്കുകയില്ല.

(5) പോലീസ് നായ്ക്കളുടെ റേഷൻമണി വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. ജോർജ് ഈഡൻ: സർ, ഏതാനും ദിവസങ്ങൾക്ക് മുമ്പ് എറണാകുളത്ത് നടന്ന ഒരു ശ്വാനപ്രദർശനത്തിൽ കേരളത്തിലെ പോലീസ് നായ്ക്കളെ ഉപയോഗിക്കുന്ന സ്ക്വാഡ് എനിക്ക് സമർപ്പിച്ച ഒരു നിവേദനമാണ് ഒരു സബ്മിഷൻ രൂപത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കുറ്റാന്വേഷണത്തിലും സ്ഫോടക വസ്തുക്കൾ കണ്ടുപിടിക്കുന്നതിലും വിദഗ്ദ്ധരായ പോലീസ് നായ്ക്കളുടെ ശോചനീയാവസ്ഥയാണ് അവർ എന്നോട് പറഞ്ഞത്. ഒട്ടേറെ പ്രമാദമായ കേസുകൾക്ക് തുമ്പുണ്ടാക്കാൻ കഴിഞ്ഞ വളരെ പ്രശസ്തരായ പോലീസ് നായ്ക്കൾ ഉൾപ്പെടുന്നതാണ് കേരളത്തിലെ പോലീസ് സ്ക്വാഡ്. അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ രണ്ടാംസ്ഥാനം നേടിയ, പെൺനായ അംബ്രൂവും, ബോംബുകൾ മണത്തറിയുന്നതിൽ വിദഗ്ദ്ധനായ ജിമ്മിയും എറണാകുളം സ്ക്വാഡിൽ പെട്ടതാണ്. അതുപോലെതന്നെ കണ്ണൂർ സ്ക്വാഡിൽപ്പെട്ട മൂൺ ഫ്ളവർ ഇവയൊക്കെ ഡോഗ് സ്ക്വാഡിലെ വളരെ പ്രശസ്തരായ നായ്ക്കളാണ്. ഇവയുടെ ശോചനീയാവസ്ഥയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒരു ദിവസം 16 രൂപയാണ് കുറ്റാന്വേഷണത്തിൽ വിദഗ്ദ്ധരായ ഈ പോലീസ് നായ്ക്കൾക്ക് റേഷൻ മണിയായി അനുവദിച്ചിരിക്കുന്നത്. ഇവയെ പരിശീലിപ്പിക്കുന്ന ട്രെയിനികളും ശുശ്രൂഷിക്കുന്ന ഡോക്ടർമാരും നിർദ്ദേശിച്ചിട്ടുള്ള ഡയറ്റ് ഇപ്രകാരമാണ്. 750 ഗ്രാം ബീഫ്, 100 ഗ്രാം അരി, ഒരു ലിറ്റർ പാൽ, രണ്ട് മുട്ട, 200 ഗ്രാം വെജിറ്റബിൾ, 20 ഗ്രാം മഞ്ഞൾപ്പൊടി ഇത്രയും സാധനങ്ങളാണ് ഒരു നായയ്ക്ക് ഒരു ദിവസം വേണ്ടത്. ഈ 16 രൂപകൊണ്ട് ഇന്നത്തെ കാലത്ത് അത് വാങ്ങാൻ കഴിയുമോ? അതുകൊണ്ട് കാലാനുസൃതമായി ഈ നായ്ക്കളുടെ റേഷൻ മണി വർദ്ധിപ്പിച്ച് അവയുടെ ആരോഗ്യം നിലനിറുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഇവയുടെ റേഷൻ മണി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഉയർന്നത്. പക്ഷേ, അദ്ദേഹം അത് ശ്രദ്ധിച്ചില്ല. ആ ഫയൽ ഇതുവരെ കണ്ടിട്ടില്ല. അവർ കുറ്റാന്വേഷണത്തിൽ തല്പരരല്ല. കുറ്റാന്വേഷണ വിദഗ്ദ്ധരായ ഈ നായ്ക്കളുടെ കാര്യത്തിൽ ആ ഗവൺമെന്റ് അലംഭാവം കാണിച്ചു. കുറ്റക്കാരെ കണ്ടുപിടിക്കാനും അവരെ മാതൃകാപരമായി ശിക്ഷിക്കാനും പ്രധാന പങ്ക് വഹിക്കുന്ന ഈ നായ്ക്കളുടെ കാര്യത്തിൽ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ താല്പര്യമെടുക്കണമെന്നും അവയുടെ ആരോഗ്യം നിലനിറുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പോലീസ് ഡിപ്പാർട്ട്മെൻറിൻെറ കുററാന്വേഷണ വിഭാഗത്തിൽപ്പെട്ട സ്ക്വാഡാണ് ഡോഗ് സ്ക്വാഡ്. അതിനെ നമ്മൾ എളുപ്പത്തിൽ പറയുകയാണ് പോലീസ് നായ് എന്ന്. അങ്ങനെ വിളിക്കുന്നതുകൊണ്ട് അതിലെ ആളുകൾക്ക് തന്നെ വാസ്തവത്തിൽ ഒരു പരാതിയും പ്രയാസവുമുണ്ട്, ഡോഗ് സ്ക്വാഡിനെ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഇന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ ചില പ്രത്യേക കേസുകൾ വളരെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ, അതേയവസരത്തിൽ അവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇവിടെ സൂചിപ്പിച്ചതുപോലെ അവയ്ക്ക് നിവേദനങ്ങൾ തരാൻ നിവൃത്തിയില്ല, അല്ലെങ്കിൽ അവയ്ക്ക് അജിറേററ് ചെയ്യാൻ നിവൃത്തിയില്ല. എങ്കിലും, ബഹുമാനപ്പെട്ട ജനപ്രതിനിധികൾ ഇക്കാര്യം ഗൗരവമായി എടുക്കുന്നത് വളരെ നല്ല കാര്യമാണ്. ഡിപ്പാർട്ടുമെൻറും ശ്രദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ 16 രൂപയാണ് ഒരു ഡോഗിന് ഒരു ദിവസത്തേക്കുവേണ്ടി കൊടുക്കുന്നത്. അത് ഒന്നിനുമില്ല. അത് 32 രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ള പ്രൊപ്പോസലാണുള്ളത്, 50 രൂപയെങ്കിലും കൊടുത്താൽ മാത്രമേ അതിന് അത്യാവശ്യമായ ആഹാരം കൊടുക്കാൻ സാധിക്കുവെന്നുള്ളതാണ് വിദഗ്ധോപദേശം. ഏതായാലും ശരി അത് പരിശോധിച്ച് ഒട്ടും വൈകാതെ ഇന്നുള്ള നിരക്ക് വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കും.

## (6) ചാലക്കുടിക്കടുത്തുണ്ടായ റെയിൽവേ അപകടം

ശ്രീ. സത്യൻ മൊകേരി: സർ, ഇന്നലെ ചാലക്കുടിക്ക് അടുത്തുണ്ടായ സംഭവം നമ്മുടെ സംസ്ഥാനത്തെ റെയിൽവേയുടെ പ്രശ്നങ്ങൾ വീണ്ടും സജീവമായി ഈ സഭയുടെ മുമ്പാകെയും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ മുമ്പാകെയും വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. ടാങ്കർ ട്രെയിൻ മറിഞ്ഞ് 27 വാഗണുകൾ ഇന്നലെ കത്തിനശിച്ചു. ഞാൻ ഇത് അടിയന്തിരപ്രമേയമായിട്ട് ഉന്നയിക്കാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. പക്ഷേ, അങ്ങ് അതിന് അനുവദിച്ചില്ല, ഇതിലൂടെ സംജാതമായിരിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ റെയിൽവേയുടെ പ്രശ്നങ്ങൾ തന്നെയാണ്. വാഗണുകൾ റെയിൽ തെററുക, ട്രെയിൻ മറിയുക, ഈ രൂപത്തിലുള്ള അപകടങ്ങൾ അടിക്കടി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവുകയാണ്. ഇതിനുള്ള കാരണമെന്താണ്? നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ റെയിൽവേയുടെ പ്രശ്നമാണ്. ഇത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുകയാണ് വേണ്ടത്. റെയിൽപാളം അതിന് നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഓവർലോഡാണ് താങ്ങിക്കൊണ്ടിരിക്കുന്നത്. റെയിൽ ഉണ്ടാക്കിയ സന്ദർഭത്തിൽ യഥാർത്ഥത്തിൽ എത്ര ലോഡ് അതിന് താങ്ങാൻ കഴിയുമോ അതിനേക്കാൾ പതിൻമടങ്ങ് ലോഡ് താങ്ങുന്നതുകൊണ്ടാണ് അടിക്കടി ഈ അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്. തിവണ്ടിപ്പാതയുടെ അററകുററപ്പണികൾ കൃത്യമായി നടക്കുന്നില്ല. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ എണ്ണം ചെലവ് ചുരുക്കാൻവേണ്ടി വെട്ടിക്കുറച്ചതിൻെറ ഫലമായി മെയിൻറനൻസ് നടത്തുന്നതിനുപോലും ജീവനക്കാരില്ലാത്ത സ്ഥിതിയാണ് ഇന്ന് സംജാതമായിരിക്കുന്നത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും ഗുഡ്സ് ട്രെയിനിൽ താങ്ങാവുന്നതിനേക്കാൾ പതിൻമടങ്ങ് ഭാരം വർദ്ധിക്കുകയും ചെയ്യുന്നതിൻെറ അടിസ്ഥാനത്തിൽ വേഗതയിൽ ട്രെയിൻ ഓടിക്കുമ്പോൾ പാളങ്ങളുടെ ജോയിൻറിലും സ്ലീപ്പറിലും അതുപോലെതന്നെ മററ് എല്ലാ സ്ഥലങ്ങളിലും ഉലച്ചിലുണ്ടാവുകയും ജോയിൻറ്സ് വിട്ടു



LIBRARY ARCHIVES Kerala Legislative Assembly

പോവുകയും ചെയ്യുന്നു, അങ്ങനെയൊക്കെ ഉണ്ടാകുന്നതുകൊണ്ടാണ് അപകടങ്ങളുണ്ടാകുന്നത്. അത് പരിഹരിക്കാൻ കഴിയണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ റെയിൽവേയുടെ മെയിൻറനൻസിനും വികസനത്തിനും ആവശ്യമായ നടപടികളുണ്ടാകേണ്ടതുണ്ട്. പ്രധാനമായും ചെയ്യേണ്ടത് റെയിൽവേ ഡബിൾ ലൈനാക്കുകയെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ റെയിൽവേ ഷൊർണ്ണൂരിൽനിന്ന് മംഗലാപുരം ഭാഗത്തേക്കും എറണാകുളത്തു നിന്ന് തിരുവനന്തപുരം ഭാഗത്തേക്കുമുള്ള റെയിൽവേയുടെ ലൈൻ ഡബിൾ ലൈനാക്കണം. ഡബിൾ ലൈനാക്കാൻ നമ്മുടെ സംസ്ഥാന നിയമസഭതന്നെ പ്രമേയം പാസാക്കി കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും എത്രയോ അധികം സമ്മർദ്ദം ചെലുത്തിയിട്ടും ഇപ്പോഴും അത് പരിഗണിക്കപ്പെടാതെ കിടക്കുകയാണ്. രണ്ടുകോടി രൂപയാണ് ഷൊർണ്ണൂർ-മംഗലാപുരം ലൈനിന് ഈ പ്രാവശ്യം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. വളരെ ഗൗരവമായ സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് നമ്മുടെ റെയിൽവേയെ സംരക്ഷിക്കുന്നതിനുവേണ്ടി, റെയിൽവേ അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി അടിയന്തിര നടപടികളുണ്ടാകണം. സംസ്ഥാന നിയമസഭയുടെ വികാരം കേന്ദ്രത്തെ അറിയിക്കുന്നതിനുവേണ്ടി കൂട്ടായ ശ്രമങ്ങൾ നടത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു, ഈ സഭയുടെ ശ്രദ്ധയിലും പെടുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറും ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കും കൂടി സംസാരിക്കാനുള്ള അവസരം നൽകുകയാണ്.

ശ്രീമതി റോസമ്മ ചാക്കോ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുരിങ്ങൂര് എന്നു പറയുന്ന സ്ഥലത്തെ ധ്യാനമന്ദിരത്തിന് സമീപമാണ് ഇത് സംഭവിച്ചത്, ഭാഗ്യവശാൽ ഏഴായിരത്തോളം ജീവൻ രക്ഷപ്പെട്ടു. പക്ഷേ, ആ അഗ്നിജ്വാലകൾ നാട്ടുകാരെ വളരെയധികം അമ്പരപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ അപകടമുണ്ടാകാതെ സഹായിച്ചത് ഓടിക്കൂടിയ നാട്ടുകാരിൽ രണ്ടുപേരാണ്—നാരായണനും ശിവനും. അവർ അതിൽനിന്ന് മുപ്പത്തിരണ്ടോളം വാഗണുകൾ വേർപെടുത്തി രക്ഷപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ വളരെയധികം അപകടം ഉണ്ടാകുമായിരുന്നു. നാവികസേനയുടെ ഉദ്യോഗസ്ഥൻമാർ അവിടെ വന്നപ്പോൾ അവരുടെ വിദഗ്ദ്ധമായ ഒരു ഉപകരണം കിണററിൽ വീണത് വീണ്ടെടുക്കാൻ കിണററിലിറങ്ങിയ ചാലക്കുടിക്കാരൻ ഡേവിഡ് അപമൃത്യുവിന് ഇരയായി. അയാളുടെ കുടുംബത്തിന് ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, 2-3-1994-ന് രാവിലെ 2.25-ന് തൃശ്ശൂരിനും എറണാകുളത്തിനുമിടയിൽ മുരിങ്ങൂരിൽ 73 വാഗണുകളുമായി പോയ ഒരു ഗുഡ്സ് ട്രെയിനിലെ 27 വാഗണുകളാണ് പൂർണ്ണമായി കത്തിനശിച്ചിരിക്കുന്നത്. അതിന്റെ 24 വാഗണിൽ ഡീസലും 3 വാഗണിൽ പെട്രോളുമായിരുന്നു. പെട്രോളിന്റെ ഒരു വാഗണിന് തീപിടിച്ചതിനെത്തുടർന്നാണ് മററ് തീപിടുത്തമുണ്ടായതെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ പറയുന്നത്. ഏതായാലും അഗ്നിശമന സേന, പോലീസ്, റെയിൽവേ ജീവനക്കാർ, നാട്ടുകാർ എന്നിവരുടെയൊക്കെ ശ്രമഫലമായി ഇന്നലെ കാലത്ത് 7.15-ന് തീ അണയ്ക്കാൻ കഴിഞ്ഞു. തീ അണയ്ക്കുന്നതിന് പോലീസും അഗ്നിശമന സേനയും നാട്ടുകാരും ഉൾപ്പെടെയുള്ളവർ വളരെയധികം ബുദ്ധിമുട്ടനുഭവിച്ചു എന്നാണ് റിപ്പോർട്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ, കൂടുതൽ വാഗണുകൾ കത്തിനശിക്കാതിരിക്കാൻ വേണ്ടി പരിശ്രമിച്ച ആളുകൾക്ക് റെയിൽവേ പാരിതോഷികം കൊടുക്കണമെന്ന് കേന്ദ്രത്തോടും റെയിൽവേയോടും ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. റെയിൽവേയാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. അതേ നിയമപ്രകാരം പാടുള്ളൂ. എന്നാൽ, സംസ്ഥാനത്തെ ഡേവിഡ് എന്നു പറയുന്ന ജീവനക്കാരൻ—ഡേവിസ് എന്നാണ് ഇവിടെ കിട്ടിയിരിക്കുന്നത്—ബഹുമാനപ്പെട്ട മെമ്പർ ഡേവിഡ് എന്ന് പറഞ്ഞു. ഡേവിഡ് എന്ന് പറയുന്ന 30 വയസോളം പ്രായമുള്ള ഒരു ഫയർമാൻ, അദ്ദേഹം ഒരു വയർലെസ് സെററ് കിണററിൽ വീണുപോയത് എടുക്കാൻ വേണ്ടി ശ്രമിക്കുമ്പോൾ അപകടത്തിൽപ്പെട്ട് മുങ്ങിമരിച്ചു. അദ്ദേഹത്തിന്റെ കൂടെ രണ്ടാളുകളുമുണ്ടായിരുന്നു. അവർ രണ്ടുപേരും രക്ഷപ്പെട്ടു. 3 ആളുകൾ ചേർന്നാണ് കിണററിലിറങ്ങിയത്. ഏതായാലും ആ പെട്രോൾ വാഗണിന് തീ പിടിക്കാൻ ഇടയായത് അത് മറിഞ്ഞതുകൊണ്ടാണ്. അതിന് പല വാർത്തകളുമുണ്ട്. പ്രധാനപ്പെട്ട ഒരു പത്രത്തിൽ വാർത്ത വന്നിരിക്കുന്നത് ആദ്യം തന്നെ തീകണ്ടുവെന്നും ഡ്രൈവർ അതിൽനിന്ന് രക്ഷപ്പെടുത്താൻ വേണ്ടി കുറേ ദൂരം ആളുകളില്ലാത്ത സ്ഥലത്തേക്ക് വണ്ടി ഓടിച്ചതിനുശേഷമാണ് മറിഞ്ഞതെന്നുമാണ്. വിശദമായ വിവരം എന്താണെന്നുള്ളത് കിട്ടിയിട്ടില്ല. മറിഞ്ഞതിനുശേഷമാണ് തീപിടിച്ചതെന്നാണ് പോലീസിന്റെയും റെയിൽവേയുടേയും റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നത്. ഏതായാലും തീപിടിത്തത്തെ തുടർന്ന് ഇന്നലെ ട്രാൻസ്പോർട്ട് ബസുകളും അതുപോലെതന്നെ ടൂറിസ്ററ് ബസുകളും ഈ ഭാഗത്ത് വന്ന റെയിൽവേയാത്രക്കാരെ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകുന്നതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ഇന്നലെ രാത്രി 11.30 മണിയോടുകൂടി രണ്ട് റെയിൽവേ ലൈനുകളും ഗതാഗതയോഗ്യമാക്കുകയും കെ. കെ. എക്സ്പ്രസ് ട്രെയിൻ തെക്ക് നിന്ന് വടക്കോട്ട് ഇന്നലെ 12 മണിയോടുകൂടി അപകടസ്ഥലം കടന്നുപോവുകയും ചെയ്തിട്ടുണ്ട്. അപ്പോൾ റെയിൽവേ റെസ്റേറാർ ചെയ്തുകഴിഞ്ഞുവെന്നാണ് കിട്ടിയിരിക്കുന്ന വിവരം. അത് വളരെ ഭയങ്കരമായ ഒരു അപകടമാകുമായിരുന്നു. കാരണം, ധ്യാന കേന്ദ്രത്തിന് അടുത്താണ് ഈ സംഭവം ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ ധാരാളം ഭക്തജനങ്ങളുണ്ടായിരുന്നു. ഏതായാലും വളരെ ഭാഗ്യമെന്ന് പറയട്ടെ, വളരെയധികം അപകടമൊന്നുമുണ്ടായിട്ടില്ല. ഈ സംസ്ഥാന ഗവൺമെന്റിന്റെ ജീവനക്കാരനുണ്ടായ അപകടത്തിൽ തീർച്ചയായും സംസ്ഥാന ഗവൺമെന്റ് നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ച് വേണ്ടത്ര സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ റെയിൽവേ ഗതാഗതം പുനഃസ്ഥാപിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ലൈനിന്റെ ശോച്യാവസ്ഥ വച്ചുകൊണ്ട് ഞാൻ തന്നെ ഈ സഭയിൽ പറഞ്ഞു രാജധാനി എക്സ്പ്രസ് ഓടുന്നതിനുള്ള കാലതാമസത്തിന് കാരണമായി റെയിൽവേ തന്നെ സമ്മതിച്ചിട്ടുള്ള കാര്യം നമ്മുടെ ട്രാക്കുകൾക്ക് അത്രയും വേഗതയെടുക്കാനുള്ള കഴിവില്ലെന്നാണ്. അപ്പോൾ നമ്മൾ പറയുന്ന ന്യായം റെയിൽവേ തന്നെ അംഗീകരിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് കോട്ടയത്തിനും ചങ്ങനാശ്ശേരിക്കും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ ലൈനിന്റെ ശോച്യാവസ്ഥകൊണ്ടാണ് രാജധാനി എക്സ്പ്രസ് നിറുത്താത്തതെന്നാണ് അവരുടെ വാദം. അപ്പോൾ ആ വാദം കണക്കിലെടുത്തുകൊണ്ട് വളരെവേഗം ആ ലൈൻ സ്ട്രെങ്ങ്തെൻ ചെയ്യണമെന്നുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. അതിനുവേണ്ടി വളരെ കർശനമായ രീതിയിൽ വേണ്ട സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## (7) പറവൂരിൽ ജോയിൻറ് ആർ. ടി. ഒ. ഓഫീസ്

ശ്രീ. പി. രാജു: സർ, 1993-94 സാമ്പത്തിക വർഷത്തെ ബഡ്ജററ് പ്രസംഗത്തിൽ സംസ്ഥാനത്ത് അഞ്ച് ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ അനുവദിക്കുമെന്നു പറഞ്ഞിരുന്നു. അതിൽ ഒരെണ്ണം എൻെറ നിയോജക മണ്ഡലമായ പറവൂരും മറെറാരെണ്ണം ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ നിയോജകമണ്ഡലത്തിലും അനുവദിച്ചു. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി 22 ദിവസം മാത്രമേ ബാക്കിയുള്ളൂ. പക്ഷേ ഇതുവരെ ഈ ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവാദത്തിനായി ഇത് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലേക്ക് അയച്ചിട്ടുണ്ട്. ഇതുവരെ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നത്. ഇതിൽ ഫൈനാൻസിൻെറ നിയന്ത്രണം ആവശ്യമില്ല. ഗവൺമെൻറിന് സാമ്പത്തിക വരുമാനമുണ്ടാക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഓഫീസുകളിൽ ഒന്നാണ് ഈ ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ. ഈ 5 ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ എന്ന് പറഞ്ഞത്, കൊടുങ്ങല്ലൂർ, ചേർത്തല, കോതമംഗലം എന്നിവിടങ്ങളിലൊക്കെ ആണ്. ഈ ഓഫീസുകൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ ആരംഭിക്കാനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, നമ്മുടെ സംസ്ഥാനത്തെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ അനുവദിക്കുക എന്നുള്ള നയത്തിൻെറ ഭാഗമായി ഈ ഗവൺമെൻറ് വന്നതിനുശേഷം മൂന്ന് ഓഫീസുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 1994-95 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട രാജു പറഞ്ഞതുപോലെ പറവൂർ, ചേർത്തല, കോതമംഗലം, മല്ലപ്പള്ളി, ആലത്തൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. കൊടുങ്ങല്ലൂരും ഉണ്ടെന്നാണ് എൻെറ ഓർമ്മ. ഇതിനകത്ത് എഴുതി വന്നപ്പോൾ കണ്ടില്ല. ഏഴ് ഓഫീസുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്. ആറെണ്ണം മാത്രമേ ഇപ്പോൾ വായിച്ചുള്ളൂ. അപ്പോൾ കൊടുങ്ങല്ലൂർ ആണ് വിട്ടുപോയത്. അതൊരു അബദ്ധം പററിയതാകാനാണ് സാദ്ധ്യത. ഏതായാലും ഈ ഫയൽ പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഈ കാര്യത്തിൽ നടപടി നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഫിനാൻസ് ഡിപ്പാർട്ടുമെൻറിലാണ് ഈ ഫയൽ. ഏപ്രിൽ ഒന്നാം തീയതി മുതൽ ഇതിന് സാംഗ്ഷൻ കിട്ടുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഏററവും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) കോഴിക്കോട് കോതി അഴിമുഖത്തിൻെറ ശോച്യാവസ്ഥ

ശ്രീ. എം. കെ. മുനീർ: സർ, "മരം" എന്ന ചിത്രത്തിൽ ശ്രീ. യൂസഫലി കേച്ചേരി എഴുതി ശ്രീ. യേശുദാസ് പാടിയ ഒരു ഗാനം അങ്ങ് ഓർക്കുന്നുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് സബ്മിഷനിൽ വേണമോ? ഇവിടെ രസികൻമാരുടെ എന്തോ ഒരു ക്ലബ് രൂപവൽക്കരിച്ചുവെന്ന് പറയുന്നതുകേട്ടു.

ശ്രീ. എം. കെ. മുനീർ: സർ, വേണമെങ്കിൽ ആ ഗാനത്തിന്റെ രണ്ടു വരി പാടാം.

"പതിനാലാം രാവുദിച്ചതു മാനത്തോ
കല്ലായിക്കടവത്തോ"...............

സർ, കല്ലായിക്കടവിന്റെ ശോച്യാവസ്ഥയിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പല കവികളുടെയും ഭാവനയെ സമ്പുഷ്ടമാക്കിയ കല്ലായിപ്പുഴ ഒരു ഭൂതകാല സ്മൃതിയായി തീരുമോയെന്ന് ഞാൻ സംശയിക്കുകയാണ്. കോതി അഴിമുഖത്ത് അഴിമാട് വീഴുന്നതിനാൽ മണ്ണടിഞ്ഞുകൂടി കല്ലായിപ്പുഴയും അറബിക്കടലും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. തൽഫലമായി വർഷക്കാലമായാൽ പുഴയുടെ തീരപ്രദേശത്ത് താമസിക്കുന്നവരുടെ വീടുകൾ വെള്ളപ്പൊക്കത്തിൽ അകപ്പെടുന്നു. വേനൽക്കാലത്ത് പുഴ വററിപ്പോകുന്നു. വർഷക്കാലമായാൽ അഴി മുറിച്ചിട്ടാണ് വെള്ളപ്പൊക്ക പ്രദേശത്ത് താമസിക്കുന്ന ജനങ്ങളെ സംരക്ഷിക്കുന്നത്. ഇതിന് പോംവഴിയെന്ന് പറയുന്നത് ഇവിടെ സീ വാം (കടൽഭിത്തി) കെട്ടുകയെന്നുള്ളതാണ്. ഒരു ഭാഗത്ത് സീ വാം ഉണ്ട്. മറു ഭാഗത്തു കൂടെ സീ വാം കെട്ടാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം മുൻകൈ എടുക്കണം. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതികൂല കാലാവസ്ഥയുണ്ടാകുമ്പോൾ കല്ലായിപ്പുഴയിലേക്ക് കടക്കാനും ഇത് സഹായകമാകും.

"കല്ലായിപ്പുഴയൊരു മണവാട്ടി
കടലിന്റെ പുന്നാര മണവാട്ടി"

എന്ന കവിയുടെ ഈരടികൾ ഒന്നുകൂടി ഞാൻ അനുസ്മരിക്കുന്നു. ആ മണവാട്ടി അകാലത്തിൽത്തന്നെ കിഴവിയായിരിക്കുന്നു. ഈ കല്ലായിപ്പുഴയെ അങ്ങ് സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സിനിമാപ്പാട്ടിൽ മറുപടിയുണ്ടോ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബംഗാളിൽ ഒരു മെമ്പറെ സസ്പെൻഡ് ചെയ്തത് പാട്ടുപാടിയതിനാണ്.

മി. സ്പീക്കർ: പാട്ടു പാടിയതിനല്ല, ടേപ്പ് റെക്കോർഡർ നിയമസഭയിൽ കൊണ്ടുവന്ന് പാടിപ്പിച്ചതിനാണ്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ "സീറോ ഔവർ" ക്ലബ്ബിലെ ഒരു പ്രമുഖ അംഗമാണ് ഡോ. മുനീർ.

മി. സ്പീക്കർ: അങ്ങനെയൊരു ക്ലബ്ബൊന്നും അംഗീകരിച്ചിട്ടില്ല. സ്പീക്കർ അറിയാതെ അങ്ങനെയൊരു ക്ലബ്ബൊന്നും അംഗീകരിക്കാനൊക്കുകയില്ല. എന്നുതന്നെയല്ല, അതിൽ സംവരണതത്വം പാലിച്ചിട്ടില്ല, സ്ത്രീകളുടെ പ്രാതിനിധ്യമില്ല, അതൊന്നും അംഗീകരിക്കുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, സ്ത്രീകളുടെ പ്രാതിനിധ്യം ഇപ്പോൾ ഉറപ്പുവരുത്തിയെന്നാണ് ശ്രീ. കെ. പി. എ. മജീദ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതൊന്നും ഞാൻ അനുവദിക്കുകയില്ല, ഈ തത്വമൊക്കെ പാലിക്കണം. മാത്രമല്ല, അതിന്റെ കോൺസ്ററിറ്റ്യൂഷനിൽത്തന്നെ അപാകതയുണ്ട്. രസികന്മാരുടെ ക്ലബ്ബിൽ പ്രധാനപ്പെട്ട രസികൻമാരൊന്നും ചേർന്നിട്ടുമില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, "സീറോ ഔവർ"-ലെ രസികൻമാരുടെ ക്ലബ്ബാണ് അത്. അങ്ങ് ആദ്യം പറഞ്ഞല്ലോ ക്ലബ് സജീവമാണെന്ന്. ആ ക്ലബ്ബിലെ ഒരു പ്രമുഖ അംഗമാണ് ഡോ. മുനീർ. അദ്ദേഹം കവിയെക്കുറിച്ചും ആ കവി എഴുതിയ കവിതയെക്കുറിച്ചും ഗായകനെക്കുറിച്ചുമൊക്കെ പറയുകയും ആ ഗാനം പാടുകയും ചെയ്തു. നല്ലൊരു ഗാനാലാപത്തിൽക്കൂടിയാണ് അദ്ദേഹം കല്ലായിപ്പുഴയെക്കുറിച്ച് ഇവിടെ പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. പാലോട് രവിയുടെയും തമ്പാനൂർ രവിയുടെയും നേതൃത്വത്തിൽ ഒരു ടൈഗർ ക്ലബ് രൂപീകരിക്കാൻ പോകുന്നുവെന്ന് കേട്ടു, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സ്പീക്കർ അനുവാദം കൊടുക്കുന്ന ക്ലബ്ബുകളെല്ലാം നിലവിൽ വരും.

മി. സ്പീക്കർ: ഇതിനൊന്നിനും അനുവാദമില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇതിനകത്ത് വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തിയാൽ അനുവാദം കൊടുക്കാമോ?

മി. സ്പീക്കർ: അതുമാത്രം പോരാ, സംവരണതത്വം പാലിക്കണം.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇതിലെ അംഗമാണ്. അപ്പോൾ വനിതാപ്രാതിനിധ്യത്തിന്റെ കുറവ് പരിഹരിച്ചു. 'സ്വര'ത്തെ ഉദ്ദേശിച്ചാണ് ഞാൻ ഇത് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ്: സർ, കല്ലായിപ്പുഴ അറബിക്കടലിൽ വന്നു പതിക്കുന്ന അഴിമുഖമാണ് കോതി അഴിമുഖം. ഇതിന് നേരത്തെ 100 മീററർ വീതിയുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ അതിന്റെ വീതി 30 മുതൽ 40 മീററർ വരെയായി കുറഞ്ഞു. ഈ അഴിമുഖത്തെ ഒരു അഴിമുഖമായിട്ട് നമ്മൾ പ്രയോജനപ്പെടുത്തുന്നില്ല. അതുകൊണ്ടാണ് ഇറിഗേഷൻ വകുപ്പ് ഈ കാര്യത്തിൽ പ്രത്യേകമായിട്ട് ഒന്നും ചെയ്യാതിരുന്നത്. എന്താണെങ്കിലും സഭയിൽ ബഹുമാനപ്പെട്ട മുനീർ ഈ കാര്യം പറഞ്ഞതുകൊണ്ട് ഇതു സംബന്ധിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും ഈ അഴിമുഖത്തിന്റെ വീതിയും ആഴവും കൂട്ടി അത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യാം.

## (9) പാലക്കാട്ടെ വി. വി. പി. സ്കൂൾ പൂട്ടാനുള്ള നീക്കം

ശ്രീ. ടി. ശിവദാസമേനോൻ: സർ, പാലക്കാട്ടെ വളരെ ഗുരുതരമായ ഒരു വിഷയമാണ് ചുരുക്കി സബ്മിഷനായി അവതരിപ്പിക്കുന്നത്. പല ദശകങ്ങളായി നടന്നുവരുന്ന പാലക്കാട് ടൗണിന്റെ ഹൃദയഭാഗത്തുള്ള ഒരു ഹൈസ്കൂളാണ് വി. വി. പി. ഹൈസ്കൂൾ. ഈ സ്കൂൾ തുടങ്ങിയിട്ട് 100 കൊല്ലം കഴിഞ്ഞു. ആ ഹൈസ്കൂളിൽ നൂറുകണക്കിന് കുട്ടികൾ പഠിക്കുകയാണ്. മാനേജ്മെൻറ് അടുത്ത വർഷം തൊട്ട് ഈ സ്കൂൾ പൂട്ടിയിടാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ കക്ഷികളും രക്ഷാകർത്താക്കളും

കുട്ടികളുമൊക്കെ യോജിച്ച് അവിടെ സമരങ്ങൾ നടത്തുകയാണ്. നൂറു കണക്കിന് കുട്ടികളുടെ പഠനം നഷ്ടപ്പെടാൻ പോവുകയാണ്. ടൗണിലെ സ്കൂളായതുകൊണ്ട് സെൻറിന് കൂടുതൽ വില കിട്ടാൻ വേണ്ടി കുറേശ്ശെകുറേശ്ശെ വിൽക്കാൻ പോവുകയാണ്. ഇത് തടയണമെന്ന് ഞാൻ നേരത്തെ ഒരു സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരുന്നു. വി. വി. പി. സ്കൂൾ പൂട്ടാൻ സമ്മതിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്ന് ഉറപ്പു തന്നതാണ്. ഈ സാഹചര്യത്തിൽ വി. വി. പി. ഹൈസ്കൂൾ പൂട്ടുന്നത് തടയാൻ നടപടികളെടുത്ത് അവിടുത്തെ കുട്ടികളുടെ ഭാവി തകരാറിലാക്കാതിരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശ്രീ. ശിവദാസമേനോൻ പറഞ്ഞത് ശരിയാണ്. ഹൈക്കോടതിയുടെ ഒരു വിധിയാണ് അതിലുള്ളത്. 1-4-1994-ന് മുൻപായിട്ട് ആ സ്കൂളും അതിലെ സ്ഥാവരജംഗമ വസ്തുക്കളും ഒഴിഞ്ഞ് മാനേജ്മെന്റിന് എന്നു പറയുന്ന അതിൻെറ മാനേജർക്ക് തിരിച്ചു കൊടുക്കുകയും വാടക കുടിശ്ശിക തീർക്കുകയും ചെയ്യണമെന്നാണ് ഹൈക്കോടതിയുടെ വിധി. ശക്തിയായിട്ടുള്ള ഒരു വിധിയാണ്. നമ്മൾ ആ കോടതി വിധി നടപ്പിലാക്കുകയല്ലാതെ മററു മാർഗ്ഗമില്ല. പക്ഷേ എങ്ങനെ ഈ സ്കൂളിലെ കുട്ടികളുടെ പ്രശ്നം തീർക്കാൻ പററുമെന്ന് നമ്മൾ ആലോചിക്കണം. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറും പാലക്കാട്ടുള്ള മററ് എം. എൽ. എ. മാരും എഴുതി തന്നതിൻെറ അടിസ്ഥാനത്തിൽ ഈ അസംബ്ലി കഴിഞ്ഞിട്ട് ഞാൻ തന്നെ പാലക്കാട്ടുവച്ച് ഒരു യോഗം വിളിച്ചുകൂട്ടാം. എന്നിട്ട് ഇതിന് എന്തെങ്കിലും Via Media കണ്ടുപിടിക്കാൻ പററുമോയെന്ന് നോക്കുകയും ചെയ്യാം.

## (10) ദിനേശ് ബീഡിത്തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി ഈടാക്കൽ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, നാൽപ്പതിനായിരത്തോളം വരുന്ന തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പ്രശസ്തമായ ദിനേശ് ബീഡി മേഖലയിലെ പന്തീരായിരത്തോളം തൊഴിലാളികളും ജോലി ചെയ്യുന്നത് കാസർകോട് ജില്ലയിലാണ്. കാസർകോട് ജില്ലയിലെ ദിനേശ് ബീഡിത്തൊഴിലാളികൾ ഇന്ന് ആകെ നിരാശയിലാണ്. കണ്ണൂർ ജില്ലയിലെയും വടകരയിലെയും ദിനേശ് ബീഡി തൊഴിലാളികളിൽ നിന്നും നികുതി പിരിക്കുന്നില്ല. ചെയ്യുന്ന തൊഴിലിന് മാത്രം വരുമാനമുള്ള കാസർകോട് ജില്ലയിലെ ദിനേശ് ബീഡി തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്ത് അധികൃതർ തീരുമാനമെടുത്തിരിക്കുകയാണ്. അതിനെതിരായി ജില്ലയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും പ്രക്ഷോഭത്തിലാണ്. കാസർകോട് ജില്ലയിലെ ബീഡിത്തൊഴിലാളികളെക്കുറിച്ചും ബീഡിത്തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ ജീവിതക്ലേശങ്ങളെക്കുറിച്ചും നേരിട്ടറിയാവുന്ന വകുപ്പുമന്ത്രി ആ ബീഡി തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാനുള്ള നീക്കത്തിൽ നിന്നും ബന്ധപ്പെട്ട അധികാരികളെ പിൻതിരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, പഞ്ചായത്ത് നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് പഞ്ചായത്തുകൾ പ്രൊഫഷണൽ ടാക്സ് ഈടാക്കുന്നത്. വരുമാനത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിക്കുന്നത്. ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട വ്യക്തികളെ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് ശരിയായ നടപടിയല്ല. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്തിന് നിർദ്ദേശം കൊടുക്കാൻ ബുദ്ധിമുട്ടാണ്.

## (11) കലാപ്രതിഭ-കലാതിലകം പട്ടം ലഭിച്ചവർക്ക് മെഡിക്കൽ കോളേജുകളിൽ സീറ്റ് സംവരണം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, സർവ്വകലാശാല യുവജനോൽസവത്തിൽ കലാപ്രതിഭ, കലാതിലകം എന്നീ സ്ഥാനങ്ങൾ ലഭിച്ചവർക്ക് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനത്തിന് ഇപ്പോൾ റിസർവേഷനുണ്ട്. എന്നാൽ മെഡിക്കൽ കോളേജിൽ ഇത്തരം റിസർവേഷൻ നിലവിലില്ല. അങ്ങയ്ക്ക് അറിയാവുന്നതുപോലെ കടുത്ത മൽസരത്തിലൂടെ ഉയർന്ന നിലവാരം പുലർത്തുന്ന കലാകാരൻമാരായ കുട്ടികൾക്ക് പഠനത്തിലും നല്ല നിലവാരം പുലർത്താൻ മെഡിക്കൽ കോളേജ് പ്രവേശനത്തിലും റിസർവേഷൻ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ): സർ, ഏററവും മുൻപന്തിയിൽ നിൽക്കുന്ന സ്പോർട്ട്സ് താരങ്ങൾക്ക് പ്രോൽസാഹനം കൊടുക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലയിൽ പരിഗണന കൊടുക്കുന്നുണ്ട്. അതുപോലെ മുൻപന്തിയിൽ നിൽക്കുന്ന കലാപ്രതിഭ-കലാതിലകം പട്ടം ലഭിച്ചവർക്ക് പ്രോൽസാഹനം കൊടുക്കുന്നതിനുവേണ്ടിയുള്ള ഈ നിർദ്ദേശം പരിശോധിക്കാം.

## (12) ഞാറയ്ക്കൽ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. വി. കെ. ബാബു: സർ, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ നിയോജക മണ്ഡലത്തിലെ വൈപ്പിൻ, ഞാറയ്ക്കൽ എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു മാസമായി ശുദ്ധജലം കിട്ടുന്നില്ല. ചെറായി നായരമ്പലം ഫീഡ് ലൈനിന്റെ പണി പൂർത്തിയാകാത്തതാണ് ഇതിന്റെ കാരണം. ചെറായി നായരമ്പലം ഫീഡ് ലൈനിന്റെ പണി വേഗം പൂർത്തിയാക്കണം. അതുപോലെ ഈ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ വിഷയം നേരത്തെ എന്റെ ശ്രദ്ധയിൽ പെട്ടതാണ്. ഇത് ആവശ്യം ബഹുമാനപ്പെട്ട ഡേവിഡ് പിൻഹീറോയും ഒരു സബ്മിഷനായി തന്നിട്ടുണ്ട്. ആ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നതും വേഗം അതിന്റെ പ്രയോജനം ആ പ്രദേശത്തിന് ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അത്രയും ജലക്ഷാമം ആ പ്രദേശത്ത് അനുഭവപ്പെടുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയുള്ള പ്രദേശം ഏതാണെന്ന് ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്നാൽ അതിന് പ്രത്യേകം ഏർപ്പാട് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

## (13) ഇട്ടി അച്യുതൻ വൈദ്യർ രചിച്ച സസ്യശാസ്ത്ര ഗ്രന്ഥത്തിന്റെ പുനഃപ്രകാശനവും അദ്ദേഹത്തിന്റെ ജീവചരിത്ര രചനയും

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, 17-ാം നൂററാണ്ടിൽ നമ്മുടെ കേരളത്തിൽ, ചേർത്തലയിൽ ജീവിച്ചിരുന്ന മൺമറഞ്ഞുപോയ ഇട്ടി അച്യുതൻ വൈദ്യർ എന്ന ലോകപ്രശസ്തനായ സസ്യ ശാസ്ത്രജ്ഞനെ ബഹുമാനിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അദ്ദേഹം 17-ാം നൂററാണ്ടിൽ, പഴയ കാലത്താണ് ജീവിച്ചിരുന്നതെങ്കിലും, 12 വാല്യങ്ങളുള്ള 'കേരളാരാമം' എന്നൊരു ബോട്ടാണിക്കൽ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. 'ഹോർട്ടക്കസ് ഇൻഡിക്കസ് മലബാറിക്കസ്'' എന്നു പറയുന്ന പുസ്തകം ഡച്ച് സഹായത്തോടെ പ്രസിദ്ധീകരിച്ചു. ലാററിൻ, സംസ്കൃതം, അറബിക്, മലയാളം എന്നീ ഭാഷകളിൽ ഈ വിഷയത്തെക്കുറിച്ച് എഴുതിയ ആധികാരിക ഗ്രന്ഥമാണ്. മഹാരാജാസ് കോളേജിലെ പ്രിൻസിപ്പലും ബോട്ടാണിസ്ററുമായിരുന്ന എം. കെ. പ്രസാദ് തുടങ്ങിയ ആളുകൾ ഈ പ്രശ്നം സംബന്ധിച്ച് സമീപകാലത്ത് സംസാരിച്ചിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മിനിസ്റററോട് പറയാനുള്ളത് ഇട്ടി അച്യുതൻ വൈദ്യരെ നമ്മൾ മിക്കവാറും വിസ്മരിച്ചു കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവചരിത്ര ഗ്രന്ഥം സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിക്കണം. അതുപോലെ അദ്ദേഹത്തിന്റെ പ്രശസ്തമായ ഗ്രന്ഥം റീപ്രിൻറ് ചെയ്യണം. കാരണം 1982-ൽ ബിഷൻസിംഗ് മഹേന്ദ്രസിംഗ് എന്നു പറയുന്ന ഒരു പബ്ലിഷർ ഡെറാഡൂണിൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്ന് അതിന് വില ആയിരം രൂപയായിരുന്നു. ഇന്ന് അത് പ്രസിദ്ധീകരിച്ചാൽ പതിനെണ്ണായിരം രൂപയാകും വില എന്നാണ് പ്രസാധകർ പറയുന്നത്. സാംസ്കാരിക വകുപ്പുപോലെ ആരെങ്കിലും മുൻകൈയെടുത്ത് അത് പ്രസിദ്ധീകരിച്ച് നമ്മുടെ ഭാഷയ്ക്കും വിജ്ഞാനത്തിനും ഒരു മുതൽക്കൂട്ട് ആക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ വളരെ പ്രസിദ്ധമായിട്ടുള്ളതാണ്. 17-ാം ശതകത്തിൽ ജീവിച്ചിരുന്ന പാരമ്പര്യ വൈദ്യനായ ഇട്ടി അച്യുതൻ കേരളത്തിനും ഭാരതത്തിനും ലോകത്തിനുതന്നെയും വളരെ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഒരു മഹത് വ്യക്തിയായിരുന്നു. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഇതിന്റെ പുനഃപ്രസിദ്ധീകരണത്തിന് 18 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 18 ലക്ഷം രൂപ ചെലവിൽ അത് ഏറെറടുത്ത് പ്രസിദ്ധീകരിക്കുക എന്നത് സാംസ്കാരികവകുപ്പിനും എളുപ്പമാണോ എന്ന് എനിക്ക് സംശയമുണ്ട്. എന്നാലും ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. നമ്മുടെ പ്രസിദ്ധീകരണ രംഗത്തെ ആളുകൾ അത് ഏറെറടുക്കാൻ തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു ഘട്ടമായി മാത്രം ഇത് ചെയ്യേണ്ടതില്ല. ഘട്ടം ഘട്ടമായി ഇത് ചെയ്യാം എന്നാണ് നിർദ്ദേശം വന്നിട്ടുള്ളത്. പ്രത്യേകമായി വളരെ താൽപ്പര്യപൂർവ്വം വേറൊരു കാര്യം സൂചിപ്പിക്കാനുള്ളത് ഇട്ടി അച്യുതന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കാനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഏറെറടുക്കാം. അതിന് ആരെങ്കിലും മുൻകൈയെടുത്ത് ഉത്തരവാദ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ആളുകൾ കയ്യെഴുത്തുപ്രതി തയ്യാറാക്കി ഡിപ്പാർട്ടുമെൻറിന് സമർപ്പിച്ചാൽ അദ്ദേഹത്തിൻെറ ജീവചരിത്രം പ്രസിദ്ധീകരിക്കാം. ഇവിടെ സൂചിപ്പിച്ച മററ് ഗ്രന്ഥങ്ങളുടെ പുനഃപ്രസിദ്ധീകരണം ഘട്ടം ഘട്ടമായി ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

(14) മണ്ണാർക്കാട് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ശ്രീ. കല്ലടി മുഹമ്മദ്: സർ, എൻെറ മണ്ഡലത്തിലെ മണ്ണാർക്കാട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീമിൻെറ പണി 1988-ൽ തുടങ്ങിയതാണ്. ഏതാണ്ട് ഒന്നര കോടി രൂപ അതിനു ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 90% പണിയും കഴിഞ്ഞു. പൈപ്പിൻേറയും മററ് മെററീരിയൽസിൻെറയും കുറവുകാരണം 1988-ൽ തുടങ്ങിയ പണി ഇനിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ അടിയന്തിരമായി അവിടെ പൈപ്പും മററ് മെററീരിയൽസും കൊടുത്തുകൊണ്ട് ഈ സ്കീം വേഗം കമ്മീഷൻ ചെയ്യാനുള്ള പ്രവർത്തനങ്ങൾ തുടങ്ങണം. ആ സ്കീം എന്ന് കമ്മീഷൻ ചെയ്യും എന്നുകൂടി പറഞ്ഞാൽ നന്നായിരുന്നു. ഇതിൻെറ ബാക്കി പണികൾ വേഗത്തിൽ പൂർത്തീകരിച്ച് സത്വരമായി ഹൗസ് കണക്ഷൻ കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ പദ്ധതിയുടെ പണികൾ വേഗത്തിൽ നടക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം. ഞാൻ പാലക്കാട് നടത്തിയ റിവ്യൂ മീററിംഗിൽ ഇത് പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഈ സ്കീം 1993 മേയ് മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. 15 പുതിയ ടാപ്പുകൾ കൂടി ശുദ്ധജലം നൽകിവരുന്നുണ്ട്. ഇതിൻെറ ബാക്കിയുള്ള പണികൾ വേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കാം. പൈപ്പ് കൊടുക്കുന്നതിന് അൽപ്പം കാലതാമസം വന്നിട്ടുണ്ട്, അത് മനഃപൂർവ്വമല്ല. ഈ നിയമസഭയിൽത്തന്നെ പലപ്പോഴും ആക്ഷേപം വരുന്ന ഒരു സംഗതിയായി ഇത് മാറിയിട്ടുണ്ട്. ഇതിൻെറ ടെൻഡർ ഫൈനലൈസ് ചെയ്യാൻ ഒരു വർഷം സമയമെടുത്തു. ഉദ്യോഗസ്ഥൻമാരുടെ തലത്തിലും മററ് തലങ്ങളിലും സൂക്ഷ്മമായ പരിശോധന വേണ്ടിവന്നു. പരാതികൾ ഒഴിവാക്കി പൈപ്പുകൾ ലഭ്യമാക്കുക എന്നുള്ള ഏക ലക്ഷ്യം മുന്നിലുള്ളതുകൊണ്ട് ഇതിന് പൈപ്പുകൾ ലഭ്യമാക്കാൻ കാലതാമസം വന്നിട്ടുണ്ട്. ടെൻഡർ ഫൈനലൈസ് ചെയ്ത് സപ്ലൈ ഓർഡർ കൊടുത്തിട്ടുണ്ട്, അതിൻെറ അടിസ്ഥാനത്തിൽ പൈപ്പുകൾ വരുന്നുണ്ട്. പൈപ്പുകൾ കിട്ടുന്നതനുസരിച്ച് വിവിധ സ്കീമുകൾക്ക് മുൻഗണനാ ക്രമത്തിൽ അനുവാദം കൊടുക്കുന്നുണ്ട്. മണ്ണാർക്കാട് ശുദ്ധജലവിതരണ പദ്ധതിക്കാവശ്യമായ പൈപ്പുകൾ അലോട്ട് ചെയ്യുന്നതിനുള്ള നടപടി പ്രത്യേകമായി സ്വീകരിക്കുന്നതാണ്.

(15) കേരള വാട്ടർ അതോറിററിയിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം

ശ്രീ. ബി. രാഘവൻ: സർ, കേരള വാട്ടർ അതോറിററിയിലെ താൽക്കാലിക ജീവനക്കാരെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തണമെന്നും മേലിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തണമെന്നും 19-9-1990-ൽ സുപ്രീം കോടതി വിധിയുണ്ടായി. അതിൻെറ രണ്ടാം ഘട്ടം നടപ്പിലാക്കി. മൂന്നാം

ഘട്ടമായി വാട്ടർ അതോറിററി 1986 മുതൽ 88 വരെ നിയമനം നൽകിയിട്ടുള്ള 946 പേരുടെ ലിസ്ററ് തയ്യാറാക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കുകയും ചെയ്തു. യോഗ്യത, സംവരണം തുടങ്ങിയ നിയമന മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ഈ ലിസ്ററ് പബ്ലിക് സർവീസ് കമ്മിഷൻ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. 28-11-1992-ൽ അതിന്റെ സാക്ഷിപത്രം അതോറിററിക്ക് അയയ്ക്കുകയും ചെയ്തു. പി. എസ്. സി. അംഗീകാരം നൽകിയിട്ട് 14 മാസവും സുപ്രീംകോടതി വിധിയുണ്ടായിട്ട് 40 മാസവും കഴിഞ്ഞിട്ടും മേൽനടപടി സ്വീകരിച്ച് കോടതിവിധി പൂർണ്ണമായും നടപ്പാക്കാതെ നീട്ടിക്കൊണ്ടു പോവുകയാണ്. 12-9-1993-ൽ വകുപ്പുമന്ത്രി യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ 31-1-1994-നകം ഇതിനു പരിഹാരം കാണാമെന്നു സമ്മതിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സുപ്രീം കോടതി വിധി പൂർണ്ണമായും നടപ്പിലാക്കുമെന്ന് ഈ സഭയിൽ പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ ഇതുവരെ നടപടിയൊന്നും പൂർത്തിയായിട്ടില്ല. അതുകൊണ്ട് വാട്ടർ അതോറിററിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 4-8-1986 വരെ കേരളാ വാട്ടർ അതോറിററിയിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരെ 19-9-1990-ലെ സുപ്രീം കോടതി വിധിയുടെ

11 A.M.] അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 4-8-1986-നുശേഷം നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരുടെ ലിസ്ററ് 19-9-1990-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മററ് നടപടികൾക്കായി കേരളാ സ്റേററ് പബ്ലിക് സർവ്വീസ് കമ്മിഷന് അയച്ചുകൊടുത്തിരിക്കുകയാണ്. കമ്മീഷന്റെ സ്ഥിരീകരണം കിട്ടിയാലുടൻ അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ എനിക്ക്. എഴുതിക്കിട്ടിയിരിക്കുന്ന ഫയലിൽ ഔദ്യോഗികമായി സൂചിപ്പിച്ചിരിക്കുന്നത് 19-9-1990-ലെ വിധിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണെന്നാണ്. അതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷന് ഇത് അയച്ചുകൊടുത്തിരിക്കുകയാണ്. അവരുടെ സ്ഥിരീകരണം. കിട്ടിക്കഴിഞ്ഞാൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം. ആ കാര്യത്തിൽ ഗവൺമെന്റിന് തടസ്സമില്ല. അതുപോലെതന്നെ 19-1-1990-ൽ ഒരു വർഷത്തിൽ കുറഞ്ഞ സർവീസുള്ള 180 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾക്കായി അവർ ഇപ്പോൾ ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ നടപടികളൊന്നും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അത് പരിശോധനാ ഘട്ടത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യം ഒന്നുകൂടി വെരിഫൈ ചെയ്യാം.

## (16) താനൂരിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, താനൂർ നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലും ശുദ്ധജലക്ഷാമം അതിരൂക്ഷമാണ്. വൻകിട ശുദ്ധജല വിതരണ പദ്ധതികളൊന്നുംതന്നെ താനൂരിൽ ഇല്ല. അവിടെയുള്ള ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. താനൂർ, താണാനൂർ, പൊഴൂർ എന്നീ പഞ്ചായത്തുകൾക്കുള്ള കോംപ്രിഹെൻസീവ് വാട്ടർസപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിനുള്ള ഇൻവെസ്റ്റിഗേഷൻ ത്വരിതപ്പെടുത്തുക, നന്നംപ്ര, തെന്നല, ഏടരിക്കോട് എന്നീ പഞ്ചായത്തുകൾക്ക് കോംപ്രിഹെൻസീവ് വാട്ടർസപ്ലൈ സ്കീമിനുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുക, താണാനൂർ പഞ്ചായത്തിലെ മൂന്ന് മിനി വാട്ടർസപ്ലൈ സ്കീമിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക, താനൂരിലെ കുന്നുംപുറം മിനി വാട്ടർസപ്ലൈ സ്കീമിന് അനുമതി നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിക്കുകയാണ്. ഈ കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, താനൂർ നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നുമില്ലെന്ന് പറഞ്ഞത് ശരിയല്ല. അവിടെ ഇപ്പോൾ താനൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, ഓട്ടുംപ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, ചീരാൻ കടപ്പുറം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, നന്നംപ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, തുടങ്ങിയവയൊക്കെ നിലവിലുണ്ട്. അതിനുപുറമേ ഇപ്പോൾ അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കോട്ടയ്ക്കൽ തടപ്പൂർ ശുദ്ധജലവിതരണ പദ്ധതി, കാരാട് ഹരിജൻ കോളനി, പള്ളിപ്പുറം ഹരിജൻ കോളനി, (ഇത് രണ്ടും താനൂർ പഞ്ചായത്തിലാണ്) ഒഴൂർ ഹരിജൻ കോളനി, മണിപ്പുഴ ഹരിജൻ കോളനി, മുറിവാഴിക്കൽ ഐ. എച്ച്. ഡി. പി. കോളനി, മുക്കോല ഹരിജൻ കോളനി, മിനി വാട്ടർ സപ്ലൈ സ്കീം ആറിക്കോട്, വകര എന്നീ പ്രദേശങ്ങൾ താണാനൂർ പഞ്ചായത്തിലാണ്. ഇതിനുപുറമേ 1994-95-ൽ കുന്നുംപുറം ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഇരുപത് ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പുറത്തൂർ, മംഗലം, വെട്ടം, രണ്ടാലൂർ, താനൂർ, ഒഴൂർ തുടങ്ങിയ വില്ലേജുകൾക്കുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

## (17) കൈനകരി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. സി. കെ. സദാശിവൻ: സർ, എന്റെ മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതി വർഷങ്ങളായി താറുമാറായി കിടക്കുകയാണ്. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയനുസരിച്ച് ഒരു കോടി അഞ്ചു ലക്ഷം രൂപ ചെലവഴിച്ചാണ് അവിടെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നാലര ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, നാൽപ്പത്തിനാല് കി. മീറ്റർ പൈപ്പ്‌ലൈൻ, നൂറ്റിമുപ്പത് ടാപ്പുകൾ തുടങ്ങിയവയെല്ലാം സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി 1989-ൽ കമ്മീഷൻ ചെയ്തതാണ്. അഞ്ചുവർഷക്കാലമായി ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി കാത്തിരിക്കുന്നു. ജലസ്രോതസ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ വൈകല്യം. അടുത്തകാലത്ത് വാട്ടർ ടാങ്കിനു സമീപം ട്യൂബ് വെൽ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ശ്രമം നടത്തിയിട്ടുണ്ട്. കോഴിക്കോട് ജെ. ജെ. ബോറിംഗ് കമ്പനി അതിനുവേണ്ടി കരാറെടുത്തു. പക്ഷേ അവർ ട്യൂബ് വെൽ കുഴിക്കുന്നതിനിടയിൽ ആ പണി പൂർത്തീകരിക്കാതെ പോയിരിക്കുകയാണ്. കുട്ടനാട് വാട്ടർസപ്ലൈ സ്കീം അനുസരിച്ച് കുട്ടനാടിന് ലഭിക്കേണ്ട ശുദ്ധജലം ചങ്ങനാശ്ശേരിക്കാരാണ് കുടിച്ചുകൊണ്ടിരിക്കുന്നത്. അതിൽ വിരോധമില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി എന്നോട്

പറയുകയുണ്ടായി ചങ്ങനാശ്ശേരി പദ്ധതിയിൽനിന്ന് 1994-ൽ കൈനകരിയിൽ ശുദ്ധജലം എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടിയെടുക്കുമെന്ന്. അവിടെ ട്യൂബ് വെൽ കുഴിച്ചോ? ചങ്ങനാശ്ശേരിയിൽനിന്ന് ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് കൈനകരിയിൽ ശുദ്ധജലമെത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം, അതിന് അങ്ങ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി പറയണമെങ്കിൽ ഒരുപാട് സമയം വേണ്ടിവരും. അതുകൊണ്ട് ഞാൻ ചുരുക്കി പറയാനാണുദ്ദേശിക്കുന്നത്. കൈനകരി പഞ്ചായത്തിൽ നിലവിലുള്ളത് രണ്ട് ട്യൂബ് വെൽ സ്കീമുകളാണ്. അതിൽ നിന്ന് ഭാഗികമായി മാത്രമേ ഈ പഞ്ചായത്തിന് വെള്ളം കൊടുക്കാൻ കഴിയുന്നുള്ളു. അതുപോലെതന്നെ ട്യൂബ്‌വെല്ലിന്റെ പ്രവർത്തനം തുടങ്ങിയിട്ട് കുറേകാലമായതുകൊണ്ട് വെള്ളം കിട്ടുന്നതിനുള്ള സാധ്യതകൾ കുറഞ്ഞുവരുന്ന ഒരു സാഹചര്യമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് 1993-ൽ വേറൊരു ട്യൂബ് വെൽ കുഴിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചത്. ആ പണിയേറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. ബാക്കി പണികൾ ഡിപ്പാർട്ടുമെന്റ് തലത്തിൽ തന്നെ ചെയ്യുന്നതിനുള്ള ഏർപ്പാട് സ്വീകരിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആ ജോലികൾ നടന്നുവരികയാണ്. ഈ പണികൾ പൂർത്തിയാക്കി കഴിഞ്ഞ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ഈ ട്യൂബ് വെല്ലിൽനിന്നും വെള്ളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച മററുകാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യങ്ങൾ തന്നെയാണ്. അതിനനുസൃതമായ നടപടികൾ സ്വീകരിക്കാം.

## (18) ചാലക്കുടിപ്പുഴയിൽ കണ്ണാംകുഴി ഭാഗത്ത് തടയണ കെട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോയി: സർ, ഷോളയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ ടർബൈനുകൾ കേടുവരുന്നതുമൂലം മുകുന്ദപുരം താലൂക്കിലും ആലുവാ താലൂക്കിന്റെ വിവിധ ഭാഗങ്ങളലും വെള്ളം ലഭിക്കാത്തതുകൊണ്ട് ഇന്ന് കൃഷി നാശം സംഭവിക്കുന്നതിനെപ്പററി ഒരു ശ്രദ്ധക്ഷണിക്കൽ ഈ സഭയിലുണ്ടായി. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ ഇടതു-വലതുകര കനാലുകളിൽ വെള്ളം ലഭിക്കുന്നതിനുള്ള ഏക മാർഗ്ഗം കണ്ണാംകുഴി ഭാഗത്ത് ഒരു തടയണ ഉണ്ടാക്കുകയാണ്. ആ തടയണ ഉണ്ടാക്കിക്കൊണ്ടും തുമ്പൂർമൂഴി ഡാമിന്റെ പൊക്കം വർദ്ധിപ്പിച്ചുകൊണ്ടും എത്രയും വേഗം വെള്ളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അവിടെ തടയണ നിർമ്മിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട ജോയി തന്നെ നേരത്തേ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഡീറെറയിൽഡ് ഇൻവെസ്ററിഗേഷൻ നടക്കുന്നുണ്ട്. അതിന് കാലതാമസം വരുന്നതിന്റെ സാഹചര്യം ഞാൻ രണ്ടുവാക്കിൽ പറയാം. സാധാരണയായി തടയണകൾ പുഴയുടെ അടിത്തട്ടിൽ നിന്നും

രണ്ടുമീററർ ഉയരത്തിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ജലനിരപ്പ് ഈ പൊക്കത്തിലേയ്ക്ക് എത്തുകയും ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിലെ കനാലുകൾ ഈ ജലനിരപ്പിന് താഴെയും ആണെങ്കിൽ മാത്രമേ ചാലക്കുടി ജലസേചന കനാലുകളിലൂടെ വെള്ളം വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ഈ കാര്യം വിശദമായി പരിശോധിക്കണമെന്ന് ഉദ്യോഗസ്ഥൻമാർ പറഞ്ഞതുകൊണ്ടാണ് ഇപ്പോൾ അതിന്റെ ഡീറെറയിൽഡ് ഇൻവെസ്ററിഗേഷൻ നടക്കുന്നത്. എന്തായാലും ഞാൻ പറഞ്ഞ സാങ്കേതികമായ പ്രശ്നമൊന്നുമില്ലെങ്കിൽ തീർച്ചയായിട്ടും ഈ പറഞ്ഞ സ്ഥലത്ത് തടയണ നിർമ്മിക്കുന്നതാണ്.

## (19) കല്ലൂർക്കാട് പഞ്ചായത്തിലെ ഗ്രാഫൈററ് ഫാക്ടറി

ശ്രീ. ജോണി നെല്ലൂർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കല്ലൂർക്കാട് പഞ്ചായത്തിൽ പാലപ്പുഴ, നാഗപ്പുഴ തുടങ്ങിയ പ്രദേശങ്ങൾ ധാരാളം ഗ്രാഫൈററ് നിക്ഷേപമുള്ള സ്ഥലമാണ്. അവിടെ ഒരു ഗ്രാഫൈററ് ഫാക്ടറി തുടങ്ങണമെന്നുള്ള ആവശ്യം വളരെക്കാലമായി ഉള്ളതാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഗ്രാഫൈററ് ഫാക്ടറി തുടങ്ങാനാവശ്യമായ ചില കരാറിൽ ഒപ്പ് വയ്ക്കുകയുണ്ടായി. തമിഴ് നാട്ടിലെ പോപ്പുലർ ഗ്രാഫൈററ് കമ്പനി എന്ന സ്ഥാപനം കരാറിലേർപ്പെടുകയും അതിനുശേഷം അവർ ധനസഹായം അഭ്യർത്ഥിച്ച് കെ. എസ്. ഐ. ഡി. സിയെയും കെ. എഫ്. സി. യെയും സമീപിക്കുകയും ചെയ്തു. ഗവൺമെൻറിന്റെ ഇന്നത്തെ പുതിയ വ്യവസായനയത്തിന്റെ ഭാഗമായി ഈ രണ്ട് സ്ഥാപനങ്ങളും ധനസഹായം നൽകാനുള്ള തീരുമാനവുമുണ്ടായി. എന്നാൽ അവിടെ ഈ പോപ്പുലർ ഗ്രാഫൈററ് കമ്പനി വരികയോ ഫാക്ടറി തുടങ്ങുന്നതിനാവശ്യമായ പ്രാരംഭ ജോലി ആരംഭിക്കുകയോ ചെയ്തിട്ടില്ല. ആ പ്രദേശങ്ങളിലെ ആളുകൾ ഇന്ന് വളരെ ഉത്കണ്ഠയിൽ കഴിയുകയാണ്. എത്രയും പെട്ടെന്ന് അവിടെ ഒരു ഗ്രാഫൈററ് ഫാക്ടറി തുടങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ബഹുമാനപ്പെട്ട ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഗ്രാഫൈററ് ഫാക്ടറി തുടങ്ങുന്ന കാര്യത്തിൽ പോപ്പുലർ ഗ്രാഫൈററ് കമ്പനി എന്തെങ്കിലും അലംഭാവം കാണിക്കുന്നുണ്ടെങ്കിൽ വേറെ ആളുകളെ നിയോഗിക്കാം. ഗ്രാഫൈററ് ഫാക്ടറി തുടങ്ങാൻ വേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

## (20) നെയ്യാർഡാമിലെ ചീങ്കണ്ണി ശല്യം

ശ്രീ. തമ്പാനൂർ രവി: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട നെയ്യാർഡാമിൽ ചീങ്കണ്ണികൾ മുട്ടയിട്ട് പെരുകി തദ്ദേശവാസികളായ നാട്ടുകാർക്കുണ്ടാകുന്ന ശല്യം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടുത്ത കാലത്ത്, കഴിഞ്ഞ രണ്ടുവർഷമായി ഏതാണ്ട് പതിനാറിലധികം ആളുകളെ ചീങ്കണ്ണികടിച്ച് കാലും കയ്യും പോയിരിക്കുകയാണ്. കഴിഞ്ഞ എട്ടാം തീയതിയിലെ മലയാള മനോരമയിൽ ഇതുസംബന്ധിച്ച ഫോട്ടോ സഹിതം വാർത്ത വന്നിട്ടുണ്ട്. കടിയേൽക്കുന്ന ആളുകൾക്ക് കാര്യമായ നഷ്ടപരിഹാരം കൊടുക്കുന്നില്ല. എനിക്ക് രണ്ട് പ്രശ്നങ്ങളാണ് പറയാനുള്ളത്. അവിടെ ഒരു ക്രോക്കോഡൈൽ ഫാമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലുള്ള ഒരു ഫാം കേരളത്തിൽ വേറെ എവിടെയെങ്കിലും ആരംഭിച്ചിട്ട് ഈ ക്രോക്കോഡൈലുകളെ ഇവിടെ നിന്ന് കൊണ്ടുപോകണം. എനിക്കുപോലും അവിടെ പോകാൻ വയ്യാത്ത അവസ്ഥയാണ്. ഇപ്പോൾ ആയിരം രൂപയാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. വൈൽഡ് ലൈഫ് ആക്ടിൽ കോമ്പൻസേഷനുള്ള വകുപ്പ് ഭേദഗതി ചെയ്ത് കാര്യമായ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി കൂടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, വംശനാശ ഭീഷണി നേരിടുന്ന മുതലകളെയും ചീങ്കണ്ണികളെയും സംരക്ഷിക്കുന്നതിന് നാഷണൽ Crocodile പ്രോജക്ടിന്റെ കീഴിൽ 1977-ൽ ആരംഭിച്ചതാണ് നെയ്യാർ ചീങ്കണ്ണി വളർത്തു കേന്ദ്രം. ഇപ്പോൾ അവിടെ 25 ടാങ്കുകളിലായി 72 ചീങ്കണ്ണികളുണ്ട്. അവ ടാങ്കിനുള്ളിൽനിന്ന് പുറത്തുവരാതിരിക്കുന്നതിന് കൂടകൾ പുതുക്കി പണിത് ബലവത്താക്കിയിട്ടുണ്ട്. ആയതിനാൽ ഫാമിൽനിന്ന് പുറത്തുവന്ന് തദ്ദേശവാസികളെ ഉപദ്രവിക്കുന്നതിനുള്ള സാദ്ധ്യതയില്ല. എന്നാൽ നെയ്യാർ തടാകത്തിലെ ചീങ്കണ്ണികൾ അസമയങ്ങളിൽ കുളിക്കാനിറങ്ങിയ ചിലരെ കടിച്ചതായിട്ടുള്ള റിപ്പോർട്ടുകളുണ്ട്. അപകടം പറ്റിയവർക്ക് വന്യജീവി സംരക്ഷണ നിയമപ്രകാരം ഉള്ള നഷ്ട പരിഹാരം വനംവകുപ്പ് നൽകിയിട്ടുണ്ട്. ഇപ്പോൾ നെയ്യാർഡാമിൽ ഈ ശല്യം വർദ്ധിച്ചു വരികയാണ്. അതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കുന്നുണ്ട്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുവേണ്ട ശുപാർശകൾ നൽകിയിട്ടേയുള്ളൂ. ഇപ്പോൾ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അൻപതിനായിരം രൂപയാക്കി ഉയർത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## (21) കോതമംഗലം നിയോജക മണ്ഡലത്തിലെ മാവിൻചുവട് പാലം

ശ്രീ. വി. ജെ. പൗലോസ്: സർ, എന്റെ നിയോജകമണ്ഡലമായ കോതമംഗലത്ത് വർഷങ്ങൾക്ക് മുമ്പ് എൻ. ആർ. ഇ. പി. സ്കീമിൽ പണി കഴിപ്പിച്ചിട്ടുള്ള മാവിൻചുവട് പാലം 1992–ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയി. ഇതു സംബന്ധിച്ച് അധികാരികൾക്ക് റിപ്പോർട്ട് കൊടുത്തെങ്കിലും ഇന്നുവരെ ആ പാലം പുതുക്കി പണിയുന്നതിനുവേണ്ട യാതൊരു നടപടിയും സ്വീകരിച്ചില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഇത് ബഹുമാന്യനായ റവന്യു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയും ഒരു ലക്ഷം രൂപ അനുവദിക്കാമെന്നു പറയുകയും ചെയ്തു. പക്ഷെ ആ ഒരു ലക്ഷം രൂപ കിട്ടിയാലും ആ പാലം പുതുക്കി പണിയാൻ കഴിയുകയില്ല. ആ പാലത്തിന് 5 ലക്ഷം രൂപയെങ്കിലും ചെലവ് വരുന്നതാണ്. ഉദ്ദേശം ഇരുപതോളം ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന റോഡാണ്. 1992-ലും 1993-ലും കേന്ദ്രത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും വളരെയധികം സാമ്പത്തിക സഹായം നമുക്ക് കിട്ടിയെങ്കിലും ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാലം പുതുക്കി പണിയുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ട് ആ പാലം പുതുക്കി പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒരു ലക്ഷം രൂപ അനുവദിച്ചു. ഏതായാലും ആ വർക്കിന് വേണ്ട അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുക്കുന്നതാണ്.

ശ്രീ. വി. ജെ. പൗലോസ്: ഒരു ലക്ഷം രൂപ അനുവദിച്ചതുകൊണ്ട് ആ പാലം പുതുക്കി പണിയാനാവുകയില്ല. ഉദ്ദേശം 5 ലക്ഷം രൂപയെങ്കിലും അതിന് വേണ്ടിവരും. ആ പാലം യഥാർത്ഥത്തിൽ ആകെ തകർന്നതാണ്. അത് പുതുക്കി പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: യഥാർത്ഥത്തിൽ തകർന്ന പാലമായതുകൊണ്ട് അതിനാവശ്യമായ, യഥാർത്ഥം വേണ്ട തുക അനുവദിക്കുന്നതാണ്.

## (22) വീട്ടുവളപ്പിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം

ശ്രീ. കെ. കെ. തോമസ്: സർ, കൃഷി ഭൂമിയിൽ നിൽക്കുന്ന ആഞ്ഞിലി, പ്ലാവ്, മാവ് തുടങ്ങിയ മരങ്ങൾ മുറിച്ച് വില്ലേജ് ആഫീസറുടെ പാസ് വാങ്ങി വിൽപ്പന നടത്തുന്നത് നിയന്ത്രിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ദേവികുളം സബ്കളക്ടർ 27-7-1993-ൽ ഇറക്കി. ഈ ഉത്തരവ് പീരുമേട് നിയോജകമണ്ഡലത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. നോട്ടിഫൈഡ് ഏരിയായോ, കെ. പി. ടി. ആക്ടിൽ പെട്ട ഭൂമിയോ പീരുമേട് താലൂക്കിലില്ല. അതുമൂലം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഉപ്പുതറ, പെരുവന്താനം, കൊക്കയാർ എന്നീ വില്ലേജുകളിലെ കൃഷിക്കാരും ചെറുകിട കച്ചവടക്കാരും തൊഴിലാളികളും വളരെയധികം വിഷമിക്കുന്നു. ഈ മൂന്നു വില്ലേജുകളിലെയും ഭൂമി രാജവാഴ്ചക്കാലത്തുതന്നെ പട്ടയമുള്ളതും, കരം അടച്ച് തണ്ടപ്പേരുംപടി കൈവശം വച്ച് അനുഭവിച്ച് വരുന്നതുമാണ്. ഈ തടിവെട്ടി വിൽപ്പന നടത്തുന്നത് വളരെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു തൊഴിലാണ്. കൃഷിക്കാരും, ചെറുകിട കച്ചവടക്കാരും ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും ദേവികുളത്തുപോയി പാസ് വാങ്ങി, മൂന്ന് പ്രാവശ്യം പരിശോധന നടത്തി ക്കെയാണ് ഇതു ചെയ്യുന്നത്. ഒന്നുരണ്ടേക്കർ ഭൂമിയുള്ള കൃഷിക്കാരെ വളരെ ബുദ്ധിമുട്ടിക്കുന്ന ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും വനം വകുപ്പുമന്ത്രിയെ നേരത്തെ അറിയിച്ചിട്ടുള്ളതുമാണ്. അവിടെ 7 മാസമായി അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. അതവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റവന്യൂ വകുപ്പിൽനിന്നും ഇതിന് യാതൊരു നിർദ്ദേശവുമില്ല. ആഞ്ഞിലി പ്ലാവ്, മാവ് എന്നിവ മുറിക്കുന്നതിനുള്ള ആപ്ലിക്കേഷൻ റവന്യൂ വകുപ്പ് റിജക്ട് ചെയ്യാറില്ല. കാരണം 15 ഇനം തടികൾക്കാണ് ഗവൺമെന്റിന്റെ അനുവാദം വേണ്ടത്. ഉദാഹരണത്തിന് പെരുവന്താനത്ത് 13 കേസുകളിൽ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ട്. കൊക്കയാറിൽ ഒരു കേസിന് ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ട്. ദേവികുളത്ത് ഏല കൃഷി നടത്തുന്ന സ്ഥലം കെ. പി. ടി. ആക്ട് അനുസരിച്ച് നോട്ടിഫൈ ചെയ്തിട്ടുണ്ട്. അങ്ങനെ നോട്ടിഫൈ ചെയ്ത സ്ഥലത്തു

നിന്നും തടി കൊണ്ടുപോകണമെന്നുണ്ടെങ്കിൽ വനം വകുപ്പിന്റെ അനുമതി വേണമെന്നു പറഞ്ഞുകൊണ്ട് ഡി. എഫ്. ഒ. യുടെ ഒരു നിർദ്ദേശം ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊഴിച്ച് റവന്യൂ വകുപ്പിൽ നിന്നും യാതൊരു നിർദ്ദേശവുമില്ല. ആഞ്ഞിലി, പ്ലാവ്, മാവ്, ഇങ്ങനെയുള്ള വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാൻ വനം വകുപ്പുമന്ത്രിയുമായിട്ട് ആലോചിച്ച് ബുദ്ധിമുട്ട് ഒഴിവാക്കാം.

## (23) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിഴക്കൻ പ്രദേശങ്ങളിൽ ജൂൺ മാസത്തിൽ മററ് പ്രദേശങ്ങളിൽ മഴ പെയ്യുന്നതുപോലെ മഴ പെയ്യാറില്ല. ഗവൺമെന്റുതന്നെ മഴ നിഴൽ പ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. മഴക്കാറ് ഉണ്ടാകുന്നു, പക്ഷേ മഴ പെയ്യാറില്ല. ആ പ്രദേശം ഇപ്പോൾ വരൾച്ചയുടെ പിടിയിലമർന്നിരിക്കുകയാണ്. അവിടെനിന്നും ജനങ്ങൾ ഒഴിഞ്ഞുപോകുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. കുടിക്കാൻപോലും വെള്ളം കിട്ടാത്ത അവസ്ഥയാണുള്ളത്. കുഴൽക്കിണറുകൾ കുറച്ചുള്ളത് കേടു വന്നത് നന്നാക്കുന്നതിനുവേണ്ടി ഗവൺമെൻറ് പണം കൊടുക്കുന്നില്ല. പഞ്ചായത്തിന്റെ കൈയിൽ കാശില്ല. അതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റവന്യൂ വകുപ്പുമന്ത്രിതന്നെ ആ ഭാഗത്തു വന്ന് ജനപ്രതിനിധികളുടെ ഒരു മീററിംഗ് വിളിച്ചുകൂട്ടി ഒരു പ്രത്യേക സ്കീം തയ്യാറാക്കണമെന്ന് വളരെക്കാലംകൊണ്ട് ആവശ്യപ്പെടുകയാണ്. അടിയന്തിരമായി 50 ലക്ഷം രൂപയെങ്കിലും അനുവദിക്കണം. തൽക്കാലം കുടിവെള്ളം ലോറികളിൽ എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കുഴൽ കിണറുകൾ ഉണ്ടാക്കാൻവേണ്ടി പൈസ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ അതു വന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചെറവൂർ താലൂക്കിൽ 1-4-1993 മുതൽ 31-1-1994 വരെയുള്ള കാലയളവിൽ 173 സി. എം. മഴ മാത്രമേ കിട്ടിയിട്ടുള്ളൂ. സാധാരണഗതിയിൽ നോർമലായിട്ടു കിട്ടുന്ന വർഷപാതത്തെക്കാൾ 15% കുറവാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സജീവ ശ്രദ്ധ വന്നിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ, മുതലമട, പുതുശ്ശേരി, ഇലവഞ്ചേരി എന്നീ പഞ്ചായത്തുകളിലും അട്ടപ്പാടി ബ്ലോക്കായ കിഴക്കൻ പ്രദേശങ്ങളിലും കുടി വെള്ളത്തിന് ക്ഷാമം അനുഭവിക്കുന്നുണ്ട്. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഉടനടി 10 ലക്ഷം രൂപ കുടി വെള്ളം കൊടുക്കുന്നതിനുവേണ്ടി അനുവദിക്കുന്നതാണ്. ഞാൻ നാളെ പാലക്കാട് വരുന്നുണ്ട്. പാലക്കാട് ജില്ലയിൽ എവിടെയൊക്കെ കുടി വെള്ള ക്ഷാമം ഉണ്ടോ അവിടെയൊക്കെ കുടി വെള്ളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിന് സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിമിതിയല്ല. ആവശ്യമായ പണം അതിനുവേണ്ടി നൽകുന്നതാണ്. ഞാൻ നാളെ പാലക്കാട് കളക്ടറുമായിട്ട് ഇതു സംബന്ധിച്ച് ചർച്ച നടത്തി കൂടുതൽ തുക വേണമെന്നുണ്ടെങ്കിൽ അനുവദിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## (24) മലയോര കൃഷിക്കാർക്ക് പട്ടയ വിതരണം

ശ്രീ. മാത്യു സ്റ്റീഫൻ: സർ, സംസ്ഥാനത്തെ മലയോര കർഷകർക്ക് പട്ടയം ലഭിക്കുന്നതു സംബന്ധിച്ച് വ്യാപകമായ തെററായ ധാരണകാം ഈ രാജ്യത്തുണ്ടായിരിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമാണ് പട്ടയം കൊടുക്കുകയെന്നത്. അതിനുവേണ്ടി ചില കാര്യങ്ങാം സംസ്ഥാന ഗവൺമെൻറ് ചെയ്തതായിട്ടാണ് മനസ്സി ലാക്കാൻ കഴിഞ്ഞത്.. എന്നാൽ കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ പറഞ്ഞിട്ടുള്ള ചില വ്യവസ്ഥകാം സംസ്ഥാന ഗവൺമെൻറ് പാലിച്ചി ട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. വനഭൂമി പതിച്ചു കൊടുക്കുമ്പോഠം ഇരട്ടി ഭൂമിയിൽ വനം വച്ചു പിടിപ്പിക്കണമെന്നാണ് കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശം. ഏതാണ്ട് 28588 ഹെക്ടർ സ്ഥലത്ത് ഇപ്പോഠം പട്ടയം കൊടുക്കാനായിട്ടാണ് സംസ്ഥാന ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്. അവിടെ വനം വച്ചു പിടിപ്പിക്കണമെങ്കിൽ 113 കോടി രൂപ വേണം. ആ 113 കോടി രൂപയിൽ ഒരു കോടി രൂപ മാത്രമാണ് ഇന്ന് റവന്യൂ വകുപ്പ് വനം വകുപ്പിന് കൊടുത്തിട്ടുള്ളത. സംസ്ഥാന ഗവൺമെൻറാണ് ഈ പണം റവന്യൂ വകുപ്പിന് കൊടുക്കേണ്ടത്. അതുകൊണ്ട് സമയ ബന്ധിതമായി പട്ടയം കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം വന്നിരിക്കുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് റവന്യൂ വകുപ്പ് മന്ത്രി പറഞ്ഞത് സമയ ബന്ധിതമായി പട്ടയം കൊടുക്കുമെന്നാണ്. അതിനുവേണ്ട വ്യവസ്ഥകാം പാലിക്കാതെ എങ്ങനെയാണ് പട്ടയം കൊടുക്കാൻ കഴിയുന്നത്. മലയോര കൃഷിക്കാരെ ഒരിക്കലും കബളി പ്പിക്കരുത്; അവരുടെ തെററിദ്ധാരണ മാററി സമയ ബന്ധിതമായി പട്ടയം കൊടുക്കാൻ വേണ്ട നടപടികാം ഗവൺമെൻറ് ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ഇ. എം. അഗസ്തി: സർ, എന്റെ നിയോജകമണ്ഡലത്തെ കൂടി ബാധിക്കുന്ന സുപ്രധാനമായ ഒരു പ്രശ്നമെന്നുള്ള നിലയിൽ ഞാൻ ശ്രീ. മാത്യു സ്റ്റീഫൻ പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. 1993 ഏപ്രിൽ മാസം 20-ാം തീയതി എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ നെടുങ്കണ്ടത്തു വച്ച് ബഹു മാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പു മന്ത്രിയും കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കുറച്ചു പേർക്ക് പട്ടയം നൽകുകയും ബാക്കിയുള്ള മുഴുവൻ ആളുകാംക്കു ഒരു വർഷത്തിനകം പട്ടയം നൽകു മെന്ന് ഉറപ്പു നൽകുകയും ചെയ്തതാണ്. ഇതിനുശേഷം ഇങ്ങനെയുണ്ടാകുന്ന പ്രസ്താവനകളും പത്ര റിപ്പോർട്ടുകളും മൂലം ആശങ്കയുണ്ടായിട്ടുണ്ട്. അതുകൊണ്ട് എന്നത്തേയ്ക്ക് പട്ടയം കൊടുക്കാൻ പററും? ഈ പത്ര റിപ്പോർട്ടിൽ ഒരു കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഈ മാർച്ച് മാസം 21-ാം തീയതി മുതൽ 15,000 ആളുകാംക്ക് പട്ടയം കൊടുക്കാനുള്ള നടപടികാം സ്വീകരിക്കു മെന്ന് ജില്ലാ കളക്ടർ അറിയിപ്പ് നൽകിയതിനെത്തുടർന്നാണ് ബഹുമാന പ്പെട്ട വനം വകുപ്പുമന്ത്രിയുടെ പ്രസ്താവന വന്നത് എന്ന കാര്യവും ഈ പ്രശ്നം ശ്രദ്ധയിൽ കൊണ്ടുവന്ന ദീപിക പത്രത്തിന്റെ റിപ്പോർട്ടി ലുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അങ്ങനെ പ്രസ്താവന നടത്തിയിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഇവിടത്തെ പ്രസക്തമായ പ്രശ്നം മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഉറപ്പു നൽകിയതു പോലെ ഏപ്രിൽ മാസം 21-ാം തീയതിക്കകം അർഹരായ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ആളുകാംക്കും പട്ടയം നൽകാൻ കഴിയുമോ എന്ന കാര്യത്തെ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി വ്യക്തമായ ഉറപ്പു നൽകണമെന്ന് ഞാൻ സവിനയം ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മാത്യു സ്റ്റീഫൻ 27-1-1994-ലും ഇതൊരു സബ്മിഷനായി തന്നതാണ്. ബഹുമാനപ്പെട്ട മാത്യു സ്റ്റീഫൻ ഉൾപ്പെടുന്ന ഐക്യജനാധിപത്യ മുന്നണി ഈ രാജ്യത്തെ കൃഷിക്കാരെ കബളിപ്പിക്കുമെന്ന് വിചാരിക്കുന്നുണ്ടോ? ഈ രാജ്യത്തെ കൃഷിക്കാരെ ഐക്യജനാധിപത്യമുന്നണി കബളിപ്പിക്കുകയില്ല. എനിക്ക് ഇതിനെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മാത്യു സ്റ്റീഫനോട് ഒരു കാര്യം പറയാനുണ്ട്. ഈ പണം അനുവദിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെൻറ് അല്ല. അത് ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കുമെന്ന് ഞാൻ കരുതുകയാണ്. ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനങ്ങൾക്ക് ആവശ്യമായ പണം അനുവദിക്കുന്നത് ധനകാര്യ ഡിപ്പാർട്ട്മെൻറാണ്. അതുകൊണ്ട് റവന്യൂ ഡിപ്പാർട്ട്മെൻറ് പണം നൽകാത്തതുകൊണ്ട് ഇടുക്കിയിലെ പട്ടയം നിന്നിരിക്കുന്നു എന്നുള്ള ദുസ്സൂചനയുണ്ടെങ്കിൽ ആ ദുസ്സൂചന ഉടനെ അവസാനിപ്പിക്കണം. ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനമനുസരിച്ച് പണം നൽകേണ്ടത് ധനകാര്യ വകുപ്പാണ്. ധനകാര്യ വകുപ്പ് ഇതിൽ അലംഭാവം കാണിച്ചിട്ടില്ല. ഈ കൊല്ലത്തെ ബഡ്ജററിൽ പത്തുകോടി രൂപ കോമ്പൻസേററി അഫോറസ്റ്റേഷനുവേണ്ടി പ്രൊവൈഡു ചെയ്തു. നമ്മൾ ഇപ്പോൾ ഒരു തീരുമാനമെടുത്തിട്ടുണ്ട്. പത്തു വർഷംകൊണ്ട് 110 കോടി രൂപ ചെലവഴിച്ച് പട്ടയം കൊടുക്കുന്ന ഭൂമിക്കു പകരമായി വനം വച്ചു പിടിപ്പിക്കാം. അങ്ങനെ കോമ്പൻസേററി അഫോറസ്റ്റേഷനുവേണ്ടി പത്തു കോടി രൂപ ഈക്കൊല്ലത്തെ ബഡ്ജററിൽ പ്രൊവൈഡ് ചെയ്തു. ആ നിലയ്ക്ക് റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ ഭാഗത്ത് നിന്ന് ഒരു പോരായ്മയും ഇല്ലെന്നു മാത്രമല്ല, റവന്യൂ ഡിപ്പാർട്ടുമെൻറ് എത്രയോ വലിയ, കാര്യമായ പുരോഗതിയാണ് അവിടെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഞാൻ വീണ്ടും ഇടുക്കി ജില്ലയിലെ എം. എൽ. എ. മാരോടു പറയുകയാണ്, 47,000 അപേക്ഷകൾ കിട്ടിയതിൽ 15,000 അപേക്ഷകൾ ഇപ്പോൾ പ്രോസസ് ചെയ്തു കഴിഞ്ഞു. നാളെ നമുക്ക് പോകാം. പട്ടയം കൊടുക്കാം. ഒരു ബുദ്ധിമുട്ടുമില്ല. അതുകൊണ്ട് സി. എച്ച്. ആർ. മേഖലയിൽപ്പെടുന്ന 15,000 കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പട്ടയം കൊടുക്കാനുള്ള നടപടി പൂർത്തിയായിരിക്കുന്നു. ഉടനെതന്നെ ഗവൺമെൻറ് അവർക്ക് പട്ടയം നൽകുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി: എന്നു കൊടുക്കുമെന്നുള്ള തീയതി പറയണം.

ശ്രീ. കെ. എം. മാണി: ഒരു തീയതി നിശ്ചയിച്ചിട്ടു പോകാം. ഒരു വിഷമവുമില്ല. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടനെ പട്ടയം കൊടുക്കാനുള്ള തീയതി നിശ്ചയിക്കാം. ഇടുക്കി ജില്ലയിലെ എം. എൽ. എ. മാരോട് ഒരു കാര്യം പറയുകയാണ്. ഈ രാജ്യത്തെ കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ നിങ്ങളെക്കാളും, മററാരെക്കാളും പ്രതിജ്ഞാബദ്ധമാണ് കേരളാ കോൺഗ്രസ്സിൻെറ പ്രതിനിധി എന്നുള്ള നിലയ്ക്ക്, ഞാൻ എന്നുള്ള വസ്തുതകൂടി ബഹുമാനപ്പെട്ട എം.എൽ.എ. മാരെ അറിയിക്കുകയാണ്. അതുകൊണ്ട് ഇതിലൊരു അലംഭാവവും വരികയില്ല.



LIBRARY ARCHIVES Kerala Legislative Assembly

(25) കാസർകോട് ജില്ലയിലെ വൈദ്യുതി പ്രശ്നം

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, വൈദ്യുതി രംഗത്ത് വളരെ പിന്നോക്കമായ കാസർകോട് ജില്ലയിൽ വർഷങ്ങൾക്കുമുൻപ് പ്രവർത്തനമാരംഭിച്ച മഞ്ചേശ്വരം 110 കെ. വി. സബ് സ്റ്റേഷന്റെയും മുള്ളേരിയ 110 കെ.വി. സബ് സ്റ്റേഷന്റെയും പ്രവൃത്തി വേണ്ടത്ര പുരോഗമിക്കാതെ കിടക്കുകയാണ്. ഈ രണ്ടു സബ് സ്റ്റേഷന്റെയും പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം ഇതിനകം കഴിഞ്ഞിരിക്കുകയാണ്. മഞ്ചേശ്വരം സബ് സ്റ്റേഷന്റെ പ്രവൃത്തിയിലേർപ്പെട്ടിരുന്ന എ. ഇ. യെ അവിടെനിന്നു കണ്ണൂരിലേക്ക് സ്ഥലം മാററി. പകരം എ. ഇ. യെ നിയമിക്കാത്തതു കൊണ്ട് മഞ്ചേശ്വരം സബ് സ്റ്റേഷന്റെ പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്. ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം, മുള്ളേരിയ സബ് സ്റ്റേഷനുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കാസർകോട് 220 കെ. വി. സബ് സ്റ്റേഷന് സ്ഥലമെടുപ്പു കഴിഞ്ഞ് കൺസ്ട്രക്ഷന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി അതിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. നിർദ്ദിഷ്ട 60 കെ. വി. ഡീസൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് താമസം നേരിടുന്നതിൽ കാസർകോട് ജില്ലയിലെ ജനങ്ങൾ ഉത്കണ്ഠാകുലരാണ്. അതുകൊണ്ട് ഉടനെ അതിന്റെ പ്രവർത്തനമാരംഭിക്കുന്നതിനും കാസർകോഡ് ജില്ലയിൽ വൈദ്യുതി രംഗത്തെ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, മഞ്ചേശ്വരം 110 കെ. വി. സബ്സ്റ്റേഷന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. അത് 1994-95 സാമ്പത്തിക വർഷത്തിൽ പൂർത്തിയാകും. മുള്ളേരിയ 110 കെ. വി. സബ്സ്റ്റേഷന്റെ പണി ഭാഗികമായി പൂർത്തിയായി. ലൈൻ വലിക്കാനുണ്ട്. കോൺട്രാക്ട് ടെർമിനേററ് ചെയ്തിരിക്കുകയാണ്. 1995 അവസാനത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മൈലാടി 220 കെ. വി. സബ് സ്റ്റേഷന്റെ പണി 1995 സെപ്ററംബർ മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് ഡീസൽ സബ്സ്റ്റേഷന്റെ കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസും പ്ലാനിംഗ് കമ്മീഷന്റെ അപ്രൂവലും കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ പണി ആരംഭിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, സബ്മിഷന്റെ പ്രളയത്തിനുള്ളിൽ തൽക്കാലം ഞാൻ അവതരിപ്പിക്കുന്നില്ല. മന്ത്രിയുമായി നേരിട്ട് ബന്ധപ്പെട്ടുനോക്കട്ടെ. കഴിയുന്നില്ലെങ്കിൽ അടുത്ത തവണ ഉന്നയിക്കാം.

(26) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും പ്രശ്നങ്ങൾ

ശ്രീ. ഇ. പി. ജയരാജൻ: സർ, വളരെയധികം പ്രതീക്ഷയോടെയാണ് നമ്മുടെ സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ആരംഭിച്ചത്. എന്നാൽ ഇന്ന് വ്യക്തമായ ഒരു നയ സമീപനമില്ലാത്തതിന്റെ ഫലമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകരും പഠിക്കുന്ന വിദ്യാർത്ഥികളും പെരുവഴി

LIBRARY ARCHIVES Kerala Legislative Assembly

യിലാണ്. അതിനാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ച് വ്യക്തമായൊരു നിലപാട് ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. അതിന് എനിക്ക് ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾക്ക് ആവശ്യമായ കെട്ടിടം, അദ്ധ്യാപകർ, സിലബസ്, ലൈബ്രററി, മററാവശ്യ സജ്ജീകരണങ്ങൾ ഒന്നുംതന്നെ ഈ സ്കൂളുകളിലില്ല. പ്രാക്ടിക്കൽ സൗകര്യങ്ങൾ മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരെപ്പോലെ അവിടെ ഗസ്ററായി ജോലിചെയ്യുന്ന അദ്ധ്യാപകരുടേയും സർവ്വീസ് ഗവൺമെൻറ് അംഗീകരിക്കുന്നില്ല. അത് അടിയന്തിരമായി അംഗീകരിക്കണം. നോൺവൊക്കേഷണൽ ലെക്ചറർമാരുടെ ശമ്പളസ്കെയിൽ ഇന്നില്ലാത്തതാണ്. ആയിരം രൂപയാണ് ഇപ്പോൾ കൺസോളിഡേറഡ് പേ കൊടുക്കുന്നത്. അത് ശമ്പളസ്കെയിലിലേക്ക് മാററണം. വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷനിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണം. അവർക്ക് ഇനി പ്രായക്കൂടുതൽ കാരണം മററ് സ്ഥലങ്ങളിൽ ജോലി ലഭിക്കാൻ സാധ്യതയില്ല. ഗസ്ററ് ലെക്ചറേഴ്സ്, ഗസ്ററ് ഇൻസ്ട്രക്ടേഴ്സ്, ലാബ് അസിസ്ററൻറ് എന്നിവരുടെ ശമ്പളം പരിഷ്കരിക്കണം. പാർട്ട് ടൈം ഗസ്ററ് ലക്ചറർ, പാർട്ട് ടൈം ലാബ് അസിസ്ററൻറ്സ്, പാർട്ട് ടൈം ഗസ്ററ് ഇൻസ്ട്രക്ടേഴ്സ് എന്നിവരുടെ സർവ്വീസ് ഗവൺമെൻറ് അംഗീകരിക്കണം. ഡെപ്യൂട്ടേഷൻ സമ്പ്രദായമാണ് ഇന്നുള്ളത്. നോൺ-ടീച്ചിംഗ് ആൻറ് ടീച്ചിംഗ് സ്ററാഫിനെ അവിടത്തേക്കുവേണ്ടി മാത്രമായി നിയമിക്കണം. ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കണം. പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് എക്സാമിനേഷൻ നടത്താനും കൃത്യമായി സർട്ടിഫിക്കററ് നൽകാനും പുതിയ കോഴ്സുകൾ ആരംഭിക്കാനും സാധിക്കണം. വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻെറ നില ഇന്ന് വളരെ പരിതാപകരമാണ്. അത് മാററിത്തീർക്കാൻ പരിശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷന് പ്രശ്നങ്ങളുണ്ട്. പക്ഷേ ഈ പറയുന്ന പ്രശ്നങ്ങളിൽ പലതും ഗവൺമെൻറ് ശ്രദ്ധിച്ചിട്ടുള്ളതാണ്, പരിഹാരമുണ്ടാക്കിയിട്ടുള്ളതാണ്. ഇവർക്കൊക്കെ തൊഴിൽ പരിശീലനത്തിനുവേണ്ടി അപ്രൻറീസ് ആക്ടിൻെറ പരിധിയിൽ മിക്കവാറും ട്രേഡിനെ പെടുത്തിയിട്ടുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ചോദ്യത്തിന് മറുപടിയായി വിശദമായി പറഞ്ഞു. മിക്കവാറും ട്രേഡുകൾക്ക് പി. എസ്. സി. യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. ബാക്കി ട്രേഡുകൾക്ക് അംഗീകാരം കിട്ടാൻ വേണ്ടിയുള്ള നടപടിയെടുക്കുകയാണ്. ഓരോ സ്കൂളിൻേറയും കാര്യം പ്രത്യേകമായി പരിശോധിച്ച് ലബോറട്ടറി സൗകര്യങ്ങളും എക്യുപ്മെൻറ്സിൻെറ ഇല്ലായ്മയും എല്ലാം തന്നെ പരിഹരിച്ചുകൊണ്ടിരിക്കുന്നുണ്ട്. മണിക്കൂർ അടിസ്ഥാനത്തിൽ ശമ്പളം കൊടുക്കുന്ന ആളുകൾക്ക് ആയിരം രൂപ കൺസോളിഡേറഡ് സാലറിയായി വച്ചിട്ടുണ്ട്. നോൺ വൊക്കേഷണൽ വിഷയങ്ങൾക്കുള്ള ആളുകൾക്കാണ് സ്കെയിൽ ബാധകമാക്കാത്തത്. അത് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവർക്ക് കൂടുതൽ ജോലി അവസരങ്ങളുണ്ടാക്കുന്നതിനുവേണ്ടി വിവിധ യൂണിവേഴ്സിററികളിൽ ഇവർക്ക് ഉയർന്ന പഠനത്തിനുവേണ്ടിയുള്ള അംഗീകാരം കൊടുത്തിട്ടുണ്ട്. ഈ വിധത്തിൽ പ്രശ്നം വളരെ ഗൗരവമായിട്ടെടുക്കുന്നുണ്ട്. ബാക്കിയുള്ള പോരായ്മകൾ പരിഹരിക്കാൻ ഗവൺമെൻറ് മുൻകൈ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (27) നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, മലയാള ലിപികൾ ക്രമനുസരിച്ച് പഠിപ്പിച്ചുകിട്ടുന്ന തുച്ഛമായ തുക കൊണ്ട് ഉപജീവനമാർഗ്ഗം കഴിയുന്ന മാതൃഭാഷാസ്നേഹികളായ നിലത്തെഴുത്ത് ആശാൻമാരുടെ കടുത്ത ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനാണ് ഞാനിത് അവതരിപ്പിക്കുന്നത്. 100 രൂപ ഗ്രാൻറ് നൽകാൻ ഗവൺമെൻറ് ഉത്തരവുണ്ടായെങ്കിൽപോലും പല സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാൻറ് നൽകുന്നില്ല. ബാക്കിയുള്ള സ്ഥലങ്ങളിൽ ആകട്ടെ, ഇത് 50 രൂപയും 25 രൂപയുമൊക്കെയായി ചുരുക്കിയാണ് നൽകുന്നത്. ഇതുകൊണ്ട് ജീവിക്കാൻ വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നു. അംഗൻവാടി, ബാലവാടി എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന അംഗീകാരവും വേതനവും അംഗീകൃതരായ എല്ലാ നിലത്തെഴുത്താശാൻമാർക്കും ആശാട്ടിമാർക്കും നൽകണമെന്നാണ് ഇവരുടെ സംഘടന ഉന്നയിച്ചിട്ടുള്ള ആവശ്യം, അതുപോലെതന്നെ 60 വയസ് കഴിഞ്ഞ അംഗീകൃത ആശാൻമാർക്കും പെൻഷൻ നൽകാൻ പദ്ധതിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, നിലത്തെഴുത്താശാൻമാരുടെ പ്രശ്നം ദയ അർഹിക്കുന്ന ഒരു കാര്യമാണ്. അവർക്ക് നൂറ് രൂപ ഗ്രാൻറ് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. അതല്ലാതെ ഈ വിഭാഗത്തിന് ഒരുമിച്ച് പെൻഷൻ നൽകുവാൻ ബുദ്ധിമുട്ടുണ്ട്. ഗ്രാൻറ് നൽകിയിട്ടുണ്ട് എന്ന കാര്യം അറിയിക്കുകയാണ്.

## (28) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ ലെക്ചറർമാർക്ക് സ്കെയിൽ നിശ്ചയിക്കുന്നതിനും മററ് ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള നടപടി

പ്രൊഫസർ മീനാക്ഷി തമ്പാൻ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്ന നോൺ വൊക്കേഷണൽ ലക്ചറർമാരുടെ പ്രശ്നമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇവരെ രണ്ട് വിഭാഗമായി തിരിച്ചിരിക്കുകയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ തൊഴിലധിഷ്ഠിത വിഷയം പഠിപ്പിക്കുന്നവരെന്നും നോൺ വൊക്കേഷണൽ ലക്ചറർമാരെന്നും രണ്ടായി തിരിച്ചിരിക്കുന്നു. വൊക്കേഷണൽ ലക്ചറർമാർക്ക് ജൂനിയർ ലക്ചറേഴ്സിൻെറ സ്കെയിൽ ലഭിക്കുമ്പോൾ നോൺ വൊക്കേഷണൽ ലക്ചറർമാർക്ക് 1000 രൂപയാണ് ലഭിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ തൊഴിലധിഷ്ഠിത വിഷയങ്ങളാണെങ്കിലും വൊക്കേഷണൽ ലക്ചറർമാരുടെ യോഗ്യത ഡിഗ്രിയോ ഡിപ്ലോമയോ ആകാം, എന്നാൽ നോൺ വൊക്കേഷണൽ ലക്ചറർമാരുടെ കുറഞ്ഞ യോഗ്യത ബിരുദാനന്തര ബിരുദമാണ്. നോൺ വൊക്കേഷണൽ ലക്ചറർമാർക്ക് പഠിപ്പിക്കുവാനുള്ള മണിക്കൂറുകൾ കുറവാണെന്നുള്ളതുകൊണ്ട് അതിനുവേണ്ട വേതനം ലഭിക്കുന്നില്ല, സ്കെയിലും നിശ്ചയിച്ചിട്ടില്ല. ഇത് ഗവൺമെൻറ് തന്നെ പരിഹരിക്കേണ്ട പ്രശ്നമാണ്. അതോടൊപ്പം അവർക്ക് മെറേറണിററി ബെനിഫിററ് അടക്കമുള്ള മററ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഈ പ്രശ്നങ്ങളെല്ലാം ഗൗരവമായി

LIBRARY ARCHIVES Kerala Legislative Assembly

യെടുത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ അദ്ധ്യാപകർക്ക് സ്കെയിൽ നിശ്ചയിക്കണമെന്നും മററ് ആനുകൂല്യങ്ങൾ നൽകണമെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇ. പി. ജയരാജന്റെ ചോദ്യത്തിനുള്ള മറുപടിയിൽതന്നെ ഞാൻ ഇത് പറഞ്ഞിട്ടുള്ളതാണ്. നോൺ വൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് സ്കെയിൽ അനുസരിച്ചല്ല; അവർക്കിപ്പോൾ സ്കെയിൽ ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വൊക്കേഷണലിനേ സ്കെയിലുള്ളൂ. നോൺ വൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്ന ആളുകളുടെ വർക്ക്ലോഡ് കണക്കിലെടുത്ത് അവർക്ക് എങ്ങനെ സ്കെയിൽ തീരുമാനിക്കാൻ കഴിയുമെന്നുള്ളത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. കഴിയുന്നതും വേഗം തീരുമാനം ഉണ്ടാകുന്നതാണ്.

## (29) സ്കൂൾ ശുചീകരണ-പാചക ജീവനക്കാർക്ക് കൂലി വർദ്ധന

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, കേരളത്തിലെ പതിനൂറ്റായിരത്തിൽ പരം വരുന്ന സ്കൂൾ ശുചീകരണ—പാചക ജീവനക്കാരുടെ വേതന നിരക്കിന്റെ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇന്ത്യയിലെ ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രാഥമിക വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും അതുപോലെ കേരളത്തിലെ ദരിദ്ര വിദ്യാർത്ഥികളുടെ പഠനം, ഹാജർ നിലവാരം മുതലായവ മെച്ചപ്പെടുത്താനും വേണ്ടിയാണ് സ്കൂൾ ഉച്ചക്കഞ്ഞി പദ്ധതി ആരംഭിച്ചത്. എന്നാൽ ഈ പദ്ധതി സംസ്ഥാനത്തെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു പദ്ധതിയായി മാറിയിരിക്കുകയാണ്. പക്ഷേ വളരെ തുച്ഛമായ വരുമാനം മാത്രമേ ഇന്ന് ഇവർക്ക് ലഭിക്കുന്നുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം ചെറിയ മാററം വരുത്തിയിട്ടുണ്ട് എന്നതിൽ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ ഇന്നത്തെ വിലക്കയററത്തിന്റെ സാഹചര്യത്തിൽ ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ വരുമാനംകൊണ്ട് അവർക്ക് ജീവിക്കുവാൻ കഴിയുന്നില്ല, അവർക്ക് ഒരു കാര്യത്തിനും തികയുന്നില്ല. അതുകൊണ്ട് വരുമാനം വർദ്ധിപ്പിച്ചു കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, പാചക തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെന്റിന് നേരിട്ട് ഇടപെടാൻ കഴിയുകയില്ല. കാരണം, കണ്ടിജൻറ് ചാർജിൽനിന്നാണ് പാചക തൊഴിലാളികൾക്കുള്ള പൈസ കൊടുക്കുന്നത്. അത് അഞ്ച് പൈസ എന്നത് പത്ത് പൈസയായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അങ്ങനെ ഒരു കാര്യം ചെയ്തിട്ടുണ്ട്. ഇനി പരിശോധിക്കുന്ന കാര്യം ഈ ഘട്ടത്തിൽ പറയാൻ പററില്ല. അതിനുള്ള സാങ്കേതിക വശങ്ങൾ പരിശോധിച്ചതിനു ശേഷം എന്തു ചെയ്യാൻ സാധിക്കുമെന്നു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

## (30) പാലക്കാട് നൂർണി എച്ച്. എസ്. അടച്ചുപൂട്ടൽ

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, പാലക്കാട് പട്ടണമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന നൂർണി ഹിന്ദു ഹൈസ്കൂൾ സർക്കാർ അടിയന്തിരമായി ഏറ്റെടുക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. 1904-ൽ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ഭരണ സമിതിയാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. 1943-ൽ 18 സെന്റ് സ്ഥലം ദേവസ്വത്തിൽനിന്നും വാങ്ങിയാണ് ഈ സ്കൂൾ ആരംഭിച്ചത്. 1951-ൽ മദ്രാസ് മൂന്ന് ഏക്കർ 19 സെന്റ് സ്ഥലം ഈ സ്കൂളിന് നൽകുകയുണ്ടായി. അതിനുശേഷം രക്ഷാകർതൃസമിതി മുൻകൈയെടുത്ത് അതിനാവശ്യമായ മുഴുവൻ ഫർണീച്ചറും സംഘടിപ്പിച്ചു. ആ സ്കൂൾ നടത്തുന്നത് ഇപ്പോഴും ഭരണ സമിതിയാണ്. എന്നാൽ ദീർഘകാലമായതുകൊണ്ട് മാനേജ്മെന്റ് ആ സ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചതിന്റെ ഫലമായി 1985-ൽ സ്കൂൾ പൂട്ടുന്നതിന് നോട്ടീസ് നൽകി. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എ. ഇ. ഒ. യും ഡി. ഇ. ഒ. യും അന്വേഷണത്തിനു പോയി. ആ സ്കൂളിലെ സ്ഥലം ഞങ്ങൾക്കു വിട്ടുകിട്ടുമെങ്കിൽ ഞങ്ങൾ തുടർന്ന് നടത്താമെന്നാണ് ഭരണ സമിതി ഡി. ഇ. ഒ. യ്ക്ക് നൽകിയ നിർദ്ദേശം. അതിനെത്തുടർന്ന് ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം അഞ്ച് കൊല്ലക്കാലം ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. ഏറ്റെടുത്തത് 1987-ലാണ്, 1992-ൽ അതിന്റെ കാലാവധി കഴിഞ്ഞു. അതിനെത്തുടർന്ന് മാനേജ്മെന്റ് വീണ്ടും കോടതിയിൽ പോയി. ഈ സ്കൂളിന്റെ സ്ഥലം ഞങ്ങൾക്ക് വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടു. ആദ്യം മാനേജുമെന്റിന് അനുകൂലമായി ഉത്തരവുണ്ടായി. സുപ്രീം കോടതിയിൽ നിന്നും ഇപ്പോൾ രക്ഷാകർതൃസമിതിയുടെ അഭിപ്രായത്തിനനുസരിച്ച് തീരുമാനം ആയിട്ടുണ്ട്. ഇപ്പോൾ ഒരു സെന്റിന് 5 ലക്ഷം രൂപവരെ വിലയുണ്ട്. ഗവൺമെന്റിന്റെ മൂന്നര ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തി സ്വന്തമാക്കുന്നത് 15 കോടിയോളം രൂപ തട്ടുന്നതിനു വേണ്ടിയാണ്. പട്ടണമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന നൂർണി ഹിന്ദു ഹൈസ്കൂൾ നിറുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഗവൺമെന്റ് അടിയന്തിരമായി ഇടപെടുകയും ഗവൺമെന്റ് സ്ഥലമായതുകൊണ്ട് സ്കൂൾ ഏറ്റെടുക്കുകയും അത് നടത്തുകയും ചെയ്യണമെന്ന ആവശ്യം ഞാൻ ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുന്നു. ഇവിടെ ശ്രീ. ശിവദാസമേനോൻ ഉന്നയിച്ച വി. വി. പി. ഹൈസ്കൂളും ഇതേപോലെ ഇത്ര ഭീഷണി നേരിടുകയാണ്. പാലക്കാട് പട്ടണമദ്ധ്യത്തിലുള്ള ഈ രണ്ട് സ്കൂളുകളുടെയും പ്രശ്നം ഒന്നിച്ച് മന്ത്രി വന്ന് ചർച്ച ചെയ്ത് ഒരു തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഈ പ്രശ്നം കേസിന്റെ വളരെയധികം നൂലാമാലകളുള്ളതാണ്. ഇത് ഒരിക്കലും പൂട്ടാൻ സമ്മതിക്കരുതെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഞങ്ങൾ അതിനെപ്പറ്റി ആലോചിച്ചു. ഈ കാര്യത്തിലുള്ളത് നിയമത്തിന്റെ പ്രശ്നമാണ്. നൂർണി സ്കൂൾ ഗവൺമെന്റിന് ഏറ്റെടുക്കാൻ പറ്റുമോയെന്നുള്ളതിനെക്കുറിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഞാൻ നേരിട്ട് വന്ന് പാലക്കാട്ടെ ജനപ്രതിനിധികളുടെയും മുനിസിപ്പാലിറ്റിയുടെ ബന്ധപ്പെട്ട ആളുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി നിയമത്തിനുപുറത്ത് വല്ല കോംപ്രമൈസും സ്വീകരിക്കാൻ പറ്റുമോയെന്നുള്ളത് ആലോചിക്കാം.

## (31) റബ്ബറിന്റെ ബഞ്ചുമാർക്ക് വിലയുടെ അപര്യാപ്തതമൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നം

ശ്രീ. ജോയി എബ്രഹാം: സർ, കേരളത്തിലെ റബ്ബർ കൃഷിക്കാരെ ദോഷകരമായി ബാധിക്കുന്ന ഒരു തീരുമാനം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടുത്ത നാളിൽ ഉണ്ടായി. 12 രൂപയെങ്കിലും ന്യായ വില പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് വെറും 145 പൈസയുടെ നക്കാപിച്ചയാണ് കേരളത്തിലെ ഏഴു ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാർക്ക് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ യാതൊരു ന്യായീകരണവുമില്ല. ഈ ഒരു തീരുമാനം റബ്ബർ കൃഷിക്കാരെ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല. കൃഷിക്കാർ ഉപയോഗിക്കുന്ന വളം മുതലുള്ള മുഴുവൻ സാധനങ്ങൾക്കും തീപിടിച്ച വിലയാണ്. ഉൽപ്പാദന ചെലവിലുണ്ടായ വർദ്ധനവ് പരിഗണിക്കാതെ 1991-ലെ ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ 1994-ൽ റബ്ബറിന്റെ വില പുതുക്കി നിശ്ചയിച്ചുവെന്ന് പറയുന്നത് വളരെ അപഹാസ്യമാണ്. വടക്കേ ഇന്ത്യയിൽ കരിമ്പിനാണെങ്കിലും, ഗോതമ്പിനാണെങ്കിലും ഓരോ സീസണിലും വില പുതുക്കി നിശ്ചയിക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ റബ്ബർ കൃഷിക്കാർ ഒരു വർഷം മുഴുവൻ നടന്ന് സമരങ്ങൾ ചെയ്ത് മുറവിളി കൂട്ടിയാൽ പോലും 145 പൈസയുടെ വർദ്ധനവാണ് കിട്ടുന്നതെന്നുള്ളത് വളരെ കഷ്ടമാണ്. കേന്ദ്രഗവൺമെന്റിന്റെ ഈ തീരുമാനം തെററാണ്, റബ്ബർ കൃഷിക്കാരോടുള്ള അനീതിയാണ്. ഈ അനീതി അവസാനിപ്പിക്കുന്നതിനും റബ്ബറിന്റെ വില പുതുക്കി നിശ്ചയിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ സ്വാധീനം ചെലുത്തണം.

ശ്രീ. പി. ടി. തോമസ്: സർ, റബ്ബറിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ബഞ്ച് മാർക്ക് വില കേരളത്തിലെ ഏഴുലക്ഷത്തോളംവരുന്ന കൃഷിക്കാരുടെ കൃഷിച്ചെലവും ജീവിതച്ചെലവുമായി പൊരുത്തപ്പെടുന്നതല്ല. ഒന്നുരണ്ടു വർഷത്തിനിടയിൽ കൂട്ടുവളത്തിന് 102 രൂപ ഉണ്ടായിരുന്നത് 152 രൂപയായും ഫാക്ടംഫോസിന് 133 രൂപ ഉണ്ടായിരുന്നത് 327 രൂപയായും പൊട്ടാഷിന് 57 രൂപ ഉണ്ടായിരുന്നത് 240 രൂപയായും വർദ്ധിപ്പിച്ചു. അരി, ഗോതമ്പ്, പഞ്ചസാര ഇവയുടെ വില യഥാക്രമം രണ്ടു രൂപ 58 പൈസ കണ്ട് വർദ്ധിച്ചു. അതുകൊണ്ട് കർഷകന് ന്യായമായ വില ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, 1993 ജനുവരി മാസത്തിലാണ് റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിച്ചത്. വീണ്ടും ഇത് പുതുക്കുമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൃഷിച്ചെലവിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് തറവില നിശ്ചയിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇതിൽ ഇടപെട്ടുകൊണ്ട് പറയുകയുണ്ടായി. അതനുസരിച്ചാണ് ഇപ്പോൾ വില പുതുക്കി നിശ്ചയിച്ചുവന്നിരിക്കുന്നത്. ഇത് അപര്യാപ്തമാണെന്നാണ് ഇപ്പോൾ പരാതി ഉണ്ടായിരിക്കുന്നത്. അത് ശരിയാണ്. മാർക്കററ് വില തറവിലയെക്കാൾ കൂടുതലാണ് ഇന്നുള്ളത്. അതുകൊണ്ട് ഈ കാര്യം അടിയന്തിരമായി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(32) തൃശ്ശൂർ കോൾനിലങ്ങളിലെ കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷിക്കാർ ഇന്ന് വലിയ പ്രയാസങ്ങളെ നേരിടുകയാണ്. 1994 നെൽകൃഷി വർഷമാണെന്ന് നമ്മുടെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സഭയ്ക്കകത്ത് പ്രഖ്യാപിക്കാറുണ്ടെങ്കിലും സഭയ്ക്കു പുറത്ത് നെൽകൃഷിക്കാരെ സഹായിക്കുന്ന ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ലെന്ന കാര്യം ഞാൻ അറിയിക്കട്ടെ. അദ്ദേഹത്തിന് നെൽപാടമുണ്ട്. അതു നികത്തി പറമ്പാക്കാം. വീടു വയ്ക്കാം. എന്നാൽ തൃശ്ശൂർ കോൾനിലങ്ങളിലെ കൃഷിയിടം നികത്താൻ കഴിയുകയില്ല. ഒന്നുകിൽ അവിടെ കൃഷിയിറക്കാം അല്ലെങ്കിൽ തരിശ്ശിടാം. ഈ രണ്ടിൽ ഒന്നേ സ്വീകരിക്കാൻ കഴിയൂ. അവിടുത്തെ സ്ഥിതി അങ്ങനെയാണ്. അവിടുത്തെ കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി, നാല് പൂവിന്റെ പമ്പിംഗ് സബ്സിഡി 87 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. അതു കൊടുത്തുവെന്ന് മന്ത്രി പറയുന്നു. കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. എനിക്കും അതു കിട്ടേണ്ടതാണ്. ഞാൻ അതിലെ ഒരു പാവപ്പെട്ട കൃഷിക്കാരനാണ്. പമ്പിംഗ് സബ്സിഡി കിട്ടിയിട്ടില്ല. അതുപോലെതന്നെ വളത്തിന്റെ സബ്സിഡി. നാല് പൂവിലായി മൂന്നു കോടി രൂപ കൊടുക്കണം. നാലു കോടി ഈ രണ്ട് ഇനങ്ങളിലായി തൃശ്ശൂർ കോൾനിലങ്ങളിലെ കൃഷിക്കാർക്കു കിട്ടണം. അതു കിട്ടുന്നില്ല. അതുപോലെതന്നെ അവരുടെ നെല്ല് ഇടിക്കാനുള്ള സംവിധാനമില്ല. ആയിരക്കണക്കിന് നെൽപ്പാടങ്ങൾ തരിശായിക്കിടക്കുകയാണ്. അതുകൊണ്ട് നെൽകൃഷിക്കാരെ സഹായിക്കാൻ നെല്ലിടിക്കാനുള്ള സംവിധാനം, നെൽകൃഷിക്കാർക്ക് കൊടുക്കേണ്ട പമ്പിംഗ് സബ്സിഡി, വളം സബ്സിഡി ഇതെല്ലാം അടിയന്തിരമായി നൽകണം. ഇത് അനുവദിച്ചുവെന്നു പറഞ്ഞുകൂടാ. ട്രഷറി നിരോധനമുണ്ട്. ആ നിരോധനം ഇതിന് ബാധകമാക്കാതിരിക്കണം. നിങ്ങൾ പൈസ കൊടുത്താൽ അത് കൃഷിക്കാർക്ക് കിട്ടണം. ഇതിനുള്ള അടിയന്തിര നടപടി മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, സബ്സിഡി ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ 1991-92-ൽ 30 ലക്ഷം രൂപയും, 1992-93-ൽ 28 ലക്ഷം രൂപയും നൽകി. ഇതു കോൾനിലങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക മുൻപുണ്ടായിരുന്ന അരിയേഴ്സിൽ വകവച്ചതിനാൽ വീണ്ടും കുടിശ്ശികയുണ്ടായി. അതാണ് സംഭവിച്ചത്. കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ട്. അത് ഉടനെതന്നെ കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

## V. മേശപ്പുറത്തു വച്ച കടലാസുകൾ

വിദ്യുച്ഛക്തിയും മറ്റും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1993 നവംബർ 12-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 164/93/ ടി. ഡി. (എസ്. ആർ. ഒ. നമ്പർ 1950/93) എന്ന കടലാസ് ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ): സർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 1990-91-ലെ വാർഷിക

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടും അത് മേശപ്പുറത്തു വയ്ക്കുവാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## VI. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

പറമ്പിക്കുളം, മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകളിൽ അന്തർലീനമായിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പറമ്പിക്കുളം, മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകളിൽ അന്തർലീനമായിരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1994 മാർച്ച് 3-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്ജ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞാൻ ഇതിനെ ഒബ്ജക്ട് ചെയ്യുന്നു. വാസ്തവത്തിൽ ഈ സഭയോടുള്ള അനാദരവ് ഇത്ര പ്രകടമായി ശ്രീ. ടി. എം. ജേക്കബിനെ പോലെയുള്ള ഒരു മന്ത്രി ചെയ്യുമെന്ന് പ്രതീക്ഷിച്ചില്ല. കാരണം അദ്ദേഹം ഈ സഭയുടെ നിയമ ചട്ടങ്ങളൊക്കെ പാലിക്കാൻ ശ്രദ്ധിക്കാറുണ്ട്. ഈ സഭ ഈ കമ്മിററിക്ക് എന്നുവരെയാണ് പ്രവർത്തിക്കാൻ അനുവാദം തന്നിരുന്നത്? ഞാൻ മനസ്സിലാക്കുന്നത് ആ സമയം എന്നേ കഴിഞ്ഞുപോയിരുന്നാണ്. എന്നാൽ ഈ സഭ കൂടിക്കൊണ്ടിരിക്കുകയുമായിരുന്നു, ഈ ദിവസങ്ങളിൽ ചില മാസങ്ങളായിട്ട് വേണമായിരുന്നുവെങ്കിൽ മന്ത്രിക്ക് ഇവിടെ ഇത്തരം ഒരു മോഷൻ മൂവു ചെയ്ത് സമയം എക്സ്റ്റൻറ് ചെയ്തു പോകാമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ ഇന്ന് വന്ന് പറയുന്നത് റിട്രോസ്പെക്ടീവ് ഇഫെക്ടിൽ ഈ കമ്മിററി നടത്തിയ നിയമവിരുദ്ധമായ പ്രവർത്തനത്തിന് ഈ സഭ അംഗീകാരം നൽകണമെന്നാണ്. ഇതിനേക്കാൾ വലിയ ഒരു അനാദരവ് കാണിക്കാനുണ്ടോ? വാസ്തവത്തിൽ ഇതു ഈ സഭയുടെ അവകാശ ലംഘനമല്ലേ? അതുകൊണ്ട് എനിക്ക് അങ്ങയോട്, ചെയറിനോട് അഭ്യർത്ഥിക്കാനുള്ളത് ഇത്തരം കാര്യങ്ങൾ ചെയർ ശ്രദ്ധിച്ചുവെങ്കിൽ മാത്രമേ ഈ സഭയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടൂ. അങ്ങനെ കാഷ്വലായിട്ട് പ്രമേയം പാസാക്കിക്കൊണ്ടുപോകാൻ അനുവദിക്കരുത്. അങ്ങനെ വരുന്ന എക്സിക്യൂട്ടിവിനെ, മിനിസ്റ്ററേഴ്സിനെ, അങ്ങ് റെപ്രിമാൻഡ് ചെയ്യണം, pull-up ചെയ്യണം. അങ്ങനെയാണെങ്കിൽ പിന്നെ അവർ വരുകയില്ല. അതുകൊണ്ട് ഈ ഒബ്ജക്ഷൻ ഞാൻ ഉന്നയിക്കുകയാണ്. അതിന് മന്ത്രി എന്തു മറുപടി പറയും, അങ്ങ് എന്തു ചെയ്യും, എന്നുള്ളത് താൽപ്പര്യപൂർവം കാണാൻ ഞാൻ കാത്തിരിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഈ കമ്മിററി പഠനം നടത്തിയതും ഇപ്പോൾ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തയ്യാറാക്കിയിരിക്കുന്നതും. ഇതിന്റെ നിയമവശങ്ങൾ പറയുന്നതിന് മുൻപ് രണ്ടു മൂന്ന് സെൻറൻസ് മാത്രമേ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ഉദ്ദേശിക്കുന്നുള്ളു. ഇതു സംബന്ധിച്ച് നിയമസഭയിൽ ചർച്ച വന്നത് 1993 മാർച്ച് മാസം 31-ാം തീയതിയാണ്. റൂൾ 130 അനുസരിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടിയാണ് പ്രമേയം ഇവിടെ അവതരിപ്പിച്ചത്. നമ്മുടെ നിയമസഭാ ചട്ടങ്ങളിലെ റൂൾ 272 അനുസരിച്ച് ഇതു കമ്മിററിക്കു വിടാനുള്ള തീരുമാനം അന്ന് എടുക്കുകയും കമ്മിററിക്ക് പോകുകയും ചെയ്തു. ആ കമ്മിററിയുടെ രൂപീകരണം സംബന്ധിച്ചുള്ള സ്പീക്കറുടെ ഉത്തരവ് 1993 മേയ് മാസം 25-ാം തീയതിയാണ് വന്നത്. അതിനു ശേഷം പല യോഗങ്ങൾ നടത്തി, ഞങ്ങൾ ഈ പ്രദേശങ്ങൾ മുഴുവൻ വിസിററ് ചെയ്ത്, വളരെ ഭംഗിയായി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സി. കെ. ചന്ദ്രപ്പൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് നമ്മുടെ നിയമ സഭാ ചട്ടങ്ങളിലെ റൂൾ 230 (1) ൽ സെലക്ട് കമ്മിററി റിപ്പോർട്ടുകൾ വയ്ക്കുന്നതിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇവിടെ മുൻകാലങ്ങളിൽ നമ്മുടെ സഭയിലുണ്ടായിരുന്ന ഒരു കീഴ്‌വഴക്കം എന്നു പറയുന്നത് സെലക്ട് കമ്മിററിക്ക് അയച്ചതിനു ശേഷം ഓരോ മൂന്നു മാസം കഴിയുമ്പോഴും വരാനുള്ള സമ്മേളനത്തിൽ, സമ്മേളനം അവസാനിക്കുന്നതുവരെ സമയം ദീർഘിപ്പിക്കുന്ന ഒരു നടപടിക്രമമാണ്, അങ്ങനെ മോഷൻ അവതരിപ്പിക്കുകയും അതു പാസ്സാക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനുശേഷം നമ്മുടെ സഭതന്നെ ഇങ്ങനെ ഓരോ കമ്മിററിയും എല്ലാ സമ്മേളനങ്ങളിലും കാലാവധി ദീർഘിപ്പിക്കുന്ന പ്രമേയം കൊണ്ടുവന്നു പാസാക്കുന്ന സ്ഥിതിവിശേഷം മോശമാണ് എന്ന ഒരു തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, ആ ന്യൂനത പരിഹരിക്കുന്നതിന് വേണ്ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനു തൊട്ടുമുൻപ്, അതുവരെ സമയം ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്ന കീഴ്‌വഴക്കം ഇവിടെ നിലവിൽ വരികയും ചെയ്തു. ആ കീഴ്‌വഴക്കം ഞങ്ങളായിട്ട് ഉണ്ടാക്കിയതല്ല. അത് ഇതിനു മുൻപുണ്ടായിരുന്ന ഗവൺമെൻറിന്റെ കാലത്തും ഇതേ കീഴ്‌വഴക്കം തന്നെയാണ് നമ്മുടെ നിയമസഭയിലും ഉണ്ടായിട്ടുള്ളത്. ആ ഒരു നടപടിക്രമം ഇവിടെ ഫോളോ ചെയ്തു എന്നു മാത്രമേയുള്ളു. ഈ സമ്മേളനത്തിൽ തന്നെ ഈ റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുമെന്ന് എനിക്കും കമ്മിററി അംഗങ്ങൾക്കും ബോദ്ധ്യമുണ്ടായിരുന്നു. ഈ സഭയിൽ നിലനിൽക്കുന്ന ഒരു കീഴ്‌വഴക്കം ലംഘിച്ചുകൊണ്ട് ഒരു പ്രമേയം അവതരിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതു ശരിയല്ല എന്നു കരുതിയതുകൊണ്ടാണ് ഈ പ്രമേയം കൊണ്ടുവന്നത്. നമ്മുടെ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു കീഴ്‌വഴക്കത്തിന് വിധേയമായി മാത്രമാണ്, ചട്ടപ്രകാരം മാത്രമാണ് ഇപ്പോൾ ഇങ്ങനെ ഒരു പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഇങ്ങനെ ഒരു മോഷൻ കൊണ്ടുവന്നിട്ട് ടൈം എക്സ്റെൻറ് ചെയ്യാമെന്നുള്ളത് ഒരു നോർമൽ ഡീസൻറ് പ്രൊസീഡ്യുവറാണ്. പാർലമെൻറിലെ ജെ. പി. സി. അതിന് ഒരു ഉദാഹരണമാണ്. അത് ഒരു വലിയ കമ്മിററിയായിരുന്നല്ലോ. എത്ര പ്രാവശ്യം അവർ സഭയിൽ മോഷൻ കൊണ്ടുവന്ന് ഇതിന്റെ ടൈം എക്സ്റെൻറ് ചെയ്തു. നമ്മൾ അതിനെ എന്തിനാണ് മോശമായിട്ട് കണക്കാക്കുന്നത്. വാസ്തവത്തിൽ അതു ഈ സഭ അറിയേണ്ടേ? ഈ സഭ ആ കമ്മിററിയുടെ പ്രവർത്തനത്തെപ്പററി അറിയണം. നല്ല ഒരു പ്രവർത്തനം ചെയ്തു. അതിന് ഞങ്ങൾ അഭിനന്ദനങ്ങൾ തരാം. പക്ഷെ ഈ സഭയോട്, ആദരവ് കാണിച്ച് അത് ചെയ്യണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഇപ്പോൾ നമ്മുടെ സഭയിൽ അംഗീകരിച്ച ഒരു കീഴ്‌വഴക്കമാണ് ഞാൻ പറഞ്ഞത്. അങ്ങോ ഈ സഭയോ മൂന്നു മാസം കൂടുമ്പോൾ ഇതു ദീർഘിപ്പിക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ റൂൾ 230-ൽ പറയുന്നതുപോലെ നമുക്ക് ചെയ്യാം. അതിന് ഒരു ബുദ്ധിമുട്ടുമില്ല, തടസ്സവുമില്ല. അതൊരു കുറവായി ഗവൺമെന്റ് കാണുന്നുമില്ല. സഭ എന്തു തീരുമാനിക്കുന്നുവോ അങ്ങനെ ഭാവിയിൽ ചെയ്യാം.

## റൂളിംഗ്

### റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ, ഓർഡർ........സെലക്ട് കമ്മിററികളുടെ റിപ്പോർട്ട് മൂന്നുമാസത്തിനകം സമർപ്പിക്കണമെന്നും അതിന് സാധിക്കാത്ത പക്ഷം എപ്പോൾ വേണമെങ്കിലും ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കാമെന്നും 230-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ ബിൽ കമ്മിററിക്ക് അയച്ച ശേഷം ഓരോ മൂന്നു മാസം കഴിയുമ്പോഴും വരാറുള്ള സമ്മേളനത്തിൽ സമ്മേളനാവസാനംവരെ സമയം ദീർഘിപ്പിക്കുകയായിരുന്നു പതിവ്. ഇതുമൂലം ഒരു കമ്മിററിയുടെ തന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി പല പ്രാവശ്യവും നീട്ടിവയ്ക്കേണ്ട സാഹചര്യം സംജാതമായി. അതൊരു ന്യൂനതയാണെന്ന് സഭയിൽ പലപ്പോഴും ആക്ഷേപം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൊട്ടുമുൻപ് അതുവരെ സമയം ദീർഘിപ്പിക്കണമെന്നതിന് ഒരു പ്രമേയം അവതരിപ്പിക്കുന്ന ഒരു കീഴ്‌വഴക്കം നിലവിൽ വന്നു. ഇക്കാര്യത്തിലും അത് തുടരുകയായിരുന്നു. ഇതിൽ എന്തെങ്കിലും മാററം ആവശ്യമുണ്ടോ എന്ന് ചെയർ പരിശോധിക്കുന്നതാണ്.

പ്രമേയം സഭ അംഗീകരിച്ചു.

## VII. റിപ്പോർട്ടു സമർപ്പണം

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പറമ്പിക്കുളം മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകൾ സംബന്ധിച്ച 'അഡ്ഹോക്ക്' കമ്മിററിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, പരിസ്ഥിതി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII. കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നതിലുള്ള കാലതാമസം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ വയ്ക്കുന്നതിന് കാലതാമസമുണ്ടായാൽ മതിയായ കാരണങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിന് സ്റേറററുമെന്റ് ഉണ്ടാക്കുമെന്ന് അങ്ങ് റൂളിംഗ് നൽകിയിരുന്നതാണ്. പാർലമെന്റിലാണെങ്കിൽ ഇത് പരിശോധിക്കുന്നതിന് വേണ്ടി ഒരു കമ്മിററി തന്നെ നിലവിലുണ്ട്. 'കമ്മിററി ഫോർ പേപ്പേഴ്സ് ലെയ്ഡ് ഓൺ ദി ടേബിൾ'. ഇവിടെ

പല ഘട്ടങ്ങളിൽ ഇതുപോലെയുള്ള റൂളിംഗ് ഉണ്ടായിട്ടുണ്ട്. ഈ സമ്മേളനകാലത്ത് സഭയുടെ മേശപ്പുറത്ത് വച്ച പല റിപ്പോർട്ടുകളും പരിശോധിച്ചാൽ സ്റ്റേറ്റുമെന്റുകൾ പേരിനുവേണ്ടി വച്ചിരിക്കുന്നതായി കാണാം. പക്ഷെ യഥാർത്ഥത്തിലുള്ള സ്റ്റേറ്റുമെന്റുകൾ എന്താണ്? യഥാർത്ഥ കാരണമെന്താണ് എന്ന് ഏതെങ്കിലും രീതിയിൽ പറയാൻ സാധിച്ചിട്ടില്ല. ഇത് നിയമസഭയോടുള്ള അവഹേളനമാണ്. മാത്രമല്ല, സ്റ്റേറ്റുമെന്റിന്റെ അനക്സ്ചറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിടുകയോ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് ധാരാളം ലിസ്റ്റുകൾ എന്റെ കൈവശമുണ്ട്. നാളികേരവികസന കോർപ്പറേഷന്റെ 1985-86-ലെ വാർഷിക റിപ്പോർട്ട് പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞത് ഒരു ബോർഡ് കൂടുക, ആ ബോർഡ് അംഗീകരിക്കേണ്ട കാര്യം പല ബോർഡുകൾക്കായി മാറ്റിവയ്ക്കുക, അവസാനം ആ ബോർഡ് അംഗീകരിക്കേണ്ട തീയതിയെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു തീരുമാനമുണ്ടാകാതിരിക്കുക ഇതൊക്കെയാണ്. കമ്പനി നിയമപ്രകാരം ഈ വക കാര്യങ്ങളിൽ കൃത്യവിലോപം കാണിച്ചാൽ അത് കൃത്യ നിർവ്വഹണത്തിനുള്ള ഒരു പോരായ്മയായി അനുശാസിക്കുന്നുണ്ട്. എന്നാൽ ഇവിടെ പലപ്പോഴും കാരണം പറയാറുള്ളത് എ. ജീസ് ഓഫീസിൽ നിന്നും വരുന്ന ഉദ്യോഗസ്ഥൻ തിരിച്ചുപോയാൽ പകരം ആരെയും കിട്ടുന്നില്ല എന്നാണ്. സർ, 1991-ൽ ഇതേ കാരണം നാളികേര ഡവലപ്മെന്റ് കോർപ്പറേഷൻ അവരുടെ. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് നിയമസഭയുടെ ഇവക കാര്യങ്ങൾ പരിശോധിക്കാനുള്ള അവകാശമാണ് നഷ്ടപ്പെടുന്നത്. ഇത് സംബന്ധിച്ച് വളരെ മുൻപ് റൂളിംഗ് നൽകിയതാണ്. റൂളിംഗ് നൽകിയിട്ടും ഇത് സംബന്ധിച്ച് പ്രത്യേകമായി ഒരു പ്രവർത്തനവും ഉദ്യോഗസ്ഥ തലത്തിലോ ബഹുമാനപ്പെട്ട മന്ത്രിയുടെ തലത്തിലോ നടക്കുന്നില്ല. ഈ നിയമസഭയുടെ അന്തസ്സും അധികാരവുമൊക്കെ പാലിക്കേണ്ട കാര്യമുണ്ട്. ബഹുമാനപ്പെട്ട അദ്ധ്യക്ഷന്റെ റൂളിംഗ് മാനിക്കപ്പെടുന്നില്ല, സ്വയം നമ്മൾ അപമാനിതരാകുന്നു. അതുകൊണ്ട് ഗുരുതരമായ ഈ കാര്യം ഇനി ആവർത്തിക്കാതിരിക്കാനുള്ള നടപടി ഉണ്ടാകണം, അങ്ങയുടെ ഭാഗത്തുനിന്ന് റൂളിംഗ് നൽകണമെന്ന് അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, കോർപ്പറേഷന്റെ കാര്യത്തെ സംബന്ധിച്ചാണെങ്കിൽ 1983-84 വരെയുള്ള റിപ്പോർട്ട് ഇവിടെ റെഗുലർ ആയിട്ട് വന്നുകൊണ്ടിരുന്നു. 1985-86, 1986-87 ഈ വർഷങ്ങളിലെ റിപ്പോർട്ട് അതിന്റെ അടുത്ത വർഷങ്ങളിൽ വരേണ്ടതായിരുന്നു. അത് സമയത്തു വരാത്തതിന്റെ കാരണങ്ങൾ അന്വേഷിച്ചപ്പോൾ ബോർഡിന്റെ പ്രവർത്തനം നിശ്ചലമായി എന്നറിഞ്ഞു. ഇപ്പോൾ എ. ജീസ്. ഓഫീസിൽ നിന്നു വന്ന ഉദ്യോഗസ്ഥരെ തിരിച്ചയച്ചു. അതിന് പകരം അവർ ആരെയും നിയമിച്ചില്ല. എന്നിട്ട് ഈ സർക്കാർ വന്നപ്പോൾ മുടങ്ങിക്കിടന്നിരുന്ന റിപ്പോർട്ട് ക്രമപ്പെടുത്തുന്നതിനു വേണ്ടി ചില സത്വര പരിശ്രമങ്ങൾ നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ രണ്ട് റിപ്പോർട്ടുകൾ വന്നു. 1985-86 ലെയും 1986-87 ലെയും റിപ്പോർട്ടുകൾ ഇപ്പോൾ വന്നു. അതാണ് മേശപ്പുറത്ത് വച്ചത്. ആ റിപ്പോർട്ടുകളും അതിലെ അനക്സ്ചറും ഒരു കവറിംഗ് ലെറ്റർ സഹിതമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിയമസഭയ്ക്ക് അയച്ചത്. ഇതിൽ ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞ ഒരു കാര്യം ശരിയാണ്. അതിലെ അനക്സ്ചർ ഒപ്പിടാൻ ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറി വിട്ടുപോയി. അതിന്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കുന്നുണ്ട്. കാലതാമസം വരുത്തരുതെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അങ്ങ് നൽകുന്ന നിർദ്ദേശങ്ങൾ വ്യക്തമായി പാലിക്കാൻ കൃഷിവകുപ്പ് തയ്യാറാണെന്നുകൂടി പ്രത്യേകിച്ച് അറിയിക്കുകയാണ്.

## റൂളിംഗ്

### (1) വാർഷിക റിപ്പോർട്ടുകൾ മേൽപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഈ കാര്യത്തിൽ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ താമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് വളരെ വേഗ് ആണ്. ഞാനും വായിച്ചുനോക്കി. അതിനകത്ത് കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. ബോദ്ധ്യപ്പെടത്തക്കവിധത്തിലുള്ള കാരണങ്ങൾ പ്രസ്തുത സ്റ്റേറ്റുമെന്റിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. ആ സ്റ്റേറ്റുമെന്റ് ആരുകൊടുത്തു എന്നുപോലും മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതൊരു നല്ല നടപടിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് മേലിൽ ഇത്തരത്തിലുള്ള സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ അതിലെ ഭാഷ ഈ കരീതി സഭയോട് തികഞ്ഞ ആദരവ് പ്രകടിപ്പിക്കത്തക്കവിധത്തിലായിരിക്കണം. അതുപോലെ തന്നെ വാർഷികറിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിന് താമസം വന്നതിന്റെ കാരണം സഭയ്ക്ക് ബോദ്ധ്യപ്പെടത്തക്കവിധം നൽകേണ്ടതുമാണ്. പാർലമെന്റിൽ ഒരു സിസ്റ്റം ഉണ്ട്. അതുംകൂടി ആലോചിക്കേണ്ട കാര്യമാണ്. പാർലമെന്റിൽ കൺസേൺഡ് മിനിസ്റ്റർ മേശപ്പുറത്തു വയ്ക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിയിൽ സൈൻ ചെയ്യും. ഇത് നമുക്ക് ഇവിടെ സ്വീകരിക്കാമോ എന്ന കാര്യം കൂടി ഇത്തരുണത്തിൽ ആലോചിക്കേണ്ടതാണ്. മറ്റൊരു നിർദ്ദേശം, അംഗങ്ങൾക്ക് നൽകേണ്ട സ്റ്റേറ്റ്മെന്റിൽ ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ആളാണ് ഒപ്പിടേണ്ടത്. പലപ്പോഴും ക്ലാർക്ക് ആണ് സ്റ്റേറ്റ്മെന്റ് ഒപ്പിട്ട് നിയമസഭയിൽ വരുന്നത്. അത് ശരിയല്ല. മിനിമം ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ആളെങ്കിലും ഒപ്പിടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അങ്ങയുടെ നിർദ്ദേശം അനുസരിച്ച് അങ്ങനെ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കാം.

### (2) വനനശീകരണം തടയാൻ നിയമഭേദഗതികൾ നിർദ്ദേശിക്കുന്നതിനുള്ള കമ്മിററി രൂപീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, കഴിഞ്ഞ ആഴ്ചയിൽ നമ്മുടെ വനം വകുപ്പുമന്ത്രി ഇവിടെ ഒരു ക്വസ്റ്റ്യന് മറുപടി പറയുമ്പോൾ, സാർവ്വത്രികമായി നടന്നുകൊണ്ടിരിക്കുന്ന വനനശീകരണത്തിന് ഇന്ന് നിയമത്തിന്റെ പഴുതുകൾ ഉപയോഗിക്കപ്പെടുന്നു എന്ന അടിസ്ഥാനത്തിൽ ആ കാര്യം പരിശോധിച്ച് ഏതൊക്കെ നിയമഭേദഗതിയാണ് വരുത്തേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിക്കാൻ ഈ സഭയുടെ ഒരു കമ്മിററിയെ നിയമിക്കാം എന്ന് ഉറപ്പു നൽകുകയുണ്ടായി. അന്ന് മറ്റൊരു ചോദ്യത്തിന് മറുപടി ആയി ആ കമ്മിററിയെ നിയമിക്കാനുള്ള നടപടികൾ എടുക്കുന്നതിന്

മന്ത്രിക്ക് സമ്മതമാണെന്നും പറഞ്ഞു. ഇന്ന് ഈ സഭ അവസാനിക്കുകയാണ്. ആ കമ്മിററി രൂപീകരണം എന്തായി? ഇനി അത് ഉണ്ടാകുമോ എന്നറിയാൻ താൽപ്പര്യമുണ്ട്.

മി. സ്പീക്കർ: വനം വകുപ്പുമന്ത്രി പുതിയ നിർദ്ദേശം വച്ചിട്ടുണ്ട്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, പുതിയതല്ല. ഞാൻ പറഞ്ഞതിങ്ങനെയാണ്, അതിന് നമ്മുടെ അസംബ്ലിയിൽ പ്രാതിനിധ്യമുളള എല്ലാ കക്ഷിനേതാക്കളുമായും എം. എൽ. എ. മാരുമായും അഡ്വക്കേററ് ജനറലുമായും ചർച്ച ചെയ്ത ശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ഒരു കമ്മിററി എന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോഠ അതനുസരിച്ച് നടപടിയും എടുത്തു. പല കക്ഷിനേതാക്കളും എനിക്ക് പേരും തന്നുകഴിഞ്ഞിരിക്കുകയാണ്. ഞാൻ ഈ അസംബ്ലിയിൽ പ്രാതിനിധ്യമുളള എല്ലാ കക്ഷികളുടേയും പ്രതിനിധികളേയും, അതോടൊപ്പംതന്നെ നിയമനിർമ്മാണരംഗത്ത് കുറേക്കൂടി പരിചയമുളള എം. എൽ. എ മാരേയും ഉഠപ്പെടുത്തി കമ്മിററി രൂപീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുളള ചർച്ച ആരംഭിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുളള ചർച്ചയുടെ ദിവസം നിശ്ചയിച്ചിട്ടുണ്ട്. എല്ലാ കക്ഷിനേതാക്കഠക്കും ഞാൻ കത്തുകൊടുത്തിട്ടുണ്ട്. ഓരോ പാർട്ടിയുടെ സെക്രട്ടറിമാർക്കും പ്രസിഡൻറിനും ഞാൻ കത്ത് അയച്ചുകൊടുത്തിരിക്കുകയാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഇത് അങ്ങ് നിയമിക്കുന്ന കമ്മിററിയാണോ, മിനിസ്ട്രി നിയോഗിക്കുന്ന കമ്മിററി ആണോ?

മി. സ്പീക്കർ: എനിക്ക് ലെജിസ്ലേററീവ് കമ്മിററിയെ അല്ലേ നിയമിക്കാൻ പററുകയുളളൂ? ഔട്ട്സൈഡേഴ്സിനെ എനിക്ക് നിയമിക്കാൻ ഒക്കുകയില്ലല്ലോ. ഔട്ട്സൈഡേഴ്സിനെക്കൂടി മിനിസ്ററർ ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: മന്ത്രിമാർ ഇത്തരം ചോദ്യങ്ങഠക്ക് മറുപടി പറയുമ്പോഠ, ഉദാഹരണമായി ഊളംപാറ ആശുപത്രിയെപ്പററിയുളള ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോഠ നിയമസഭയുടെ കമ്മിററിയെ നിയോഗിക്കാൻ സമ്മതമാണെന്ന് പറഞ്ഞു. അതിൻെറ അടിസ്ഥാനത്തിൽ അങ്ങ് ഒരു കമ്മിററിയെ നിയോഗിച്ചു. ഞാൻ അങ്ങനെ പറയുന്നത് എന്തെങ്കിലും ദോഷമുളളതുകൊണ്ടല്ല. അങ്ങ് നിയമസഭയുടെ കമ്മിററിയെ നിയോഗിക്കുകയാണെങ്കിൽ അതിന് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും ഉണ്ട്. ആ നിലയിൽ കൈകാര്യം ചെയ്താൽ നന്നായിരുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഇത് സംബന്ധിച്ച് വ്യാപകമായിട്ടുളള പരാതി വന്ന അവസരത്തിൽ തീർച്ചയായിട്ടും ഇതിന് നിയമഭേദഗതി വേണം എന്ന് ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്. അതിൻെറ അടിസ്ഥാനത്തിലാണ് ഇന്ന് കേരളത്തിൽ നിലവിലുളള പാർട്ടികളുടെ അഭിപ്രായവും സഭയിലെ അംഗങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും അഡ്വക്കേററ് ജനറലുമായും നിയമ വകുപ്പുമായും ചർച്ച നടത്തിയതിനുശേഷം കമ്മിററി വേണമെന്നു തോന്നുകയാണെങ്കിൽ രൂപീകരിക്കാമെന്നു പറഞ്ഞത്. അത് ഞാൻ പറഞ്ഞ മറുപടിയിൽ തന്നെ വളരെ വ്യക്തമാണ്. അത് കഴിഞ്ഞ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞിരിക്കുന്നത് ഈ രംഗത്തെ ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിന് ഒരു കുററമററ നിയമം ഉണ്ടാക്കുന്നതിന് അങ്ങയുടെ ഒക്കെ

LIBRARY ARCHIVES Kerala Legislative Assembly

സഹായം വേണമെങ്കിലും തേടാൻ തയ്യാറാണ് എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള പാർട്ടി പ്രതിനിധികൾ (അത് എം. എൽ. എ. മാർ ആയാൽ കുറച്ചുകൂടി നല്ലതാണ്) നിയമ നിർമ്മാണ രംഗത്ത് കുറച്ചുകൂടി പരിചയവും, അനുഭവ സമ്പത്തുമുള്ള ആളുകൾ അടങ്ങുന്ന ഒരു കമ്മിററി എന്ന നിലയിലാണ് ഞാൻ ഉദ്ദേശിച്ചത് എന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: ഇത് കുറച്ചുകൂടി വിശാലമായിക്കോട്ടെ എന്നു വച്ചിട്ടാ. പാർട്ടികളുടെ എം. എൽ. എ. മാരുടെ പ്രതിനിധികൾ എന്ന് പറഞ്ഞാൽ പാർട്ടിയുമായിട്ട് യാതൊരു ബന്ധവും ഇദ്ദേഹത്തിന്റെ മറുപടിയിൽ ഇല്ല. ഇല്ലാത്ത വാർത്ത എന്തിനാ ഈ അസംബ്ലിയിൽ പറയുന്നത്. പാർട്ടിയുടെ എന്നുപറഞ്ഞാൽ ഞാൻ അറിയണ്ടേ? എനിക്കറി യാമോ? അദ്ദേഹത്തിന്റെ മനസ്സിൽ വല്ലതും ഉണ്ടാകും. ഈ അസംബ്ലിയെ തെററിദ്ധരിപ്പിക്കേണ്ട വല്ല ആവശ്യവുമുണ്ടോ? ഇല്ലാത്ത വർത്തമാനം പറയരുത് ഒരു മന്ത്രി, വളരെ ആലോചിച്ചേ മന്ത്രി മറുപടി പറയാൻ പാടുള്ളൂ.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഞാൻ വായിക്കാം. ഞാൻ അദ്ദേഹത്തിന് അയച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അല്ല സാർ, എന്റെ ഒരു ഉപ ചോദ്യത്തിന് മറുപടിയായിട്ടാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത്. ഞാൻ വനം വകുപ്പുമന്ത്രി ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള കമ്മിററിയെ എതിർക്കുന്നില്ല. അങ്ങനെ ഒരു കമ്മിററി വേണമെങ്കിൽ ആയിക്കോട്ടെ. അങ്ങനെ ഒരു കമ്മിററി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട സ്പീക്കർ ഈ നിയമസഭയുടെ കമ്മി ററിയായി രൂപീകരിക്കുകയും ചെയ്യുമോ എന്നു ചോദിച്ചപ്പോൾ ഈ സഭ പിരിയും മുൻപ് അങ്ങയുടെ നിർദ്ദേശപ്രകാരം അങ്ങുതന്നെ കമ്മിററി രൂപീകരിക്കുമെന്നാണ് അങ്ങു തന്ന മറുപടി. അങ്ങനെ ഒരു കമ്മിററി അല്ലാ ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളത് എന്നതാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. കെ. പി. വിശ്വനാഥൻ: ഞാൻ പറഞ്ഞത് അതുപടി അച്ചടിച്ച് ഇവിടെ വന്നിട്ടുണ്ട്. അത് കൊടുക്കാം. ഇതിൽ യാതൊരു വ്യത്യാസ വുമില്ല. ബഹുമാനപ്പെട്ട ഇ. കെ. നായനാർ പറഞ്ഞത തെററിദ്ധാരണ യുടെ അടിസ്ഥാനത്തിൽ ആണെന്ന് തോന്നുന്നു. ഞാൻ ഇത് വിശദമാ യിട്ട് ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുന്ന ആളാണ്. പാർട്ടിയുടെ പ്രതി നിധികളെക്കൂടി ഉൾപ്പെടുത്തണം. അങ്ങനെ ഒരു ചർച്ച നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ നല്ല അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ വേണമെങ്കിൽ കമ്മിററി രൂപീകരിക്കാം. അതിൽ വിരോധമില്ല.

മി. സ്പീക്കർ: അദ്ദേഹത്തിന് എഴുത്ത് കിട്ടിയില്ല എന്നാണ് പറഞ്ഞത്.

ശ്രീ. കെ. പി. വിശ്വനാഥൻ: എഴുത്ത് ഞാൻ ഇന്നലെ അയച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഇന്നലെയേ അയച്ചുള്ളൂ. അതുകൊണ്ടാണ്.

ശ്രീ. ഇ. കെ. നായനാർ: ഇന്നലെ എന്നു പറഞ്ഞാൽ ഇന്നു കിട്ടണ്ടേ?

ശ്രീ. കെ. പി. വിശ്വനാഥൻ: ഇനി ഇപ്പോൾ അങ്ങനെ തോന്നുവാണെ ങ്കിൽ അങ്ങ് തന്നെ ഒരു കമ്മിററി രൂപീകരിച്ചു തന്നാൽ ആ കമ്മിററിയുടെ പ്രവർത്തനം ആരംഭിക്കാം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തിക്കോട്ടെ. അങ്ങ് പറഞ്ഞതിനുശേഷം കൃഷ്ണൻ കണിയാംപറമ്പിൽ ചോദിച്ചു. "കമ്മിററി ഈ നിയമസഭ തീരുന്നതിനു മുൻപ് രൂപീകരിക്കുമോ''? അതിന് മന്ത്രി പറഞ്ഞത് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡിസ്ക്രീഷൻ ആണ് എന്നാണ്. ഈ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ രേഖാമൂലം ആവശ്യപ്പെടാം എന്നാണ് പ്രൊസീഡിംഗ്സിൽ പറയുന്നത്. അതൊരു തർക്കവിഷയമല്ല. ഈ സഭയുടെ ഒരു കമ്മിററി ഈ കാര്യം പരിഗണിക്കുകയാണെങ്കിൽ സമയ ബന്ധിതമായിട്ട് നമുക്ക് നിർദ്ദേശിക്കാൻ കഴിയും, 'മൂന്നു മാസത്തിനകം' എന്നൊക്കെ. അതിനു വേണ്ടിയാണ് പറയുന്നത്.

ശ്രീ. കെ. പി. വിശ്വനാഥൻ: ഒരു ചർച്ച നടത്താനാണ്. അതിന് പാർട്ടിക്കാരും കൂടി ഉണ്ടായാൽ എന്താ ഒരു കുഴപ്പം?

## IX. നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള അവശ്യ സർവ്വീസുകരം സംരക്ഷണ ബിൽ

മി. സ്പീക്കർ: ഇതിൽ രണ്ട് പോയിൻറ് ഓഫ് ഓർഡർ.........

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ബിൽ എടുക്കാൻ പോകുകയല്ലേ? ഞാൻ എഴുതിത്തന്നിട്ടുള്ളത് ഞാൻ പറയാം. ഞാൻ ദീർഘമായ പ്രസംഗം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഈ നിയമം ഭരണഘടനാ വിരു
12 NOON] ദ്ധമാണ്. അതുകൊണ്ടുതന്നെ ഈ നിയമം ഈ സഭ കൈകാര്യം ചെയ്യരുത് എന്നാണ് എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത്. അങ്ങയുടെ ശ്രദ്ധയിലേക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 19 വായിക്കാം. Protection of certain rights regarding freedom of speech, etc. All citizens shall have the right:—(a) to freedom of speech and expression;.... (c) to form associations or unions. ഇത് ഫണ്ടമെൻറൽ റൈററ് ആണ്. ഈ നിയമത്തിൽ പറയുന്നതെന്താണ്? ഏതെങ്കിലും സർവ്വീസിൽ പണിമുടക്ക് നിരോധിക്കാൻ കാലാകാലങ്ങളിൽ ഗവൺമെൻറിന് പ്രഖ്യാപിക്കാൻ അവകാശമുണ്ട് എന്നാണ്. അതായത് ട്രേഡ് യൂണിയനുകരം രൂപീകരിച്ച് പ്രവർത്തിക്കുന്ന സന്ദർഭത്തിൽ അവരുടെ മൗലികമായ അവകാശം. അതൊക്കെ ഈ രാജ്യം അംഗീകരിച്ചിട്ടുള്ളതാണ്; വിസ്തൃത ലോകം അംഗീകരിച്ചിട്ടുള്ളതാണ്. അവർക്ക് കളക്ടീവ് ബാർഗെയിനിംഗ് നടത്താനുള്ള അവകാശം. ആ അവകാശത്തിൻമേൽ ഒരു കയ്യേററം ഗവൺമെൻറ് തീരുമാനിക്കുന്ന സമയങ്ങളിൽ നടപ്പാക്കാൻ കഴിയും എന്നാണ് ഈ ബിൽ അനുശാസിക്കുന്നത്. മറെറാരു കാര്യം ഈ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനോ അവരുടെ അവകാശങ്ങരക്കു വേണ്ടിയുള്ള പ്രക്ഷോഭണത്തിൽ അവരെ നയിക്കുന്നതിനോ പരിശ്രമിക്കുന്നവർക്ക് പിനൽ ആയിട്ടുള്ള പണിഷ്മെൻറ് നൽകാനും വാറണ്ട് ഇല്ലാതെ അാസ്ററ് ചെയ്യാനും വ്യവസ്ഥയുണ്ട്. അവർക്ക് ജാമ്യം ഇല്ലാതെ 6 മാസം വരെ തടവിൽ വച്ചുകൊണ്ടിരിക്കാം എന്നു തുടങ്ങിയിട്ടുള്ള ശിക്ഷാ നടപടികരം ആണ് ഈ നിയമത്തിൽ നിർദ്ദേശിക്കുന്നത്. അങ്ങ് ഓർക്കുമെങ്കിൽ നമ്മുടെ രാജ്യത്ത് സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനം ഉണ്ടാകുന്നതിനു മുൻപ് ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്ത് മദിരാശിയിൽ വളരെ കുപ്രസിദ്ധമായ ഒരു നടപടി, ബക്കിംഗ്ഹാം കർണാട്ടിക്

മില്ലിലെ തൊഴിലാളികൾ പണിമുടക്കിയപ്പോൾ അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. ആ ട്രേഡ് യൂണിയൻ സമരത്തിന് നേതൃത്വം കൊടുത്ത ചക്കരൈ ചെട്ടിയാർ എന്നു പറയുന്ന ഇന്ത്യയിലെ പ്രമുഖനായ ട്രേഡ് യൂണിയൻ നേതാവിന്റെ സ്വത്ത് കണ്ടുകെട്ടാൻ അന്ന് തീരുമാനിച്ചു. അദ്ദേഹത്തെ വിചാരണ ഇല്ലാതെ തടവിൽ ഇടാൻ തീരുമാനിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുന്നവരുടെ സ്വത്ത് കണ്ടുകെട്ടും, വിചാരണ കൂടാതെ തടവിലിടും എന്നതിനെതിരെ ഈ രാജ്യത്തെ തൊഴിലാളികൾ നടത്തിയ ഉജ്ജ്വലമായ സമരങ്ങളിൽ കൂടിയാണ് ട്രേഡ് യൂണിയൻ അവകാശം നേടി എടുത്തിട്ടുള്ളത്. മുഖ്യമന്ത്രിക്ക് പ്രത്യേകിച്ച് അറിയാം. അങ്ങ് ഒരു ട്രേഡ് യൂണിയൻ നേതാവായതുകൊണ്ട്. ഞാൻ ഈ പറഞ്ഞ കാര്യം അങ്ങേക്ക് അറിയാവുന്നതാണല്ലോ. അങ്ങയെ ഈ രാജ്യത്തുണ്ടായ ട്രേഡ് യൂണിയൻ പ്രസ്ഥാനമാണ്. ഇത് വളർന്ന് വികസിച്ച് അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ തൊഴിലാളികളെ നയിക്കുന്നതിന് അങ്ങ് അങ്ങയുടേതായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ഞാൻ പറയുന്നു ആ മൗലിക അവകാശം അതായത് ട്രേഡ് യൂണിയന്റെ മൗലികാവകാശത്തെ നിഷേധിക്കുന്ന ഒരു നിയമമാണിത്. ഈ നിയമം ഭരണഘടനാ വിരുദ്ധമായതുകൊണ്ട് ഈ സഭ ഇതു ചർച്ച ചെയ്യുന്നത് ശരിയല്ല എന്നുള്ള കാര്യമാണ് എനിക്ക് സഭയുടെ മുൻപിൽ പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങയുടെ പ്രശ്നം, ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഇവിടെ ഇതിന്റെ പ്രാരംഭ ചർച്ചയിലും ഉന്നയിച്ചതാണ്. അങ്ങയുടെ ശ്രദ്ധയ്ക്കു വേണ്ടിയാണ് ഞാൻ റെലവന്റ് ആയിട്ടുള്ള ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നത്.

മി. സ്പീക്കർ: പ്രാരംഭ ചർച്ചയിൽ ഉന്നയിച്ചില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇതൊരു ലേബർ കാര്യമാണ്. Labour dispute, trade union ഇതൊക്കെ നമ്മുടെ ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു വിഷയമായതുകൊണ്ട് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിട്ടേ ഈ ബിൽ സഭയിൽ അവതരിപ്പിക്കാവൂ. ഈ നിമിഷം വരെ പ്രസിഡന്റിന്റെ അനുമതി ഈ സഭയിൽ ഹാജരാക്കിയിട്ടില്ല.

മി. സ്പീക്കർ: പിന്നെ വാങ്ങിച്ചാലും പോരേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: പിന്നെ പാടില്ല. ഞാൻ പറയാം. എന്തുകൊണ്ടെന്നാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നു പറയുന്നത് സെൻട്രൽ ആക്ട് ആണ്. There is a Central Act. അതിൽ സെക്ഷൻ 22 അനുസരിച്ച് തൊഴിലാളിക്ക് പണിമുടക്കാൻ അവകാശമുണ്ട്. 14 ദിവസത്തെ നോട്ടീസ് കൊടുത്തിരിക്കണം. പബ്ലിക് യൂട്ടിലിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന ഒരാളിനും സെൻട്രൽ ആക്ടിലെ സ്പെസിഫിക് പ്രൊവിഷൻ അനുസരിച്ച് ഈ രാജ്യത്ത് ഏത് തൊഴിലാളി സംഘടനക്കും 14 ദിവസത്തെ നോട്ടീസ് കൊടുത്ത് പണിമുടക്കാം എന്നാണ്. Section 22 of the Industrial Disputes Act. സ്ട്രൈക്ക് നടത്താൻ പാടില്ല എന്നുള്ള കാരണം പറയുന്നത്, There must be a 14 days notice, അതില്ലാതെ നടത്താൻ പാടില്ല. ഇത് സെൻട്രൽ ആക്ടിലുള്ള വ്യവസ്ഥ

യാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്, ഇൻഡ്യയിലാകെ ബാധകമായ ഒരു നിയമമാണ്. ആ നിയമത്തിലെ വ്യവസ്ഥയ്ക്ക് കടകവിരുദ്ധമാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്ന ഈ ബിൽ. പബ്ലിക് യൂട്ടിലിറ്റി സർവ്വീസിൽ ഗവൺമെന്റിന് യുക്തമെന്നു തോന്നിയാൽ ഒരു ഡിക്ലറേഷൻ നടത്തി പണിമുടക്ക് നിരോധിക്കാനുള്ള ഒരു നിയമമാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. It is a violation of the Central Act. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ ഇത് അവതരിപ്പിച്ചുകൂടാ എന്ന്. സെൻട്രൽ ലജിസ്ലേഷനും സ്റ്റേറ്റ് ലജിസ്ലേഷനും ഒന്നിച്ചു വരുമ്പോൾ Central legislation will prevail. ഇവിടെ സ്റ്റേറ്റ് ലെജിസ്ലേഷൻ ആണ്. ഇതിനു മുമ്പ് 'എസ്മാ' എന്നു പറയുന്ന നിയമം ആദ്യം വരുന്നത് ഉത്തർപ്രദേശിലാണ്. അതിനുശേഷം സെൻട്രൽ ഗവൺമെന്റ് എസ്മാ നിയമം ഉണ്ടാക്കി. ആ നിയമം 1985-ൽ 9 കൊല്ലത്തേക്ക് നീട്ടി. അതിനുശേഷം 1991-ൽ അത് റദ്ദായി, ഇതൊക്കെ സെൻട്രൽ ആക്ട് ആണ്. ഒരു സംസ്ഥാന നിയമം പിന്നെ ഉണ്ടായിട്ടില്ല. ഈ സെൻട്രൽ ആക്ട് വരുന്നതിനു മുൻപ് യു. പി. യിൽ ഒരു ആക്ട് വന്നു. ഇത സെൻട്രൽ ആക്ട് വരുന്നതിനു മുൻപാണ്. സെൻട്രൽ ആക്ട് വന്നുകഴിഞ്ഞപ്പോൾ വളരെ വ്യക്തമായും അതിൽ തൊഴിലാളിക്ക് പണിമുടക്കാനുള്ള അവകാശം അംഗീകരിച്ചിട്ടുണ്ട്. 14 ദിവസത്തെ നോട്ടീസ് കൊടുത്താൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് ആയാലും തൊഴിലാളിക്ക് പണിമുടക്കാനുള്ള അവകാശമുണ്ട്. ആ നോട്ടീസിന്റെ വിശദ വിവരങ്ങൾ സെക്ഷൻ 22-ൽ പറയുന്നു. ഇവിടെ ഈ കൺകറന്റ് ലിസ്റ്റിൽ പെട്ടിരിക്കുന്നത് ഞാൻ പറയാം. കൺകറന്റ് list 22. Trade Union, Industrial and labour disputes. ഇതൊരു കൺകറന്റ് ലിസ്റ്റിൽപ്പെട്ട വകുപ്പാണ്. ഈ ഭാഗത്തെ സംബന്ധിച്ച് സെൻട്രൽ ലെജിസ്ലേഷൻ നടത്തി പാർലമെന്റിൽ ഈ നിയമം പാസ്സാക്കി. പാർലമെന്റിൽ നിയമം പാസ്സാക്കിയ ഫീൽഡിൽ സംസ്ഥാന നിയമസഭ പ്രവേശിക്കുമ്പോൾ പ്രസിഡന്റിന്റെ അനുമതി വേണം. നേരെ മറിച്ച് പാർലമെന്റ് പാസ്സാക്കിയില്ല, അത് ഒരു റൂളിംഗിൽ പറഞ്ഞതുപോലെ ആ ഭാഗത്തേക്ക് പാർലമെന്റ് പ്രവേശിച്ചില്ല, കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു വിഷയം ആ പർട്ടിക്കുലർ ആസ്പെക്ടിനെ സംബന്ധിച്ച് സെൻട്രൽ ലെജിസ്ലേഷൻ ഒന്നും ഇല്ല, പാർലമെന്റ് പാസ്സാക്കിയിട്ടില്ല, അങ്ങനെ വരുന്ന ഒരു സാഹചര്യത്തിൽ പ്രത്യേകമായിട്ട് സംസ്ഥാന നിയമസഭയ്ക്ക് പാസ്സാക്കാം. Not contrary to the Central provision. ഇവിടെ വന്നിരിക്കുന്നത് സെൻട്രൽ ആക്ടിന് വിരുദ്ധമാണ് ഈ നിയമം. അതുകൊണ്ട് ഇത് അനുവദിക്കത്തക്കതല്ല. ഇതിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ല. അതുകൊണ്ട് ഈ നിയമത്തെക്കുറിച്ചുള്ള ചർച്ചയും അനന്തര നടപടികളും ഭരണഘടനാ വിരുദ്ധമാണ്. സെൻട്രൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന് വിരുദ്ധമാണ്. അതുകൊണ്ട് ഇത് അനുവദിക്കാൻ പാടില്ല എന്ന് ഞാൻ ശക്തിയായി അങ്ങയുടെ മുൻപിൽ വാദിക്കുകയാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ വ്യവസ്ഥയും ഭരണഘടനാ വ്യവസ്ഥയും അങ്ങയുടെ പരിഗണനക്കുവേണ്ടി വയ്ക്കുകയാണ്. അങ്ങ് ഈ കാര്യം ഒന്ന് പരിഗണിക്കണം. സ്പീക്കർ എന്നുള്ള നിലയിൽ ഈ സഭയുടെ നാഥനാണ് അങ്ങ്. അങ്ങ് ഒരു കാരണവശാലും ഈ നിയമത്തിന് ഇവിടെ ചർച്ച അനുവദിക്കരുത്. ഇത് ഫണ്ടമെന്റൽ റൈറ്റ്സിന് എതിരാണ്, ഭരണഘടനാ വിരുദ്ധമാണ്. ആ നിലയ്ക്ക് ഒരു നിമിഷം പോലും ഈ ചർച്ച തുടരാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി: സർ, അങ്ങ് ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. ബിൽ ഇന്ന് പരിഗണനയ്ക്കാണ് എടുക്കുന്നത്. ബിൽ അവതരിപ്പിച്ചത് എത്രയോ ദിവസം മുമ്പാണ്. അങ്ങോട്ടും ഇങ്ങോട്ടും തെററിദ്ധരിച്ചാണ് ഇങ്ങനെ പറയുന്നത്.

ശ്രീ. സത്യൻ മൊകേരി: സർ, ബില്ലിന്റെ പരിഗണന അങ്ങ് അനുവദിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ഭരണഘടനാ വിരുദ്ധമാണെന്നാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്. ഭരണഘടനയുടെ പ്രിയാമ്പിളിൽ തന്നെ പറയുന്നത് ഡെമോക്രാററിക് റിപ്പബ്ലിക് എന്നാണ്. ഡെമോക്രാററിക് റിപ്പബ്ലിക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു തന്നെ ഡെമോക്രസിക്ക് നമ്മൾ നൽകുന്ന പ്രാധാന്യമാണ്. ജനാധിപത്യപരമായ രീതിയിൽ അഭിപ്രായങ്ങൾ പറയുന്നതിനും കളക്ടീവ് ആയി പ്രവർത്തിക്കുന്നതിനുമുള്ള ഡെമോക്രാററിക് റൈററാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് ഈ ബില്ലിലൂടെ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ ആർട്ടിക്കിൾ 19-ൽ വളരെ വ്യക്തമായി പറയുന്നത് Protection of certain rights regarding freedom of speech etc. All citizens shall have the right—

(a) to freedom of speech and expression;............

(c) to form associations or unions എന്നാണ്. ഈ ബില്ലിലൂടെ അതൊക്കെ തന്നെ നിഷേധിക്കപ്പെടുകയും, പണി മുടക്കുന്നതിനും അത് സംഘടിപ്പിക്കുന്നതിനും കടുത്ത ശിക്ഷ നൽകുകയുമാണ്.

മി. സ്പീക്കർ: അത് മെറിററാണ്.

ശ്രീ. സത്യൻ മൊകേരി: നിയമ വിരുദ്ധമായ ഒരു പണിമുടക്ക് ആരംഭിക്കുകയോ അതിൽ ചേരുകയോ തുടരുകയോ അല്ലെങ്കിൽ മററു വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുന്ന, ഗവൺമെൻറിന് ഇഷ്ടമില്ലാത്ത ആരെയും അറസ്ററു ചെയ്യാനും ആറുമാസം തടവ് ഉൾപ്പെടെയുള്ള ശിക്ഷ വിധിക്കാനുമുള്ള അധികാരം ഈ ബില്ല് നൽകുന്നു. യഥാർത്ഥത്തിൽ ഇത് ഒരു കരിനിയമമാണ്. ഭരണഘടനാ വിരുദ്ധമാണ്. മറെറാന്ന് ഇത് സെൻട്രൽ ലിസ്ററിൽ പെട്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞതു മാതിരി ഇതിന് പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടി ആവശ്യമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത് കൺകറൻറ് ലിസ്ററിൽപ്പെട്ട ഒരു വിഷയമായതിനാൽ പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള സാങ്ഷനില്ലാത്തതുകൊണ്ട് കോംപിറെറൻറ് അല്ലെന്നാണ്. ആർട്ടിക്കിൾ 255. Requirements as to recommendations and previous sanctions to be regarded as matters of procedure only:—No Act of Parliament or of Legislature of a State, and no provision in any such Act, shall be invalid by reason only that some recommendation or previous sanction required by this Constitution was not given, if assent to that Act was given—ആർട്ടിക്കിൾ 255 അനുസരിച്ച് ഒരു നിയമം അവതരിപ്പിക്കുന്നതിന് പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള സാങ്ഷൻ വാങ്ങി

യില്ലെങ്കിൽത്തന്നെ ആ നിയമം നിയമസഭ പാസ്സാക്കിയതിനുശേഷം പ്രസിഡന്റിന്റെ അസന്റ് കിട്ടിക്കഴിഞ്ഞാൽ പ്രാബല്യത്തിൽ വരും. ആ നിയമം മുൻകൂട്ടി സാങ്ഷൻ വാങ്ങിയില്ലെന്നുള്ള കാരണത്താൽ ഇൻവാലിഡ് ആവില്ല. ഈ നിയമ സഭയിൽതന്നെ പല പ്രാവശ്യം ഇതുപോലുള്ള നിയമ നിർമ്മാണം നടത്തിയിട്ടുള്ളതുകൊണ്ട് ഈ നിയമനിർമ്മാണത്തിനും ഈ സഭയ്ക്ക് അധികാരമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതിനെ പിൻതുടർന്നുകൊണ്ട് ഒരു കാര്യം ഞാൻ പറയാം. ഇവിടെ Article 254 (2) Where a law made by the legislature of a state with respect to one of the matters enumerated in the Concurrent List contains any provision repugnant to the provisions of an earlier law made by Parliament or an existing law with respect to that matter, then, the law so made by the Legislature of such state shall, if it has been reserved for the consideration of the President and has received his assent, prevail in that State. ഇങ്ങനെ പാസ്സാക്കിക്കഴിഞ്ഞാൽ അതിനുശേഷം പ്രസിഡന്റിന്റെ അസന്റ് വാങ്ങണം എന്നു മാത്രമേയുള്ളു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഒന്നാമതായി പറയാനുള്ളത്, ഇപ്രകാരമുള്ള ഒരു ചർച്ച നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ഈ സ്റ്റേജിൽ പാറുകയില്ല. ഇവിടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ 80 ഉണ്ട്. The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill. ഈ സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത ബില്ലിലെ കണ്ടന്റിനെ സംബന്ധിച്ചിടത്തോളം, അതിന്റെ പ്രിൻസിപ്പിളിനെ സംബന്ധിച്ചിടത്തോളം, ചർച്ച ചെയ്യാനേ കഴിയൂ. ഇപ്രകാരമുള്ള ഒരു ഒബ്ജക്ഷൻ ഈ സ്റ്റേജിൽ അനുവദിക്കത്തക്കതല്ല... .... പോയിന്റ് ഓഫ് ഓർഡർ ഇതിനെ 'സംബന്ധിച്ചാണ്'. Point of order is raised by way of an objection. അതാണ് ഒബ്ജക്ഷൻ. ഇവിടെ "Select decisions from the Chair" Page 29. "I do not think we could go again into the whole Bill. The matter was discussed before it went to the Select Committee. The speeches will have to be confined to the Bill as it is reported by the Select Committee and more particularly to the changes made by the Select Committee during the course of its deliberations. The whole legislation is not open for discussion". ഇതിനെ സംബന്ധിച്ചിടത്തോളം ഉള്ളത്, ഒറിജിനൽ ബിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ മാത്രമേ ഈ ബിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഒബ്ജക്ഷൻ രേഖപ്പെടുത്താൻ കഴിയൂ. സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്തതിനു ശേഷമുള്ള ഈ സ്റ്റേജിൽ ഇപ്രകാരമുള്ള ഒബ്ജക്ഷൻ രേഖപ്പെടുത്തുന്നതു ശരിയല്ല.

ആദ്യം ശ്രീ. ചന്ദ്രപ്പൻ പറഞ്ഞ കാര്യത്തിലേക്ക് ഞാൻ കടക്കുകയാണ്. അദ്ദേഹം പറഞ്ഞത് യൂണിയൻ പ്രവർത്തനത്തിന് വിരുദ്ധമാണ് ഈ നിയമം എന്നാണ്. അതു ശരിയല്ല. അസോസിയേഷൻ പ്രവർത്തനത്തിന് ഒരിക്കലും ഇത് തടസ്സമാവുകയില്ല. അസോസിയേഷന്റെ ന്യായമായ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഒരിക്കലും എതിരായി നിൽക്കുന്നില്ല എന്നുള്ളതാണ് വസ്തുത......

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ന്യായമല്ലല്ലോ, നമ്മുടെ ന്യായമല്ലേ വ്യാഖ്യാനിക്കുന്നത്. അസോസിയേഷനെ സംബന്ധിച്ചിടത്തോളം നിയമം വ്യാഖ്യാനിക്കുമ്പോൾ ഒരു കാര്യം പറയുവാനായിട്ടുള്ളത്, I am referring BASU, the Constitutional expert. Page 120. The right to form associations or unions includes associations for any lawful purpose, eg., trade Union and government servants are not excluded from its protection. രണ്ടാമത്, The right to 'form' an association guaranteed by sub-clause (c) does not carry with it a further guarantee that the objects or purposes of an association so formed shall not be interfered with by law except on the grounds specified in clause (4) viz. public order and morality. അങ്ങനെ ഒരു യൂണിയൻ ഉണ്ടായാൽപ്പോലും വേറെ നിയമത്തെ സംബന്ധിച്ചിടത്തോളം നിയമങ്ങൾ അതിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ പാടില്ല എന്ന നിയമമില്ല. വേറൊരു ഭാഗത്ത് ബാസു പറയുന്നത് It follows that the right to "form" an association does not include any guaranteed right of collective bargaining or to strike. Such right must be derived from the freedom of business or profession or occupation which is guaranteed by sub-clause (g) and which can be restricted on the ground specified in clause (6), i.e., interests of the general public. ജനറൽ പബ്ലിക്കിന്റെ ഇന്ററസ്റ്റിനെ സംബന്ധിച്ചിടത്തോളം ആർട്ടിക്കിൾ 19 സി യിലെ കമന്ററിയെ സംബന്ധിച്ചിടത്തോളം അസോസിയേഷനോ യൂണിയനോ പ്രവർത്തിക്കുന്നതിന് തടസ്സമായി യാതൊന്നുമില്ല. ഒരു അസോസിയേഷനാണെങ്കിലും യൂണിയനാണെങ്കിലും അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അസോസിയേഷന് അനിയന്ത്രിതമായ പ്രവർത്തനമില്ല എന്നുള്ളതാണ് ബാസു തന്റെ കമന്ററിക്കകത്ത് പറയുന്നത്. റീസണബിൾ റസ്ട്രിക്ഷൻസിനെ സംബന്ധിച്ചിടത്തോളം, റീസണബിൾ റസ്ട്രിക്ഷൻസ് കൊണ്ടുവരാം. ഇവിടെ എസ്സെൻഷ്യൽ സർവ്വീസാണ്. ട്രേഡ് യൂണിയനെ സംബന്ധിച്ചല്ല, ഒരു വിജ്ഞാപനം വഴി എസ്സെൻഷ്യൽ സർവ്വീസ് ഏതെന്ന് ഗവൺമെന്റിന് പ്രഖ്യാപിക്കാനുള്ള അവകാശമുണ്ട്. എസ്സെൻഷ്യൽ സർവ്വീസാണെന്നു പ്രഖ്യാപിച്ചു കഴിഞ്ഞാൽ അവിടെ പണിമുടക്ക് പാടില്ലാ എന്നുള്ളതാണ്. അല്ലാതെ തൊഴിലാളികൾക്ക് പൊതുവായിട്ടുള്ള പണിമുടക്കവകാശം ഇവിടെ ലംഘിക്കുന്നില്ല, ഒരു ട്രേഡ് യൂണിയൻ അവകാശവും ഇവിടെ ലംഘിക്കുന്നില്ല. അതുകൊണ്ട് ട്രേഡ് യൂണിയൻ അവകാശവും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. അസോസിയേഷന്റെ പ്രവർത്തനത്തെ ഇത് ഒരിക്കലും ബാധിക്കുന്നില്ല.

രണ്ടാമത് ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരം വേണമെന്നു പറഞ്ഞു. കൺകറന്റ് ലിസ്റ്റിൽ പെടുന്ന നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം, പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമില്ല. ഇത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് അല്ല സർ. അദ്ദേഹം പറയുന്നത് ഇത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് എന്നാണ്. ഇത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടുമായിട്ട് ബന്ധപ്പെട്ടതല്ല. ഇത് എസ്സെൻഷ്യൽ സർവ്വീസാണ്. അതുകൊണ്ട് പാർലമെന്റ് പാസ്സാക്കിയ ഏതെങ്കിലും നിയമത്തിന് ഇത് വിപരീതവുമല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിന് വിപരീതമാണെന്ന് പറയുന്നത് ശരിയല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് എന്ന് പറയുന്നത് employer-employee relationship. അവർ തമ്മിലുള്ള ടേംസിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ, പേമെന്റിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ...... ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് എന്താണെന്നുള്ളത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിൽതന്നെ പറയുന്നുണ്ട്. അങ്ങനെയുള്ള ഒരു വിഷയമല്ല സർ, ഇത്. ഇതിനകത്ത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് വരുന്നയില്ല. ബഹുമാനപ്പെട്ട വർക്കല തൊറിദ്ധരിച്ചുകൊണ്ട് പറഞ്ഞതാണ്. അതുകൊണ്ട് ഇതിനകത്ത് രണ്ടു കാര്യങ്ങളേയുള്ളൂ. ഒന്ന്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടല്ല, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിന് വിപരീതമല്ല. രണ്ട്, അസോസിയേഷനും ട്രേഡ് യൂണിയനും പ്രവർത്തിക്കുന്നതിന് ഒരു തടസ്സവും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇല്ല. ഭരണഘടന അനുസരിച്ച് റീസണബിൾ റസ്ട്രിക്ഷൻസ് ഉണ്ടാകുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ഈ ബിൽ പരിഗണനയ്ക്കെടുക്കുന്നതിന് ഭരണഘടനാപരമായോ നമ്മുടെ ചട്ടങ്ങൾ പ്രകാരമോ തടസ്സങ്ങളൊന്നുമില്ല. ബിൽ പരിഗണനയ്ക്കെടുക്കുന്നതിന് ഞാൻ അനുമതി നൽകുന്നു. വിശദമായ റൂളിംഗ് പിന്നീട് നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള അവശ്യ സർവീസുകൾ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. ഈ ബിൽ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് തൊഴിലാളികളുടെ സംഘടിതമായ ശക്തി ഇല്ലാതാക്കാനേ ആ സ്വാതന്ത്ര്യം തടയാനോ അല്ല. സ്വാതന്ത്ര്യം എന്നു പറയുന്നത്, കൂട്ടായ ശ്രമങ്ങൾ എന്നു പറയുന്നത്, ചില ആവശ്യങ്ങൾ മുൻനിർത്തിയാണ്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിന് തൊഴിൽ തർക്ക നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്ത ഒരു സാഹചര്യമുണ്ടായാൽ—ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. നിയമനിർമ്മാണമായാലും നിയമ നിർമ്മാണത്തെ തുടർന്നുള്ള സംരക്ഷണമായാലുമൊക്കെ അത് സമൂഹത്തിന്റെ താല്പര്യമാണ്. ഈ അവസരത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കട്ടെ. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണമേഖല പൂർണ്ണമായി തകർക്കപ്പെടുന്ന നിലയിൽ ഏതെങ്കിലും ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ ശ്രമിച്ചാൽ അതു തടയേണ്ടത് സമൂഹത്തിന്റെ താല്പര്യത്തിന് ആവശ്യമാണ്. ന്യായമായ അവകാശങ്ങൾ നിഷേധിക്കാനല്ല. നേരെ മറിച്ച് ഉന്നയിക്കുന്ന അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ട മാർഗ്ഗങ്ങളുണ്ട്. അത് പണിമുടക്ക് മാർഗ്ഗങ്ങളാകാം. പക്ഷേ നാളെ ആളുകൾക്ക് ഭക്ഷണം കൊടുക്കാൻ വേണ്ടിയുള്ള ഭക്ഷ്യവസ്തുക്കൾ ഒരു വാഹനത്തിൽ കയററണം, സ്ഥലത്ത് എത്തിക്കണം, വിതരണം ചെയ്യണം. അത് തടയാം, അതിന് തടസ്സമുണ്ടാക്കാം എന്നു വിചാരിക്കും. ഈയിടെ ഉണ്ടായ ഒരു അനുഭവം രോഗിയെ അത്യാസന്നനിലയിൽ ആശുപത്രിയിൽ കൊണ്ടുവന്നു. ആ രോഗിക്ക് ഡ്രിപ്പ് കൊടുത്തുകൊണ്ടിരിക്കുന്നു. രോഗിയുടെ ജീവൻ തിരിച്ചുകിട്ടാൻവേണ്ടി രോഗിയുടെ കുടുംബം വളരെ ഉത്കണ്ഠയോടു കൂടി നിൽക്കുന്നു. ഡ്രിപ്പ് കൊടുത്ത ആ രോഗിയേയും അവിടെ കിടത്തി ആ രോഗിയെ ശുശ്രൂഷിക്കുന്ന ജീവനക്കാർ പുറത്തേക്ക് പോയാൽ

ഈ രാജ്യത്ത്, ഈ സംസ്ഥാനത്ത് ഇൻഡ്യൻ ഭരണഘടന നൽകി എന്നു പറയുന്ന സ്വത്തിന്, ജീവന് എന്താണ് രക്ഷ? ചില പ്രത്യേക കാലഘട്ടങ്ങളിൽ ചില പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി, സമൂഹത്തിന്റെ താല്പര്യത്തിനുവേണ്ടി ചില നിയന്ത്രണങ്ങളും നടപടികളും ആവശ്യമായിവരും. അതിനുവേണ്ടി കൊണ്ടുവരുന്ന ആ നിയമത്തിൽ ആ ഉദ്ദേശം നടപ്പിലാക്കണം. ആ ഉദ്ദേശം നടപ്പിലാക്കുന്നതിന് ആവശ്യമായ ചില വ്യവസ്ഥകളാണ് ഇതിലുള്ളത്. പണിമുടക്കാണെന്ന് പറഞ്ഞ് ഇൻഡ്യയിലെ മുഴുവൻ ലോറിക്കാരും പണിമുടക്കിയിരിക്കുന്നു. ആ അവസരത്തിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എങ്ങനെ എത്തിച്ചു കൊടുക്കും? ആ ലോറിയോ ലോറി കൊണ്ടുപോകുന്ന ആളുകളെയോ ഉപയോഗിച്ച് ആ ഭക്ഷ്യ വസ്തുക്കൾ എത്തിച്ചു കൊടുക്കേണ്ടത് സമൂഹത്തിന്റെ താല്പര്യമാണ്. ആശുപത്രിയിൽ കിടക്കുന്ന രോഗിക്ക് ജീവൻ വീണ്ടുകിട്ടാൻ വേണ്ടി ആ രോഗിയെ രക്ഷിക്കാൻ വേണ്ടി ആ രോഗിയെ ശുശ്രൂഷിക്കുന്നവരെക്കൊണ്ട് ആ ജോലി തുടരുന്നതിനുവേണ്ടി ചില നടപടികൾ സ്വീകരിക്കേണ്ടിവന്നത് സമൂഹത്തിന്റെ താല്പര്യമാണ്. സമൂഹത്തിന്റെ താല്പര്യത്തിനുവേണ്ടി ഭരണഘടന സമൂഹത്തിനു നൽകിയിട്ടുള്ള ഉറപ്പ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുകൂടിയാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി വളരെ വിശദമായി പറഞ്ഞുകഴിഞ്ഞു. ഏതു കാര്യത്തിനും വിധേയമായിട്ടുള്ള ചില വ്യവസ്ഥകൾ ഉണ്ട്. അത് പാലിക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിനെതിരായി, സമൂഹത്തിന്റെ താല്പര്യത്തിനെതിരായി സമൂഹത്തിന്റെ നിലനില്പിനെതിരായി ഭരണഘടന നൽകിയിട്ടുള്ള മനുഷ്യന്റെ ജീവന് അപകടം വരുത്തുന്ന ഒരു നടപടി സ്വീകരിക്കുമ്പോൾ അത് തടയേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്; ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. അത് നിർവഹിക്കാൻ കൂടെയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, . . . .

മി. സ്പീക്കർ: ഞാൻ പറഞ്ഞുതരാം. ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. പി. എസ്. ശ്രീനിവാസനും ശ്രീ. ബേബിജോണും ഡിസന്റ് തന്നിട്ടുണ്ട്. അവർക്ക് ആദ്യമായി സംസാരിക്കാം. അതുകഴിഞ്ഞിട്ട് ശ്രീ. കെ. ചന്ദ്രശേഖരനും ശ്രീ. സക്കറിയ സേട്ടിനും മററും സംസാരിക്കാൻ അവസരം തരാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഇതൊരു കരിനിയമമാണ്. നമ്മുടെ കേരളം, പുരോഗമനപരമായ ഒട്ടേറെ നിയമങ്ങൾക്ക്, നിയമനിർമ്മാണങ്ങൾക്ക് പ്രശസ്തി നേടിയ കീർത്തിനേടിയ ഒരു സംസ്ഥാനമാണ്. എന്നാൽ ആ പ്രശസ്തി ഇല്ലായ്മ ചെയ്ത് തൽസ്ഥാനത്ത് ദുഷ്കീർത്തി നേടുന്നതിനുമാത്രം ഇടയാകത്തക്ക തരത്തിലുള്ള ചില നിയമനിർമ്മാണങ്ങളാണ് ഇന്ന് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഏകീകൃത സർവ്വകലാശാലാ നിയമം, പഞ്ചായത്തീരാജ് നിയമം തുടങ്ങിയ നിയമങ്ങളിലെ ജനാധിപത്യവിരുദ്ധ നയ സമീപനങ്ങളെ സംബന്ധിച്ച് പിന്നീട് ഞാൻ സംസാരിക്കുന്നതാണ്. എന്നാൽ ഈ കഴിഞ്ഞദിവസം കേരളം ഒരു ഭീകര സംസ്ഥാനമാണെന്ന് മുദ്രയടിക്കാൻ ഇടയാകത്തക്കതരത്തിലുള്ള 'ടാഡ' എന്ന കരിനിയമം ഈ കേരളത്തിൽ, ഈ ഗവൺമെന്റ് നടപ്പിലാക്കി. അത് പോരാഞ്ഞിട്ട് അവശ്യ സർവീസുകൾ സംരക്ഷണ നിയമം എന്ന പേരിലുള്ള മറെറാരു കരിനിയമം, കാടൻനിയമം ആണ് ഇപ്പോൾ ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ആ നിയമത്തിൽ ഉൾക്കൊള്ളി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ച്, അതിന്റെ ജനാധിപത്യ വിരുദ്ധ സ്വഭാവത്തെ സംബന്ധിച്ച്, നിയമ വിരുദ്ധ സ്വഭാവത്തെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും നേരത്തെ ചൂണ്ടിക്കാണിച്ചു. അത് വീണ്ടും എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ നാട്ടിലെ സാധാരണ തൊഴിലാളികൾ, വ്യാവസായിക തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ ഇങ്ങനെ ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ജനവിഭാഗങ്ങൾ പണിമുടക്കുക എന്നുള്ളത് ഒരു കളിതമാശക്കുംവേണ്ടി നടത്തുന്നതല്ല. യാതൊരു തരത്തിലും നില്ക്കക്കള്ളി ഇല്ലാത്ത വിധത്തിൽ, യാതൊരു തരത്തിലും മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ വീർപ്പുമുട്ടിക്കുന്ന അവസരത്തിൽ മറ്റെല്ലാവിധത്തിലുള്ള സമരരീതികളും പരാജയപ്പെടും തോല്പിക്കപ്പെടും. സത്യാഗ്രഹ സമരങ്ങൾ, നിരാഹാര സമരങ്ങൾ, പിക്കറ്റിംഗ് സമരങ്ങൾ ഇങ്ങനെ തൊഴിലുടമയെ അവരുടെ മനോഭാവത്തിൽ മാററം വരാൻ, അവരിൽ മനുഷ്യത്വം ഉണ്ടാവാൻ, കരുണ ജനിക്കാൻ ആവശ്യമായിട്ടുള്ള എല്ലാ സമരരീതികളും പ്രയോഗിച്ചിട്ടും അതെല്ലാം പരാജപ്പെടുന്ന ഘട്ടത്തിലാണ് സംഘടിത തൊഴിലാളിവർഗ്ഗം അവരുടെ അവസാനത്തെ ആയുധമായ പണിമുടക്കിലേക്ക് നിർബന്ധിക്കപ്പെടുന്നത്. അവരുടെ പണിതന്നെ ശാശ്വതമായി പോയെന്നിരിക്കാം, അവർ പല വിധത്തിലുള്ള പീഢനങ്ങൾക്ക് വിധേയമാകേണ്ടിവരാം. ഇതെല്ലാം അറിയാവുന്നവരാണ് തൊഴിലാളികൾ. അങ്ങനെയുള്ള തൊഴിലാളികൾ മറെറാരു സാഹചര്യവും വേറെ ഇല്ലെന്നു വരുന്ന ഘട്ടത്തിൽ മാത്രമാണ് പണിമുടക്കിന് നിർബന്ധിക്കപ്പെടുന്നത്. അങ്ങനെ ജീവിതം നിലനിർത്തുന്നതിനുംവേണ്ടി മനുഷ്യസഹജമായിട്ടുള്ള ആ അവകാശങ്ങളെ ചോദ്യം ചെയ്തുകൂടാ എന്നാണ് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നത്. തൊഴിലെടുത്തു ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് ഇൻഡ്യൻ ഭരണഘടനപ്രകാരം നൽകിയിട്ടുള്ള അവകാശത്തിന്റെമേൽ കൈവയ്ക്കുന്ന ഒരു കരി നിയമത്തിന്, കാടൻ നിയമത്തിന്, പല പുരോഗമനപരമായ നിയമ നിർമ്മാണത്തിനും കീർത്തികേട്ട ഈ സഭ രൂപം നൽകാൻ പോകുന്നു എന്നത് ദൗർഭാഗ്യകരമാണ്. ഈ തൊഴിലാളിവിരുദ്ധമായ, ജനവിരുദ്ധമായ ബില്ലിലെ ഓരോ വകുപ്പും എടുത്തുനോക്കിയാൽ, ഇതിന്റെ രണ്ടാം വകുപ്പിൽ അവശ്യ സർവീസസ് നിർവചന പ്രകാരം തൊഴിൽ ചെയ്യുന്ന എല്ലാ മേഖലകൾക്കും ഈ കരിനിയമം ബാധകമാക്കുകയാണ്. പാടങ്ങളിൽ പണിയെടുത്തു കഴിയുന്ന പാവപ്പെട്ട കർഷകത്തൊളിലാളികളെപ്പോലും ഇതിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ ഈ നിയമത്തിന്റെ 5-ാം വകുപ്പുപ്രകാരം പ്രേരണക്കുററം ചുമത്തി ഏതൊരു പൊതുപ്രവർത്തകനെയും അറസ്ററ് ചെയ്ത് കൽത്തുറുങ്കിൽ വയ്ക്കാം. അതുപോലെതന്നെ ഇതിന്റെ 6-ാം വകുപ്പനുസരിച്ച് ജാമ്യം അനുവദിക്കേണ്ടതില്ലാത്ത കുററമാണെന്ന് വ്യവസ്ഥ ചെയ്തത് വാറണ്ട് ഇല്ലാതെ പോലീസിന് ആരെയും അറസ്ററ് ചെയ്യാം. പണിമുടക്കുന്ന ഒരു തൊഴിലാളിക്ക് കോടതിയിൽ ജാമ്യം നിഷേധിക്കുകയാണ്. പ്രതിക്ക് ജാമ്യം അനുവദിക്കാനുള്ള കോടതിയുടെ അധികാരത്തിൽ പോലും ഈ നിയമം നിയന്ത്രണം കൊണ്ടുവരികയാണ്. ജാമ്യം നിഷേധിക്കുന്ന വകുപ്പ് ഡി. ഐ. ആർ-ലാണ് ഉണ്ടാകുക. അങ്ങനെ ഡി. ഐ. ആർ-നെ അനുസ്മരിപ്പിക്കത്തക്കതരത്തിലുള്ളൊരു നിയമം ഇവിടെ കൊണ്ടുവന്നാലെ ഒക്കൂ എന്ന സ്ഥിതിയിലാണോ നിങ്ങൾ ഈ സംസ്ഥാനത്തെ കാണുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. 'ടാഡ' കൊണ്ടുവരാൻ ഒരു ഭീകര സംസ്ഥാനമാണെന്ന് കണ്ടുപിടിച്ച നിങ്ങൾ ഡി. ഐ. ആർ. ഉപയോഗിക്കാവുന്ന തരത്തിൽ ഈ സംസ്ഥാനം മാറിയിരിക്കുന്നു അധഃപതിച്ചിരിക്കുന്നു എന്ന് കണ്ടുപിടിച്ചതിൽ ഞാൻ അൽഭുതപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യാനുള്ള 7-ാം വകുപ്പ്. കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യാനാണ് 7-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്. സാധാരണഗതിയിലുള്ള വിശദമായ തെളിവെടുപ്പും വിചാരണയും നിഷേധിക്കുകയാണ്.

ഒരർത്ഥത്തിൽ, ഫലത്തിൽ നീതി നിഷേധിക്കുകയാണ് ഈ വകുപ്പുകളിൽ എല്ലാംകൂടി ചെയ്യുന്നത് എന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. ഇങ്ങനെ എല്ലാവിധത്തിലും ഈ നിയമം ജനാധിപത്യ വിരുദ്ധമാണ്, തൊഴിലാളി വിരുദ്ധമാണ്, ജനവിരുദ്ധമാണ് എന്ന് ആർക്കും വ്യക്തമാകും. മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ലാ മിനിസ്ററും ഇതിനെ ന്യായീകരിക്കുകയാണുണ്ടായത്. തൊഴിലാളി വിരുദ്ധമായ നയസമീപനങ്ങൾ ഉള്ളിൽ തിങ്ങിവിങ്ങി നിൽക്കുന്ന നിങ്ങളുടെ ആ വിരണ്ടവാദങ്ങൾ അത് അർഹിക്കുന്ന അവജ്ഞയോടുകൂടി ഈ നാട്ടിലെ ജനങ്ങൾ തള്ളിക്കളയുന്നതാണ്. ഈ നാട്ടിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങൾ അവരുടെ ചോരയും കണ്ണുനീരും പ്രാണനും നൽകി നേടിയെടുത്തിട്ടുള്ള നിയമങ്ങളാണ്. ആ നിയമങ്ങൾ പിച്ചിച്ചീന്താൻ വരുന്ന ആളുകളെ അവർ വെറുതെ വിടുകയില്ല. ഇവിടെ ഡി. ഐ. ആർ. കൊണ്ടുവന്ന ഭരണാധികാരികൾ ഉണ്ട്. ആ ഡി. ഐ. ആർ. കേരളത്തിൽ നടപ്പാക്കിയ മാന്യനാണല്ലോ നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി. ഞങ്ങളെ പലരെയും പിടിച്ച് ജയിലിലിട്ടില്ലേ? തൊഴിലാളികളെ അറസ്ററ് ചെയ്തിട്ടില്ലേ? നിരവധി ആളുകളെ—ഗുൽസാരിലാൽ നന്ദ മുതൽ മി. കരുണാകരൻവരെ—അവരുടെ ജനാധിപത്യാവകാശങ്ങൾ, പൗരാവകാശങ്ങൾ ചവിട്ടി മെതിച്ചുകൊണ്ട് ഇരുമ്പറയിൽ അടച്ചിട്ടും നിങ്ങൾക്ക് ആ കരിനിയമങ്ങൾ രക്ഷിക്കാൻ കഴിഞ്ഞോ എന്ന് ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. ഈ കീറിപ്പറിഞ്ഞ പഴന്തുണി ഉയർന്നുവരുന്ന ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾക്ക് നേരെ പാറി അതിനെ തടയാം എന്നുള്ളത് നിങ്ങളുടെ വ്യാമോഹമാണ്. അത് നടപ്പിലാക്കാൻ കഴിയില്ല. കുതിച്ചുവരുന്ന വിലക്കയററം, ആയിരക്കണക്കിന് തൊഴിലാളികളെ തെരുവിലേക്കെറിയുന്ന തൊഴിലില്ലായ്മ, നാറുന്ന അഴിമതി: ഇതിനെല്ലാം എതിരായി സ്വാഭാവികമായും ഈ നാട്ടിലെ ജനങ്ങളുടെ രോഷവും പ്രതിഷേധവും വളർന്നുവരുന്നു. അതിനെ ചങ്ങലയ്ക്ക് ഇടാം എന്നാണ് നിങ്ങളുടെ വ്യാമോഹം എങ്കിൽ, അത് നിങ്ങളുടെ വെറും വ്യാമോഹമാണ്. ഇത് നടപ്പിലാക്കാൻ പോകുന്നില്ല എന്നാണ് ഈ അവസരത്തിൽ ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നത്. ഇവിടെ ഈ തരത്തിലുള്ള കാടൻ നിയമങ്ങൾ നിയമനിർമ്മാണത്തിലൂടെ, നിയമവാഴ്ചയിലൂടെ, നിയമനടത്തിപ്പിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നത് ആരാണ്? അപ്പുറത്തിരിക്കുന്ന മാന്യൻമാരാണ്. കഴിഞ്ഞ ദിവസം ഇവിടെ ഒരു റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചർച്ച നടന്നു. സി.ഐ ജി. റിപ്പോർട്ടിനെപ്പററിയുള്ള ചർച്ച. ഇവിടെ വിശദമായ ചർച്ചകൾ നടന്നതുകൊണ്ട് അതിന്റെ മററു വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. എന്നാൽ അതിൽ ഒരു മറുവശമുണ്ട് ആ സി. ഐ. ജി. റിപ്പോർട്ടിന്റെ ഒരു മറുവശം. ആ റിപ്പോർട്ടിൽ ഇടപാടുകളെപ്പററിയുള്ള പി. ആൻറ് ഇ. കമ്പനി, മാള എക്സ്പോർട്ടേഴ്സ് എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങളെപ്പററി പറയുന്നത് നിങ്ങളെല്ലാം ഓർക്കുമെന്ന് ഞാൻ കരുതുന്നു. നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ മാളയുടെ പേരുമായി ബന്ധപ്പെട്ട ആ മാള എക്സ്പോർട്ടേഴ്സ് ആരാണ്? കേന്ദ്രഗവൺമെൻറിലെ കുററാന്വേഷണ വകുപ്പിന്റെ ഒരു തലവനും ഡി. ഐ. ജി. യും ആയിരുന്ന ഒരു ഉണ്ണികൃഷ്ണൻ. ആ ഡി. ഐ. ജി. ഉണ്ണികൃഷ്ണൻ, പ്രധാനമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

രാജീവ്ഗാന്ധിയുടെ കാലത്ത് ഒഫീഷ്യൽ രഹസ്യം—രാജ്യത്തിന്റെ ഭദ്രതയെ ആസ്പദമാക്കിയുള്ള രഹസ്യം—സി. ഐ. എ. വഴി സിലോൺ ഗവൺമെന്റിന് കൈമാറി എന്നു മനസ്സിലാക്കി. ചതിയനും രാജ്യദ്രോഹിയുമായ ആ കുററാന്വേഷണ ഉദ്യോഗസ്ഥനെ ദേശീയസുരക്ഷിതത്വ നിയമമനുസരിച്ച് കസ്ററഡിയിലെടുത്ത് ഒരു കൊല്ലത്തോളം തടവിലിട്ടു. ആ ഉണ്ണികൃഷ്ണൻ പിന്നീട് ഒരു കൊല്ലത്തിനുശേഷം ശക്തമായ ഏതോ കേന്ദ്രങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി ജയിൽ മോചിതനായി. അമേരിക്കയുടെ നേതൃത്വത്തിലുള്ള ലോകത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങളേയും ജനാധിപത്യ രാജ്യങ്ങളേയും കുരുക്കിലാക്കുന്ന അമേരിക്കയുടെ സി. ഐ. എ.യുടെ ഏജൻറായി മാറിയ ഉണ്ണികൃഷ്ണൻ ജയിൽ മോചിതനായതിനുശേഷം മുഴുത്ത പണമാണ് നൽകിയത്. ആ പണമുപയോഗിച്ചാണ് മാള എക്സ്പോർട്ടേഴ്സ് എന്നൊരു കമ്പനിക്ക് രൂപം നൽകിയത് എന്നു മനസ്സിലാക്കണം. അതുപോലെതന്നെ പത്മകുമാറിന്റെ ബാച്ചിൽപ്പെട്ട ഒരു ഐ. എ. എസ്. കാരൻ മി. നാരായണൻ. ആ നാരായണനെ എന്തോ കാരണത്താൽ ഉദ്യോഗത്തിൽനിന്ന് പുറത്താക്കി. ആ നാരായണനും ഉണ്ണികൃഷ്ണനു കൂടി മദ്രാസിൽ കേന്ദ്രീകരിച്ച് സിംഗപ്പൂരിൽ രജിസ്ററർ ചെയ്ത കമ്പനിയാണ് ഈ പവർ ആൻറ് എനർജി കമ്പനി. ആ കമ്പനി ഇവരെല്ലാം ചേർന്ന് രൂപം നൽകിയിട്ടുള്ളതാണ്. ഈ രാജ്യദ്രോഹികൾ, ജനദ്രോഹികൾ, രാജ്യവഞ്ചകൻമാർ ഒക്കെ ചേർന്ന് രൂപം നൽകിയ ഈ രണ്ട് കമ്പനികളുമായിട്ട് എങ്ങനെയാണ് നമ്മുടെ മുഖ്യമന്ത്രിക്കുള്ള ബന്ധം? മാള എന്ന പേരുകൊണ്ട് മാത്രമല്ല അദ്ദേഹത്തിന്റെ ഒരു സന്തതസഹചാരിയായ ഒരു ഉപഗ്രഹമുണ്ട്. അദ്ദേഹത്തെ സംബന്ധിച്ച് കർണ്ണാടകയിലെ ഡി. ഐ. ജി. ആയ മി. ഭാദ്രി ഇവിടത്തെ ചീഫ് സെക്രട്ടറിക്ക് ഒരു കത്തെഴുതി. ആ കത്തിൽ അദ്ദേഹം ചീഫ് സെക്രട്ടറിയോട് പറയുന്നത് ഉത്തര കേരളത്തിലെ കാസർകോഡും വയനാട്ടിലും കർണ്ണാടകത്തിലുമായി ചന്ദനത്തൈലം വാററുന്ന ഒട്ടേറെ ഫാക്ടറികൾ ഉണ്ട്. ആ ഫാക്ടറികളിൽനിന്ന് വാററിയെടുക്കുന്ന തൈലം............ (ബഹളം) ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് പരിരക്ഷ വേണം. (ബഹളം) ഞാൻ ഈ നിയമം നടപ്പാക്കുന്നത് ആരാണ് എന്ന് ചൂണ്ടിക്കാണിക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെപ്പററിയുള്ള ചർച്ചയിലേക്ക് പോവുകയാണ്. ആ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് തൊട്ടുമുമ്പ് പ്രതിപക്ഷനേതാവ് സംസാരിക്കുന്നത് എനിക്ക് മനസ്സിലാക്കാം. പക്ഷേ വിഷയം വിട്ട്, രണ്ട് ദിവസങ്ങൾക്കപ്പുറത്ത് ക്ലോസ് ചെയ്ത ഒരു സബ്ജക്ട് റീ-ഓപ്പൺ ചെയ്യുന്നതിനുവേണ്ടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്ന് ചർച്ച ചെയ്തിട്ടുള്ളത് ഓർഡറിലാണോ എന്നറിയണം.

ശ്രീ. ടി. ശിവദാസമേനോൻ: പ്രതിപക്ഷനേതാവ് അദ്ദേഹം എഴുതിയ ഡിസൻറിനെ സംബന്ധിച്ച് എതിർപ്പ് പ്രകടിപ്പിക്കുകയാണ്. ഈ 'ടാഡ' കൊണ്ടുവരാനുള്ള ലക്ഷ്യം ഈ വക എല്ലാ ഗുലുമാലും ചെയ്തവർക്ക് എതിരായി ജനരോഷം ഇരമ്പി വരും, അതിനെ നേരിടാനാണ് ഈ നിയമം കൊണ്ടുവരുന്നത് എന്നു സ്ഥാപിക്കാനാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): Sir, I am on a point of order. I am referring to Rule 92. The discussion on a motion that the Bill be passed shall be confined to

LIBRARY ARCHIVES Kerala Legislative Assembly

arguments either in support of the Bill or for the rejection of the Bill. In making his speech, a member shall not refer to the details of the Bill further than is necessary for the purpose of his arguments which shall be of a general character. ഈ ബില്ലിലെ വ്യവസ്ഥകളുമായി ബന്ധപ്പെടാത്ത മററ് വിഷയങ്ങളെ സംബന്ധിച്ച് ഇങ്ങനെ സംസാരിച്ച് സമയം കളയുന്നത് ശരിയല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സ്പീക്കർ സർ, ഞാൻ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ സംബന്ധിച്ച്, അത് നടപ്പിലാക്കാൻ അപ്പുറത്തിരിക്കുന്ന ആളുകൾ എടുക്കുന്ന നിലപാടുകൾ സംബന്ധിച്ചെല്ലാം വളരെ ഗൗരവമായി ഈ സഭയുടേയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഉത്തര കേരളത്തിൽ കർണ്ണാടകത്തിലും വയനാട്, കാസർകോട്, പാലക്കാട് തുടങ്ങിയുള്ള പ്രദേശങ്ങളിലും ചന്ദനത്തടികൾ വെട്ടിയെടുത്ത് വാററുന്ന ചില ഫാക്ടറികൾ ഉണ്ട്. ആ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന ചന്ദനതൈലം എറണാകുളത്തെ 'ഗ്രീൻലീവ്' എന്നു പേരുള്ള ഒരു സ്ഥാപനം വഴിയാണ് വിററ് കാശാക്കുന്നത്. ഇതിന്റെ നേതാവ് ആരാണ്? നമ്മുടെ സംസ്ഥാനത്ത് നിയമസമാധാനത്തിന്റെ ചുമതല വഹിച്ച അഡീഷണൽ ഡി. ജി. പി. മധുസൂദനൻ. മി. മധുസൂദനനെപ്പററിയാണ് കർണ്ണാടകത്തിലെ ഡി. ജി. പി. മി. ഭാദ്രി നമ്മുടെ ചീഫ് സെക്രട്ടറിക്ക് കത്ത് എഴുതിയത്. ആ പഴയ ചീഫ് സെക്രട്ടറി, ഇപ്പോൾ നമ്മുടെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. നമ്മുടെ രാജീവ്ഗാന്ധിയുടെ കാലത്ത് ഉണ്ടായിരുന്നതുപോലെ പ്രിൻസിപ്പൽ സെക്രട്ടറി പുതുതായി നമ്മുടെ മുഖ്യമന്ത്രിക്ക്! ഇപ്പോൾ നമുക്ക് നാല് ചീഫ് സെക്രട്ടറിമാർ ഉണ്ട്. ഒന്ന്, പുതുതായി സ്ഥാനമേററിരിക്കുന്ന ശ്രീ. ആർ. രാമചന്ദ്രൻനായർ, മറെറാന്ന് വകുപ്പ് പങ്കിട്ടെടുത്തിരിക്കുന്ന ശ്രീ. ഗോപാലകൃഷ്ണപിള്ള, അഡീഷണൽ ചീഫ് സെക്രട്ടറി. മൂന്നാമത്തേത് ചീഫ് സെക്രട്ടറിയുടെ പദവിയോടുകൂടി മൂന്നു കൊല്ലത്തേയ്ക്ക് സ്ഥാനം നൽകി കെ. എസ്. ഐ. ഡി. സി. യുടെ ചെയർമാനാക്കിയിരിക്കുന്ന മറെറാരു ചീഫ് സെക്രട്ടറി. നാലാമത്തെയാൾ നമ്മുടെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയാക്കി ഇപ്പോൾ മാററിയിരിക്കുന്ന ചീഫ് സെക്രട്ടറി. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന് നാല് ചീഫ് സെക്രട്ടറിമാർ ആണ് ഇന്ന് നിലനിൽക്കുന്നത്. ഈ സംസ്ഥാനത്തെ ഏററവും ഉത്തരവാദപ്പെട്ട ഒരു മുഖ്യ ഉദ്യോഗസ്ഥന്റെ സ്ഥാനത്ത് നാലുപേരെ വയ്ക്കേണ്ടി വന്നിരിക്കുന്നു എന്നതാണ് നമ്മുടെ ഗതികേട് എന്ന് ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഈ നിയമം നടപ്പിലാക്കേണ്ടതിന്റെ പരമാധികാരികളായിട്ടുള്ള ആളുകളുടെ ചിത്രമാണ് ഞാൻ പറയുന്നത്. അതുപോലെ നിയമസമാധാനത്തിന്റെ പരിരക്ഷ നൽകേണ്ട പോലീസ് വകുപ്പിന് ഇന്ന് ഒരു തലവൻ ഉണ്ടോ? ഒരു കൊല്ലമായി, നമ്മുടെ നിയമസമാധാനത്തിന്റെ മുഖ്യ ചുമതല വഹിക്കുന്ന പോലീസ് വകുപ്പിന് ഒരു ഡി. ജി. പി. ഇല്ല. ഉപ കപ്പിത്താൻമാർ ആണ് ആ സ്ഥാനമെല്ലാം വഹിക്കുന്നത്. വരുമാനത്തേക്കാൾ കൂടുതൽ സ്വത്ത് സമ്പാദിച്ചു എന്നു പറഞ്ഞ ആക്ഷേപം വന്ന മധുസൂദനൻ, ജയറാം പടിക്കൽ എന്നിവരെ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായതിനുശേഷം വരുമാനത്തിൽ കവിഞ്ഞില്ല, വരുമാനത്തോളമേയുള്ളു, അല്ലെങ്കിൽ അതിന് താഴയേയുള്ളു എന്ന റിപ്പോർട്ട് വാങ്ങി അവരെ ഉന്നത സ്ഥാനങ്ങളിൽ നിയമിച്ചു. അതിനുശേഷംപോലും അവരെ വഹിക്കാൻ കഴിയാത്ത സ്ഥിതിയിലുള്ള അനുഭവം

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിനും മുഖ്യമന്ത്രിക്കും ഉണ്ടായി. ജയറാം പടിക്കലിനെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകേണ്ട റിപ്പോർട്ട് പത്രത്തിന് ചോർത്തി കൊടുത്തു എന്നുള്ളതിന്റെ പേരിൽ മി. മധുസൂദനനെ മാററി നിർത്തി. ഇപ്പോൾ അദ്ദേഹം ജയിലിന്റെ ഡയറക്ടർ ജനറൽ! ജയിലിൽ കിടക്കേണ്ട കുററവാളി ജയിലിന്റെ ഡയറക്ടർ ജനറലായി ഇന്ന് മാറിയിരിക്കുന്നു. ഇയാൾക്കാണ് ഉണ്ണികൃഷ്ണനുമായിട്ടുള്ള ബന്ധം; മാലാ എക്സ്പോർട്ടേഴ്സുമായിട്ടുള്ള ബന്ധം. സി. എ. ജി. റിപ്പോർട്ടിലെ പതിനയ്യായിരം ടൺ പാമോയിൽ ഇടപാടിൽ ക്വട്ടേഷൻ നൽകാതെ നാൽപത്തിനാലു ലക്ഷത്തിന് ചുളുവിൽ ചുമതലയേൽപ്പിക്കപ്പെട്ടത് ആരെ? മാലാ എക്സ്പോർട്ടേഴ്സിനെ. അതുപോലെതന്നെ ഉണ്ണികൃഷ്ണനും നാരായണനും ബന്ധപ്പെട്ട ഈ ഇടപാടിൽ ക്വട്ടേഷൻ കൊടുക്കാതെ കോൺട്രാക്ട് ചുമതല ഏൽപ്പിച്ചത് ആരെ? പി. ആൻറ് ഇ. കമ്പനിയെ. പി. ആൻറ് ഇ. എന്നു വച്ചാൽ എന്തെല്ലാമാണ് നമ്മൾ ധരിച്ചത്? എന്നാൽ വസ്തുതകൾ പുറത്തു വന്നപ്പോൾ ഇതെല്ലാം കേരളീയർ ആണ്. ഡൽഹിയിൽ വച്ച് ഒരു പ്രാവശ്യമല്ല, പലപ്രാവശ്യം ചർച്ച നടത്തി. ഈ ഇടപാടുകളെപ്പററി മലയാളികളായിട്ടുള്ള ഇവർ നടത്തിയിട്ടുള്ള കൂട്ടുചർച്ചയിൽ അവർ നന്ദിപൂർവ്വം പറയുകയാണ്, പി. ആൻറ് ഇ. കമ്പനിയുടെ നാഥൻമാരായിട്ടുള്ള ആളുകൾ പറയുകയാണ്, കേരളത്തിന് പതിനയ്യായിരം ടൺ ഇറക്കുമതി മാത്രമല്ല മററ് സംസ്ഥാനങ്ങളിലേക്കും ഞങ്ങളുടെ പാമോയിൽ ഇറക്കാൻ സഹായിച്ച അങ്ങയ്ക്ക് കൃതജ്ഞതാപുരസരമായ ആശംസകൾ, നന്ദി, നന്ദി എന്ന് ആ കത്തിൽ പറഞ്ഞിട്ടുള്ളത് നിങ്ങൾ വായിച്ചു കാണുമല്ലോ. ഞാൻ പറഞ്ഞു വന്നത്, ഇത്തരം കരിങ്കള്ളൻമാരാണ് രാജ്യം ഒററിക്കൊടുക്കുന്ന, രാജ്യം പണയപ്പെടുത്തുന്ന കരിങ്കള്ളൻമാരാണ് ടാഡയും അവശ്യ സർവ്വീസസ് നിയമവും കൊണ്ടുവന്ന് പാവപ്പെട്ട തൊഴിലാളികൾ അവകാശങ്ങൾക്കു വേണ്ടി നടത്തുന്ന പോരാട്ടങ്ങൾക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുന്നത് എന്ന് അങ്ങ് മനസ്സിലാക്കണം. കൽത്തുറുങ്കിൽ കിടക്കേണ്ടവർ, കൈയാമം വയ്ക്കേണ്ടവർ നിയമം ചമയ്ക്കുന്നു, നിയമം നടപ്പിലാക്കുന്നു, നിയമപാലകൻമാരായി മാറുന്നു. നമ്മുടെ നാടിന്റെ ദുർവിധിയെ സംബന്ധിച്ച് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. തൊഴിലാളി സമരംവഴി, ജീവനക്കാരുടെ സമരം വഴി, ജനാധിപത്യപരമായ പോരാട്ടങ്ങൾ വഴി ജനങ്ങൾ നേടിയെടുത്തിട്ടുള്ള ഈ അവകാശങ്ങൾ ഇത്തരം പഴമുറംകൊണ്ടോ ചൊരിമണൽ കൊണ്ടോ ജനകീയ പോരാട്ടമാകുന്ന ആ മലവെള്ളപ്പാച്ചിലിനെ തടയാം എന്ന് വ്യാമോഹിക്കേണ്ടതില്ല. അതുകൊണ്ട് ഈ കരിനിയമം കേരളത്തിന്റെ ജനാധിപത്യ മനഃസാക്ഷിയുടെ മുമ്പിൽ ഇനിയും കൊണ്ടു വരാതിരിക്കാൻ കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഉത്തരകേരളത്തിൽ കണ്ണൂരിൽതന്നെ ഇപ്പോൾ 'ടാഡ' കൊണ്ടുവന്നു. ഭീകരമായ സംസ്ഥാനമായി ഈ നാടിനെ മാററാൻ തുനിഞ്ഞതിന്റെ കാരണവും ഞാൻ പ്രത്യേകമായി പറയേണ്ടതായിട്ടില്ല. ശ്രീ. മധുസൂദനൻ എവിടത്തുകാരനാണ്? തളിപ്പറമ്പുകാരൻ, കണ്ണൂർ ജില്ലക്കാരൻ. ഇവിടെ എം. എൽ. എ. ആയി അഭിനയിച്ചുനിൽക്കുന്ന സുധാകരൻ എവിടത്തുകാരനാണ്? കണ്ണൂർക്കാരൻ. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ ശ്രീ. എം. വി. രാഘവൻ എവിടത്തുകാരനാണ്? കണ്ണൂർക്കാരൻ. ഇവർ എല്ലാംകൂടി കഴിഞ്ഞ നാളുകളിൽ കണ്ണൂരിൽ സൃഷ്ടിച്ചിട്ടുള്ള ഭീകരനാടകങ്ങൾ എന്ത് എന്ന് ഞാൻ ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. അത്തരക്കാർക്ക് യഥേഷ്ടം ഭീകരനാടകം നടത്താൻ അവസരമുണ്ടാകണം അല്ലേ? സർ, അവർക്ക് ചന്ദനത്തൈലം മോഷ്ടിച്ച് വിൽക്കാനുള്ള അവസരം വേണം, അവർക്ക് മാള എന്നും പി. ആൻറ് ഇ. എന്നും പറയുന്ന വെട്ടിപ്പ് കമ്പനികൾ

LIBRARY ARCHIVES Kerala Legislative Assembly

വഴി ഈ സംസ്ഥാനത്തിന്റെ ഖജനാവ് വെട്ടിക്കാനുള്ള സർവ്വ സ്വാതന്ത്ര്യം വേണം. അതിനെ ശക്തമായി വെല്ലുവിളിക്കുന്ന പ്രസ്ഥാനങ്ങളൊന്നും ഇവിടെ നിലനിൽക്കാൻ പാടില്ല, അതിനെ കരിനിയമവും ടാഡ നിയമവും കൊണ്ടുവന്ന് തടയാം എന്നാണ് ഇക്കൂട്ടർ സ്വപ്നം കാണുന്നത്; ശ്രമിക്കുന്നത്. പൊതുപ്രവർത്തകൻമാർ ജനസേവകന്മാർ ആയിരിക്കണം. നമ്മുടെ മുഖ്യമന്ത്രി ഇന്നലത്തെ മറുപടി പ്രസംഗത്തിൽ പറഞ്ഞു, 'എന്റെ നിഷ്കളങ്കമായ 60 കൊല്ലത്തെ രാഷ്ട്രീയ ജീവിതത്തിൽ ഒരു കറുത്ത പാടും ഉണ്ടായിട്ടില്ല' എന്ന്. ഞാൻ ചോദിക്കുകയാണ് ആ പാവപ്പെട്ട വിദ്യാർത്ഥി രാജനെ കൊലചെയ്യിക്കാൻ കൂട്ടുനിന്നതിന്, അതിന് കോടതിയിൽ കള്ളം പറഞ്ഞതിന് മേടിച്ച ശിക്ഷ ഒരു കറുത്ത പാട് ആയിരുന്നില്ലേ? അത് ഈ 60 കൊല്ലത്തെ രാഷ്ട്രീയ ജീവിതത്തിന്റെ ഭാഗമല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ തൃശ്ശൂരിലെ ഒരു തോട്ടത്തിൽ നടന്ന ഇടപാടുമായി ബന്ധപ്പെട്ട് രാജേന്ദ്രൻ എന്ന ഒരു ചെറുപ്പക്കാരൻ അദ്ദേഹത്തിന്റെ വീക്കിലി പത്രത്തിൽ ഒരു വാർത്തകൊണ്ടുവന്നു. ആ രാജേന്ദ്രനിൽ നിന്ന് ഈ വാർത്ത അഴീക്കോടൻ രാഘവന്റെ കയ്യിൽപ്പെട്ടുവെന്ന് അറിഞ്ഞ അന്നത്തെ ഗവൺമെന്റ് കേരളത്തിന്റെ വീരപുത്രനായ സഖാവ് അഴീക്കോടൻ രാഘവനെ ഏതാനും നക്സലുകളെ ഉപയോഗിച്ച് കൊലപ്പെടുത്തിയതിനു പിന്നിൽ ആരുടെ കറുത്ത കൈകളാണ് ചലിപ്പിച്ചത് എന്നും കേരളത്തിന് അറിയാവുന്നതാണ്. മിസ്റ്റർ കരുണാകരന്റെ 60 കൊല്ലത്തെ സേവനം—ആർക്കുവേണ്ടിയുള്ള സേവനം എന്നുള്ളതിന്റെ പട്ടിക ഞാൻ നിരത്തുന്നില്ല—ഇത്തരക്കാരായിട്ടുള്ള ആളുകളാണ് ടാഡ, അവശ്യ സർവ്വീസസ് നിയമം തുടങ്ങിയ കരിനിയമങ്ങളും കൊണ്ടുവന്ന് കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനത്തെ, തൊഴിലാളികളുടെ അവകാശ സംരക്ഷണത്തെ കുഴിച്ചുവിലങ്ങിടാൻ ശ്രമിക്കുന്നത്. അത് വ്യർത്ഥമാണെ, ഇത് ഈ നാട്ടിൽ ചെലവാകുകയില്ല. ജനങ്ങളുടെ മുന്നേറ്റത്തെ തടയാൻ സാദ്ധ്യമല്ലെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട്, ഈ നിയമത്തിന്റെ അനന്തര നടപടികളിലേക്കുള്ള എല്ലാ നീക്കത്തേയും അതിശക്തമായി ഞാനും എന്റെ പാർട്ടിയും പ്രതിഷേധിക്കുകയാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഇപ്പോൾ ഇവിടെ നിറുത്തട്ടെ, എന്റെ സഹപ്രവർത്തകരെല്ലാം പറഞ്ഞശേഷം മററ് കാര്യങ്ങളും പറയുന്നതാണ് എന്ന് അങ്ങയെ അറിയിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ. ഇതൊരു പ്രൊസൈപ്രെററിയുടെ വിഷയമാണ്. സബ്ജക്ട് കമ്മിററി സ്റേറജിൽ ഡിസെൻറിംഗ് നോട്ട് തന്ന ശ്രീ. വി. എസ്. അച്യുതാനന്ദൻ, പി. എസ്. ശ്രീനിവാസൻ എന്നിവർ സബ്ജക്ട് കമ്മിററി ബഹിഷ്കരിച്ചശേഷം ഇവിടെ പ്രസംഗിക്കുകയാണ്. ഇപ്പോൾ പ്രസംഗിച്ചു കഴിഞ്ഞിട്ട് ഇനി മൂന്നാമത് പ്രസംഗിക്കാൻ വരുന്നു എന്നാണ് പറഞ്ഞത്. സബ്ജക്ട് കമ്മിററി ബഹിഷ്കരിച്ചതു തന്നെ തെററായിപ്പോയി. അവിടെ പറയേണ്ട കാര്യങ്ങൾ അവിടെ പറഞ്ഞശേഷം ഡിസെൻറിംഗ് നോട്ട് തരേണ്ടതിനുപകരം അവിടെ ബഹിഷ്ക്കരണം നടത്തിയശേഷം ഇവിടെ വന്ന് ഇപ്പോൾ പ്രസംഗിക്കുകയും ഇനി ഇരുന്നശേഷം മൂന്നാമത് ബഹിഷ്ക്കരണ പ്രസംഗം നടത്തുകയും ചെയ്യുന്നത് ഒരിക്കലും പ്രൊസൈപ്രെററിക്ക് ചേർന്നതല്ല; നടപടിക്രമങ്ങൾക്ക് ചേർന്നതല്ല. ഇന്ന് അവസാനത്തെ ദിവസമാണ്. ഇത് ഓർഡിനൻസ് റീപ്ലേസിംഗ് ബില്ലാണ്. ഉച്ചയ്ക്ക് തന്നെ ഈ നിയമം പാസ്സാക്കണം. അല്ലെങ്കിൽ ലാപ്സായിപ്പോകും. നടപടിക്രമങ്ങൾ വിട്ടുകൊണ്ടുള്ള രാഷ്ട്രീയ പ്രസംഗമൊക്കെ ഇതിന്റെ

ചർച്ചാവേദിയിൽ അങ്ങ് അനുവദിക്കാൻ പാടില്ല, വളരെ കർശനമായി നടപടിക്രമങ്ങൾ നിയന്ത്രിച്ചുകൊണ്ട് ഉച്ചയ്ക്ക് മുമ്പ് നമുക്ക് ഇത് പാസാക്കണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഞങ്ങൾ ആ സബ്ജക്ട് കമ്മിററിയോഗം ബഹിഷ്കരിച്ചു, അവസാനം ഞങ്ങൾ ഡിസെൻറിംഗ് നോട്ടും എഴുതിക്കൊടുത്തു. വളരെ താൽപ്പര്യമുള്ള നിയമമന്ത്രി അത് ഇതിൽ എഴുതിക്കൊണ്ടുവരാമോ? ഇത്ര വിവരക്കേടുള്ള നിയമമന്ത്രിയെ ഇവിടെ വച്ചുകൊണ്ടിരിക്കാമോ? ഡിസെൻറിംഗ് നോട്ടിനെക്കുറിച്ച് പറയാൻ പാടില്ല എന്നുപറയുന്നത് ഏത് കാടൻ നിയമമാണ്?

ശ്രീ. കെ. എം. മാണി: സബ്ജക്ട് കമ്മിററി ബഹിഷ്കരിച്ചവർക്ക് ഇവിടെ വന്ന് സംസാരിക്കാൻ അവകാശമില്ല.

ശ്രീ. ബേബി ജോൺ: സബ്ജക്ട് കമ്മിററി ബഹിഷ്കരിച്ചതിന്റെ കാരണം പറഞ്ഞിട്ടുണ്ട്. ഇത് ഇവിടെ നിയമം ആക്കരുത് ഇത് പിൻവലിക്കണമെന്നാണ് പറഞ്ഞത്. അത് വകവയ്ക്കാതെ പിന്നേയും ഇവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യുമ്പോൾ എന്തുകൊണ്ട് പിൻവലിക്കണം എന്നാണ് ഞങ്ങൾ പറഞ്ഞത്. അത് പറയാനുള്ള അവകാശം മെമ്പർമാർക്ക് ഉണ്ട്. ഞങ്ങൾ ഭയപ്പെടുന്ന വിധത്തിലുള്ള നിയമങ്ങൾ വന്നാൽ സ്ററീം റോളർ ഉപയോഗിച്ച് ജനങ്ങളുടെ അവകാശം തടയുന്നതുപോലെയാണ് ശ്രീ. മാണി ഇപ്പോൾ പോയിൻറ് ഓഫ് ഓർഡർ റെയ്സ് ചെയ്തത്.

ശ്രീ. കെ. എം. മാണി: സബ്ജക്ട് കമ്മിററി ബഹിഷ്ക്കരിച്ച് ഡിസെൻറിംഗ് നോട്ട് എഴുതിക്കൊടുത്തിട്ട് ഇവിടെ വന്ന് പ്രസംഗിക്കണം എന്നാണ് പറയുന്നത്. സബ്ജക്ട് കമ്മിററി ബഹിഷ്ക്കരിച്ചു കഴിഞ്ഞാൽ പിന്നെ ഈ പ്രസംഗങ്ങൾക്ക് പ്രസക്തിയില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെയൊന്നും ഒരു സെക്ഷനും ഒരു നിയമത്തിലും ഇല്ല. അദ്ദേഹം കോടതിയിൽ പോകാതിരുന്നത് നമ്മുടെ നാട്ടുകാരുടെ ഭാഗ്യം. അവിടെ പോയി വാദിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ കക്ഷി ശിക്ഷിക്കപ്പെടുമായിരുന്നു. അദ്ദേഹം ഉന്നയിച്ച ഈ വാദഗതികളിൽ യാതൊരു കഴമ്പുമില്ല.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം പ്രഗൽഭനായ ഒരു ക്രിമിനൽ അഭിഭാഷകനായിരുന്നു. അങ്ങനെ പറയരുത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ നിയമത്തോട് ഞങ്ങൾക്ക് യാതൊരു യോജിപ്പും ഇല്ലാതിരുന്നതുകൊണ്ടാണ് ഞങ്ങൾ ഡിസെൻറിംഗ് നോട്ട് കൊണ്ടുവന്നത്. ആ കമ്മിററി ഞങ്ങൾ ബഹിഷ്ക്കരിക്കുകയും ചെയ്തു. അതിനുള്ള കാരണങ്ങൾ, ഈ സഭയോട്, പ്രത്യേകിച്ച് അപ്പുറത്തിരിക്കുന്ന ജനാധിപത്യവാസികളായ സുഹൃത്തുക്കളോട് പറയേണ്ടതുണ്ട്. അതുകൊണ്ടാണ് സംസാരിക്കുന്നത്. ശ്രീ. മാണിയുടെ നേതൃത്വത്തിലുള്ള ഒരു തൊഴിലാളി യൂണിയനുണ്ട്, അപ്പുറത്തിരിക്കുന്ന ലീഗുകാരുടെ നേതൃത്വത്തിലുള്ള തൊഴിലാളി യൂണിയനുണ്ട്, ധാരാളം സംഘടനകൾ ഉണ്ട്. ട്രാൻസ്പോർട്ട് മന്ത്രിക്കുമുണ്ട് ഒരു യൂണിയൻ. 'എസ്മാ' ആദ്യമായി പ്രൊമുൽഗേററ് ചെയ്ത് പ്രഖ്യാപിച്ച ചില സ്ഥാപനങ്ങൾ പണിമുടക്കി

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുമ്പോഠം അതിൽ ഒന്ന് ട്രാൻസ്പോർട്ടിലെ തൊഴിലാളികളുടെ പണിമുടക്കായിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ട്രാൻസ്പോർട്ട് മന്ത്രിയും ധനകാര്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും എല്ലാം ചേർന്ന് കോൺഫറൻസ് നടത്തി. ആ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങഠം നടപ്പിലാകാതെ വന്നാൽ, മററ് ജനാധിപത്യ മാർഗ്ഗങ്ങഠം അവസാനിച്ചാൽ ആ തൊഴിലാളികഠംക്ക് പണിമുടക്കേണ്ടി വരികയില്ലേ? അവർ പണിമുടക്കിയെന്നുവരും. അത് നിയമ വിരുദ്ധമായി പ്രഖ്യാപിക്കുകയും അതിൽ ഒരു യൂണിയന്റെ പ്രസിഡൻറായ എന്നേക്കൂടി അറസ്ററ് ചെയ്ത് 6 മാസത്തേയ്ക്ക് തടങ്കലിൽ വയ്ക്കുകയും ആണ് ചെയ്യുന്നതെങ്കിൽ അതിന് യാതൊരു നീതീകരണവും ഉണ്ടാകുകയില്ല. ഈ പണിമുടക്കിൽ അപ്പുറത്തിരിക്കുന്ന ചില കോൺഗ്രസ് നേതാക്കളുടെയും, നമ്മുടെ ട്രാൻസ്പോർട്ട് മന്ത്രിയുടേയും നേതൃത്വത്തിലുള്ള യൂണിയനുകളും തൊഴിലാളികളും ഉണ്ടായിരുന്നു.

സർ, ഈ നിയമത്തിന്റെ ഒരാവശ്യവും വാസ്തവത്തിൽ ഇവിടെ ഇപ്പോഴില്ല. പ്രതിപക്ഷനേതാവ് ചില കാര്യങ്ങഠം പറഞ്ഞു. ആ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇനിയും എന്റെ

1 P. M.]

സ്നേഹിതൻമാർ സംസാരിക്കാനുമുണ്ട്. ഇന്നലെ കണ്ണൂർ ജില്ലയിലെ ക്രമസമാധാനത്തെ സംബന്ധിച്ച് ചർച്ച നടന്നപ്പോഠം 'ടാഡ' നടപ്പാക്കിയതും ചർച്ച ചെയ്യപ്പെട്ടു. ചർച്ചകഠംക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 'ടാഡ' നിലനിർത്തുമെന്നാണ്. ലീഗിന് അക്കാര്യത്തിൽ എതിർപ്പുണ്ടായിരുന്നു. ക്ലിൻറൺ ഉഠംപ്പെടെയുള്ള കുറെ രാജ്യാന്തര സുഹൃത്തുക്കഠം നമുക്കുണ്ടല്ലോ. അവരെല്ലാം പരസ്യമായി പറയുന്നത് ഇൻഡ്യയിൽ മനുഷ്യാവകാശങ്ങഠം ലംഘിക്കുന്നുവെന്നാണ്. ഇതെല്ലാം പാകിസ്ഥാനുവേണ്ടിയാണ് അവർ പറയുന്നത്. ഇത്തരം പ്രചാരണങ്ങഠംക്ക് ആക്കം കൂട്ടുന്നതിനുവേണ്ടി മനുഷ്യാവകാശങ്ങഠം ലംഘിക്കുന്ന നടപടികഠം നമ്മഠംതന്നെ സ്വീകരിക്കാമോ? ഭരണഘടനയിൽ മൗലികാവകാശമായി ഒരു കാര്യം പറയുന്നുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിഠം 13-ൽ ഒന്ന്, രണ്ട് വകുപ്പുകളിൽ പറയുന്നതിന് എതിരായിട്ടുള്ളതാണ് വാസ്തവത്തിൽ ഈ നിയമം. അതിൽ (1)-ൽ പറയുന്നത്:

Article 13. "(1) All laws in force in the territory of India immediately before the commencement of this Constitution in so far as they are inconsistent with the provisions of this Part, shall, to the extent of such inconsistency, be void.'' ഇങ്ങനെയൊരു inconsistency ആണ് വാസ്തവത്തിൽ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഉള്ളത്. ഇനി 2-ാം വകുപ്പിൽ പറയുന്നത് (2) The State shall not make any law which takes away or abridges the rights conferred by this Part and any law made in contravention of this clause shall, to the extent of the contravention, be void എന്നാണ്. 'എസ്മ' ഒരിക്കൽ ഈ ഗവൺമെൻറ് പ്രഖ്യാപിച്ചതാണ്. ഇന്നത് ലാപ്സായി പോകുമെന്ന് വിചാരിക്കുക. ഒരാപത്തും വരാനില്ലല്ലോ. ഒരു ആവശ്യം വന്നാൽ മതിയല്ലോ. ഇപ്പോഠം യാതൊരു ആവശ്യവുമില്ല. യാതൊരു നിയമവിരുദ്ധപ്രവർത്തനങ്ങളും നടക്കുന്നില്ല. എന്നാൽ ഇവർക്ക് ഭയപ്പെടാനുള്ള കാര്യങ്ങഠം ഉണ്ട്. ഞാൻ പുറകോട്ട് പോയി ആലോചിക്കുകയാണ്. ഇവിടെ ഗവർണ്ണർ ആദ്യം ചെയ്ത പ്രസംഗത്തിലും പിന്നീട് ഉമ്മൻ ചാണ്ടി നടത്തിയ പ്രസംഗത്തിലും ക്രമസമാധാനപാലനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളെക്കുറിച്ച് അഞ്ച് സ്ഥലത്ത് പറഞ്ഞിരുന്നു. അത് വരാൻ പോകുന്ന ഏതോ ഒരു



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദുശ്ശകുനത്തിന്റെ നാന്ദിയായിട്ടായിരുന്നു ഞങ്ങൾക്ക് തോന്നിയത്. ഞങ്ങൾക്ക് അന്ന് തോന്നിയത് ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചാബിലേക്കുമാത്രം കൊണ്ടുവന്ന 'ടാഡ'യാണ് ഇപ്പോൾ കേരളത്തിലും ബാധകമാക്കിയിരിക്കുന്നത്. അതുപോലെതന്നെയാണ് 'എസ്മ'യും നടപ്പാക്കിയിരിക്കുന്നത്. ഈ രണ്ടു നിയമങ്ങളും കേരളത്തിലെ പൗരൻമാരുടെ ജനാധിപത്യ അവകാശങ്ങൾ വരിഞ്ഞുകെട്ടുന്നവയും നിഷേധിക്കുന്നവയുമാണ്. ആ അവകാശങ്ങൾ ഉപയോഗിക്കുന്ന ആളുകളെ തടങ്കലിൽ വയ്ക്കാനും ശിക്ഷിക്കാനുമുള്ളതാണ് ഈ നിയമങ്ങൾ. അത് വേണമോ എന്ന് ഒന്നുകൂടി ആലോചിക്കണം. ഇവിടെയിപ്പോൾ ശ്രീ. മാണി മുഖ്യമന്ത്രിക്കുവേണ്ടി ചുമ്മാതെ ഇത് ഏറെറടുത്തിരിക്കുന്നു എന്ന് മാത്രമേയുള്ളൂ. അദ്ദേഹത്തോട് ഞാൻ ചോദിക്കട്ടെ, നമ്മളൊക്കെ ഇവിടെ ജനാധിപത്യപരമായി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയല്ലേ? പണിമുടക്ക് ഉണ്ടായിയെന്നുവരും. അവരെ വിളിച്ച് സംസാരിക്കുമ്പോൾ പണിമുടക്ക് തീരും. അതാണ് സാധാരണ ഗതിയിൽ ഇവിടെ നടക്കുന്നത്. അതുകൊണ്ട് ഇത്തരമൊരു നിയമത്തിന്റെ യാതൊരു ആവശ്യവും ഇവിടെയില്ല. ലിബറലൈസേഷൻ, പ്രൈവറൈറസേഷൻ, ഗ്ലോബലൈസേഷൻ തുടങ്ങിയ ഓമനപ്പേരുകളിൽ കൊണ്ടുവന്നിരിക്കുന്ന നമ്മുടെ സാമ്പത്തികനയത്തിന്റെ ഫലമായിട്ട് രാജ്യത്ത് ഇപ്പോൾ തീ പിടിച്ച വിലയാണ്. തൊഴില്ലായ്മ അതിരൂക്ഷമാണ്. 40 മില്യൻ ആളുകളാണ് രാജ്യത്ത് തൊഴിലില്ലാത്തവരായി ഉള്ളത്. സംസ്ഥാനത്ത് നാൽപ്പത് ലക്ഷം പേരാണ്. തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളെത്തന്നെ ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലേക്ക് തള്ളിവിട്ടാൽ സ്വാഭാവികമായും അവർ വമ്പിച്ച പോരാട്ടത്തിലേക്ക് ഇറങ്ങും. തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അവർ സമരം ചെയ്യും. അപ്പോൾ ആ അവകാശസമരത്തെ അടിച്ചമർത്തണോ? കരിനിയമങ്ങൾകൊണ്ട് അവരെയെല്ലാം അകത്താക്കണോ? മാത്രമല്ല അവർക്ക് പ്രേരണ കൊടുക്കുന്ന നേതാക്കൻമാരെയും ട്രേഡ് യൂണിയൻ പ്രവർത്തകരേയും പിടിച്ച് അകത്താക്കാൻ ഈ നിയമം കൊണ്ട് കഴിയും. അതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്ക് ഒട്ടും ആവശ്യമില്ലാത്ത ഒരു നിയമമാണിത്, ജനങ്ങളെ കഠിനമായ പീഡനങ്ങൾക്ക് വിധേയമാക്കാനുള്ള ഒരു നിയമമാണിത്. അതിനുള്ള പരിശ്രമമാണ് നിങ്ങൾ നടത്തുന്നത്. അതുകൊണ്ടാണ് സബ്ജക്ട് കമ്മിററിയിൽ ഞങ്ങൾ ബഹിഷ്കരണം നടത്തിയത്. കഴിഞ്ഞ പ്രാവശ്യം ലോറി സമരം നടന്നപ്പോൾ കേന്ദ്ര ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറുകളോട് 'എസ്മ' ഇൻവോക്ക് ചെയ്യാൻ പറഞ്ഞു. സമരനേതാക്കളുമായിട്ട് ഇവർ പല പ്രാവശ്യം സംഭാഷണം നടത്തി. അവർ ഉന്നയിച്ച കൊച്ചു കൊച്ച് ആവശ്യങ്ങൾ നടപ്പിലാക്കിക്കൊടുത്തിരുന്നെങ്കിൽ സമരം ഒത്തുതീർപ്പിലെത്തിക്കാമായിരുന്നു. വഴിമുക്കിൽ ഒരു പാലം പണിതാൽ ടോൾ ഈടാക്കും. മാമത്ത് ഒരു കലുങ്ക് പണിതതിനാണ് ഇന്നും ഏഴര രൂപവീതം മേടിച്ചുകൊണ്ടിരിക്കുന്നത്. ഇതുപോലുള്ള ആവശ്യങ്ങൾ അവർക്ക് പരിഹരിച്ചുകൊടുക്കാമായിരുന്നു. അങ്ങനെ സമരം അവസാനിപ്പിക്കാൻ ഒരു വിഷമവും ഉണ്ടാകുമായിരുന്നില്ല. അതിനുപകരം 'എസ്മ' ഉപയോഗിച്ച് അവരെ അറസ്ററ് ചെയ്തു. ഇത്തരത്തിൽ ചെറിയ ചെറിയ കാര്യങ്ങൾ ഉന്നയിക്കുന്നവരെ അടിച്ചമർത്താമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. ഞാൻ അഞ്ചാറ് കൊല്ലം ജയിലിൽ കിടന്നിട്ടുണ്ട്. രണ്ടുമൂന്നു കൊല്ലം ഒളിവിലുമായിരുന്നു. പോലീസുകാർക്ക് ചെയ്യാവുന്നതെല്ലാം എന്നോട് ചെയ്തിട്ടുണ്ട്. എന്നെ വല്ല മാററവും വരുത്താൻ സാധിച്ചോ? ഒരു മാററവും വരുത്താൻ സാധിച്ചില്ല, എന്റെ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നു. ഞാൻ

എന്റെ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ കേരളത്തിലെ ആളുകളോട് എന്തെല്ലാം തരത്തിലുള്ള കാര്യങ്ങൾ ആരെല്ലാം ചെയ്തു നോക്കിയിട്ടുണ്ട്. സി. പി. രാമസ്വാമി അയ്യരുടെ ഭരണം എല്ലാവർക്കും അറിയാമല്ലോ. പിന്നത്തെ കാര്യമൊന്നും ഞാൻ പറയുന്നില്ല. എന്നിട്ടും അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടവുമായി ജനങ്ങൾ മുമ്പോട്ട് പോകുകയാണ്. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന് തടസ്സമായി നിയമങ്ങൾ നിൽക്കുമ്പോൾ ആ നിയമം മാറ്റിക്കുക എന്നുള്ള തല്ലാതെ ആ നിയമത്തിനകത്ത് അവരെ കുട്ടിക്കെട്ടാൻ നോക്കുന്നത് ഒരിക്കലും പ്രായോഗികമാകുകയില്ല. ഇത് എത്രയോ അനുഭവങ്ങളിൽക്കൂടി നമുക്ക് ബോദ്ധ്യമായിട്ടുള്ളതാണ്. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ഈ നിയമം കൊണ്ടുവരരുത്, ഈ നിയമത്തിന്റെ ആവശ്യമില്ല എന്ന്. കേരളത്തിലെ ജനങ്ങൾ സമാധാനപരമായി ജീവിക്കുന്നവരാണ്. ജനാധിപത്യ പരമായി ജീവിക്കുന്നവരാണ്. അതുകൊണ്ട് അവർക്കെതിരെ ഇത്തരം നിയമങ്ങൾ കൊണ്ടുവരേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മുമ്പ് പറഞ്ഞതുപോലെ, ഈ രാജ്യത്ത് ഇനി ഉണ്ടാകാൻ പോകുന്ന കലാമിറ്റീസ്, പട്ടിണി, തൊഴിലില്ലായ്മ, ദാരിദ്ര്യം, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് എന്നീ പ്രശ്നങ്ങൾക്കെല്ലാം എതിരായിട്ട് ജനങ്ങൾ പോരാടാൻ പോവുകയാണ്. അതിനെ ആർക്കും തടയാൻ സാധിക്കില്ല. അതിനൊക്കെ ന്യായമായ പരിഹാരം ഉണ്ടാക്കാൻ നോക്കണം. അതിന് നിങ്ങളുടെ ഇപ്പോഴത്തെ നയങ്ങളിൽ മാററം വരുത്തണം. അതിന് പകരം നിയമം കൊണ്ടുവന്ന് അതിനെ തടസ്സപ്പെടുത്താമെന്ന് വിചാരിച്ചാൽ ഏതോ ഒരു പ്രത്യേക വിഭാഗം ആളുകൾക്ക് വേണ്ടിയുള്ള ഒരു സ്വർഗ്ഗമുണ്ടല്ലോ, ആ സ്വർഗ്ഗത്തിലാണ് അവർ ജീവിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് വാസ്തവത്തിൽ കരിദിനമാണ്. ജനാധിപത്യ അവകാശങ്ങൾ ഒന്നൊന്നായി തകർക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തെ ഒറ്റപ്പെട്ട രീതിയിൽ നാം കാണരുത്. ഈ രാജ്യത്ത് വളർന്നുവരുന്ന പൊതുവായ സ്ഥിതിഗതികളെ നാം കാണണം. അങ്ങനെ വരുമ്പോൾ വളരെ ബോധപൂർവ്വമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ജനങ്ങൾക്ക് ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്, ജനജീവിതം ദുഃസ്സഹമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ സ്വാഭാവികമായും അതിനെതിരായിട്ട് പ്രതികരിക്കും. വില വർദ്ധനവിനെക്കുറിച്ച് സംസാരിച്ചപ്പോൾ നമ്മുടെ സിവിൽസപ്ലൈസ് വകുപ്പുമന്ത്രി ചേമ്പിന്റെ വില കുറഞ്ഞതിനെക്കുറിച്ച് പറഞ്ഞുവെങ്കിലും ഈ സംസ്ഥാനത്തെ, ഈ രാജ്യത്തെ ജനങ്ങൾ വളരെയേറെ പ്രയാസപ്പെടുന്ന രീതിയിലുള്ള വിലവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിനെ കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ആ നിലയിൽ വന്നിട്ടുള്ള ഡെഫിസിറ്റ്, അതുമൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ, അതിനെക്കുറിച്ചൊന്നും ഞാൻ വിശദമായി പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, അടുത്ത ദിവസങ്ങളിലായി കേന്ദ്ര തൊഴിൽമന്ത്രി ചില പ്രസ്താവന നടത്തിയിരുന്നു. ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ തൊഴിൽ നിയമത്തിലും ഐ. ഡി. ആക്ടിലും നിയമ ഭേദഗതി വരുത്താൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലെന്നും ഈ നിയമ ഭേദഗതികളെ സംബന്ധിച്ച് കേന്ദ്ര തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ചചെയ്ത് യോജിച്ച ഒരു തീരുമാനമെടുക്കാൻ ശ്രമിക്കുമെന്നും ആദ്യമേ പറഞ്ഞിരുന്നു. ഐ. എൻ. ടി. യു. സി. നേതാവായ രാമാനുജന്റെ

നേതൃത്വത്തിൽ രൂപീകരിച്ച കമ്മിററിയുടെ അഭിപ്രായംപോലും മാനിക്കാതെയാണ് കേന്ദ്ര ഗവൺമെൻറ് ഇന്ന് നിയമ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതിലും പ്രധാനമായി വിദേശ കുത്തക സ്ഥാപനങ്ങൾ ഈ രാജ്യത്ത് വരുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ഐ. എം. എഫ്-ൻെറയും വേൾഡ് ബാങ്കിൻെറയും നിർദ്ദേശം അതിൻെറ പിന്നിലുണ്ടെന്ന് ന്യായമായി സംശയിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് കൂട്ടായി വിലപേശാനുള്ള അവകാശം നിഷേധിക്കാനുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര ഗവൺമെൻറ് ഒരുങ്ങുകയാണ്, അത് നാം കാണേണ്ടിയിരിക്കുന്നു. പണിമുടക്കെന്ന് പറയുമ്പോൾ, ഒരു തൊഴിലാളി സംഘടനയും പണിമുടക്കണമെന്ന് ആഗ്രഹമുള്ളവരല്ല. പണിമുടക്കിൻെറ പിന്നിലുള്ളത് കൂട്ടായി വിലപേശാനുള്ള അവകാശമാണ്.; സംഘടിക്കാനുള്ള അവകാശമാണ്. കൂട്ടായി വിലപേശാൻ എന്തുകൊണ്ട് തൊഴിലാളി നിർബന്ധിതമാകുന്നു എന്ന് ചോദിച്ചാൽ, ഒററയ്ക്കൊററയ്ക്കായി അവൻ പ്രയത്നിച്ചാൽ അവൻെറ പ്രയത്നത്തിന് പ്രതിഫലം കിട്ടുകയില്ല. പ്രയത്നിക്കുന്നതിന് വളരെ ന്യായമായ പ്രതിഫലം വേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവർ സംഘടനയുണ്ടാക്കി കൂട്ടായി വിലപേശാനുള്ള അവസരം ഉണ്ടാക്കുന്നത്. ആരുടേയും കാരുണ്യം കൊണ്ട് ഇത് ഉണ്ടായതല്ലല്ലോ, തൊഴിലാളികളുടെ അനുസ്യൂതമായ, ത്യാഗപൂർണ്ണമായ സമരങ്ങളിൽക്കൂടി നേടിയെടുത്തതാണ് കൂട്ടായി സംഘടിക്കാനും, കൂട്ടായി വിലപേശാനുമുള്ള അവരുടെ അവകാശം. കൂട്ടായി വിലപേശാനുള്ള അവകാശത്തിൻെറ ഭാഗമായിട്ട് ചിലപ്പോൾ പണിമുടക്ക് അനിവാര്യമായി വരും. അതിനെ നിരോധിക്കാനുള്ള നടപടികളാണ് എടുക്കുന്നത്. ഇതിനെ ഒററപ്പെട്ട രീതിയിൽ കാണരുത്. ഇവിടെ 'ടാഡ' ആക്ടിനെക്കുറിച്ച് പ്രതിപാദിച്ചു. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഡിസ്കഷനിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്, ഈ സംഭവങ്ങളൊക്കെ കണ്ണൂരിൽ നടക്കുമ്പോൾ, എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിച്ച് നടക്കുമ്പോൾ ആണ് ഫയൽ പരിശോധിച്ചപ്പോൾ കണ്ടത്, ശ്രീ. നായനാരുടെ കാലത്ത് ഇത് ഇവോക്ക് ചെയ്തിരിക്കുന്നു, അതിനുള്ള ഒരു കോടതി ഉണ്ടാക്കിയിരിക്കുന്നു എന്ന്. അപ്പോൾ ഒരു മാർഗ്ഗം കണ്ടല്ലോ എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കണം. നായനാർ ഗവൺമെൻറിൻെറ കാലത്ത് ഇവോക്ക് ചെയ്തത്, അങ്ങ് ഓർക്കുമായിരിക്കും. ഈ സഭയയിലെ ആളുകൾക്കും അറിയാമായിരിക്കാം, എൽ. ടി. ടി. ഇ. യുടെ പ്രവർത്തനം കേരളത്തിൽ ഉണ്ടായിരിക്കുന്നു, സാർവ്വത്രികമായിരിക്കുന്നു, വിമാനത്താവളങ്ങളിൽ പ്രവർത്തനമുണ്ടായിരിക്കുന്നു. പുനലൂർ പ്ലാൻേറഷനിൽ ഉള്ള തമിഴ് തൊഴിലാളികളുടെ ഇടയിൽ അവരുടെ പ്രവർത്തകർ താമസിക്കുന്നു. ഈ സംസ്ഥാനത്ത് ഭീകരപ്രവർത്തനം നടത്താൻ എൽ. ടി. ടി. ഇ. ശ്രമിക്കുന്നു എന്ന റിപ്പോർട്ടുകൾ പരസ്യമായിവന്ന സാഹചര്യത്തിൽ ഭീകരരെ എതിർക്കുന്നതിനുവേണ്ടി, വിഘടന ശക്തികളെ എതിർക്കുന്നതിനുവേണ്ടി ഒരു മാർഗ്ഗം സ്വീകരിച്ചതാണ്. അല്ലാതെ കണ്ണൂരോ, അല്ലെങ്കിൽ വേറെ എവിടെയെങ്കിലുമോ രണ്ട് രാഷ്ട്രീയ കക്ഷികൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ ഉപയോഗിക്കാനുള്ളതല്ല 'ടാഡ'. ലീഗ് ഇക്കാര്യത്തെക്കുറിച്ച് യാതൊരു സംശയത്തിനുമിടയില്ലാത്ത വിധത്തിൽ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ആര് പറഞ്ഞാലും ഞാൻ അത് പ്രയോഗിക്കുമെന്നാണ്. രണ്ട് പാർട്ടികൾ തമ്മിൽ വഴക്കുണ്ടാകും. ഞാൻ ഇന്നലെ പറഞ്ഞ കാര്യം വീണ്ടും ആവർത്തിക്കുകയാണ്, ഇത് സംബന്ധിച്ച സുപ്രീംകോടതി ജഡ്ജ്മെൻറുണ്ട്, കേന്ദ്ര പാർലമെൻറിൽ ഈ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച് ചർച്ച ചെയ്തപ്പോഠം കേന്ദ്രമന്ത്രി നൽകിയ ഉറപ്പുണ്ട്. സുപ്രീം കോടതി ജഡ്ജ്മെൻറിൽ പറയുന്നത്, സാധാരണഗതിയിൽ നിയമവാഴ്ച തകരുന്ന അവസരത്തിൽ, പോലീസ് പരാജയപ്പെടുന്ന അവസരത്തിൽ, ക്രമസമാധാനം പാലിക്കാൻ പോലീസ് പരാജയപ്പെടുമ്പോഠം, ആ മെഷിനറി തകരുമ്പോഠം മാത്രമേ വിഘടനവാദികഠക്ക് എതിരായിട്ട്, ഭീകരവാദികഠക്ക് എതിരായിട്ട് ഈ നിയമം പ്രയോഗിക്കുകയുള്ളു എന്നാണ്. മുഖ്യമന്ത്രി ഇപ്പോഠം സമ്മതിച്ചിരിക്കുന്നത് നമ്മുടെ മെഷിനറി തകർന്നു, ക്രമസമാധാനമാകെ തകർന്നു, അതുകൊണ്ട് അവിടെ 'ടാഡാ' ഉപയോഗിക്കാമെന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇത് ഭൂഷണമാണോയെന്ന് ആലോചിക്കണം. ഈ രീതിയിൽ ബഹുജനപ്രക്ഷോഭണങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടിയുള്ള നിയമം പ്രാവർത്തികമാക്കാനുള്ള ഈ ഗവൺമെൻറിൻെറ ശ്രമത്തിൻെറ ഭാഗമാണിത്. ഇന്ന് പൊതുവായി നോക്കുകയാണെങ്കിൽ, നീതിപൂർവ്വമായി, നിഷ്പക്ഷമായി ഉദ്യോഗസ്ഥൻമാർക്ക് ജോലി ചെയ്യാൻ കഴിയുമോ? അപ്പോഠം ഭീഷണി വരും, 'നിന്നെ തകർത്തുകളയും' എന്നൊക്കെ പറഞ്ഞുകൊണ്ട്, അപ്പോഠം നിഷ്പക്ഷമായി, നീതിപൂർവ്വമായി ഉദ്യോഗസ്ഥൻമാർക്ക് പ്രവർത്തിക്കാനുള്ള അന്തരീക്ഷം നിഷേധിക്കപ്പെടുന്നു, അനാവശ്യമായി. വിഘടനവാദികളുടെ, തീവ്രവാദികളുടെ പ്രവർത്തനങ്ങളെ നേരിടുന്നതിനുവേണ്ടി ഉദ്ദേശിച്ച നിയമമായ 'ടാഡ' ഈ സംസ്ഥാനത്തെ രാഷ്ട്രീയ പ്രക്ഷോഭണങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. ഈ ചുററുപാട് നാം കാണണം. ഈ നിയമത്തിൻെറ ഉള്ളടക്കത്തെക്കുറിച്ച്, ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് എന്താണ് പറഞ്ഞത്. മുഖ്യമന്ത്രി നേരത്തെ ഇവിടെ ഒരു വിശദീകരണം നൽകുകയുണ്ടായി. അതായത്, സമൂഹത്തോടുള്ള ബാദ്ധ്യതയെക്കുറിച്ച് പറഞ്ഞു. സമൂഹത്തോടുള്ള ബാദ്ധ്യത എല്ലാവർക്കുമുണ്ട്, ഭരണപക്ഷത്തിനുമാത്രമല്ല, പ്രതിപക്ഷത്തിനുമുണ്ട്. ആ ബാദ്ധ്യത അനുസരിച്ച് അവർ പ്രവർത്തിക്കും. സമൂഹത്തോടുള്ള ബാദ്ധ്യതയെന്നു പറയുന്നത് എന്താണ്? ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ ഇവിടെ പറഞ്ഞു, ഒരു തൊഴിലാളിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം, വേതനം മരവിപ്പിക്കുന്നു എന്ന് വിചാരിക്കുക. വേതനം മരവിപ്പിച്ചാൽ തൊഴിലാളി കയ്യുംകെട്ടി ഇരിക്കണമെന്നുണ്ടോ? തൊഴിലാളി സംഘടനകളുമായി കൂടിയാലോചന നടത്തി പരിഹാരമുണ്ടാക്കാൻ എന്താണ് മാർഗ്ഗമെന്നുള്ളതിനെക്കുറിച്ച് അഭിപ്രായസമന്വയം ഉണ്ടാക്കുന്നതിന് പകരം അധികാരമുപയോഗിച്ച് അതിനെ അടിച്ചമർത്തുന്ന രീതിയിലേക്ക് പോയാൽ നാം എവിടെ ചെന്നുനിൽക്കും? അതുകൊണ്ടാണ് ഞാൻ പറയുന്നത്. അദ്ദേഹം പറഞ്ഞു, തൊഴിലാളികളെ ബാധിക്കില്ല, തൊഴിലാളികളെ ഉദ്ദേശിച്ചല്ല എന്ന്. ഇതിൻെറ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്, സർക്കാരിൻെറ കീഴിലുള്ള അവശ്യ സർവ്വീസുകളിലും മററ് സർവ്വീസുകളിലും നിയമിച്ചിട്ടുള്ളതോ, അവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളുകഠ അവരുടെ ആവശ്യങ്ങഠക്ക് ശക്തി പകരുന്നതിനുവേണ്ടി—അതല്ലേ കളക്ടീവ് ബാർഗെയിനിംഗ്—ചില അവസരങ്ങളിൽ സമ്മർദ്ദ തന്ത്രങ്ങഠ നടത്തും. കളക്ടീവ് ബാർഗെയിനിംഗിൻെറ ഭാഗമായിട്ട്, പണിമുടക്കും മററു തരത്തിലുള്ള പ്രക്ഷോഭണങ്ങളെപ്പോലുള്ള പ്രത്യക്ഷ നടപടികഠ സ്വീകരിക്കുകയും ചെയ്യും. അതിനെ എതിർക്കാൻ വേണ്ടിയാണ് എന്നാണ് പറഞ്ഞിരിക്കുന്നത്.

പിന്നൊരുകാര്യം പറഞ്ഞിട്ടുള്ളത്, 1993-ലെ ലോറി സമരത്തെക്കുറിച്ചാണ്. അടിയന്തിരമായ സാഹചര്യങ്ങളിൽ, അടിയന്തിരമായി നടപടികഠ സ്വീകരിക്കുമ്പോഠം, അടിയന്തിരമായി നിയമനിർമ്മാണ നടപടികഠ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നിയമപുസ്തകത്തിൽ അങ്ങനെ ഏതവസരത്തിലും ഉപയോഗിക്കത്തക്കവിധത്തിൽ ഇങ്ങനെ വേണമോയെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. ഇതിൽനിന്നും വ്യക്തമാകുന്നത്, വളർന്നുവരുന്ന ജനകീയ പ്രക്ഷോഭണങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടി പല നിയമങ്ങളുണ്ടാക്കുന്നു, പ്രയോഗിക്കുന്നു. 'ടാഡ' ഒരുഭാഗത്ത്, എസ്മ' മറുഭാഗത്ത്, ഭീഷണി ഒരുഭാഗത്ത്, അങ്ങനെ പല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്.

ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്കൊന്നും കടക്കുന്നില്ല. ഓവർടൈം ചെയ്തില്ലെങ്കിൽ അറസ്റ്റ് ചെയ്ത് ജയിലിലാക്കുകയാണ്. ഇത് രസകരമായ ഏർപ്പാടാണ്. ഇതിൽ പറഞ്ഞിരിക്കുന്നു, ഏതെങ്കിലും അവശ്യ സർവ്വീസിന്റെ പരിപാലനത്തിന് ഓവർടൈം പണി ചെയ്യേണ്ടത് ആവശ്യമായിട്ടുള്ളതാണ്. അത് ചെയ്യാൻ വിസമ്മതിച്ചാൽ അറസ്റ്റ് ചെയ്ത് ജയിലിലാക്കും. ഓവർടൈം ചെയ്യണമോ വേണ്ടയോ എന്നുള്ളതിന്റെ അവകാശം നമുക്കുള്ളതാണ്. എത്രമാത്രം ഓവർടൈം എന്നുള്ളതല്ല കാര്യം. ആഴ്ചയിൽ 48 മണിക്കൂറും പിന്നെ എട്ട് മണിക്കൂറും എന്നത് കഴിഞ്ഞാൽ അതിൽ കൂടുതൽ ഓവർടൈം ചെയ്യാനൊക്കുമോ? ഇവിടെ പറഞ്ഞിരിക്കുന്നത് ഓവർടൈം ചെയ്തിട്ടില്ലെങ്കിൽ അറസ്റ്റ് ചെയ്യുമെന്നാണ്. ഞാൻ അതിലെ വ്യവസ്ഥ പ്രത്യേകിച്ച് എടുത്ത് പറഞ്ഞതന്നേയുള്ളൂ. പിന്നെ വന്നിരിക്കുന്നത് അത്യാവശ്യ സർവ്വീസുകൾക്ക് വേറെ നിയമമില്ല, നടപടി ഇല്ല എന്നാണ്. ഈ നിയമത്തിൽ എവിടെയെങ്കിലും ഏതെങ്കിലും ഒരു വ്യവസായത്തിൽ ഒരു വ്യവസായി ലോക്കൗട്ട് ചെയ്യുന്നതിനെതിരായി നടപടിയുണ്ടോ? ലോക്കൗട്ട് ചെയ്യാൻ യഥേഷ്ടം അനുവാദം കൊടുക്കുന്നതിൽ കേന്ദ്ര നിയമം വരുന്നുണ്ട്. ഈ നിയമത്തിൽ ഇതിനെതിരായി പ്രവർത്തിക്കുന്ന വ്യവസായിയെ എന്തെങ്കിലും ചെയ്യാൻ പറയുന്നുണ്ടോ? ഇല്ല. ഇത് തൊഴിലാളി വിരുദ്ധമാണ്. തൊഴിലാളിയാണ് കുഴപ്പക്കാർ എന്ന് വരുത്തുന്നതിനുവേണ്ടിയാണ് ഈ നിയമം. നിയമം ഇല്ല എന്നത് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഐ. ഡി. ആക്ട് സംബന്ധിച്ച് അതാണ്. ബ്രിട്ടീഷുകാരന്റെ കാലത്ത് അനുവദിച്ചിരുന്ന ഒരു കാര്യമാണ്. ഈ സർക്കാരിന് വേറെ നിയമമില്ലല്ലോ? തൊഴിലാളികളോട്, ജീവനക്കാരോട് പണിമുടക്കരുത് എന്ന് പറയാൻ, അവന്റെ ഗ്രീവൻസസ് പരിഹരിക്കാൻ ഉള്ള ഒരു സംവിധാനം ഇവിടെ ഉണ്ടാകണം. നമ്മുടെ മുഖ്യമന്ത്രി പലപ്പോഴും പറയാറുണ്ട്, അഞ്ച് വർഷത്തേക്ക് പണിമുടക്കരുതെന്ന്. പിന്നെ ഒരിക്കൽ പറഞ്ഞു, പണിമുടക്ക് നിരോധിക്കാൻ പോകുന്നുവെന്ന്. അത് സംബന്ധിച്ച ബിൽ ചിലപ്പോൾ അടുത്ത സെഷനിൽ വരുമായിരിക്കും. കേന്ദ്ര പാർലമെന്റിൽ പണിമുടക്ക് നിരോധിക്കാൻ യഥേഷ്ടം ലോക്കൗട്ട് ചെയ്യാൻ അനുവാദം കൊടുക്കുന്ന കേന്ദ്ര നിയമം വരാൻ പോകുന്നു. അതാണ് ഇപ്പോഴത്തെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി വന്നിരിക്കുന്നത്. ലോക്കൗട്ടിനും മറ്റും ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ എടുത്ത് കളഞ്ഞിട്ട് വ്യവസായ സ്ഥാപനങ്ങൾക്ക് എന്തും ചെയ്യാനുള്ള അവകാശം നൽകുന്നു. എന്നാൽ അവിടെ മൂക്കുകയറിടാൻ നോക്കുന്നോ? ചെറിയ ഒന്നോ രണ്ടോ ലോറിയുടെ ഉടമസ്ഥന്മാരെ കൈകാര്യം ചെയ്യുന്നതിന് പകരം ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന രീതിയിൽ നിങ്ങൾ നിയമം കൊണ്ടുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നവർ നിയമവിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അതിനെതിരായി ഒരു നടപടി സ്വീകരിച്ചു എന്ന് പറയാനുണ്ടോ? അത്യാവശ്യ സർവ്വീസ് ഇതല്ലേ? ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായിരുന്ന നിയമം നിലനിർത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ആ നിയമമനുസരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അത് പരിശോധിക്കേണ്ട കാര്യമാണ്. ഐ. ഡി. ആക്ടിൽ പണിമുടക്ക് നിരോധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വളരെ അത്യാവശ്യ സർവ്വീസിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പബ്ലിക് യൂട്ടിലിററി സർവ്വീസിൽ ഒക്കെ എങ്ങനെ വേണമെന്ന് പറഞ്ഞിട്ടുണ്ട്. പബ്ലിക് യൂട്ടിലിററി സർവ്വീസിൽ സെക്ഷൻ-22-ൽ പറഞ്ഞിരിക്കുന്നത് prohibition of strikes and lock-outs. എന്നാണ്. ലോക്കൗട്ടും സ്ട്രൈക്കും പ്രൊഹിബിററു ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് പറഞ്ഞിരിക്കുന്നത്. ലോക്കൗട്ട് തടയാനുള്ള വ്യവസ്ഥകൾ ഇതിലുണ്ടോ? ഈ നിയമത്തിൽ അതില്ലല്ലോ? ഇപ്പോൾ ഞാൻ വായിക്കുന്നത്, no person employed in a public utility service shall go on strike in breach of contract without giving to the employer notice of strike as hereinafter provided within 6 weeks before striking. യൂട്ടിലിററി സർവ്വീസിനെക്കുറിച്ചാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾക്ക് അത് പോരെ? നിയമപ്രകാരം ന്യായമായ കാര്യങ്ങൾ നടത്തണമെന്ന് ആഗ്രഹമുള്ള ആളുകൾ ഈ മിഷിനറി ഉപയോഗിച്ച് പ്രവർത്തിക്കാൻ കഴിയണം. അപ്പോൾ നിങ്ങളുടെ ഉദ്ദേശം അതല്ല. നിങ്ങൾ വർദ്ധിച്ചുവരുന്ന ജനരോഷം തടയാൻ വേണ്ടി എന്ത് മാർഗ്ഗവും സ്വീകരിക്കാൻ, ജനാധിപത്യ വിരുദ്ധമായ മാർഗ്ഗം സ്വീകരിക്കാൻ തീരുമാനിച്ചു. അതാണ് ഒരു ഭാഗത്ത് ടാഡ, ഒരു ഭാഗത്ത് എസ്മ, ഒരു ഭാഗത്ത് ഭീഷണി. അത് തൊഴിലാളികളുടെ നേർക്കുമാത്രമേയുള്ളു. തൊഴിലാളിവിരുദ്ധ നിയമം എന്ന് ഞങ്ങൾ പറഞ്ഞതിന്റെ കാര്യം അതാണ്. തൊഴിലാളി വിരുദ്ധനിയമം മാത്രമല്ല, ഈ രാജ്യത്ത് ജനാധിപത്യ വിരുദ്ധ നടപടിയാണ്. കേന്ദ്ര ഗവൺമെന്റ് ഒരു ഭാഗത്തുകൂടി വിദേശ കുത്തക സ്ഥാപനങ്ങൾക്ക് സഹായം നൽകത്തക്കവിധത്തിൽ ഐ. ഡി. ആക്ടിലും മററും ഭേദഗതി വരുത്താൻ, അല്പമെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ, വ്യവസായികളുടെമേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ എടുത്ത് കളഞ്ഞുകൊണ്ട് യഥേഷ്ടം തൊഴിലാളിയെ ആക്രമിക്കാൻ, തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമിക്കുന്നു. ഇവിടെ ത്തന്നെ ഓവർടൈം ചെയ്തില്ലെങ്കിൽ ജയിൽ ശിക്ഷയാണ് പറഞ്ഞിരിക്കുന്നത്. ഇത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ഇപ്പോൾത്തന്നെ ഏതെങ്കിലും വ്യവസായസ്ഥാപനത്തിൽ കുഴപ്പങ്ങൾ വന്നാൽ അതിനെ നേരിടാൻ എന്ത് നടപടി ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇത് തൊഴിലാളി വിരുദ്ധമാണ്. ജനവിരുദ്ധമാണ്. മനുഷ്യന്റെ മൗലികമായ അവകാശങ്ങൾക്കെതിരായ നിയമനിർമ്മാണമാണ്. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. അതുകൊണ്ടാണ് ഈ നിയമം പിൻവലിക്കണമെന്ന് പറഞ്ഞത്. ഈ സംസ്ഥാനത്തിന് കളങ്കമാണ് ടാഡ ഉപയോഗിക്കുന്നത്. ഈ നിയമം നമ്മുടെ നിയമപുസ്തകത്തിൽ ഇങ്ങനെ കിടക്കുന്നത് നമ്മുടെ സംസ്ഥാനത്തിന് അപമാനമാണ്. ഈ ഗവൺമെന്റിന് അപമാനമായ ഈ കരിനിയമം പിൻവലിക്കാൻ ശ്രീ. കെ. എം. മാണിക്ക് ഇനിയും അവസരമുണ്ട്. ബഹുമാനപ്പെട്ട മാണിയോട് എനിക്ക് സ്നേഹമാണ്. അദ്ദേഹം ഈ കുരിശ് ചുമക്കണോ എന്ന് ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ മററ് ഏത് മന്ത്രിക്കോ ഇത് അവതരിപ്പിക്കാം. പ്രത്യേകിച്ച് നിയമവകുപ്പുമന്ത്രിക്ക് ഇത് അവതരിപ്പിക്കാം. ഞാൻ അതിന് എതിരു പറയുന്നില്ല. ഇതിൽ വലിയ സങ്കീർണ്ണമായ നിയമമൊന്നുമില്ലല്ലോ? നിയമ വ്യാഖ്യാനം നടത്താൻ സങ്കീർണ്ണമായ ഒരു വകുപ്പുമില്ല. അനാരോഗ്യമാണെങ്കിൽ അതല്ല എന്ന് കഴിഞ്ഞ രണ്ട് മൂന്ന് ദിവസത്തെ പ്രകടനം കൊണ്ട് മനസ്സിലായിട്ടുണ്ട്. ഈ കുരിശ് മാണിയെക്കൊണ്ട് ചുമപ്പിക്കണോ? മാണിയാകുമ്പോൾ ചിലപ്പോൾ അധഃനവർഗ്ഗം എന്ന് പറഞ്ഞിട്ട് ഇതിനെക്കുറിച്ച് പറഞ്ഞുകൊള്ളും. തനിക്ക് തടിതപ്പാം എന്നേയുള്ളു. അതാണല്ലോ. മററുള്ളവരെക്കൊണ്ട് എന്തെങ്കിലും പറയിക്കുക, ചെയ്യിക്കുക. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഗുണഫലങ്ങൾ അപ്പുറത്ത് അനുഭവിക്കുക. അതുകൊണ്ട് ഞാൻ പറയുന്നു, ഇപ്പോഴെങ്കിലും ഗവൺമെന്റിന് സൽബുദ്ധിയുണ്ടാകണം. അതുണ്ടാവുകയില്ല. കാരണം നിശ്ചയിച്ചുറച്ചതാണ് ഇത് അടിച്ചമർത്തണമെന്ന്. ഈ അവകാശങ്ങളൊക്കെ ഹനിക്കുമെന്ന് നിശ്ചയിച്ചുറച്ച് കഴിഞ്ഞാൽ നിങ്ങൾക്ക് അത് ഫോളോ ചെയ്യുകയല്ലാതെ മററ് മാർഗ്ഗമൊന്നുമില്ല. ഞാൻ മററ് വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഇന്ന് വാസ്തവത്തിൽ ഒരു കരിദിനമാണ്. ഇത് ഒരു കരിനിയമമാണ്. ഈ ഗവൺമെന്റിന് അപമാനമാണ്, ജനാധിപത്യ വിരുദ്ധമാണ്. നിങ്ങൾ ഇപ്പോഴെങ്കിലും ആലോചിക്കുക, പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കുക. സ്വാഭാവികമല്ലെങ്കിൽ അതിനുള്ള പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തും. അതാണ് എനിക്ക് പറയുവാനുള്ളത്. ഈ മോശപ്പെട്ട മാർഗ്ഗങ്ങൾ ഉപയോഗിച്ച് ജനകീയ പ്രസ്ഥാനങ്ങൾ തകർക്കാൻ കൊണ്ടുവന്നിരിക്കുന്ന ഈ നിയമനിർമ്മാണ ശ്രമത്തിൽ നിന്ന് പിൻമാറണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ബില്ലിനെ ഞാനും എന്റെ പാർട്ടിയും ഞങ്ങളുടെ പാർട്ടി ഉൾക്കൊള്ളുന്ന മുന്നണിയും എതിർക്കുന്നു. ഈ കരിനിയമങ്ങൾ സാധാരണഗതിയിൽ മുമ്പെല്ലാം അഖിലേന്ത്യാടിസ്ഥാനത്തിലാണ് ഉണ്ടായിരുന്നത്. ചിലപ്പോൾ, ചില സമയത്ത്, ചില പ്രദേശങ്ങളിൽ, ചില സന്ദർഭങ്ങളിൽ പ്രയോഗിക്കേണ്ടി വരുമെന്നുള്ള നിലയിൽ പാർലമെന്റിൽ ആ തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരുമ്പോൾ അതിനെ ന്യായീകരിക്കാറുണ്ട്. പക്ഷേ ഇത് സംസ്ഥാന നിലവാരത്തിൽ പലപ്പോഴും കൊണ്ടുവരേണ്ട ആവശ്യമുണ്ടാകുകയില്ല. ഒരു സംസ്ഥാനത്തിൽ ഒതുങ്ങി നിൽക്കുന്ന കാര്യങ്ങളല്ല, പലപ്പോഴും ഇതുകൊണ്ട് ഇല്ലാതാക്കുവാനായി, അമർത്തുവാനായി ഉദ്ദേശിക്കുന്നത്. 'മിസ' പോലുള്ള ഒരു നിയമം ഒരു സംസ്ഥാനത്തിനും പ്രത്യേകമായി പാസ്സാക്കേണ്ടതില്ല. 1971-ൽ 'മിസ' പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കാൻ ശ്രമിച്ചപ്പോൾ പ്രതിപക്ഷം അതിനെ വളരെയധികം എതിർത്തിട്ടുണ്ടായിരുന്നു. ഈ നിയമസഭ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് രാജ്യസഭയിൽ ഞാൻ പ്രവർത്തിച്ച കാലഘട്ടത്തിലാണ്. ശ്രീ. വൈ. ബി. ചവാൻ ആ നിയമം രാജ്യസഭയിൽ പൈലററ് ചെയ്തത്. ഞങ്ങളെല്ലാവരും അന്ന് ഇത് ദുരുപയോഗിക്കപ്പെടും, രാഷ്ട്രീയ ആവശ്യത്തിന് വേണ്ടി ദുരുപയോഗിക്കപ്പെടും, ഇത് ശരിയല്ല, ഈ നിയമം കൊണ്ടുവരേണ്ട ആവശ്യമില്ല എന്ന് പറയുകയുണ്ടായി. പ്രിവന്റീവ് ഡിറെൻഷൻ നിയമ പ്രകാരം ബ്രിട്ടീഷ് ഭരണകാലത്ത് ഭരണം മുന്നോട്ട് കൊണ്ടുപോകാനായി ബ്രിട്ടീഷുകാർ ശ്രമിച്ചിട്ടുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷവും വളരെക്കാലം പ്രിവന്റീവ് ഡിറെൻഷൻ നിയമം ഉണ്ടായിരുന്നു. ഒന്നുരണ്ട് കൊല്ലം പ്രിവന്റീവ് ഡിറെൻഷൻ നിയമം നമ്മുടെ രാജ്യത്തെ ഉണ്ടായിരുന്നില്ല. അത് കഴിഞ്ഞതിന് ശേഷമാണ് ആ പ്രിവന്റീവ് ഡിറെൻഷൻ നിയമം അതേപോലെ കൊണ്ടുവരുന്നതിന് പകരം 'മിസ' നിയമം കൊണ്ടുവന്നത്. ഞങ്ങളുടെ എതിർഭാഗത്ത് കോൺഗ്രസ്സുകാർ ഉണ്ടായിരുന്നു. രാജ്യസഭയിലെ കോൺഗ്രസ്സുകാരിൽ ശ്രീ. ചന്ദ്രശേഖർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ യുവതുർക്കികൾ എന്നു പറയപ്പെടുന്ന വിഭാഗവും അദ്ദേഹത്തിന്റെ നാലുപുറവും ഉണ്ടായിരുന്നു. ഞങ്ങളെല്ലാം മറുഭാഗത്ത്. ഞങ്ങൾ കഠിനമായി ആ നിയമത്തെ എതിർത്തു. ഇത് ദുരുപയോഗിക്കപ്പെടുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല എന്ന് ഞങ്ങൾ പ്രഖ്യാപിച്ചു. പക്ഷേ ആ യുവതുർക്കികളും ശ്രീ. ചന്ദ്രശേഖറും ഭരണകക്ഷിയിലെ മററുള്ള അംഗങ്ങൾ സംസാരിച്ചതുപോലെതന്നെ ആ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയററം ന്യായീകരിച്ച് സംസാരിക്കുകയുണ്ടായി. ആ നിയമം പാസ്സായി. 1975–ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോഠ നടപ്പിലാക്കിയ നിയമങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് 'മിസ' നിയമമായിരുന്നു. ഞങ്ങളെയെല്ലാം ജയിലിൽ കൊണ്ടുപോയി ഏതാണ്ട് രണ്ട് കൊല്ലത്തോളം പാർപ്പിച്ചത് ആ 'മിസ' നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഞങ്ങളിൽ പലരും സുപ്രീം കോടതിയെ സമീപിച്ചു. സുപ്രീം കോടതി ഞങ്ങളുടെയെല്ലാം വാദം കേട്ടതിന് ശേഷം അതിന്റെ വിധി പ്രസ്താവിക്കുകയുണ്ടായി. ആ വാദത്തിനിടയിൽ ഇന്ത്യയുടെ അന്നത്തെ അററാർണി ജനറലായിരുന്ന നിരൻഡേ (Niran De) സുപ്രീംകോടതിയിൽ പറഞ്ഞു അടിയന്തിരാവസ്ഥയുടെ തണലിൽ ഗവൺമെൻറിന് എന്തും ചെയ്യാനായിട്ടുളള അധികാരമുണ്ട്. 'മിസ' പ്രകാരം അറസ്ററ് ചെയ്ത് ഡീററയിൻ ചെയ്യാനായിട്ടുളള അധികാരമുണ്ട്. അത് പത്രത്തിൽ കൊടുക്കേണ്ട കാര്യമില്ല എന്ന്. പിന്നീട് അദ്ദേഹം ഒരു കാര്യം കൂടി പറഞ്ഞു. ആ അടിയന്തിരാവസ്ഥ കാലത്ത് ജയിലിൽ കിടക്കുന്ന ഞങ്ങളെ ആരെയെങ്കിലും വെടിവച്ച് കൊന്നിട്ടുണ്ടെങ്കിൽ അതിനെപ്പററിപോലും കോടതിക്ക് പരിശോധിക്കാൻ അധികാരമില്ലെന്ന് നഗ്നമായ ഭാഷയിൽ ഒരു അഭിഭാഷക സുഹൃത്ത് കൂടിയായ നിരൻഡേ അന്ന് സുപ്രീം കോടതിയിൽ പ്രസ്താവിച്ചു. അതിന്റെയെല്ലാം ഫലമായിട്ട് അടിയന്തിരാവസ്ഥയെ ന്യായീകരിച്ചു. 'മിസ' നിയമത്തെ ന്യായീകരിച്ചു. ഞങ്ങളെല്ലാം ജയിലിൽ തുടർന്ന് കിടക്കേണ്ട ദുരവസ്ഥ, അല്ലെങ്കിൽ അവസ്ഥ ഉണ്ടാകുകയും ചെയ്തു. പിന്നീട് ഇപ്പോഠ 'ടാഡ' ഉണ്ടായിരിക്കുകയാണ്. 'ടാഡ' യും അഖിലേന്ത്യാ നിലവാരത്തിലുളള ഒരു നിയമമാണ്. ആ 'ടാഡ' പ്രധാനമായിട്ടും കൊണ്ടുവന്നത് പഞ്ചാബിനും കാശ്മീരിനും വേണ്ടിയാണ്. അതുകൊണ്ടാണ് പാർലമെൻറ് അത് പാസ്സാക്കിക്കൊടുത്തത്. പക്ഷെ അതിനെതിരായിട്ടും പ്രതിപക്ഷം പാർലമെൻറിൽ പറഞ്ഞിട്ടുണ്ടായിരുന്നു, ഇത് ദുരുപയോഗിക്കപ്പെടും, ആശങ്കയുണ്ടെന്ന്. ഇന്ന് അത് ഈ സംസ്ഥാനത്ത് ദുരുപയോഗിക്കപ്പെട്ടില്ലേ? വെറും ഒരു ക്രമസമാധാന പ്രശ്നം. ആ ക്രമസമാധാന പ്രശ്നത്തിന്റെ ഉളളിലേക്കാണ് ഈ 'ടാഡ' നിയമത്തെ കൊണ്ടുവന്നിട്ടുളളത്. സുപ്രീം കോടതി അതിന്റെ എത്രയോ വിധികളിൽ ക്രമസമാധാനം (law and order) പൊതുസമാധാനം (public order) ഇത് രണ്ടും തമ്മിലുളള വ്യത്യാസത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇത് ആദ്യമായി പ്രഖ്യാപിച്ചത് ഡോ. റാം മനോഹർ ലോഹ്യയുടെ കേസ്സിലാണ്. പല നിയമങ്ങളും ഇൻവോക്ക് ചെയ്യണമെങ്കിൽ പൊതുസമാധാനഭംഗം ഉണ്ടാകണം. ക്രമസമാധാനഭംഗം ഉണ്ടായാൽ പോര എന്നുളള നിലയിൽ പറയുകയുണ്ടായി. ഇന്ന് ഇവിടെ പൊതുസമാധാനഭംഗം ഉണ്ടായിട്ടില്ല. ഒററപ്പെട്ട സംഭവം, ഒരു ചെറിയ പ്രദേശത്ത് ഉളള ഒരു സംഭവം, സാധാരണ ക്രിമിനൽ നടപടി നിയമപ്രകാരം നടപടികഠ എടുക്കാവുന്ന ഒരു സംഭവം. ആ സംഭവത്തിലേക്കല്ലേ പഞ്ചാബിലെയും, കാശ്മീരിലെയും, ഭീകരൻമാർക്കെതിരെ, ഭീകരപ്രവർത്തനത്തിനെതിരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിയമത്തിന്റെ വകുപ്പുകഠ കൊണ്ടുവന്നിട്ടുളളത്? അതിന് ഒരു കോടതി ഇവിടെ ഉണ്ടായി എന്നുളളതിന് യാതൊരു പ്രസക്തിയുമില്ല. കേന്ദ്ര ഗവൺമെൻറ് നിയമം പാസ്സാക്കി. അതിന്റെ അടിസ്ഥാനത്തിൽ കോടതികളുണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്നുണ്ടെങ്കിൽ സ്വാഭാവികമായും കോടതികഠ ഉണ്ടാക്കി. പക്ഷേ ആ കോടതിക്ക് ഞങ്ങളുടെ കാലത്ത് പണി ഉണ്ടായിരുന്നില്ല. ഞങ്ങഠ ആ 'ടാഡ' നിയമത്തെ ദുരുപയോഗിച്ചില്ല, ഉപയോഗിക്കാനായി ഉദ്ദേശിച്ചതുമില്ല. ഇന്ന് സൗകര്യപൂർവ്വം അത് നടപ്പിലാക്കി, എന്തോ ഞങ്ങഠ കുററക്കാരാണെന്ന് പറയത്തക്കവിധത്തിലുളള ഒരു പുകമറ ഞങ്ങഠക്കെതിരായി കൊണ്ടുവരുന്നത് ശരിയല്ല. 'ടാഡ' നിയമം ഈ സംസ്ഥാനത്തിൽ നടപ്പിലാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനെ ആരാണ് എതിർത്തത്? മുസ്ലീംലീഗല്ലേ? എന്താണ് മുസ്ലീംലീഗ് എതിർക്കാൻ കാരണം? എല്ലായ്പ്പോഴും എല്ലാവരും ഒന്നിച്ചായിരിക്കുകയില്ല. കോൺഗ്രസ് വ്യത്യസ്ത ബഞ്ചിൽ ഇരുന്നുവെന്ന് വന്നേക്കാം. മുസ്ലീംലീഗ് വ്യത്യസ്ത ബഞ്ചിൽ ഇരുന്നുവെന്ന് വന്നേക്കാം. കോൺഗ്രസ് ഭരണത്തിലുണ്ടായി എന്ന് വന്നേക്കാം. മുസ്ലീം ലീഗ് പ്രതിപക്ഷത്തായി എന്ന് വന്നേക്കാം. ആ സംഭവങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് 'ടാഡ' യെ അവർക്ക് എതിർക്കേണ്ടതായിട്ട് വന്നു. അല്ലെന്നുണ്ടെങ്കിൽ ഇന്ന് മന്ത്രിയായിട്ടുള്ള ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയേയും ഇന്ന് മുസ്ലീംലീഗിന്റെ സെക്രട്ടറിയായിട്ടുള്ള ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയേയുമായിരിക്കും 'ടാഡ' നിയമപ്രകാരം പിടിച്ച് വയ്ക്കുക. അത് ശ്രീ. ചന്ദ്രശേഖറിന് പററിയില്ലേ? ഞങ്ങളോടൊപ്പം രാജ്യസഭയിൽ ഉണ്ടായിരുന്ന ചന്ദ്രശേഖർ, 'മിസ' നിയമത്തെ പിൻതാങ്ങിയ ചന്ദ്രശേഖർ, അടിയന്തിരാവസ്ഥ വന്നപ്പോൾ പ്രതിപക്ഷത്തിന്റെ നേതാക്കൻമാരും കോൺഗ്രസ്സിന്റെ ചന്ദ്രശേഖർ ഉൾപ്പെടെയുള്ള യുവതുർക്കി നേതാക്കൻമാരും ഒരുമിച്ചാണ് വിവിധ ജയിലുകളിലേക്ക് മാർച്ച് ചെയ്യപ്പെട്ടത്. അതുകൊണ്ട് ഈ നിയമം ദുരുപയോഗിക്കപ്പെടും, 'എസ്മ' നിയമം ദുരുപയോഗിക്കപ്പെടും. 'എസ്മ' യുടെ വകുപ്പുകളിലേക്ക് കടന്നിട്ടുണ്ടെങ്കിൽ ദുരുപയോഗിക്കുവാനായിട്ടുള്ള എത്രയെത്ര സൗകര്യങ്ങളാണ്, സാഹചര്യങ്ങളാണ് അതിൽ കാണാൻ സാധിക്കുക? രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ ഒഴിച്ചാൽ ഇൻഡ്യയിൽ ഇന്നുള്ള 25 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണ പ്രദേശങ്ങളുമെടുത്താൽ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ന് 'എസ്മ' നിയമമില്ല. ഒററ കേന്ദ്രഭരണ പ്രദേശത്തും ഈ നിയമമില്ല. കാരണം കേന്ദ്ര നിയമം ഇല്ല. സർ, ഇൻഡ്യയുടെ ഏററവും സംസ്കാരമുള്ള സംസ്ഥാനങ്ങൾ ഏതാണ്? ബോംബേയ്ക്ക് വലുതായിട്ടുള്ള പ്രാധാന്യമില്ലേ സർ? ഇന്ന് മഹാരാഷ്ട്ര, ഗുജറാത്ത്, പശ്ചിമബംഗാൾ, തമിഴ്നാട്, കർണ്ണാടക തുടങ്ങി ഇതുവരെ കേരളത്തെപ്പോലുള്ളതായിട്ടുള്ള സംസ്ഥാനങ്ങൾ നാളെ അത് അല്ലാതാകുന്നു.

സർ, ബീഹാർ, ഇൻഡ്യയിലെ ഏററവും വലിയ വിസ്തീർണ്ണമുള്ള മദ്ധ്യപ്രദേശ്, ആസാം, ഇവിടെയൊന്നും 'എസ്മ' നിയമമില്ല.

ലോറി സ്ട്രൈക്ക് അഖിലേന്ത്യാ നിലവാരത്തിലുണ്ടായിരുന്നപ്പോൾ ഈ സംസ്ഥാനങ്ങളെയെല്ലാം ബാധിച്ചു. പക്ഷേ, ആ സംസ്ഥാനങ്ങളൊന്നും തന്നെ ഈ നിയമം കൊണ്ടുവരണമെന്ന് ആഗ്രഹിച്ചില്ല. ഇന്ന് കേന്ദ്രത്തിലും ആ നിയമമില്ല. ഒരു അഖിലേന്ത്യാ നിലവാരത്തിലുള്ള സെൻട്രൽ ഗവൺമെന്റ് സ്ട്രൈക്കിന് ആദ്യമായി ആരംഭം കുറിച്ചത് 1968-ലാണ്. അന്ന് കേന്ദ്രം Essential Services Maintanance Act, 1968 (No.59) പാസാക്കി. പാസാക്കിയത് സ്ഥിരമായി സ്ററാറ്റ്യൂട്ട് പുസ്തകത്തിൽ ചേർക്കാൻ വേണ്ടിയല്ല. ഒരു താൽക്കാലികാവശ്യത്തിനു വേണ്ടി പാസാക്കിയതായതുകൊണ്ട് അതിന് 3 കൊല്ലത്തെ കാലാവധി കൊടുത്തിട്ടുണ്ടായിരുന്നു. 1971-ൽ ആ നിയമത്തിന്റെ കാലാവധി തനിയെ കഴിഞ്ഞു. പിന്നീട് പാർലമെന്റ് ആ നിയമത്തെ വീണ്ടും പ്രഖ്യാപിച്ചില്ലേ? 1981-ൽ വീണ്ടും 'എസ്മാ', കേന്ദ്രത്തിൽ വന്നു. ആക്ട് നമ്പർ 40 ഓഫ് 1981. അതും 4 കൊല്ലത്തേയ്ക്കായിരുന്നു. ആ 4 കൊല്ലത്തെ കാലാവധി കഴിഞ്ഞപ്പോൾ 1985-ൽ ആക്ട് നമ്പർ 49 ഓഫ് 1985 പ്രകാരം അതിൽ ആ 4 കൊല്ലമെന്ന് വച്ചിട്ടുണ്ടായിരുന്നത് വെട്ടി 9 കൊല്ലമാക്കി. എന്നുവച്ചാൽ ആ 4 കൊല്ലം കഴിഞ്ഞ് ഒരു 5 കൊല്ലം കൂടി നീട്ടി. അങ്ങനെ 1990-ൽ ഈ നിയമത്തിന്റെ കാലാവധി കഴിഞ്ഞു. 1990-ന് ശേഷം കേന്ദ്രം ഈ നിയമം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടില്ല. അഖിലേന്ത്യാ നിലവാരത്തിലുള്ള ലോറി സ്ട്രൈക്കുണ്ടായി. കേന്ദ്രം ആ നിയമം കൊണ്ടുവന്നില്ല. അവർ മററു നടപടികളെടുത്തു. അവർ ഏററവും പ്രധാനപ്പെട്ട നടപടിയെടുത്തത് ക്രമസമാധാനത്തിന്റെ പേരിൽപോലീസുകാരെ ഉപയോഗിക്കുക; നിയമം ഉപയോഗിക്കുകയെന്നുള്ളതല്ല. ആ ലോറി സ്ട്രൈക്കിന്റെ കാലത്ത് പത്രങ്ങളിലൂടെ കാണാൻ സാധിച്ചത് കേന്ദ്ര ഗവൺമെൻറിന്റെ ക്യാബിനററ് മന്ത്രി ഏററവുമധികം ചർച്ച നടത്തിയത് ഈ ലോറി സ്ട്രൈക്ക് കാലത്തായിരുന്നു എന്നാണ്. ആ ചർച്ച അവരോട് നടത്തി, പ്രത്യേക നികുതി പിരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായിട്ട് ചർച്ച നടത്തി. അങ്ങനെ ഒരുവിധത്തിൽ തീർന്നു. വീണ്ടും ആ ലോറി സ്ട്രൈക്ക് വന്നു. അതും തീർക്കാൻ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി. അതിന്റെ ഫലമായിട്ട് ആ ലോറി സ്ട്രൈക്ക് അവസാനിപ്പിക്കാൻ സാധിച്ചു. ഇന്ന് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത് നമ്മുടെ സ്ററാററ്യൂട്ട് പുസ്തകത്തിലെ ഒരു സ്ഥിരം നിയമമെന്നുള്ള നിലയിലാണ്. ഇത് തെററാണ്. ഇതിന് വേണമെങ്കിൽ ഒന്നോ രണ്ടോ കൊല്ലത്തെ കാലം വയ്ക്കട്ടെ. എന്തിനാണ് ഈ സ്ററാററ്യൂട്ട് പുസ്തകത്തിൽ, ഇത്ര വൃത്തികെട്ട, ഹീനമായ, നീചമായ ഒരു നിയമം സ്ഥിരമായി കിടക്കുന്നത്? ഒരു താത്കാലികാവശ്യത്തിന് കൊണ്ടുവന്നതാണെങ്കിൽ, അതിന്റെ ഭീഷണി പോയിട്ടില്ലെങ്കിൽ നിയമം കൊണ്ടുവരാം. അതിന്റെ ഭീഷണി പോയിക്കഴിഞ്ഞുവെങ്കിൽ നിയമം കൊണ്ടുവരേണ്ട ആവശ്യമില്ല. ഈ നിയമം പ്രത്യേകമായി ആർക്കെതിരായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്? ട്രേഡ് യൂണിയൻസ്, സർവ്വീസ് ഓർഗനൈസേഷൻസ്, മൂന്നാമത്തേത് സംഘടിതവിഭാഗങ്ങളുടേതായിട്ടുള്ള സ്ഥാപനങ്ങൾ, ലോറി ഓണർമാരുടെ സ്ഥാപനങ്ങൾ, ഹോട്ടൽ ഉടമകളുടെ സ്ഥാപനങ്ങൾ, കച്ചവട ഉടമകളുടെ സ്ഥാപനങ്ങൾ ഇതിനെല്ലാം എതിരായിട്ട് ഇത് പ്രയോഗിക്കാം. അങ്ങനെ പ്രയോഗിക്കാൻ തുടങ്ങിയാൽ ഭീഷണിപ്പെടുത്തി, ഭയപ്പെടുത്തി പലകാര്യങ്ങളും ഗവൺമെൻറിന് നേടാൻ സാധിക്കും. ഒരിക്കലും ഒരു ഗവൺമെൻറ് ചെയ്യാൻപാടില്ലാത്ത കാര്യമാണത്. ഈ ആക്ടിന്റെ പരിധികൊണ്ട് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന വിഭാഗങ്ങൾ ഉണ്ടാകുന്നുണ്ട്. സാധാരണഗതിയിൽ പണിമുടക്കുന്നതിനുള്ള അവകാശം ഈ നിയമം ഇൻവോക്ക് ചെയ്തിട്ടുണ്ടെങ്കിൽ, നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആ അധികാരം നഷ്ടപ്പെടും. എല്ലാം അവശ്യ സർവ്വീസുകളായി പ്രഖ്യാപിക്കാം. ഇത് ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കേണ്ടതെന്നുള്ളത് ഗവൺമെൻറ് വിജ്ഞാപനം നടത്തണം. ഏതെല്ലാമാണ് അവശ്യ സർവ്വീസുകളെന്നുള്ളത് ഗവൺമെൻറ് വിജ്ഞാപനം നടത്തണം. ഇതൊന്നും നിയമത്തിലില്ല. അവശ്യ സർവ്വീസുകൾ ഏതാണ്, ഏതെല്ലാം സന്ദർഭങ്ങളിലാണ് അത് ഉപയോഗിക്കാൻ സാദ്ധ്യതയുള്ളത്, ഇതെല്ലാം ഈ നിയമസഭയോട് പറയുന്നില്ല. ആ വിജ്ഞാപനം ഈ നിയമസഭയുടെ മേശപ്പുറത്ത്വയ്ക്കേണ്ടതില്ല. സാധാരണഗതിയിൽ ഡെലിഗേററഡ് ലെജിസ്ലേഷൻ—ആ ഡെലിഗേററഡ് ലെജിസ്ലേഷൻ റൂൾസ് പ്രകാരമാകാം; നോട്ടിഫിക്കേഷൻസ് പ്രകാരമാകാം. അത്തരത്തിലുള്ള ഡെലിഗേററഡ് ലെജിസ്ലേഷൻ സാധാരണ ഗവൺമെൻറ് എല്ലായ്പ്പോഴും ഈ നിയമസഭയുടെ മേശപ്പുറത്ത്വയ്ക്കും. നിയമസഭ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കും. അതിനൊന്നുംതന്നെ ഒരു അധികാരവും ഈ നിയമത്തിൽ കൊടുത്തിട്ടില്ലെന്നുള്ളതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഈ നിയമത്തിന്റെ ആദ്യ ചർച്ച ഈ നിയമസഭയിൽ വന്നപ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിൽ നേരിട്ട് ഇടപെടുന്നവർക്ക് 6 മാസത്തെ ശിക്ഷ. മറെറാരു വകുപ്പുപ്രകാരം പ്രേരിപ്പിക്കുന്ന ആളിന് ഒരു കൊല്ലത്തെ ശിക്ഷ. ഇത് പറഞ്ഞപ്പോൾ

ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി അന്ന് മുഖ്യമന്ത്രിക്കുവേണ്ടി ഇവിടെ പറഞ്ഞു, വിഷയനിർണ്ണയകമ്മിററിയിൽ ഇതിനെപ്പററി ആലോചിക്കാമെന്ന്. ഇന്ന് എന്താണ് എഴുതിയിരിക്കുന്നത്? ഇയാൾക്കുള്ള 6 മാസത്തെ ശിക്ഷ തന്നെ മറേറ ആളിനും കൊടുത്തിരിക്കുകയാണ്. പ്രേരിപ്പിക്കുന്ന ആൾ എന്ന് പറയുന്നത് പലപ്പോഴും സംശയാതീതമായിട്ടുള്ള കാര്യമാവുകയില്ല. ചെയ്യുന്ന ആളിനെ സംബന്ധിച്ചിടത്തോളം അയാൾ സ്ട്രൈക്കിൽ പാർട്ടിസിപ്പേററ് ചെയ്തിട്ടുണ്ട്. അത് കാണുന്നുണ്ട്. അയാൾ മാസ് കാഷ്വൽ ലീവ് എടുത്തിട്ടുണ്ട്. അത് കാണുന്നുണ്ട്. പക്ഷേ പിന്നിൽനിന്ന് പ്രേരിപ്പിക്കുന്ന ആൾ അത് 'എ' ആകാം, 'ബി' ആകാം, 'സി' ആകാം. ആ ആളിന് എന്തിനാണ് 6 മാസത്തെ ശിക്ഷ? ആ ആളിന് കൊടുക്കേണ്ടതാണെങ്കിൽതന്നെ 3 മാസത്തെ ശിക്ഷയല്ലേ കൊടുക്കേണ്ടത്? എന്തെങ്കിലും ഒരു റീസണബിൾ ക്ലാസിഫിക്കേഷൻ, നിലനിൽക്കത്തക്ക നിലയിലുള്ള ഒരു തരംതിരിവ് ആവശ്യമുണ്ട്. ആ തരംതിരിവ് ഭേദഗതി ചെയ്തതിനു ശേഷവും ഇല്ലെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിൽ ജാമ്യം നിഷേധിക്കുന്നു. ജയിലിൽ വയ്ക്കാനുള്ള അവകാശം മജിസ്ട്രേട്ടിനെ കാണിച്ചിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വളരെയധികം കനത്ത വകുപ്പുകളുള്ള ഈ നിയമം വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കും. ഇത് എന്നെന്നേയ്ക്കുമുള്ള ഒരു നിയമമായിട്ട് കൊണ്ടുവരേണ്ട യാതൊരു ആവശ്യവുമില്ല. ഈ നിയമത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എം. ജെ സക്കറിയ: സർ, അവശ്യ സർവ്വീസുകളിൽ പണിമുടക്ക് നിരോധിക്കാനുള്ള അധികാരം ഗവൺമെൻറിന് നൽകുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. പി. എസ്. ശ്രീനിവാസനും ശ്രീ. ബേബിജോണും ശ്രീ. കെ. ചന്ദ്രശേഖരനുമെല്ലാം പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും ഇതിൽ ചില ആശങ്കകളില്ലാതില്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ ഇതുപോലുള്ള നിയമനിർമ്മാണങ്ങൾ നടക്കുമ്പോൾ ഉണ്ടാകാവുന്ന സ്വാഭാവികമായ ആശങ്ക മാത്രമാണ് എനിക്കുള്ളത്. ജനാധിപത്യം വളരെ കാര്യക്ഷമമായി നിലനിൽക്കുന്ന രാജ്യങ്ങളിലൊക്കെ ഒരു നിയമത്തിൻെറ ദുരുപയോഗം വളരെ വലിയ അളവിൽ നടക്കുമെന്നൊന്നും ഞാൻ വിചാരിക്കുന്നില്ല. ബ്രിട്ടീഷുകാർ അധികാരത്തിലിരുന്നപ്പോൾ അവരുടെ ജനാധിപത്യ ധ്വംസനത്തിനെതിരെ പോരാടിയ ഒരു ജനതയാണ് ഭാരതീയ ജനത. അതുകൊണ്ടുതന്നെ ആ സമരമുഖങ്ങളിലേയ്ക്ക് ആഞ്ഞടിക്കാൻ നമുക്ക് ഇരുകൂട്ടർക്കും സാധിക്കുമെന്നുള്ള വിശ്വാസമാണ് എനിക്ക് ഈ സന്ദർഭത്തിലുള്ളത്. ഇതിൽ മൗലികാവകാശങ്ങളുടെ ധ്വംസനം പ്രതിപക്ഷം കണ്ടു. സംഘടിക്കാനുള്ള അവകാശത്തിൻെറ നിഷേധമാണെന്നും പറഞ്ഞു. ഭരണഘടനാവിരുദ്ധമാണ് ഈ ബില്ലെന്നും പറയുകയുണ്ടായി. ഇതിൽ മൗലികമായ അവകാശത്തിൻെറ ധ്വംസനമോ അല്ലെങ്കിൽ സംഘടിക്കാനുള്ള അവകാശത്തിൻെറ നിഷേധമോ ഞാൻ കാണുന്നില്ല.

സർ, സംഘടിത തൊഴിലാളി വർഗ്ഗത്തിൻെറ അവകാശ സമരങ്ങൾക്കെതിരാണ് ഈ ബിൽ എന്ന് എനിക്ക് അഭിപ്രായമില്ല. പ്രതിപക്ഷത്തിൻെറ ആശങ്ക, ഇത് ദുരുപയോഗപ്പെടുത്തും, വ്യക്തിവിരോധം തീർക്കാൻ ഉപയോഗപ്പെടുത്തുമെന്നൊക്കെയാണ്. ചില സന്ദർഭങ്ങളിലുണ്ടാകുന്ന സമരം, പണിമുടക്ക് ഇവയൊക്കെതന്നെ ജനജീവിതത്തെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് ആലോചിക്കണം. ഒരിക്കലും ഒരു തൊഴിലാളി അന്യായ മാർഗ്ഗം അവലംബിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ അവരെ നയിക്കുന്ന നേതൃത്വം പലപ്പോഴും അവരെ തെററായ മാർഗ്ഗത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്നതിന്റെ ഏറ്റവും വലിയ ദുരന്തം അനുഭവിക്കുന്നവരാണ് കേരളത്തിലെ ജനത. അതുകൊണ്ടുതന്നെ ഇത് വളരെ ഗൗരവമായി കാണേണ്ട ഒരു നിയമ നിർമ്മാണമാണ്. അതുപോലെ അപൂർവ്വമായി, അസാധാരണ സന്ദർഭങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഒരു സ്ഥിരം നിയമനിർമ്മാണം എന്ന ആവശ്യം യുക്തിസഹമാണോയെന്ന് ഗവൺമെന്റും പരിശോധിക്കണം.

സർ, ഗവൺമെന്റിന്റെ നയപരമായൊരു തീരുമാനം എന്ന നിലയിൽ ഞാൻ ഇതിനെ ചോദ്യം ചെയ്യുന്നില്ല. ഇതിന്റെ പല വകുപ്പുകളും ദുരുപയോഗ സാദ്ധ്യത ഒളിഞ്ഞുകിടക്കുന്നതോ അവ്യക്തമോ ആണെന്ന ആശങ്കയും ഇല്ലാതില്ല. ഇതിന്റെ കാലാവധി മൂന്നുമാസമെന്നാണ് വച്ചിരിക്കുന്നത്. ഇത് റിവ്യൂ ചെയ്യാനുള്ള സംവിധാനത്തെക്കുറിച്ച് ഒരിടത്തും പറയുന്നില്ല. മൂന്നുമാസം കഴിഞ്ഞാൽ വേണമെങ്കിൽ മൂന്നുമാസം കൂടി നീട്ടാമെന്നുള്ളതാണ് ഇതിലെ ഒരു കാര്യം. ഒരു കാര്യം വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, പ്രതിയുടേത് കൂടി കേട്ടിട്ട് വേണം. ശിക്ഷ വിധിക്കാൻ. അത് ജനാധിപത്യത്തിന്റെ കാതലായ ഒരു വശമാണ്. ഇവിടെ അതൊന്നും പ്രതിപാദിക്കുന്നില്ല. നിരോധനം വേണമോ വേണ്ടയോ എന്ന് വിലയിരുത്തപ്പെടാൻ ഒരു വിദഗ്ദ്ധ സമിതി വേണം. ഏതെങ്കിലും സർവ്വീസ് അവശ്യ സർവ്വീസായി പ്രഖ്യാപിക്കുകയും അവിടെ പണി മുടക്കിന് നിരോധനം ഏർപ്പെടുത്തുകയും ചെയ്യുമ്പോൾ ഇത് ആര് തീരുമാനിക്കും. ഗവൺമെന്റിന്റെ ഇഷ്ടാനിഷ്ടങ്ങളാണോ ഇതിലെ പ്രധാന ഘടകം അല്ലെങ്കിൽ എന്തെങ്കിലും നിരോധനം ഏർപ്പെടുത്തത്തക്ക ഗൗരവമായ സാഹചര്യം രാജ്യത്ത് നിലനിൽക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കണം. സർ, ഇതിലിപ്പോൾ ഈ കുററം കൊഗ്നൈസബിളും ജാമ്യം അനുവദി ക്കേണ്ടതല്ലാത്തതുമാണെന്ന് പറഞ്ഞിട്ടുണ്ട്. പോലീസ് ഓഫീസർക്ക് ഇതിന്റെ ചുമതല വിട്ടുകൊടുക്കുമ്പോൾ അറസ്ററ് ഇംപോസ് ചെയ്യാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമായി പറയണം. ഒരു ഐ. പി. എസ്. ഓഫീസറുടെ ചുമതലയിൽ ഇത് വരുന്നതായിരിക്കും യുക്തമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെതന്നെ കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യണമെന്ന് ഒരു വകുപ്പുണ്ട്. കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യുമ്പോൾ 'സാദ്ധ്യമാകുന്നിടത്തോളം ഈ വ്യവസ്ഥകൾ' അതായത് ക്രിമിനൽ പ്രൊസീഡ്യുർ കോഡിലെ വ്യവസ്ഥകൾ ബാധക മാക്കണമെന്നും പറയുന്നു. ഇന്ത്യൻ ശിക്ഷാനിയമം നടപ്പിലാക്കാനുള്ള വ്യവസ്ഥകൾ ആണ് സി. ആർ. പി. സി. യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തുമ്പോൾ ഇതിൽ അവ്യക്തതയും ഇറെഗുലാറിററീസും ഉണ്ടാകാൻ പാടില്ല. സി. ആർ. പി. സി. യിലെ 262, 263, 264, 265 വകുപ്പുകൾ should be made applicable എന്നു മാത്രമാണ് പറയുന്നത്. ഇങ്ങനെ വ്യക്തമായി പറയുന്നിടത്ത് പിന്നെ എന്തിനാണ് "സാദ്ധ്യമാകുന്നിടത്തോളം'' എന്ന് പറയുന്നത്? ഇത് ബാധകമാക്കണമെന്നുപറഞ്ഞാൽ പോരെ? ആ വകുപ്പിനെ സംബന്ധി ച്ചിടത്തോളം അങ്ങനെ ഒരു ഭേദഗതിയും എനിക്ക് നിർദ്ദേശിക്കാനുണ്ട്. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നതുകൊണ്ട് ഈ നിയമം ദുരുപ യോഗപ്പെടും എന്ന ആശങ്ക ആർക്കുംവേണ്ട. ഒന്നാന്തരം കമ്മ്യൂണിസ്ററു കാരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അടിയന്തിരാവസ്ഥ കാലത്ത് "MISA" യുടെ ദുരന്തം അനുഭവിച്ച ആളുകളാണ് ഞങ്ങൾ. അതുകൊണ്ട് അത്തരം ആശങ്കയ്ക്കൊന്നും ഇതിൽഅവകാശമില്ല. ഇതിനെ വളരെ വിശാല മായ സമീപനത്തോടുകൂടി കാണാൻ പ്രതിപക്ഷവും ഇതിലെ അനോമലീസ് അല്ലെങ്കിൽ ദുരുപയോഗ സാദ്ധ്യതകളുടെ വഴി തടയാനുള്ള സംവിധാന ത്തെക്കുറിച്ച് ഗവൺമെന്റും ആലോചിക്കണമെന്നു മാത്രമേ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, തികഞ്ഞ അമർഷത്തോടും പ്രതിഷേധത്തോടും കൂടിയാണ് ഞാൻ ഇവിടെ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. അതോടൊപ്പംതന്നെ അപ്പുറത്തിരിക്കുന്നവരോട് സഹതാപവും അനുകമ്പയുമുണ്ട്. ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ചിടത്തോളം, ഈ രാജ്യത്തെ ബഹുജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നിയാമകമായ രീതിയിൽ അതിൽ വകുപ്പുകളില്ലെങ്കിലും ലോകത്ത് ജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ച ഒരു വസ്തുതയുണ്ട്. സംഘടിക്കാനും സമരം ചെയ്യാനും അവസരം നൽകുന്ന ലോകത്തിലെ അപൂർവ്വ ശ്രേഷ്ഠമായ ഒന്ന് ആ ഭരണഘടനയിലുണ്ട്. ഇപ്പോൾ 75-ാം ഭരണഘടനാ ഭേദഗതി വന്നു. ഭരണഘടന നിർമ്മാണ സമിതിയിൽ അംഗീകരിച്ചിട്ടുള്ള അംബേദ്കാറുടെയും പണ്ഡിററ്ജിയുടെയുമെല്ലാം മനസ്സിൽ ഉൾക്കൊള്ളുന്ന ആ ഭരണഘടനയ്ക്ക് 75 ഭേദഗതികൾ ഇവിടെ വന്നു. പൂർണ്ണമായ മാററങ്ങൾ ദിവസവും വന്നുകൊണ്ടിരിക്കുന്നു. അതിലൊന്നാണ് ഞാൻ ഇന്നലെ ഇവിടെ പറഞ്ഞത്. ഹൈക്കോടതി വിധി വന്നപ്പോൾ അതിൽനിന്ന് മറുകണ്ടം ചാടാൻ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്, ഭേദഗതിക്ക് പാർട്ടിയിൽ ഭൂരിപക്ഷം കിട്ടാൻ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്, അടിയന്തിരാവസ്ഥയിലൂടെ പാർട്ടിയിൽ ഭൂരിപക്ഷം ഉണ്ടാക്കിക്കൊണ്ട് ഇന്ദിരാഗാന്ധി പാർട്ടിയെ പിടിച്ചടക്കിയത്, ഇതൊക്കെ ഇന്നലെ പറഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അവരോടൊപ്പം ഒന്നിച്ചിരുന്ന ആളല്ലേ അങ്ങ്?

ശ്രീ. എ. സി. ഷൺമുഖദാസ്: അവരോട് ഒന്നിച്ചുനിന്നതാണ്. അതുകൊണ്ടുതന്നെ ഒന്നരക്കൊല്ലം, ഈ നിയമസഭയിൽ ഇരുന്നിട്ട് ശബ്ദിച്ചിട്ടില്ല. ചോദ്യം പോലും ചോദിക്കാതിരുന്ന ആളാണ് ഞാൻ, രേഖ പരിശോധിക്കണം. 1977-ൽ മത്സരിക്കാൻ ആവശ്യപ്പെട്ടിട്ടും മത്സരിക്കാതെ മാറിനിന്നയാളാണ് ഞാൻ. ഒന്നരക്കൊല്ലം ഈ നിയമസഭയിൽ കൃത്യമായി ഇരുന്ന്, വോട്ടു ചെയ്തു, ചോദ്യം പോലും ചോദിച്ചില്ല. എന്തെന്നാൽ മനഃസാക്ഷിയുള്ളതുകൊണ്ട്. ആ മനഃസാക്ഷി ഈ രാഷ്ട്രീയ നേതാക്കളുടെ വികാരം ഉൾക്കൊള്ളുന്ന മനഃസാക്ഷിയാണ്. ഞാൻ ധരിക്കുന്ന വസ്ത്രത്തിന്റെ വികാരം ഉൾക്കൊള്ളുന്ന മനഃസാക്ഷിയാണ്. ആ മനഃസാക്ഷി വച്ചുകൊണ്ടാണ് ഞാൻ ചുണ്ടിക്കാണിച്ചത്, അമർഷത്തോടെ, പ്രതിഷേധത്തോടെ, ഇങ്ങനെയുള്ള വികാരത്തോടെയാണ് ഞാൻ ഇതിനെ എതിർക്കുന്നതെന്ന്. നമ്മുടെ രാജ്യത്തെ ജനാധിപത്യത്തിൽ വ്യക്തിഗത വൈരാഗ്യം തീർക്കാൻ ഉപയോഗപ്പെടുത്താൻ ഇടയുള്ള ഒരു നിയമമായി ഞാൻ ഇതിനെ കാണുന്നു. ലോറി സമരം നേരിടാനുള്ള സാഹചര്യത്തിൽ, സെപ്ററംബർ മാസം 23-ാം തീയതി ഈ കാര്യത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. ഈ ലോറി സമരം ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു വിധത്തിലും ബാധിക്കാത്ത സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറയട്ടെ, വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളെ ബാധിച്ചതുപോലെ ലോറി സമരം കേരളത്തെ ബാധിച്ചോ? ലോറി സമരത്തിന് നേതൃത്വം കൊടുക്കുന്ന നേതാക്കൻമാർക്ക് നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ആക്ഷേപമുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): ഇവിടെ ട്രാൻസ്പോർട്ട്, ട്രക്ക് ഓണേഴ്സിന്റെ അങ്ങനെ രണ്ട് സമരം നടന്നു. ഇവിടെ 'എസ്മാ' ഉപയോഗിച്ചില്ല. ഈ നിയമമുള്ളപ്പോൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് ജീവനക്കാരുടെ സമരം നടന്നു. 'എസ്മാ' ഉപയോഗിച്ചിട്ടില്ല. ഈ നിയമം നിലവിലുള്ളപ്പോഴും കേരളത്തിൽ ഈ മൂന്ന് സന്ദർഭങ്ങളിലും 'എസ്മാ' ഉപയോഗിച്ചിട്ടില്ല. അപ്പോൾ "ഇത് മിസ്‌യൂസ് ചെയ്യപ്പെടും കരുണാകരന്റെ കാലത്ത്'' എന്ന് പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: എന്റെ വാദം പൂർണ്ണമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള, മന്ത്രിസഭാ യോഗത്തിൽ ഈ വാദം വന്നിരുന്നുവെങ്കിൽ ഈ നിയമസഭയിൽ ഇതിനു വേണ്ടി സമയം ചെലവഴിക്കേണ്ടിവരുമായിരുന്നില്ല. നിങ്ങൾ എന്തുകൊണ്ട് മന്ത്രിസഭായോഗത്തിൽ ഈ വാദം വച്ചില്ല. ലോറി സമരമാണ് ഇത്തവണത്തിൽ 'എസ്മാ' കൊണ്ടുവരാൻ കാരണം. ആ ലോറി സമരം നേരിടാൻ ഈ നിയമം ഉപയോഗിക്കേണ്ടി വന്നില്ലെന്ന് വകുപ്പുമന്ത്രി പറഞ്ഞു. അപ്പോൾ ഇതിന്റെ പിന്നിലുള്ള ഗൂഢാലോചന, തന്ത്രം, ബുദ്ധി ആരുടേതാണ്? സ്വന്തം പാർട്ടിക്കാരെ നിയന്ത്രിക്കാൻ. സർ, കുറ്റം ചെയ്തവന് ശിക്ഷ ആറ് മാസമാണ്. മാഹിയിൽനിന്ന് പ്രേരിപ്പിച്ചാൽ ശിക്ഷിക്കാനൊക്കുകയില്ല. പോണ്ടിച്ചേരിയിൽ ഇത് ബാധകമല്ല. മാഹിയിൽനിന്നുകൊണ്ട് കണ്ണൂരിലും തലശ്ശേരിയിലും കോഴിക്കോടും ഇതിന് നേതൃത്വം കൊടുക്കാം. എന്നാൽ പ്രേരണ കൊടുത്താൽ ഒരു വർഷമാണ് ശിക്ഷ. ഈ നിയമസഭ ഇന്ന് പിരിയുകയാണ്. ഈ നിയമസഭ പിരിയുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണ ചർച്ചയ്ക്ക് ഞങ്ങൾ ആഗ്രഹിച്ചു. ജനങ്ങൾ ആഗ്രഹിച്ചു. നഗരപാലിക-പഞ്ചായത്തീ രാജ് ബിൽ. ഈ ഗവൺമെന്റിന് അത് കൊണ്ടുവരാൻ സമയമുണ്ടായില്ല, അതിന് കഴിഞ്ഞില്ല. രാജീവ്ഗാന്ധി അദ്ദേഹത്തിന്റെ ജീവിതകാലത്ത് ചെയ്തുവെന്ന് പറയുന്ന അത്ഭുത നേട്ടമാണ് അതെങ്കിൽ ആ രാജീവ്ഗാന്ധിയുടെ പേരിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന് ആ ബില്ലിനു വേണ്ടി രണ്ടു ദിവസം സമയം കണ്ടെത്താൻ കഴിഞ്ഞില്ല. രണ്ട് ദിവസം ചെലവഴിച്ചത് ഒന്ന്, 'ടാഡ'യ്ക്കു വേണ്ടിയും മറ്റൊന്ന്, 'എസ്മ'യ്ക്കു വേണ്ടിയുമാണ്. ഈ നിയമസഭയിൽ ഇത്തരം ഗതികേടിൽ നമുക്ക് ഇരിക്കേണ്ടി വന്നിരിക്കുന്നു. അപ്പുറത്തിരിക്കുന്നയാളുകൾ മനഃസാക്ഷിയോടുകൂടി ഇതിന് അനുകൂലമായി വോട്ട് ചെയ്യുമോ? മിനിഞ്ഞാന്ന് കണ്ടു. ഇന്നലെ കണ്ടു. ശ്രീ. സേട്ടുവിന്റെ പ്രസ്താവന കേട്ടു. ശ്രീ. ബാലകൃഷ്ണപിള്ളയുടെ വാക്ക് വ്യക്തമാണ്. അപ്പുറത്തിരിക്കുന്നവർക്ക് അംഗീകരിക്കാൻ കഴിയുകയില്ല. സംഘടിത തൊഴിലാളി വർഗ്ഗത്തിന് നേതൃത്വം കൊടുത്തുകൊണ്ട് രാഷ്ട്രീയത്തിൽ വരുന്നവർക്ക് അംഗീകരിക്കാൻ കഴിയാത്ത, ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയാത്ത ഈ നിയമത്തെ ശക്തിയായി ഞാൻ എതിർക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ. ഇപ്രകാരം ഒരു സ്ഥിരം നിയമമുണ്ടാക്കുന്നത് വളരെ നല്ലതാണ്. ഏതെങ്കിലും അടിയന്തിര സന്ദർഭമുണ്ടാകുമ്പോൾ അന്നേരം ഓർഡിനൻസ് കൊണ്ടുവരണമെങ്കിൽ ചുരുങ്ങിയത് പത്ത് ദിവസമെങ്കിലും വേണ്ടിവരും. ക്യാബിനററിൽ ആദ്യം ഓർഡിനൻസ് കൊണ്ടുവരുന്നതിനെപ്പററി ആലോചിക്കണം, ലാ ഡിപ്പാർട്ടുമെന്റിലേക്ക് ഡ്രാഫ്റ്റ് കൊടുക്കണം, ലാ ഡിപ്പാർട്ടുമെന്റിൽനിന്ന് വീണ്ടും ക്യാബിനററിൽ കൊണ്ടുവരണം. വീണ്ടും ക്യാബിനററിന്റെ അപ്രൂവൽ വേണം. വീണ്ടും ഗവർണ്ണർക്ക് കൊടുക്കണം. ചുരുക്കിപ്പറഞ്ഞാൽ പത്തു ദിവസമെങ്കിലും ഓർഡിനൻസ് കൊണ്ടുവരുന്നതിന് വേണ്ടിവരും. അത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിര സന്ദർഭത്തിൽ ഒരു സ്ഥിരം നിയമം ഉണ്ടെങ്കിൽ നല്ലതാണ്. എപ്പോഴും എടുത്ത് പ്രയോഗിക്കാൻ അല്ല. എനേബ്ലിംഗ് ആയിട്ടുള്ള നിയമമാണ്. അത്യാവശ്യമായ സന്ദർഭത്തിൽ, ജനജീവിതം ദുഃസ്സഹമാകുമ്പോൾ, സ്തംഭനത്തിലേക്ക് നീങ്ങുന്ന സന്ദർഭത്തിൽ എടുത്ത് പ്രയോഗിക്കണമെങ്കിൽ പ്രയോഗിക്കാമെന്ന് മാത്രമേയുള്ളു.

സർ, മൂന്ന് കൺട്രോൾ ചെക്ക് ഇതിനകത്തുണ്ട്. ഒന്ന്, വകുപ്പ് 2 (1) അനുസരിച്ച് അവശ്യ സർവ്വീസ്സായി പ്രഖ്യാപിക്കണം. രണ്ട്, വകുപ്പ് 3 (1) അനുസരിച്ച് ഗവൺമെൻറ് പൊതു താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് പണിമുടക്ക് നിരോധിക്കണമോ വേണ്ടയോയെന്ന് യുക്തമായ തീരുമാനമെടുക്കണം. മൂന്ന്, ഒരു ഉത്തരവ് പുറപ്പെടുവിച്ചാൽ അത് മൂന്ന് മാസത്തയ്ക്കേ നിലനിൽക്കുകയുള്ളു. ഈ മൂന്ന് തരത്തിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി അത്യാവശ്യമായ സന്ദർഭങ്ങളിൽമാത്രം, പൊതുജനതാൽപ്പര്യത്തിനുവേണ്ടി പ്രയോഗിക്കാൻ മാത്രമുള്ള ഒരു നിയമമാണിത്. അല്ലാതെ എല്ലാ പണിമുടക്കുകളും നിരോധിക്കുന്ന നിയമമല്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ചിലപ്പോൾ മറിച്ചും ചെയ്യാം. കാരണം, പാഠമായിൽ ഇടപാടിൽ........................................................

ശ്രീ. കെ. എം. മാണി: സർ, ഇതൊരു രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി എടുക്കാൻ പാടില്ല. ഇന്ന് ഈ നിയമസഭ അവസാനിക്കുകയാണ്. സബ്ജക്ട് കമ്മിററി നിങ്ങൾ ബഹിഷ്കരിച്ചു. ഇവിടെ

2 P. M.] വന്ന് രാഷ്ട്രീയ പ്രചരണത്തിനുവേണ്ടിയുള്ള ബഹിഷ്കരണത്തിലേക്ക് പ്രതിപക്ഷം നീങ്ങരുത്. പ്രതിപക്ഷത്തിനു പറയാനുള്ളത് പറയട്ടെ. ഈ ബില്ലിൻെറ ഓരോ വകുപ്പും ഇവിടെ ചർച്ച ചെയ്യുമ്പോൾ നിങ്ങൾ നിർദ്ദേശങ്ങൾ പറയണം. അമെൻറുമെൻറ് മൂവ് ചെയ്യണം. അതുകൊണ്ട് ഒരു ബഹിഷ്കരണത്തിലേക്ക് പ്രതിപക്ഷം നീങ്ങരുത്. അത് ഒരു ശരിയായ നടപടിയല്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ അവതരിപ്പിച്ച രണ്ടാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം. ജെ. സക്കറിയ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട്കമ്മിററി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 1994-ലെ കേരള അവശ്യസർവീസുകൾ സംരക്ഷണ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. സഭ താഴെക്കാണുംപ്രകാരം വോട്ടു രേഖപ്പെടുത്തി:

### അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. എ. മജീദ്
2. ,, എ. വി. അബ്ദുറഹിമാൻ ഹാജി
3. ,, ഇ. എം. അഗസ്തി

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. സി. ടി. അഹമ്മദാലി
5. ,, കെ. ബാബു
6. ,, ആർ. ബാലകൃഷ്ണപിള്ള
7. ,, പി. ബാലൻ
8. ,, പി. കെ. കെ. ബാവ
9. ,, ടി. വി. ചന്ദ്രമോഹൻ
10. ,, എം. സി. ചെറിയാൻ
11. ,, ഡേവിഡ് പിൻഹീറോ
12. ,, ഡൊമനിക് പ്രസന്റേഷൻ
13. ,, പി. പി. ജോർജ്
14. ,, ജോർജ് ഈഡൻ
15. ,, ജോർജ് ജെ. മാത്യു
16. ,, ജോർജ് മസ്ക്രീൻ
17. ,, എ. വി. ഗോപിനാഥൻ
18. ,, എം. എം. ഹസ്സൻ
19. ,, ജോണി നെല്ലൂർ
20. ,, ജോസഫ് എം. പുതുശ്ശേരി
21. ,, പി. ജെ. ജോയി
22. ,, ജോയി എബ്രഹാം
23. ,, കെ. കെ. നായർ
24. ,, കെ. കരുണാകരൻ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ,, പുനലൂർ മധു
27. ,, എ. കെ. മണി
28. ,, കെ. എം. മാണി
29. ,, പി. എം. മാത്യു
30. ,, മാത്യു സ്റ്റീഫൻ
31. ,, ആര്യാടൻ മുഹമ്മദ്
32. ,, കല്ലടി മുഹമ്മദ്
33. ,, കെ. മുഹമ്മദാലി
34. ,, പി. വി. മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, കെ. പി. നൂറുദ്ദീൻ
37. ശ്രീമതി എം. ടി. പത്മ
38. ശ്രീ. സി. വി. പത്മരാജൻ
39. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
40. ,, കെ. രാഘവൻ മാസ്റ്റർ
41. ,, ആർ. രാമചന്ദ്രൻ നായർ
42. ,, തേറമ്പിൽ രാമകൃഷ്ണൻ
43. ,, പാലോട് രവി
44. ,, തമ്പാനൂർ രവി
45. ശ്രീമതി കെ. സി. റോസക്കുട്ടി
46. ,, റോസമ്മ ചാക്കോ
47. ശ്രീ. കടവൂർ ശിവദാസൻ
48. ശ്രീമതി ശോഭനാ ജോർജ്
49. ശ്രീ. കെ. എം. സൂപ്പി
50. ,, നാലകത്ത് സൂപ്പി

2/38—12

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. കെ. സുധാകരൻ
52. ,, പന്തളം സുധാകരൻ
53. ,, കെ. കെ. തോമസ്
54. ,, പി. ടി. തോമസ്
55. ,, കെ. പി. വിശ്വനാഥൻ
56. ,, എം. ജെ. സഖറിയ

പ്രതികൂലിക്കുന്നവർ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, ബേബിജോൺ
3. ,, വി. കെ. ബാബു
4. ,, സി. കെ. ചന്ദ്രപ്പൻ
5. ,, ടി. ചാത്തു
6. ,, ഇ. കെ. ഇമ്പിച്ചിബാവ
7. ,, കെ. ഇ. ഇസ്മയിൽ
8. ,, ഇ. പി. ജയരാജൻ
9. ഡോക്ടർ കെ. സി. ജോസഫ്
10. ശ്രീ. എ. കണാരൻ
11. ,, വി. കേശവൻ
12. ,, കൃഷ്ണൻ കണിയാംപറമ്പിൽ
13. ,, കെ. കൃഷ്ണൻകുട്ടി
14. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
15 ,, പാച്ചേനി കുഞ്ഞിരാമൻ
16 ,, ലോനപ്പൻ നമ്പാടൻ
17. പ്രൊഫ. മീനാക്ഷിതമ്പാൻ
18. ശ്രീ. ടി. നാണുമാസ്റ്റർ
19. ,, സി. പി. നാരായണൻ
20. ,, എം. നാരായണൻ (ഹോസ്ദുർഗ്)
21. ,, കെ. പ്രകാശ് ബാബു
22. ശ്രീമതി എൻ. കെ. രാധ
23. ശ്രീ. വർക്കല രാധാകൃഷ്ണൻ
24. ,, ബി. രാഘവൻ
25. ,, വി. വി. രാഘവൻ
26. ,, എൻ. രാജൻ
27. ,, പി. രാജു
28. ,, സി. കെ. സദാശിവൻ
29. ,, ഇ. ശങ്കരൻ
30. ,, എ. സി. ഷൺമുഖദാസ്
31. ,, ടി. ശിവദാസമേനോൻ
32. ,, പി. എസ്. ശ്രീനിവാസൻ
33. ,, വി. ജെ. തങ്കപ്പൻ
34. ,, എം. വിജയകുമാർ
35. ,, പിണറായി വിജയൻ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—56

പ്രതികൂലിക്കുന്നവർ—35

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, അനന്തര നടപടികളിലേക്ക് ഞങ്ങൾ യാതൊരുതരത്തിലും സഹകരിക്കുന്നതല്ലെന്ന് ഈ അവസരത്തിൽ അങ്ങയെ അറിയിക്കുകയാണ്. ഈ കരി നിയമം വർദ്ധിച്ചു വരുന്ന വിലക്കയറ്റത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളെ ദ്രോഹിക്കാനും വരിഞ്ഞു കെട്ടാനുമാണ്. അതുപോലെ ന്യായമായ തൊഴിലവകാശങ്ങൾക്കുവേണ്ടി നടത്തുന്ന സമരങ്ങളെ വരിഞ്ഞു കെട്ടാനാണ് ഈ നിയമം. ഈ നാടിനെ അഴിമതിയുടെ ദുർഗന്ധം വമിക്കത്തക്ക തരത്തിൽ വളർത്തിക്കൊണ്ടു വരുന്നതിന് എതിരായി ഉയർന്നു വരുന്ന ശക്തമായ ജനരോഷത്തെ വരിഞ്ഞു കെട്ടാനാണിത്. ഇതിൽ പ്രതിഷേധിക്കുന്ന ആളുകളെ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ദ്രോഹിക്കുന്നതിന് കരുതിക്കൂട്ടി കൊണ്ടു വന്നിട്ടുള്ള നിയമത്തിന്റെ അനന്തര നടപടികളിൽ ഞങ്ങൾ സഹകരിക്കുന്നില്ല. ഞങ്ങൾ ഇതിനെ ബഹിഷ്കരിക്കുന്നു. ഈ കരിനിയമം നിലനിൽക്കാൻ പാടില്ല. ഈ കരിനിയമം തുലയട്ടെ...........

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ടിറങ്ങിപ്പോയി)

## വകുപ്പു തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### 3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### 4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### 5-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.



LIBRARY ARCHIVES Kerala Legislative Assembly

6–ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

7–ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

8–ാം വകുപ്പ്

(ഭേദഗതി ഇല്ല)

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

മൂന്നാം വായന

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1994–ലെ കേരള അവശ്യ സർവ്വീസുകൾ സംരക്ഷണ ബിൽ ഫൈനലായി പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

1994–ലെ കേരള അവശ്യ സർവ്വീസുകൾ സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സാക്കി.

## X. (1) അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: ഓർഡർ..........ഓർഡർ

പീരുമേട്–അഴുത ഡൈവേർഷൻ സബ്ഡിവിഷന്റെ ചുമതലയുള്ള അസിസ്ററൻറ് എൻജിനീയർ നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശാധികാരങ്ങളെ ലംഘിച്ചതായി ആരോപിച്ചുകൊണ്ട് ശ്രീ. കെ. കെ.

തോമസ്, എം. എൽ. എ. നൽകിയ നോട്ടീസ് അന്വേഷണത്തിനും റിപ്പോർട്ടിനുമായി 159-ാം ചട്ടപ്രകാരം പ്രിവിലേജസ് കമ്മിററിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

കോഴിക്കോട് ജില്ലയിലെ ജീരകപ്പാറയിൽ 270 ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കണമെന്ന് ശ്രീ. സി. പി. ബാലൻ വൈദ്യർ സഭയിൽ ആവശ്യപ്പെട്ടിരുന്നതായും മററു പ്രതിപക്ഷ അംഗങ്ങൾ ഇതിനെ അനുകൂലിച്ചിരുന്നതായും വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥൻ കോഴിക്കോട് വച്ച് പ്രസ്താവിച്ചത് സത്യ വിരുദ്ധവും തന്നെ അപകീർത്തിപ്പെടുത്തുന്നതും, നിയമസഭാംഗമന്ന നിലയിലുള്ള തന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതും ആണെന്നാരോപിച്ചുകൊണ്ട് ശ്രീ. സി. പി. ബാലൻ വൈദ്യർ വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥനെതിരെ ഉന്നയിച്ച അവകാശലംഘന പ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനുമതി നിഷേധിക്കുന്നു.

വന്യജീവി കേന്ദ്രങ്ങളിൽ കോൺക്രീററ് മന്ദിരങ്ങൾ നിർമ്മിക്കുന്നതിനെ പററി വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥൻ 17-3-1993-ൽ നക്ഷത്രചിഹ്നമിടാത്ത 688-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി വാസ്തവ വിരുദ്ധമാണെന്നാരോപിച്ചുകൊണ്ട് ശ്രീ. കെ. കൃഷ്ണൻകുട്ടി, അദ്ദേഹത്തിനെതിരെ നൽകിയ അവകാശലംഘന പ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് വനം വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കാൻ അനുമതി നിഷേധിക്കുന്നു.

20-6-1992-ൽ എക്സൈസ് വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിയിൽ എക്സൈസ് വകുപ്പുമന്ത്രിയുടെ സഹോദരിയുടെയും സഹോദരീഭർത്താവിന്റെയും പേരിൽ ചാരായഷാപ്പും വിദേശ മദ്യഷാപ്പും ഉണ്ടായിരുന്നു എന്ന തന്റെ പ്രസ്താവന നിഷേധിച്ചത് സഭയെ ബോധപൂർവ്വം തെററിദ്ധരിപ്പിക്കുകയായിരുന്നു എന്ന് ആരോപിച്ചുകൊണ്ട് ശ്രീ. പി. രാജു നൽകിയ അവകാശലംഘന പ്രശ്നത്തിൻമേൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. രാജുവിന് എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

സബ്ജക്ട് കമ്മിററികളെ രാഷ്ട്രീയപ്രചാരണ വേദിയാക്കി മാററുന്നുവെന്നും ദൈനംദിന ഭരണകാര്യങ്ങൾ പരിശോധിക്കുവാനും ആജ്ഞകൾ പുറപ്പെടുവിക്കാനും നിയമസഭാ സമിതികൾക്ക് അധികാരമില്ലെന്നുമുള്ള കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. വയലാർ രവിയുടെ 15-9-1993-ലെ പ്രസ്താവന നിയമസഭാ സമിതികളുടെ അവകാശാധികാരങ്ങളുടെ ലംഘനമാണെന്നാരോപിച്ചുകൊണ്ട് ശ്രീ. കെ. ഇ. ഇസ്മയിൻ, ശ്രീ. പി. രാജു എന്നിവർ നൽകിയ നോട്ടീസിൻമേൽ കെ. പി. സി. സി. പ്രസിഡന്റ് നൽകിയ വിശദീകരണത്തിൽ സദുദ്ദേശത്തോടും ഉത്തമ ബോദ്ധ്യത്തോടും കൂടിയാണ് തന്റെ പ്രസ്താവന നടത്തിയതെന്നും അതിനാൽ ഫെയർ കമൻറായി എന്നതിന്റെ അടിസ്ഥാനത്തിൽ കെ. പി. സി. സി. പ്രസിഡന്റിനെതിരെ ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. പി. രാജു എന്നിവർക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

(1) ഒറ്റപ്പാലം ലോക്സഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് മാററിവയ്ക്കാൻ സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടില്ലെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചിരുന്നതായും, അത് സത്യവിരുദ്ധവും സഭയെ തെററിദ്ധരിപ്പിക്കുന്നതുമാണെന്നാരോപിച്ചുകൊണ്ടും മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിച്ച സർവ്വശ്രീ. വർക്കല രാധാകൃഷ്ണൻ, ഇ. പി. ജയരാജൻ, എ. സി. ഷൺമുഖദാസ് എന്നീ എം. എൽ. എ. മാർ നൽകിയ നോട്ടീസുകളും

(2) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ തെളിവെടുപ്പ് സമയത്ത് സമിതി അംഗങ്ങളോട് അപമര്യാദയായി പെരുമാറുകയും തെളിവെടുപ്പ് തടസ്സപ്പെടുത്താൻ ശ്രമിച്ചുവെന്നും ആരോപിച്ചുകൊണ്ട് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ട് ശ്രീ. രാജേഷ് ദിവാനെതിരെ അവകാശ ലംഘന പ്രശ്നമുന്നയിച്ച ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. വി. സി. കബീർ, ശ്രീ. എം. വിജയകുമാർ എന്നിവർ നൽകിയ നോട്ടീസുകളും ചെയറിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിഗണനയിലാണ്.

മന്ത്രിസഭയിലെ രണ്ടംഗങ്ങൾ പരസ്പരം ആരോപണമുന്നയിച്ചതും ബന്ധപ്പെട്ടവർ അത് നിഷേധിക്കാതിരുന്നതും ഭരണഘടനയുടെ ആർട്ടിക്കിൾ 164 (2) ന്റെ ലംഘനമാണെന്നും മുഖ്യമന്ത്രി ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്താതിരുന്നത് സഭയുടെ അവകാശ ലംഘനമായി കരുതുന്നുവെന്നും പ്രസ്താവിച്ചുകൊണ്ട് ശ്രീ. സി. കെ. ചന്ദ്രപ്പൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരുടെയെങ്കിലും നടപടിമൂലം അംഗങ്ങളുടെ പാർലമെൻററി അവകാശങ്ങൾ ലംഘിക്കപ്പെടുകയോ പാർലമെൻററി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് തടസ്സമുണ്ടാകുകയോ ചെയ്യുന്നപക്ഷം മാത്രമേ അവകാശലംഘന പ്രശ്നം ഉദിക്കുന്നുള്ളു. ഇക്കാര്യത്തിൽ ഇവ ഉൾക്കൊള്ളുന്നില്ല. കൂടാതെ ഭരണഘടനയുടെ ലംഘനം ഒരു നിയമപ്രശ്നമാണ്. നിയമപ്രശ്നങ്ങൾക്ക് നിയമക്കോടതികൾ മുഖേനയാണ് പരിഹാരം കാണേണ്ടത്. അതിനാൽ ശ്രീ. സി.കെ. ചന്ദ്രപ്പന് അവകാശലംഘന പ്രശ്നമുന്നയിക്കുവാനുള്ള അനുമതി നിഷേധിക്കുന്നു..

ഇതിന്റെ വിശദവിവരങ്ങൾ നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## (2) റൂളിംഗ്

### കൺകറൻറ് ലിസ്ററിൽപ്പെട്ട വിഷയത്തെ സംബന്ധിച്ച നിയമ നിർമ്മാണത്തിന് പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്ന വാദം

മി. സ്പീക്കർ: അവശ്യ സർവ്വീസ് സംരക്ഷണ ബില്ലിന്റെ വിഷയം കൺകറൻറ് ലിസ്ററിൽപ്പെടുന്ന ലേബറിനെ സംബന്ധിക്കുന്നതാണെന്നും അതിലെ വകുപ്പുകൾ കേന്ദ്ര നിയമമായ വ്യവസായത്തർക്ക നിയമത്തിന

എതിരാണെന്നും, അതുകൊണ്ട് പ്രസിഡൻറിന്റെ സാങ്ഷൻ വാങ്ങാത്തതിനാൽ അനന്തര നടപടി പാടില്ലെന്നുമാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നം.

ഒരു ബിൽ ആദ്യമായി സഭ മുമ്പാകെ വരുമ്പോഴാണ് തടസ്സവാദങ്ങൾ ഉന്നയിക്കേണ്ടത്. അതായത് അവതരണത്തിന്റെ സ്റ്റേജിൽ തന്നെ തടസ്സവാദമുള്ളപക്ഷം ഉന്നയിക്കണം. അവതരണ സമയത്ത് ഉന്നയിക്കാവുന്ന തടസ്സവാദങ്ങൾ പരിഗണനയുടെ ഘട്ടത്തിൽ ഇനിമേൽ അനുവദിക്കുന്നതല്ല. അവതരണ ഘട്ടത്തിൽ ഉന്നയിക്കാമായിരുന്ന തടസ്സവാദങ്ങൾ അപ്പോൾ ഉന്നയിക്കാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് പരിഗണനയ്ക്കുവരുമ്പോൾ മാത്രമേ ഇനിമേൽ അങ്ങനെയുള്ള തടസ്സവാദങ്ങൾ അനുവദിക്കുകയുള്ളു എന്ന കാര്യവും സഭയെ അനുസ്മരിപ്പിക്കുന്നു.

ഭരണഘടനയുടെ ആർട്ടിക്കിൾ 254 പ്രകാരം കൺകറൻറ് ലിസ്ററിലുള്ള ഒരു വിഷയത്തെപ്പററി പാർലമെൻറ് നിയമനിർമ്മാണം നടത്തിയിട്ടുള്ള പക്ഷം അതേ വിഷയത്തെപ്പററി സംസ്ഥാന നിയമസഭയും ഒരു ബിൽ പാസ്സാക്കുകയാണെങ്കിൽ അതിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിന് എതിരായാൽ സംസ്ഥാന ബിൽ പ്രസിഡൻറിന്റെ പരിഗണനയ്ക്ക് വയ്ക്കുകയും അതിന് അദ്ദേഹം അനുമതി നൽകുകയും ചെയ്യുമ്പോൾ സംസ്ഥാന നിയമം നിലനിൽക്കുമെന്ന് പറയുന്നുണ്ട്. ഭരണഘടനപ്രകാരം കൺകറൻറ് ലിസ്ററിലുള്ള ഒരു വിഷയത്തെപ്പററി കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരായിട്ടുള്ള ഒരു ബിൽ സംസ്ഥാന നിയമസഭയ്ക്ക് പരിഗണിക്കുന്നതിനായി പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള സാങ്ഷൻ ആവശ്യമില്ല. ഭരണഘടന ആർട്ടിക്കിൾ 304 പ്രകാരം സ്വതന്ത്രമായ ഇൻറർസ്റ്റേററ് ട്രേഡ് ആൻറ് കോമേഴ്സിന് വിഘാതം സംഭവിക്കത്തക്ക വിധത്തിൽ സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തുന്ന സംഗതിയിൽ മാത്രമേ പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള സാങ്ഷൻ വാങ്ങേണ്ടതുള്ളു. എന്നാൽ ആർട്ടിക്കിൾ 255 പ്രകാരം ഒരു ബില്ലിന് പ്രസിഡൻറിന്റെ കാലേക്കൂട്ടിയുള്ള സാങ്ഷൻ വാങ്ങേണ്ടിയിരുന്ന സംഗതിയിൽ അത് വാങ്ങാതിരിക്കുകയും അത് പ്രസിഡൻറിന്റെ പരിഗണനയ്ക്ക് വയ്ക്കുകയും ബില്ലിന് അദ്ദേഹത്തിന്റെ അനുമതി ലഭിക്കുകയും ചെയ്യുമ്പോൾ ന്യൂനത പരിഹരിക്കപ്പെടുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ഈ ബില്ലിന് പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള സാങ്ഷൻ വേണ്ടാത്തതിനാലും അഥവാ വേണമെങ്കിൽത്തന്നെ ഈ ബിൽ പാസ്സായതിനുശേഷം അദ്ദേഹത്തിന്റെ പരിഗണനയ്ക്കുവയ്ക്കുന്നതുമൂലം ന്യൂനത മാറിക്കിട്ടുമെന്നുള്ളതുകൊണ്ടും ശ്രീ. വർക്കല രാധാകൃഷ്ണന്റെ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പനും ശ്രീ. സത്യൻ മൊകേരിയും ഭരണഘടനയുടെ പ്രിയാംബിൾ, ആർട്ടിക്കിൾ 19, 20 എന്നിവയുടെ വെളിച്ചത്തിലാണ് ബില്ലിനെ എതിർക്കുന്നത്.

ആർട്ടിക്കിൾ 19(1)-ലെ (എ) മുതൽ (ജി) വരെയുള്ള വ്യവസ്ഥകൾ നിയന്ത്രണമില്ലാത്തവയല്ല. പ്രസ്തുത ആർട്ടിക്കിളിന്റെ (2) മുതൽ(6) വരെയുള്ള വ്യവസ്ഥകളിൽ ആർട്ടിക്കിൾ 19 (1)-ൽ ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിന് റീസണബിൾ റെസ്ട്രിക്ഷൻ ആകാമെന്ന് പറയുന്നുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ വഴി ആർട്ടിക്കിൾ 19-ലെ സ്വാതന്ത്ര്യത്തിന് റീസണബിൾ ആയുള്ള റെസ്ട്രിക്ഷൻ മാത്രമേ വച്ചിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ശ്രീ. ചന്ദ്രപ്പനും ശ്രീ. സത്യൻ മൊകേരിയും ഉയർത്തിയിട്ടുള്ളത് നിയമ പ്രശ്നങ്ങളാണ്. ചെയറിൽനിന്നുള്ള റൂളിംഗ് കൊണ്ട് നിയമപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുകയില്ല. നിയമകാര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളവും പ്രഥമ പടിയായി സഭയുടെ കളക്ടീവ് വിസ്ഡം മുഖേനയും ആത്യന്തികമായി നിയമ കോടതികളുടെ തീരുമാനം വഴിയുമാണ് പരിഹാരം കാണേണ്ടത്. നിയമ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന കാര്യങ്ങളിൽ പാർലമെന്റും സംസ്ഥാന നിയമസഭകളും പ്രായേണ സ്വീകരിക്കാറുള്ള നിലപാടും ഇതുതന്നെയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. കെ. ചന്ദ്രപ്പന്റെയും, ശ്രീ. സത്യൻ മൊകേരിയുടെയും ക്രമപ്രശ്നം റൂൾ ഔട്ട് ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇനി ഗവൺമെന്റിന് ബിസിനസ്സൊന്നും നടത്താനില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ 2.15-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.1782/Table-1/93/Leg.

*Thiruvananthapuram, Dated, 5th March, 1994.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Eighth Session of the Ninth Kerala Legislative Assembly with effect from March 3, 1994 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ ഒൻപതാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 1994 മാർച്ച് 3-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

J. M. JAMES,

*Secretary,*

*Legislative Assembly.*

### അനുബന്ധം I

[3-3-1994-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-4 (4358) ദയവായി കാണുക]

### പണി നടന്നുവരുന്ന വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

**വിദേശ സഹായ പദ്ധതികൾ:**

(എ) ലോകബാങ്ക് പദ്ധതികൾ:

| | | എസ്റ്റിമേററ് തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | വിളപ്പിൽ | 218.87 |
| 2. | ചിതറ | 932.79 |
| 3. | കൊല്ലം | 2625.12 |
| 4. | അടൂർ | 897.86 |
| 5. | കോട്ടയം | 1312.79 |
| 6. | വിശാലകൊച്ചി | 3372.67 |
| 7. | പുത്തൻകുരിശ് | 609.83 |

(ബി) നെതർലാൻഡ് പദ്ധതികൾ:

| | | |
|---|---|---|
| 1. | വക്കം-അഞ്ചുതെങ്ങ് | 537.00 |
| 2. | നാട്ടിക-ഫിർക്ക | 1875.55 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 3. | കുണ്ടറ | 1606.00 |
| 4. | തൃക്കുന്നപ്പുഴ | 34.45 |
| 5. | ചെറിയനാട് | 133.56 |
| 6. | കോയിപ്പുറം | 148.76 |
| 7. | മാള | 585.85 |
| 8. | പാവറട്ടി | 4500.00 |

(സി) ഡാനിഡ പദ്ധതികൾ:

| | | |
|---|---|---|
| 1. | കൊളച്ചേരി | 1976.85 |
| 2. | ചീക്കോട് | 926.46 |
| 3. | എടപ്പാൾ | 897.44 |

നഗര ശുദ്ധജല വിതരണ പദ്ധതികൾ:

(എ) എൽ. ഐ. സി. സഹായം:

| | | |
|---|---|---|
| 1. | നെടുമങ്ങാട് | 430.00 |
| 2. | ചെങ്ങന്നൂർ | 170.80 |
| 3. | പത്തനംതിട്ട | 87.00 |
| 4. | തൊടുപുഴ | 137.00 |
| 5. | പെരുമ്പാവൂർ | 450.39 |
| 6. | കോതമംഗലം | 245.83 |
| 7. | അങ്കമാലി | 99.50 |
| 8. | ചാവക്കാട്–കുന്നംകുളം | 409.00 |
| 9. | ഷൊർണൂർ | 235.00 |
| 10. | പൊന്നാനി | 325.00 |
| 11. | മഞ്ചേരി | 453.00 |
| 12. | കോഴിക്കോട് (ഇടക്കാല വിപുലീകരണം) | 316.00 |
| 13. | പുനലൂർ | 90.00 |

(ബി) എൽ. ഐ. സി/ഹഡ്കോ സഹായം:

| | | |
|---|---|---|
| 1. | തിരുവല്ല–ചങ്ങനാശ്ശേരി | 1516.00 |
| 2. | വടകര | 745.00 |
| 3. | കണ്ണൂർ–തലശ്ശേരി | 1528.00 |
| 4. | മലപ്പുറം | 380.00 |
| 5. | ഇരിഞ്ഞാലക്കുട | 341.00 |
| 6. | കോട്ടയം | 280.00 |
| 7. | പറവൂർ | 330.00 |
| 8. | പിറവം | 497.00 |

(സി) എൽ. ഐ. സി. സഹായത്തോടുകൂടി ആരംഭിച്ചതും ഹഡ്കോ സഹായം തേടുന്നതുമായ പദ്ധതികൾ:

| | | |
|---|---|---|
| 1. | തിരൂർ | 427.00 |
| 2. | മൂവാററുപുഴ | 327.00 |
| 3. | കാസർകോട് | 380.00 |
| 4. | വർക്കല | 825.00 |
| 5. | കൂത്താട്ടുകുളം | 445.00 |

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഫണ്ട് ഉപയോഗിച്ചു തുടങ്ങിയതും ഹഡ്കോ ധനസഹായം ലഭ്യമാക്കുന്നതുമായ പദ്ധതി:

തിരുവനന്തപുരം (ഇടക്കാല വിപുലീകരണം) 2650.00

## അനുബന്ധം II

[3-3-1994-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ—50 (4433) ദയവായി കാണുക.]

| | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | കുടിശ്ശിക തുക |
|---|---|---|
| 1. | സെൻറ് ആൽബർട്ട്സ് കോളേജ് മാഗസിൻ, എറണാകുളം | 500.00 |
| 2. | മണ്ണിന്റെ മക്കൾ മാസിക, തിരുവനന്തപുരം | 500.00 |
| 3. | വെള്ളായണി അഗ്രി. കോളേജ് മാഗസിൻ | 300.00 |
| 4. | പട്ടോല ദ്വൈവാരിക, പയ്യന്നൂർ | 350.00 |
| 5. | കേരള കർഷകത്തൊഴിലാളി യൂണിയൻ സോവനീർ, തിരുവനന്തപുരം | 500.00 |
| 6. | ഇൻഡ്യൻ പീപ്പിൾസ് ഡയറക്ടറി, തിരുവനന്തപുരം | 500.00 |
| 7. | ആശയദീപം മാസിക, തിരുവനന്തപുരം | 400.00 |
| 8. | കേരളനാദം മാസിക, കൊച്ചി | 300.00 |
| 9. | മണ്ണിന്റെ മക്കൾ, തിരുവനന്തപുരം | 500.00 |
| 10. | സെൻറ് സേവിയേഴ്സ് കോളേജ് മാഗസിൻ, തിരുവനന്തപുരം | 400.00 |
| 11. | ഉപധ്വനി മാസിക, തിരുവനന്തപുരം | 400.00 |
| 12. | വ്യാഴവട്ടം മാസിക, തിരുവനന്തപുരം | 250.00 |
| 13. | വോയ്സ് ഓഫ് പീസ് മാസിക, തിരുവനന്തപുരം | 200.00 |
| 14. | തലസ്ഥാന പത്രിക വീക്കിലി, തിരുവനന്തപുരം | 200.00 |
| 15. | കൈരളിപ്രശ്നം മാസിക, തിരുവനന്തപുരം | 400.00 |
| 16. | ദേശശബ്ദം മാസിക, തിരുവനന്തപുരം | 250.00 |
| 17. | ഗാന്ധിസ്മാരക ജനസേവാസമിതി സോവനീർ | 500.00 |
| 18. | വിശ്വവേദി, കോഴിക്കോട് | 500.00 |
| 19. | കേരള മഹിളാ സംഘം 21-ാമത് ആനിവേഴ്സറി സോവനീർ | 500.00 |
| 20. | കേരള അഗ്രി. യൂണിവേഴ്സിററി സോവനീർ, വെള്ളാണിക്കര | 300.00 |
| 21. | കേരളവാണി ആഴ്ചപ്പതിപ്പ്, തൃശ്ശൂർ | 200.00 |
| 22. | ട്രൈബററ് ഇൻഡ്യ മാസിക, തിരുവനന്തപുരം | 200.00 |
| 23. | പോളിഗാർഡൻ സോവനീർ, പാലക്കാട് | 500.00 |
| 24. | ക്രൈസ്തവ ദീപിക, തിരുവനന്തപുരം | 350.00 |
| 25. | സാന്താക്രൂസ് ഹൈസ്കൂൾ ഫോർട്ട് കൊച്ചി സോവനീർ | 500.00 |
| 26. | കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്ററ് സോവനീർ, കണ്ണൂർ | 500.00 |
| 27. | ചാക്കാ ഐ. ടി. ഐ. ആനുവൽ മാഗസിൻ, തിരുവനന്തപുരം | 400.00 |
| 28. | സോഷ്യലിസ്ററ് ലേബർ മാസിക, കൊച്ചി | 350.00 |
| 29. | ഗുരുദേവൻ മാസിക, ആലുവ | 500.00 |

LIBRARY ARCHIVES Kerala Legislative Assembly

| | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | കുടിശ്ശിക തുക |
|---|---|---|
| 30. | കേരള തമിഴ് സംഘം സ്പെഷ്യൽ | 300.00 |
| 31. | സഹകരണ വീക്ഷണം മാസിക, തിരുവനന്തപുരം | 300.00 |
| 32. | സെന്റ് തോമസ് സ്കൂറം ഓർത്തഡോക്സ് സിറിയൻ ചർച്ച് സോവനീർ ഗ്വാളിയർ | 400.00 |
| 33. | തോട്ടം തൊഴിലാളി യൂണിയൻ സോവനീർ, പുനലൂർ | 500.00 |
| 34. | ശ്രീ ഗാന്ധാരിയമ്മൻകോവിൽ സ്മരണിക, തിരുവനന്തപുരം | 400.00 |
| 35. | റോട്ടറാക്ട് ഡിസ്ട്രിക്റ്റ് കൗൺസിൽ, തിരുവനന്തപുരം | 500.00 |
| 36. | ഇൻഡ്യൻ പൗരൻ മാസിക, ആലുവ | 400.00 |
| 37. | ചെത്ത് തൊഴിലാളി യൂണിയൻ ഗോൾഡൻ ജൂബിലി സോവനീർ, അത്തിക്കാട് | 500.00 |
| 38. | മലയാള രാത്രി മാസിക, ആലപ്പുഴ | 400.00 |
| 39. | മഹത്‌വചനം മാസിക, അമരവിള | 200.00 |
| 40. | അക്ഷരസ്മൃതി സോവനീർ, ആര്യനാട് | 450.00 |
| 41. | കെ. ജി. സേതുനാഥ് സ്മരണിക, തിരുവനന്തപുരം | 500.00 |
| 42. | കായിലാണ്ടി സിററിസൺസ് സോവനീർ | 500.00 |
| 43. | ധർമ്മസാരഥി മാസിക, കോട്ടയം | 500.00 |
| 44. | വടക്കാഞ്ചേരി കഥകളി ക്ലബ് സോവനീർ | 500.00 |
| 45. | കേരള പത്രപ്രവർത്തക യൂണിയൻ പ്രസ് ക്ലബ് ഗോമതി രാഘവൻ നായർ ജന്മ ശതാബ്ദി സ്മരണിക | 500.00 |
| 46. | ബേബി ജോൺ സപ്തതി പതിപ്പ്, ചവറ | 500.00 |
| | | 18,600.00 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം III

[3-3-1994-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 81 (4499) ദയവായി കാണുക]

ദിവസക്കൂലിക്കാരുടെ വിവരം

| ക്രമ നമ്പർ | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത | വയസ്സ് | ഓഫീസിന്റെ പേര് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | ശ്രീമതി ശോഭന | എൽ.ഡി.ടി. | ബി.എ. | 20 | ചങ്ങനാശ്ശേരി |
| 2. | ,, സൂര്യ കുമാരി | ഒ.എ./എൽ.ഡി.സി. | എം.കോം. | 23 | കോട്ടയം |
| 3. | ,, സുലോചന | ,, | പി.ഡി.സി. | 30 | ,, |
| 4. | ,, സൗദാമിനി | ,, | ബി.എ | 29 | ,, |
| 5. | ,, ബിന്ദു, ടി. ആർ. | ,, | ഡി.സി.എ. | 24 | ,, |
| 6. | ,, സീനമോാം ആന്റണി | ,, | ബി.എ. | 21 | ,, |
| 7. | ,, സുലേഖ | ,, | എം.എ. | 22 | ,, |
| 8. | ശ്രീ. അബൂബക്കർ സിദ്ദിക് | ,, | ബി.എസ്.സി. | 35 | പാലക്കാട് |
| 9. | ,, കെ. ശിവദാസ് | എൽ.ഡി.സി. | ബി.എ. | 35 | ,, |
| 10. | ,, ബോബി, എസ്. | ഒ.എ./എൽ.ഡി.സി. | ബി.കോം | 24 | ,, |
| 11. | ശ്രീമതി യമുന വി. പി. | ,, | ,, | 29 | ,, |
| 12. | ,, സുമതി | ,, | ബി.എസ്സി. | 22 | ,, |
| 13. | ,, രമണി, കെ. ആർ. | ,, | ,, | 23 | ,, |
| 14. | ,, എസ്. മുംതാസ് | ,, | ,, | 28 | ,, |
| 15. | ,, എ. ഗീത | ,, | ബി.എ. | 22 | ,, |
| 16. | ,, വി. പി. സുഗന്ധി | ,, | ബി.കോം. | 25 | ,, |
| 17. | ,, അയിഷാ, എ. എം. | ,, | ബി.എ. | 22 | ,, |
| 18. | ,, പി. പ്രസന്ന | ,, | ബി.കോം | 31 | ,, |
| 19. | ശ്രീ. എസ്. ബഷീർ | ,, | ബി.എ. | 32 | ,, |

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം III (തുടർച്ച)

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 20. | ശ്രീമതി എം. എ. ഡാർളി | ഒ.എ./എൽ.ഡി.സി. | എം.എ. | 29 | വടക്കാഞ്ചേരി |
| 21. | ശ്രീ. കെ. പി. ജയദേവൻ | ,, | ബി. എ. | 31 | ,, |
| 22. | ,, ഇസ്മയിൽ | ,, | പി. ഡി. സി. | 28 | ,, |
| 23. | ശ്രീമതി മിനി, എ. | ,, | ബി.എ. | 29 | കോഴിക്കോട് |
| 24. | ,, ഇന്ദിര | ,, | ബി.എസ്.സി. | 27 | ,, |
| 25. | ,, കോമളവല്ലി, സി. | ,, | എം.എ.ബി.എഡ്. | 30 | ,, |
| 26. | ,, വി. അനിത | ,, | ബി.എ. | 34 | ,, |
| 27. | ശ്രീ. ഗിരീഷ്കുമാർ | ,, | ,, | 32 | ,, |
| 28. | ,, ഗിരീഷ്കുമാർ, പി. | ,, | ,, | 26 | ,, |
| 29. | ശ്രീമതി വസന്തകുമാരി, സി. | ,, | എം.എ. | 26 | ,, |
| 30. | ,, പ്രബിത, കെ. വി. | എൽ.ഡി.ടി. | ബി.എ. | 28 | ,, |
| 31. | ,, പി. ജി. ലത | ഒ.എ/.എൽ.ഡി.സി. | ബി.എ.<br>കെ.ജി.ടി.ഇ. (എച്ച്) | 27 | കുന്ദംകുളം |
| 32. | ,, എം. ജെ. ഷെർലി | ,, | ബി.എ. | 23 | ,, |
| 33. | ,, പ്രിയ, പി.പി. | ,, | പ്രീഡിഗ്രി | 20 | ,, |
| 34. | ,, മറിയാമ്മ, സി. ടി. | ,, | ബി.എ. | 33 | ,, |
| 35. | ,, രത്നകുമാരി, പി. കെ. | ,, | ബി.എസ്.സി. | 34 | ,, |
| 36. | ,, ജയശ്രീ, പി. പി. | എൽ.ഡി.ടി. | ,, | 28 | ,, |
| 37. | ശ്രീ. ഗോപി,കെ. കെ. | പ്യൂൺ | എസ്.എസ്.എൽ.സി. | 20 | ,, |
| 38. | ,, യു. ഐ. സുശീൽ | എൽ.ഡി.സി. | ബി.കോം. | 34 | തൃശ്ശൂർ |
| 39. | ശ്രീമതി കെ. എസ്. സുജാത | ,, | ,, | 24 | ,, |
| 40. | ,, പി. ജി. മിനി | ,, | ബി.എസ്സി. | 25 | ,, |
| 41. | ,, എം. ആർ. വൽസല | ,, | ബി.കോം. | 23 | ,, |
| 42. | ,, റെമി പി. സെബാസ്റ്റ്യൻ | എൽ.ഡി.ടി. | എം.എ. , കെ.ജി.ടി.ഇ.<br>ഇംഗ്ലീഷ് (ലോ) | 24 | ,, |
| 43. | ശ്രീ. എം. സി. രവി | പ്യൂൺ | പ്രീഡിഗ്രി | 18 | ,, |

LIBRARY ARCHIVES Kerala Legislative Assembly



| | | | | | |
|---|---|---|---|---|---|
| 44. | ശ്രീമതി ജോളി ജോൺ | എൽ.ഡി.സി. | എം.കോം. | 29 | എറണാകുളം |
| 45. | ,, ജാനി ജോസഫ് | ,, | ബി.എ. | 22 | ,, |
| 46. | ,, അനസൂയ | ,, | ബി.എസ്.സി. | 35 | ,, |
| 47. | ,, എസ്. വിജയമ്മ | ,, | പ്രീഡിഗ്രി | 25 | |
| 48. | ,, അയിഷ ബീവി, സി. ബി. | ,, | ബി.എ. | 34 | |
| 49. | ,, ഡെയ്സി എ. എ. | ,, | ബി.എ. | 25 | |
| 50. | ,, പി. സി. ജാനകി അമ്മ | ,, | ,, | 35 | ,, |
| 51. | ,, ജോളിഷ് ജോസഫ് | ,, | എം.കോം. | 33 | ,, |
| 52. | ശ്രീ. ടി. സി. സാജു | ,, | പ്രീഡിഗ്രി | 22 | ,, |
| 53. | ശ്രീമതി എം. എസ്. വിജയലക്ഷ്മി | ,, | എം.എ. | 25 | ,, |
| 54. | ,, വി. പി. അജിത | ,, | പ്രീഡിഗ്രി | 24 | ,, |
| 55. | ശ്രീ. ബൈജു | പ്യൂൺ | എസ്.എസ്.എൽ.സി. | 25 | ,, |
| 56. | ,, ഉദയകുമാർ | ,, | ,, | 25 | ,, |
| 57. | ,, ശ്യാമദാസ്, പി. ഡി. | എൽ.ഡി.സി. | ബി.എസ്സി. | 24 | പാലാരിവട്ടം |
| 58. | ശ്രീമതി പി. കെ. റഷീദ | ,, | ,, | 22 | ,, |
| 59. | ശ്രീ. ജോസഫിൻ, കെ. ഡി. | ,, | എസ്.എസ്.എൽ.സി. | 37 | ,, |
| 60. | ,, ഷിബു, ടി. ജി. | പ്യൂൺ | എസ്.എസ്.എൽ.സി. (എഫ്) | 25 | ,, |
| 61. | ,, സാബു, പി. എസ്. | ഒ.എ./എൽ.ഡി.സി. | ബി.കോം. | 26 | തൃപ്പൂണിത്തുറ |
| 62. | ശ്രീമതി ഭാരതി | പ്യൂൺ | ഏഴാം ക്ലാസ് | 37 | ,, |
| 63. | ,, മേബിൾ, പി. ജെ. | ഒ.എ./എൽ.ഡി.സി. | ബി.എ. | 24 | പറവൂർ |
| 64. | ശ്രീ. പൗലോ കുമൻറ് | പ്യൂൺ | എസ്.എസ്.എൽ.സി. | 39 | ,, |
| 65. | ശ്രീമതി സുധർമ്മണി | ,, | എസ്.എസ്.എൽ.സി. (എഫ്) | 33 | എറണാകുളം |

പുറമേ കോഴിക്കോട് കമ്മിററിയിൽ 5 പ്യൂൺമാരെ ദിവസക്കൂലിക്ക് നിയമിച്ചിട്ടുണ്ട്. അവരുടെ പേര് വിവരം ശേഖരിച്ചു വരുന്നു.

## അനുബന്ധം IV

[3-3-1994-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 82 (4500) ദയവായി കാണുക]

### അനുബന്ധം I

| | |
|---|---|
| തിരുവനന്തപുരം | 79,989 |
| കൊല്ലം | 41,381 |
| ആലപ്പുഴ | 1,05,780 |
| പത്തനംതിട്ട | 37,128 |
| കോട്ടയം | 48,384 |
| എറണാകുളം, ഇടുക്കി | 86,133 |
| തൃശ്ശൂർ | 1,30,186 |
| പാലക്കാട് | 1,21,724 |
| മലപ്പുറം | 46,431 |
| കോഴിക്കോട് | 86,299 |
| കണ്ണൂർ | 1,03,322 |
| കാസറഗോഡ് | 10,282 |
| വയനാട് | 2,623 |
| ആകെ | 9,36,431 |

### അനുബന്ധം II

| | രൂപ |
|---|---|
| തിരുവനന്തപുരം | 29,10,177 |
| കൊല്ലം | 11,45,087 |
| ആലപ്പുഴ | 36,03,763 |
| പത്തനംതിട്ട | 14,37,381 |
| കോട്ടയം | 19,07,646 |
| എറണാകുളം, ഇടുക്കി | 45,95,950 |
| തൃശ്ശൂർ | 53,45,853 |
| പാലക്കാട് | 41,87,679 |
| മലപ്പുറം | 13,19,058 |
| കോഴിക്കോട് | 30,92,546 |
| കണ്ണൂർ | 32,95,182 |
| കാസറഗോഡ് | 1,45,602 |
| വയനാട് | 53,711 |
| ആകെ | 3,30,39,635 |

LIBRARY ARCHIVES Kerala Legislative Assembly